

# രണ്ടു സാക്ഷ്യങ്ങൾ

ശൈഖ് ഡോ. അബ്ദുല്ലാഹ്
അൽ ജിബ്‌രീൻ

മൊഴിമാറ്റം
ഹനീഫ് പുല്ലിപ്പറമ്പ്

Kingdom of Saudi Arabia
**The Cooperative Office For Call And Guidance**
**To Communities at Um Al-Hammam**
**Under the Supervision of the ministry of Islamic Affairs**
**Endowment Guidance & Propagation**
Tel. 4826466 / 4884496 Fax 4827489 - P.O. Box 31021 Riyadh 11497

Malybary
10

# Addreses of the Cooperative Offices in the Kingdom

Ministry of Islamic Affairs Endowment
Guidance & Propagation
( Foreign Communities Section )
Tel 01/4116926 Riyadh 11131

The Co-operative Office for Call &
Guidance at Al-Badiah
( Communities Section )
Tel (01) 4330888/4330470
Fax (01) 4301122
P O Box 24932 Riyadh 11456

The Co-operative Office for Call &
Guidance at Al-Bat'ha
Tel (01) 4031587/4030142
Fax (01) 4059387
P O Box 20824 Riyadh 11465

The Co-operative Office for Call &
Guidance at Um Al-Hamam
Tel (01) 4826466
Fax (01) 4827489
P O Box 31021 Riyadh 11497

The Co-operative Office for Call &
Guidance at Al-Shifa
Tel (01) 4222626
P O Box 31717 Riyadh 11418

The Co-operative Office for Call &
Guidance at Al-Dreah
Tel (01) 4860606
Fax 4860284
P O Box 7003 Riyadh 11567

The Co-operative Office for Call &
Guidance at Al-Kharj
Tel (01) 5440662
Fax (01) 5440983
P O Box 168 Al-Kharj 11942

Dammam Communities Section
Tel 8272772/8263535
Fax 8274700 Dammam 31131

The Co-operative Office for Call &
Guidance at Al-Quaiaiah
Tel (01) 6520534
P O Box 61

The Co-operative Office for Call &
Guidance at Al-Majmah
Tel (06) 4323949
P O Box 102 Al-Majmah 11952

The Co-operative Office for Call &
Guidance at Al-Zulfy
Tel (06) 4225857
Fax (06) 4224234
P O Box 182 Al-Zulfy 11932

Foreigners Guidance Center at
Buraydah
Tel (06) 3248980
Fax (06) 3245414
P O Box 142

Foreigners Guidance Center at
Unaizah
Tel (06) 3644506
P O Box 808

Islamic Guidance Office at
Al-Rass
Tel (06) 3333870
P O Box 656

Islamic Guidance Office at
Al-Bukairyah
Tel (06) 3359266
P O Box 292

The Co-operative Office for Islamic
Call & Communities
Guidance at Shaqra
Tel (01) 6222061
P O Box 247 Sharqra 11691

The Co-operative Office for Call &
Guidance at Al-Ehssa
Tel (03) 5866672
Fax (03) 5874664
P O Box 2022 Al-Ehssa 31982

The Islamic Da'awa & Guidance
Center at Al-Khobar
Tel (03) 8987444
P O Box 31131 Dammam

The Co-operative Office for Call
Foreigners
Mashrafa Dest - Jeddah
Tel (02) 6731754/6730431
Fax (02) 6731147
P O Box 15798 Jeddah 21454

Foreigners Guidance Office at Hail
Tel (06) 5334748
Fax (06) 5432211
P O Box 2843

The Co-operative Office for Call &
Guidance at Al-Delam
Tel (01) 5410029
P O Box 1190 Al-Delam 11992

Foreigners Guidance Office at Taif
Tel (02) 7360822
P O Box 815

# രണ്ടു സാക്ഷ്യങ്ങൾ

ശൈഖ് ഡോ. അബ്ദുല്ലാഹ്
അൽ ജിബ്രീൻ

മൊഴിമാറ്റം
ഹനീഫ് പുല്ലിപ്പറമ്പ്

ⓗ المكتب التعاوني للدعوة والإرشاد بأم الحمام، ١٤١٨هـ

فهرسة مكتب الملك فهد الوطنية أثناء النشر

الجبرين، عبد الله بن عبد الرحمن

معنى الشهادتين - الرياض.

١٥٢ ص ؛ ١٢×١٧سم

ردمك ٩- ٠- ٩١٨٠- ٩٩٦٠

(النص باللغة المليبارية)

١- التوحيد ٢- الشهادة (أركان الإسلام) أ- العنوان

ديوي ٢٤٠ ١٨/١٢٣٣

رقم الإيداع: ١٨/١٢٣٣

ردمك : ٩- ٠- ٩١٨٠- ٩٩٦٠

# രണ്ടു സാക്ഷ്യങ്ങൾ

ശൈഖ് ഡോ. അബ്ദുല്ലാഹ്
അൽ ജിബ്രീൻ

മൊഴിമാറ്റം
ഹനീഫ് പുല്ലിപ്പറമ്പ്

بسم الله الرحمن الرحيم

# വിഷയാനുക്രമം


ഉപോദ്ഘാതം 7

ശൈഖ് ഡോ.അബ്ദുല്ലാഹ് അൽ ജിബ്രീൻ 10

ഗ്രന്ഥകാരക്കുറിപ്പ് 14

ഗ്രന്ഥകാരക്കുറിപ്പിന്റെ തർജ്ജമ 15

രണ്ടു സാക്ഷ്യങ്ങൾ :
അവയുടെ പൊരുളുകളും അനുബന്ധ കാര്യങ്ങളും 18

അധ്യായം ഒന്ന്:
രണ്ടു സാക്ഷ്യങ്ങളുടെ ശ്രേഷ്ഠതകൾ 20

അധ്യായം രണ്ട്:
രണ്ടു സാക്ഷ്യങ്ങൾക്കുവേണ്ടിയുള്ള യുദ്ധം 26

അധ്യായം മൂന്ന് :
ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ അർഥം 34

അധ്യായം നാല് :
മുഹമ്മദ് റസൂലുല്ലാഹ് എന്ന സാക്ഷ്യത്തിന്റെ അർഥം 58

ഒന്നാമത്തെ കാര്യം :
ഈ സന്ദേശത്തിന് നബി(സ)ക്കുള്ള അർഹത 59

രണ്ടാമത്തെ കാര്യം :
തെറ്റുകുറ്റങ്ങളിൽ നിന്നും മുക്തനായിരിക്കൽ 61

മൂന്നാമത്തെ കാര്യം :
സന്ദേശത്തിൻെറ വ്യാപ്തി 66

നാലാമത്തെ കാര്യം :
സന്ദേശം എത്തിച്ചു കൊടുക്കൽ 70

അഞ്ചാമത്തെ കാര്യം :
പ്രവാചകത്വത്തിൻെറ പര്യവസാനം 73

ആറാമത്തെ കാര്യം :
ഇത്തരം കാര്യങ്ങളിൽ സമുദായത്തിൻെറ കടമ 77

ഏഴാമത്തെ കാര്യം :
നബി(സ) യുടെ ഹഖിലെ മിതത്വവും മാധ്യസ്ഥ്യവും 93

അധ്യായം അഞ്ച് :
രണ്ടു സാക്ഷ്യങ്ങളുടെ നിബന്ധനകൾ 130

അധ്യായം ആറ് :
രണ്ടു സാക്ഷ്യങ്ങളെ ദുർബലപ്പെടുത്തൽ 143

# ഉപോദ്ഘാതം

ലോകങ്ങളുടെ നാഥന്ന് സർവ്വത്ര സ്തുതി. ഏകനും പങ്കാളിയുമില്ലാത്ത അല്ലാഹുവെക്കൂടാതെ ഒരാരാധ്യനുമില്ലെന്ന് ഞാൻ സാക്ഷിയാവുന്നു. ആകാശ ഭൂമികളെയൊന്നടങ്കം വിധേയമാക്കിയ സത്യവാക്യം. ആ സുവിശേഷവും മുന്നറിയിപ്പുമായി എത്രയെത്ര പ്രവാചകർ വന്നു ! സത്യവിശ്വാസിയെയും അവിശ്വാസിയെയും വേർതിരിച്ചത് ആ വാക്യം കൊണ്ടാണ്. അതിന് വിധേയനായവന് ഈമാനുണ്ട്. അയാൾക്ക് സന്തോഷവും വിജയവുമുണ്ട്. ആ വാക്യത്തെ അവഗണിച്ചവൻ ശാരീരിക മോഹങ്ങൾക്ക് വിധേയനായവനായി. അവന് നിരാശയും നാശവുമുണ്ട്. മുഹമ്മദ് അല്ലാഹുവിൻെറ അടിമയും ദൂതനുമാണെന്ന് ഞാൻ സാക്ഷിയാവുന്നു. സത്യസന്ധനായ സന്ദേശവാഹകൻ. സൃഷ്ടികളിൽ നിന്നു ഉൽകൃഷ്ടനായ ഉത്തമാംശം. അല്ലാഹു അദ്ദേഹത്തെ ലോകങ്ങൾക്ക് അനുഗ്രഹവും സന്മാർഗ്ഗവുമായയച്ചു. ഭയഭക്തന്മാരുടെ- സ്വർഗ്ഗവാസികളുടെ-നേതാവ്. വിശ്വാസത്തിൻെറ സൂര്യതേജസ്സ്. അല്ലാഹു അവിടുത്തേക്ക് കരുണാകടാക്ഷങ്ങളേകട്ടെ. അവിടുത്തെ കുടുംബങ്ങളിലും അനുചരരിലും നന്മ പിൻപറ്റുന്ന മുഴുവൻ പേരിലും അതുണ്ടായിത്തീരട്ടെ.

ഇസ്ലാമിലെ അഞ്ചു കാര്യങ്ങൾ; അവ അഞ്ചു കർമ്മകാര്യങ്ങളാണ്. ശഹാദത്ത് കലിമ, മനസ്സിലുറപ്പിച്ച് നാവുകൊണ്ട് വ്യക്തമാക്കിപ്പറയുന്നതിലൂടെ പൂർത്തീകരിക്കപ്പെടുന്ന ഒന്നല്ല. അങ്ങനെ പൂർത്തീകരിക്കപ്പെടുമെന്ന് കരുതുന്നവർ , ഇസ്ലാമിലെ ഒന്നാമത്തെ കർമ്മകാര്യമായി എണ്ണുന്നത്, ശഹാദത്തിനെയല്ല; നമസ്കാരത്തെയാണ്. തൗഹീദിൻെറ വാക്യത്തോട് ചെയ്ത ഏറ്റവും വലിയ അപരാധമാണത്. "ലാ ഇലാഹ ഇല്ലല്ലാഹ്, മുഹമ്മദ് റസൂലുല്ലാഹ്" എന്നത് ജീവിതകർമ്മങ്ങളിൽ സാക്ഷീകരിച്ച് സാക്ഷാൽകരിക്കുന്നതെങ്ങിനെയെന്ന് പഠിപ്പിക്കുന്ന ഗ്രന്ഥങ്ങളും ഉണ്ടായില്ല. എന്നാൽ നമസ്കാരം, നോമ്പ്, സക്കാത്ത്, ഹജ്ജ് എന്നീ കർമ്മകാര്യങ്ങൾക്ക് ഓരോന്നിന്നും ഗ്രന്ഥശാലകൾ നിറയ്ക്കാൻ മാത്രം പ്രത്യേകം പ്രത്യേകം പുസ്തകങ്ങളുണ്ടായി.

രണ്ടു സാക്ഷ്യവാക്യങ്ങളെ വിശദീകരിക്കുന്ന ഒരു ഗ്രന്ഥത്തിൻെറ കുറവ് പരിഹരിക്കാനുള്ള ഒരെളിയ ശ്രമം മാത്രമാണ് ഈ തർജ്ജമയിലൂടെ നിർവ്വഹിക്കുന്നത്. മനസ്സിലുറപ്പിച്ചു നാവു കൊണ്ട് വ്യക്തമാക്കിപ്പറഞ്ഞു വിസ്മരിക്കുവാനുള്ളതല്ല അതെന്നും പ്രത്യുത, സമർപ്പിക്കപ്പെടുന്ന ജീവിതമാണതെന്നും ഈ ഗ്രന്ഥം വ്യക്തമാക്കിത്തരും. ഇൻശാഅല്ലാഹ്. കർമ്മകാര്യങ്ങളിൽ അത് ഒന്നാമത്തേതാണെന്നും തൻെറ നമസ്ക്കാരത്തിൻെറയും സക്കാത്തിൻെറയും നോമ്പിൻെറയും ഹജ്ജിൻെറയും മറ്റാരാധനകളുടെയും ആത്മാവാണതെന്നും, ആത്മാവില്ലാത്ത ആരാധനകൾ ഫലശൂന്യമാണെന്നും ഇതിൽ നിന്നറിയാനാവും. ആ ലക്ഷ്യത്തിലേക്കാണ് ഈ മനസ്സ് ദൃഷ്ടി യയക്കുന്നത്.

ഇതിന് ഒരു മുഖവുര തന്ന ആദരണീയനായ ഗുരുനാഥൻ ശൈഖ് ജിബ്റീനെയും, ഈ തർജ്ജമ ആദ്യാവസാനം പരിശോധിച്ച് യുക്തമായ ഉപദേശ നിർദ്ദേശങ്ങൾ തന്ന പ്രിയങ്കരരായ എൻെറ സുഹൃത്തുക്കൾ ഏ.കെ അലവിക്കുട്ടി മൗലവി(എ.ആർ. നഗർ), എം.ഐ.സുല്ലമി (നിലമ്പൂർ) എന്നിവരെയും, കയ്യെഴുത്തു പ്രതി പൂർണ്ണമായും വൃത്തിയായും പകർത്തിയെഴുതിത്തന്ന ഉമ്മുഫുർഖാനെയും, രചനാ രംഗത്ത് എനിക്ക് പ്രചോദനമായി വർത്തിച്ച എല്ലാവരെയും ഞാനിവിടെ നന്ദിയോടെ സ്മരിക്കുന്നു. ഉൽകൃഷ്ടമായ പ്രതിഫലത്തിൻെറ ഉടമ അല്ലാഹു മാത്രമാണ്. എൻെറയും ഇതിന് തിളക്കം ചാർത്തിയവരുടെയും ഈ കർമ്മത്തെ ഞാനല്ലാഹുവിന്ന് വിനയപൂർവ്വം സമർപ്പിക്കുന്നു.

രണ്ടുസാക്ഷ്യങ്ങളെ കർമ്മമാക്കി അല്ലാഹുവിൻെറ ഉന്നതസ്വർഗ്ഗങ്ങളിലേക്കെത്താനഭിലഷിക്കുന്നവർക്ക് ഈ ഗ്രന്ഥം ഫലപ്രദമാവട്ടെ. അനുഗ്രഹത്തിൻെറ പ്രശാന്ത സാന്നിധ്യമാണത്. അല്ലാഹുവിൻെറ അനന്ത കാരുണ്യങ്ങളിലാണ് ഈ ജീവിതങ്ങൾക്ക് പ്രതീക്ഷയുള്ളത്.

അവസാനമായും അല്ലാഹുവിന്ന് സ്തുതി. ഉൽകൃഷ്ട നേതാവും മാതൃകയുമായ മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുംബങ്ങളിലും സന്തത സഹചാരികളിലും രണ്ടു സാക്ഷ്യവാക്യങ്ങളെ സത്യസന്ധമായി സാക്ഷ്യം വഹിച്ച മുഴുവനാളുകളിലും അല്ലാഹുവിൻെറ കാരുണ്യ സാന്നിദ്ധ്യമുണ്ടാവട്ടെ-.

റിയാദ്,
19-08-1996
05-04-1417 H

ഹനീഫ് പുല്ലിപ്പറമ്പ്,
പി.ബി.2439, റിയാദ് - 11451,
സൗദി അറേബ്യ.

# ശൈഖ് ഡോ. അബ്ദുല്ലാഹ് അൽ ജിബ്രീൻ

അബ്ദുല്ലാഹ് ബിൻ അബ്ദുർറഹ്മാൻ ബിൻ അബ്ദുല്ലാഹ് ബിൻ ഇബ്റാഹീം ബിൻ ഫഹദ് ബിൻ ഹമദ് ബിൻ ജിബ്രീൻ എന്നു മുഴുവൻ പേര്. 'അൽ ഖുവൈഇയ്യ :' ( القويعية ) പ്രദേശത്തിൻെറ ഗവർണ്ണറായിരുന്നു ഹമദ് ബിൻ ജിബിരീൻ. ആ പരമ്പരയിലൂടെ അതിനു ശേഷം വന്നവർ ഇസ്ലാമിക സേവന രംഗത്താണ് ശോഭിച്ചത്. പിതാമഹൻ അബ്ദുല്ലാഹ് ബിൻ ഇബ്രാഹിം അവിടുത്തെ മുതവല്ലിയും 'മിസ്അൽ' ( مزعل ) പള്ളിയിലെ ഇമാമും ഖത്തീബുമായിരുന്നു. പിതാവ് ശൈഖ് അബ് ദുർറഹ്മാൻ ബിൻ അബ്ദുല്ലയാവട്ടെ നജ്ദിലെ അറിയപ്പെട്ട പണ്ഡിതനും ഗ്രന്ഥകാരനും കവിയും രിയാദ് സുപ്രീം കോടതിയിലെ അധികാരിയും പള്ളിയിലെ ഖത്തീബും ഇമാമുമായിരുന്നു.

'മുഹൈറിഖ' ( محيرقة ) എന്ന ഗ്രാമത്തിൽ ഹിജ്റ 1349-ലാണ് ശൈഖ് അബ്ദുല്ലാ ജനിച്ചത്. പിതാവിൽ നിന്നു തന്നെ പ്രാരംഭവിദ്യാഭ്യാസം നേടി. ശൈഖ് അബ്ദുൽ അസീസ് അശ്ശുഥരിയുടെ കീഴിൽ ഖുർആൻ മന:പാഠമാക്കി. അതോടൊപ്പം

كتاب التوحيد، فرائض متن الرحبية، متن الاجرومية، زاد المستقنع
തുടങ്ങി ഒട്ടേറെ സംക്ഷിപ്ത ഗ്രന്ഥങ്ങളിൽ പ്രാവീണ്യം നേടി. തുടർന്ന് سبل السلام، تاريخ ابن كثير، تفسير ابن كثير، تفسير الطبرى، مسائل الجاهلية، تفسير النيسابورى തുടങ്ങിയ ഖുർആൻ വ്യാഖ്യാന-ചരിത്ര ഗ്രന്ഥങ്ങളിലും വ്യുൽപത്തി നേടി. 25-ാമത്തെ വയസ്സിൽ ശൈഖ് ജിബ്രീൻ തൻെറ ഗുരുനാഥനോടൊപ്പം രിയാദിലേക്ക് വന്നു. അവിടെ അൽ ഇമാം ദഅ്വ ഇൻസ്റ്റിറ്റ്യൂട്ടിൽ അദ്ദേഹം ഒരു വിദ്യാർത്ഥിയായി ചേർന്നു. ശൈഖ് ഇബ്നുബാസ് അന്ന് അവിടെ അധ്യാപകനായുണ്ടായിരുന്നു. ഏഴ് വർഷത്തെ പഠനം കഴിഞ്ഞ് പുറത്തുവരുമ്പോൾ അദ്ദേഹം ഹദീസ്, വ്യാകരണം, ഭാഷാ രൂപ വിജ്ഞാനീയം, സംജ്ഞാശാസ്ത്രം, കർമ്മ ശാസ്ത്രം, അടിസ്ഥാന ശാസ്ത്രം എന്നിവയിൽ നല്ല അവഗാഹം നേടിക്കഴിഞ്ഞിരുന്നു. ഹദീസിൻെറ അടിസ്ഥാനതത്വങ്ങൾ അദ്ദേഹം സ്വായത്തമാക്കിയത് ശൈഖ് ഇബ്നു ബാസിൽ നിന്നായിരുന്നു. 1381-ൽ, പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പുറത്തുവന്ന പതിനൊന്ന് വിദ്യാർത്ഥികളിൽ ഒന്നാം റാങ്കുകാരനായിരുന്നു അദ്ദേഹം. അതേ വർഷം തന്നെ അദ്ദേഹം അവിടെ അധ്യാപകനായി നിയമിതനായി. കർമ്മ ശാസ്ത്രം, ഹദീസ്, ഖുർആൻ വ്യാഖ്യാനം, സംജ്ഞാശാസ്ത്രം, വ്യാഖ്യാനത്തിൻെറ അടിസ്ഥാന തത്വങ്ങൾ എന്നിങ്ങനെയുള്ള ശരീഅത്ത് വിജ്ഞാനീയങ്ങളിലും, ചരിത്രം, വ്യാകരണം തുടങ്ങിയ ഇതര വിജ്ഞാന മേഖ ലകളിലും അദ്ദേഹം അധ്യാപനം നടത്തി. 1395-ൽ ശരീഅത്ത് കോളേജിൽ അധ്യാപകനായി സ്ഥാനക്കയറ്റം കിട്ടി. ഇതിനിടയിൽ 1390-ൽ അദ്ദേഹം വ്യത്യസ്ത വിഷയങ്ങളിൽ ബിരുദാനന്തര ബിരുദം നേടിക്കഴിഞ്ഞി

രുന്നു. 1402-ൽ ഇസ്‌ലാമിക ഗവേഷണ-ഇഫ്താ മുഖ്യകാര്യാലയത്തിലെ ഉദ്യോഗസ്ഥനും ഇഫ്താ സഭയിലെ അംഗവുമായി നിയമിതനായി. ആ നില ഇന്നും തുടരുന്നു.

ഇതിനിടക്ക് كتاب الزركشي എന്ന ഗ്രന്ഥത്തിന് ഒരനുബന്ധം തയ്യാറാക്കി. ഈ ഗവേഷണ പഠനത്തിൽ അദ്ദേഹത്തിന് 1407-ൽ ഉന്നത റാങ്കോടെ ഡോക്ടറേറ്റ് ബിരുദം ലഭിച്ചു. പ്രസ്തുത പഠനം تحقيق كتاب الزركشي على مختصر الخرقى എന്ന പേരിൽ ഏഴുവാല്യങ്ങളിൽ പുറത്തിറങ്ങിയിട്ടുണ്ട്.

അദ്ദേഹത്തിൻെറ അഗാധ പാണ്ഡിത്യം വ്യക്തമാക്കുന്ന ഒട്ടേറെ ചെറുതും വലുതുമായ ഗ്രന്ഥങ്ങൾ വേറേയുമുണ്ട്. ബിരുദാനന്തര ബിരുദത്തിന്ന് സമർപ്പിച്ച اخبار الآحاد فى الحديث النبوي, 1402-ൽ മദീനയിലെ ഇസ്ലാമിക് യൂണിവേഴ്സിറ്റിയിൽ ചേർന്ന ലഹരി നിയന്ത്രണ സമ്മേളനത്തിൽ അദ്ദേഹമവതരിപ്പിച്ച التدخين مادته وحكمته فى الإسلام എന്ന പ്രബന്ധം, الكنز الثمين എന്ന പേരിൽ പ്രസിദ്ധീകൃതമായ അദ്ദേഹത്തിൻെറ ഫത്വകളുടെ ശേഖരം എന്നിവ എടുത്ത് പറയേണ്ട പ്രസിദ്ധങ്ങളായ ഗ്രന്ഥങ്ങളാണ്. الجواب الفائق فى الرد على مبدل الحقائق، رسائل مفيدة في الصلاة والحج، خواطر رمضانية، الجهل وآثار السيئة തുടങ്ങി മുപ്പതിൽപരം ചെറിയ ഗ്രന്ഥങ്ങളും അപ്രകാരം പ്രസിദ്ധീകൃതമായിട്ടുണ്ട്.

عمدة الأحكام، الاصول الثلاثة، كتاب الاعتصام، الاربعين النووية، العقيدة الواسطية، منار السبيل തുടങ്ങി ഒട്ടേറെ ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചുള്ള ദർസുകളുടെ ഓഡിയോ ക്കാസറ്റുകളും പുറത്തിറങ്ങിയിട്ടുണ്ട്. غاية، نيل الاوطار والحموية، البيان، حاشية الروض المربع شرح زاد المستقنع، تفسير الطبرى، تحفة

تحفة الاحوذي بشرح جامع الترمذي തുടങ്ങിയ പലഗ്രന്ഥങ്ങളിലും വർഷങ്ങളായി അദ്ദേഹത്തിൻെറ ക്ലാസുകൾ തുടർന്നുവരികയാണ്. تحفة الاحوذى، حاشية الروض المربع പോലുള്ള ഗ്രന്ഥങ്ങളെ വ്യാഖ്യാനിച്ചു ക്ലാസെടുക്കാൻ തുടങ്ങിയിട്ട് ഏഴു വർഷത്തിലേറെയായി. ഇപ്പോഴും അത് തുടർന്നുവരുന്നു. ദുഹ്ർ, അസ്ർ, മഗ്രിബ്, ഇശാ എന്നീ ഏതെങ്കിലും നമസ്കാരങ്ങൾക്ക് ശേഷം മിക്ക ദിവസ ങ്ങളിലും, സുബ്ഹി നമസ്കാരത്തിന്നു ശേഷം നിത്യവും വ്യത്യസ്ത സ്ഥലങ്ങളിലായി ഒന്നും ഒന്നരയും രണ്ടും മണിക്കൂർ നീണ്ടുനിൽക്കുന്ന ദർസുകൾ ഇന്നും തുടർന്നു വരുന്നു. ഏഷ്യൻ-ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നുള്ള വിദ്യാർഥികൾവരെ അദ്ദേഹത്തിൻെറ പഠനസദസ്സുകളിൽ പതിവായി പങ്കെടുക്കുന്നു.

അഗാധ വിജ്ഞാനത്തിൻെറ നിഗൂഢനിക്ഷേപമായിരുന്നിട്ടുകൂടി അദ്ദേഹത്തിൻെറ പെരുമാറ്റത്തിലെവിടെയും അതിൻെറ ഗർവ്വ് ദൃശ്യമാകുന്നില്ല. സദാ മുഖത്ത് പരിലസിക്കുന്ന നേർത്ത പുഞ്ചിരിയും വയറിലേക്കെത്തി നിൽക്കുന്ന തൂവെള്ള താടിരോമങ്ങളും അക്ഷരങ്ങൾ പെറുക്കിയെടുക്കാവുന്ന വിധം ശാന്തമായ സംസാരവും ഗുണകാംക്ഷാഭരിതമായ സ്നേഹസമീപനവും വിരക്തനെപ്പോലുള്ള ജീവിതവും ആരെയും ആകർഷിക്കും. ഒരിക്കലെങ്കിലും അദ്ദേഹവുമായി കണ്ടു സംസാരിച്ചവർക്ക് അത് ബോധ്യമാവും. ഏഴുവർഷക്കാലമായി ഈ വിനീതൻെറ ബഹുമാന്യഗുരുനാഥനാണദ്ദേഹം. ആ നിലക്ക് പറയുമ്പോൾ കുറേയുണ്ടാവും. അമിത പ്രശംസ ഇഷ്ടപ്പെടാത്ത ഒരു മതത്തിലെ, പ്രശംസകളും പ്രസിദ്ധിയും ഇഷ്ടപ്പെടാത്ത ഒരു സേവകനെക്കുറിച്ച് ഈ പരിചയപ്പെടുത്തിയത് തന്നെ വളരെ കുറച്ചു മാത്രം. ഇസ്ലാമിക സേവനരംഗത്ത് ഊർജ്ജസ്വലതയോടെ പ്രവർത്തിക്കാൻ അല്ലാഹു അദ്ദേഹത്തിന്ന് ദീർഘായുസ്സ് നൽകട്ടെ- ആമീൻ.

# ഗ്രന്ഥകാരക്കുറിപ്പ്

بسم الله الرحمن الرحيم

المملكة العربية السعودية
رئاسة
إدارة البحوث العلمية والإفتاء

الرقـــم : ..............................
التـاريـخ : ٢٩/١٠/١٤٠٦هـ
المشفوعات : ..............................
الموضـوع : ..............................

الحمد لله الملك الحق المبين الذي تفرد بالبقاء والالهية والتصرف في المخلوقين وارسل الرسل الى عباده لتبصيرهم من الجهالة وايضاح حقيقة الدين واشهد ان لا اله الا الله وحده لا شريك له ولا معين واشهد ان محمدا عبده ورسوله الصادق الامين صلى الله عليه وسلم وعلى آله واصحابه أجمعين.

وبعد فقد كنت كتبت رسالة مختصرة في معنى الشهادتين وشروطها ولوازمها وطبعت الرسالة وانتشرت وقد طلب مني الاخ حنيف عبد الرحمن بوليبرامب الهندي ترجمتها الى اللغة المليبارية وقد أذنت له وقد تحققت منه صحة المعتقد والامانة العامة والقدرة على الترجمة الكاملة فعلى هذا لا مانع لدي من طبعها بهذه الترجمة رجاء ان يعم النفع بها لغيرالناطقين بالعربية وذلك لما نسمعه من كثرة المنتسبين الى الاسلام والناطقين بالشهادتين ولكن لا يعرفون معناها ولا يعملون بمقتضاها بل يعتقدون ان التلفظ بها يكفي في عصمة النفس والمال وفي النجاة من النار ولو حصل منهم عبادة غير الله وصرف العبادة او بعضها للاولياء والاموات ومخالفة النبي صلى الله عليه وسلم والحكم بغير شريعته ونحو ذلك ونسأل الله ان ينفع بما ذكرنا من الادلة وماذكره غيرنا يكونه منها ومفيدا للقراء وطالبيا للحق والهدى والله يهدي من يشاء وصلى الله على محمد وآله وصحبه وسلم

عبدالله بن عبد الرحمن الجبرين

# ഗ്രന്ഥകാരക്കുറിപ്പിൻെറ തർജ്ജമ

കാരുണികനും കരുണാനിധിയുമായ
അല്ലാഹുവിൻെറ നാമത്തിൽ

സൗദി അറേബ്യ, 29-10-1416 H
ഇസ്ലാമിക ഗവേഷണ-
ഇഫ്താ മുഖ്യകാര്യാലയം

വ്യക്തമായ യാഥാർഥ്യത്തിൻെറ അധിപനായ അല്ലാഹുവിന്ന് സ്തുതി. എന്നെന്നും നിലനിൽക്കുന്നതിലും ദൈവികത്വത്തിലും സൃഷ്ടിജാലങ്ങളിലെ ക്രയവിക്രയത്തിലും ഒരേയൊരുവനായവൻ. ദീനിൻെറ സാരാംശം വ്യക്തമാക്കാനും അജ്ഞതയിൽനിന്ന് അവർക്ക് ദിശാബോധം നൽകാനും അവൻെറ അടിമകളിലേക്ക് ദൂതന്മാരെ അയച്ചവൻ. യാതൊരു സഹായിയും സഹകാരിയുമില്ലാത്ത, ഒരുവനായ അല്ലാഹുവല്ലാതെ യാതൊരു ഇലാഹുമില്ലെന്ന് ഞാൻ സാക്ഷിയാവുന്നു. മുഹമ്മദ് അവൻെറ (ആ അല്ലാഹുവിൻെറ) അടിമയും, സത്യവാനും വിശ്വസ്തനുമായ ദൂതനുമാണെന്നും ഞാൻ സാക്ഷി

യാവുന്നു. തിരുമേനിയിലും അവിടുത്തെ കുടുംബങ്ങളിലും സന്തത സഹചാരികളിലുമൊന്നടങ്കം അല്ലാഹു കരുണാകടാക്ഷങ്ങളേകട്ടെ.

എന്നാൽ, "രണ്ടു സാക്ഷ്യങ്ങളുടെ അർഥം: അവയുടെ നിബന്ധനകളും നിർബന്ധങ്ങളും" എന്നതിൽ ഞാനൊരു ലഘു കൃതി തയ്യാറാക്കിയിരുന്നു. ആ കൃതി പ്രസിദ്ധീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇന്ത്യക്കാരനായ സഹോദരൻ ഹനീഫ് അബ്ദുർറഹ്മാൻ പുല്ലിപ്പറമ്പ് അത് മലയാള ഭാഷയിലേക്ക് തർജ്ജമ ചെയ്യണമെന്ന് ആവശ്യപ്പെട്ടപ്പോൾ ഞാനതിന്ന് സമ്മതം നൽകി. യഥാർഥ വിശ്വാസവും പൊതു വിശ്വസ്തതയും സമ്പൂർണ്ണമായ വിവർത്തന ശേഷിയും ഞാനദ്ദേഹത്തിൽ നിന്നുറപ്പുവരുത്തിയിട്ടുണ്ട്. അതിനാൽ ഈ തർജ്ജമ പ്രസിദ്ധീകരിക്കുന്നതിന്ന് എനിക്ക് തടസ്സമില്ല. അനറബി ഭാഷ സംസാരിക്കുന്നവർക്ക് ഇത് പ്രയോജനം ചെയ്യുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

ഇസ്ലാമിക വംശപാരമ്പര്യം അവകാശപ്പെടുന്ന, രണ്ടു സാക്ഷ്യങ്ങൾ മൊഴിഞ്ഞ ധാരാളം ആളുകളെക്കുറിച്ച് നമുക്ക് കേൾക്കാനിടവന്നിട്ടുണ്ട്. പക്ഷെ അവ രണ്ടിൻെറയും അർഥമെന്തെന്നറിയുകയോ അവ ( ആ രണ്ടു സാക്ഷ്യങ്ങൾ) ആവശ്യപ്പെട്ടതെന്തോ അതു കൊണ്ടുള്ള കർമ്മം ചെയ്യാതിരിക്കുകയോ ചെയ്യുന്നവരാണവർ. എന്നാൽ അവ രണ്ടും മൊഴിഞ്ഞാൽ തങ്ങളുടെ സാമ്പത്തിക-ശാരീരിക സുരക്ഷയ്ക്കും നരകത്തിൽ നിന്നുള്ള മോചനത്തിന്നും അത് മതിയാകുമെന്നവർ വിശ്വസിക്കുന്നു. അല്ലാഹു അല്ലാത്തവരോട് പ്രാർഥിച്ചാലോ, ആരാധനകളോ അതിൽ ചിലതോ വലിയ്യുകൾക്കോ മരണപ്പെട്ടവർ

ക്കോ പ്രവാചക (താൽപര്യത്തിന്) വിരുദ്ധമായവയ്ക്കോ തിരിച്ചു വിട്ടാലോ, അവൻെറ (അല്ലാഹുവിൻെറ) ശരീഅത്തല്ലാത്തതുകൊണ്ട് വിധി നടത്തിയാലോ, അതു പോലുള്ളതൊക്കെ ചെയ്താൽ പോലും (അത് മതിയാകുമെന്നവർ വിശ്വസിക്കുന്നു).

നാം സൂചിപ്പിച്ചതും നാമല്ലാത്തവർ സൂചിപ്പിച്ചതുമായ തെളിവുകളിൽ നിന്ന് വായനക്കാരനും സന്മാർഗ്ഗ-സത്യാന്വേഷണ കുതുകികൾക്കും ഒരുപക്ഷേ ഇത് ഉത്തേജകവും പ്രയോജനപ്രദവുമായേക്കാം. അല്ലാഹുവാകട്ടെ അവനുദ്ദേശിക്കുന്നവരെ അവൻ സന്മാർഗ്ഗത്തിലാക്കുന്നു.

മുഹമ്മദ് നബി(സ)യിലും അവിടുത്തെ കുടുംബങ്ങളിലും അനുചരന്മാരിലും അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ ഉണ്ടാവട്ടെ-.

**അബ്ദുല്ലാഹ് ബിൻ അബ്ദുർറഹ്മാൻ അൽ ജിബ്രീൻ.**

# രണ്ടു സാക്ഷ്യങ്ങൾ

## അവയുടെ പൊരുളുകളും അനുബന്ധ കാര്യങ്ങളും

അത്യുന്നതമായ വിശേഷതകൾ കൊണ്ട് ഏകനായവനും പരിപൂർണ്ണതകൊണ്ട് അതുല്യനുമായ അല്ലാഹുവിന്ന് സർവ്വത്ര സ്തുതി! സമാനരിലും സാദൃശ്യരിലും ഏകനും യാതൊരു പങ്കാളിയില്ലാത്തവനുമായ പരിശുദ്ധനായ അല്ലാഹു ഒഴികെ ഒരു ഇലാഹുമില്ലെന്ന് ഞാൻ സാക്ഷ്യം വഹിക്കുന്നു. മുഹമ്മദ്(സ) അവൻെറ-അല്ലാഹുവിൻെറ-അടിമയും സന്ദേശ വാഹകനുമാണെന്നും ഞാൻ സാക്ഷിയാവുന്നു. സവിശേഷ ഗുണങ്ങളാൽ തെരഞ്ഞെടുത്തു കൊണ്ട് അല്ലാഹു അദ്ദേഹത്തെ ഉൽകൃഷ്ടനാക്കിയിരിക്കുന്നു. അവിടുത്തേക്ക് അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങളുണ്ടാവട്ടെ. അദ്ദേഹത്തെ പിന്തുടരുകയും ആ മാതൃക സ്വീകരിച്ചു പ്രവർത്തിക്കുകയും ചെയ്ത അവിടുത്തെ കുടുംബങ്ങളിലും അനുചരന്മാരിലും അതുണ്ടായിത്തീരട്ടെ.

എന്നാൽ, രണ്ടു സാക്ഷ്യങ്ങൾ മൊഴിയുകയും അവരണ്ടും ആവശ്യപ്പെട്ടതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുക എന്നത് ഇസ്‌ലാം മതത്തിന്റെ അടിസ്ഥാന കാര്യമാണ്. ഇക്കാലത്തെ പ്രബോധക സമുദായത്തിലധികപേരും അവയുടെ (രണ്ടു സാക്ഷ്യങ്ങളുടെ) ഉദ്ദേശമെന്താണ് എന്ന കാര്യത്തിൽ അജ്ഞരാണ്. അവർ കരുതുന്നത് കർമ്മമോ അറിവോ കൂടാതെ അവ മൊഴിഞ്ഞാൽ മാത്രം മതിയെന്നാണ്![1] അവയുടെ അർഥത്തിന് വിരുദ്ധമായി വ്യാഖ്യാനിക്കുന്നവരും അക്കൂട്ടത്തിലുണ്ട്.

അതിനാൽ അല്ലാഹു ഗുണം ചൊരിയാനുദ്ദേശിച്ച സദ്വിചാരക്കാർക്ക് പ്രയോജനപ്രദമാവട്ടെ എന്നു പ്രതീക്ഷിച്ചുകൊണ്ട് ഞാനീ പഠനം തയ്യാറാക്കുന്നു. അതിലാവട്ടെ വിവിധങ്ങളായ വിഷയങ്ങളുൾക്കൊള്ളുന്നുണ്ടു താനും.

---

*1. രണ്ടു സാക്ഷ്യവാക്യങ്ങൾ മനസ്സിലുറപ്പിച്ച് നാവുകൊണ്ട് വ്യക്തമാക്കിപ്പറഞ്ഞാൽ അതിന്റെ ഉദ്ദേശം പൂർത്തിയായി എന്നാണ് നമ്മിലേറെപ്പേരും മനസ്സിലാക്കി വെച്ചിരിക്കുന്നത്.*

### അദ്ധ്യായം ഒന്ന്

# രണ്ടു സാക്ഷ്യങ്ങളുടെ ശ്രേഷ്ഠതകൾ

രണ്ടു സാക്ഷ്യങ്ങളുടെ ശ്രേഷ്ഠതകളെ വിശദീകരിക്കുന്ന നബിവചനങ്ങൾ ഹദീസുഗ്രന്ഥങ്ങളിൽ നിന്നും ധാരാളം ധാരാളം വായനക്കാരന് കണ്ടെത്താൻ കഴിയും. അവയിലെത്തിച്ചേർന്നവർക്ക് (രണ്ടു സാക്ഷ്യങ്ങളെ പ്രയോഗവൽക്കരിച്ചവർക്ക്) സ്വർഗ്ഗവും സായൂജ്യവും കൊണ്ടുള്ള സുവിശേഷങ്ങളുണ്ട്. അല്ലാഹുവിൻെറ ശിക്ഷയിൽ നിന്നും അനിഷ്ടങ്ങളിൽ നിന്നുമുള്ള വിജയവും സന്തോഷവുമുണ്ട്. ഉബാദഃ ബിൻ സ്വാമിത്ത്(റ) ൽ നിന്നുള്ള ഹദീസ് പോലെ. നബി (സ) പറഞ്ഞു: "നിശ്ചയം, ഏകനും യാതൊരു പങ്കുകാരനുമില്ലാത്ത അല്ലാഹു അല്ലാതെ ഒരു ഇലാഹ് ഇല്ലെന്നും മുഹമ്മദ് അവൻെറ അടിമയും പ്രവാചകനുമാണെന്നും (സാക്ഷ്യംവഹിക്കുകയും, അപ്രകാരം) ഈസാ അല്ലാഹുവിൻെറ അടിമയും പ്രവാചകനും അവൻെറ ചൈതന്യത്തിൽ നിന്ന് മറിയമിലേക്ക് ഇട്ടുകൊടുത്ത അവൻെറ വചനവുമാണെന്നും, വാസ്തവമാണ് സ്വർഗ്ഗമെന്നും,

നരകവും വാസ്തവമാണെന്നും ഏതൊരാൾ സാക്ഷിയായോ അയാളുടെ കർമ്മങ്ങൾക്കനുസരിച്ച് അയാളെ അല്ലാഹു സ്വർഗ്ഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്." (ബുഖാരി, മുസ്ലി)[1] മറ്റൊരു ഉദ്ധരണിയിൽ "സ്വർഗ്ഗത്തിൻെറ എട്ടു വാതിലുകളിൽ ഉദ്ദേശിച്ചതിലൂടെ അല്ലാഹു അവനെ പ്രവേശിപ്പിക്കുന്നതാണെ"ന്നുമുണ്ട് (ബുഖാരി, മുസ്ലിം). തീർച്ചയായും അല്ലാഹുവല്ലാതെ ഒരു ഇലാഹ് ഇല്ലെന്നറിഞ്ഞ് ഒരാൾ മരിച്ചാൽ അയാൾ സ്വർഗ്ഗത്തിൽ പ്രവേശിക്കുമെന്ന് ഉഥ്മാൻ (റ) വഴി മുസ്ലിമും മറ്റും ശരിയായി ഉദ്ധരിച്ചിട്ടുണ്ട്. അബീ ഹുറൈറ (റ) പറഞ്ഞതായി മുസ്ലിം ഉദ്ധരിക്കുന്നു. റസൂൽ (സ) പറഞ്ഞു: "അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്നും നിശ്ചയം ഞാനല്ലാഹുവിൻെറ പ്രവാചകനാണെന്നും ഞാൻ സാക്ഷിയാവുന്നു. അവ രണ്ടിലും യാതൊരു സംശയമില്ലാത്തവനായിക്കൊണ്ട് അല്ലാഹുവിനെ കണ്ടു മുട്ടുന്ന ഒരു ദാസൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ല.[2] ഉബാദഃ ബിൻ സ്വാമിത്ത് (റ) പറയുന്നു: 'ലാ ഇലാഹ ഇല്ലല്ലാഹ് മുഹമ്മദ് റസൂലുല്ലാഹ്' എന്നതിന് സാക്ഷിയായവനാരോ അവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നുവെന്ന് അല്ലാഹുവിൻെറ പ്രവാചകൻ (സ) പറയുന്നത് ഞാൻ കേട്ടു. അനസ് ബിനു മാലിക്(റ)ൽ നിന്നു നിവേദനം: അല്ലാഹുവി

---

*1- ഈ പറയപ്പെട്ടതിനു തന്നെ അവൻെറ ജീവിതം സാക്ഷിയായാൽ അത് ധാരാളം മതി അവന് സ്വർഗ്ഗീയ ജീവിതത്തിലെത്താൻ. അതോടൊപ്പം അവൻെറ ജീവിതകർമ്മങ്ങൾ അവൻെറ സാക്ഷിമൊഴികളുമായി ജോജിച്ചു വരികയും വേണം.*

*2- യാതൊരു സംശയത്തിനും ഇടയില്ലാത്ത വിധം പ്രസ്തുത രണ്ടു വാക്യങ്ങൾക്കും സാക്ഷിയായവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നവനും അല്ലാഹുവിനെ കണ്ടുമുട്ടുന്നവനുമാണ്*

ൻെറ റസൂൽ മുആദ് ബ്നു ജബലിനോട് പറഞ്ഞു: നിശ്ചയം അല്ലാഹുവല്ലാതെ ഒരു ഇലാഹ് ഇല്ലെന്നും മുഹമ്മദ് അവൻെറ അടിമയും പ്രവാചകനുമാണെന്നും സാക്ഷിയാക്കിയ ഒരു അടിമക്കും അല്ലാഹു നരകം നിഷിദ്ധമാക്കാതിരിക്കില്ല. ഇത്ബാൻ ബിൻ മാലിക്(റ) നിവേദനം ചെയ്ത ദീർഘമായ ഒരു ഹദീസിൽ റസൂലുല്ലാഹ് പറഞ്ഞു: അല്ലാഹുവിൻെറ തൃപ്തി ആശിച്ചുകൊണ്ട് ലാ ഇലാഹ ഇല്ലല്ലാഹ് പറഞ്ഞവനാരോ, നിശ്ചയം അല്ലാഹു അവന്ന് നരകം നിഷിദ്ധമാക്കിയിരിക്കുന്നു. ഈ പറഞ്ഞ ഉദ്ധരണികളെല്ലാം ബുഖാരിയിലും മുസ്ലിമിലും (ഒന്നിച്ചോ) അല്ലെങ്കിൽ അവ രണ്ടിലൊന്നിലോ ഉള്ളവയാണ്. രണ്ടു (സാക്ഷ്യ) വാക്യങ്ങളുടെ ശ്രേഷ്ഠത വ്യക്തമാക്കുന്ന തെളിവുകളാണിതെല്ലാം. സ്വർഗ്ഗപ്രവേശനം, അതിൻെറ അഷ്ടകവാടങ്ങളുടെ തുറക്കൽ, നരകം നിഷിദ്ധമാക്കൽ എന്നിവ അവയുമായി (ആ രണ്ട് സാക്ഷ്യങ്ങളുമായി) ബന്ധിപ്പിച്ചിക്കുന്നു. നരകത്തിൽ നിന്നുള്ള മോചനവും അതുമായി ബന്ധപ്പെട്ടിരിക്കുന്നു. തിർമിദിയും അബൂദാവൂദും അനസ് (റ) ൽ നിന്നു ഉദ്ധരിക്കുന്നു: തിരുമേനി(സ)പറഞ്ഞു: അല്ലാഹുവെ! നിന്നെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് നിശ്ചയം ഞാനിതാ ഉണർന്നിരിക്കുന്നു. നിൻെറ സിംഹാസനവാഹകരെയുംനിൻെറ നബിമാരെയും നിൻെറ മാലാഖമാരെയും നിൻെറ സർവ്വസൃഷ്ടിജാലങ്ങളെയും സാക്ഷ്യപ്പെടുത്തിക്കൊണ്ടും. നിശ്ചയം നീയാണ് അല്ലാഹു. നീയല്ലാതെ ഒരാരാധ്യനില്ല. നിശ്ചയം മുഹമ്മദ് നിൻെറ ദാസനും ദൂതനുംതന്നെ, എന്നിങ്ങിനെ പ്രഭാതത്തിലും പ്രദോഷത്തിലും പറഞ്ഞവനാരോ അവനെ അല്ലാഹു നരകത്തിൽ നിന്നും കാൽഭാഗം മോചിപ്പിക്കുന്നു. രണ്ട് തവണ പറഞ്ഞവനെ അല്ലാഹു നരകത്തിൽ നിന്ന് പകുതിയും മോചിപ്പിക്കുന്നു.

മൂന്ന് തവണ പറഞ്ഞവനെ അല്ലാഹു നരകത്തിൽ നിന്ന് മുക്കാൽ ഭാഗവും മോചിപ്പിക്കുന്നു. നാലു തവണ പറഞ്ഞവനെ അല്ലാഹു നരക ത്തിൽ നിന്നും (പൂർണ്ണമായും) മോചിപ്പിക്കുന്നു.

ഈ വാക്യത്തിൻെറ ശ്രേഷ്ഠതകൾ വീണ്ടും ഉദ്ധരിക്കപ്പെടുന്നു. അല്ലാഹു ഉദ്ദേശിച്ചവരൊഴികെയുള്ള സർവ്വസൃഷ്ടി വർഗ്ഗങ്ങളേക്കാളും സർവ്വ തിന്മകളേക്കാളും അത് (ആ വാക്യം അന്ത്യനാളിൽ ത്രാസിൽ) മികച്ചു നിൽക്കും. ഹാകിമും ഇബ്നു ഹിബ്ബാൻ(റ) യും റിപ്പോർട്ട് ചെയ്ത അബീ സഈദിൽ ഖുദ്രി (റ) യുടെ ഉദ്ധരണിയിൽ നിന്ന്: അല്ലാഹുവിൻെറ പ്രവാചകൻ (സ) പറഞ്ഞു: [മൂസ(അ) അല്ലാഹുവിനോട് ഒരു പ്രാർഥന പഠിപ്പിച്ചു തരാനാവശ്യപ്പെട്ടു. അപ്പോഴല്ലാഹു 'ലാഇലാഹ ഇല്ലല്ലാഹ്: എന്ന വാക്യം (മറ്റൊരു റിപ്പോർട്ടനുസരിച്ച് 'ലാ ഇലാഹ ഇല്ലാ അൻത) പറയാനാവശ്യപ്പെട്ടു. അപ്പോൾ മൂസാ (അ) പറഞ്ഞു] "നിൻെറ എല്ലാ അടിമകളും ഇത് പറയുന്നുണ്ടല്ലോ." ഞാനുദ്ദേശിക്കുന്നത് എനിക്കു മാത്രം പ്രത്യേകമായ ഒരു പ്രാർഥനയാണ്.(അല്ലാഹു) പറഞ്ഞു:"മൂസാ! ഏഴാകാശങ്ങളും ഞാനൊഴികെ അതിനകത്തുള്ള നിർമ്മിതികളും ഏഴു ഭൂമികളും എല്ലാം ഒരു തട്ടിലും ലാ ഇലാഹ ഇല്ലല്ലാഹ് (വേറെ) ഒരു തട്ടിലും വെച്ചാൽ ലാഇലാഹ ഇല്ലല്ലാഹ് (ഏറ്റവും കനമേറിയ രൂപത്തിൽ) ചെരിഞ്ഞിരിക്കുന്നതാണ്. നബി(സ) പറഞ്ഞതായി അബ്ദുല്ലാഹിബ്നു അംറ്(റ)ൽ നിന്ന് ഇമാം അഹ്മദ്(റ) ഉദ്ധരിക്കുന്നു: നൂഹ്(അ) മരണാസന്നവേളയിൽ തൻെറ മകനോട് പറഞ്ഞു: ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് (പറയാൻ) ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു. എന്തെന്നാൽ ഏഴാകാശങ്ങളും ഏഴ് ഭൂമികളും(ഒന്നിച്ച്) ഒരു തട്ടിലും ലാഇലാഹ ഇല്ലല്ലാഹ് മറ്റൊരു തട്ടിലുംവെച്ചാൽ അത് ലാഇ ലാഹ ഇല്ലല്ലാഹ്

എന്നതു കൊണ്ട് മികച്ചു നിൽക്കുന്നതാണ്. ഏഴാകാശങ്ങളും ഏഴ് ഭൂമികളും അവ്യക്ത വളയത്താലായാലും 'ലാ ഇലാഹ ഇല്ലല്ലാഹ്' മൂലം അവ പരസ്പരം വേർപ്പെടുന്നതാണ് (അഹ്മദ്)[3]

അന്ത്യനാളിൽ ഒരു ശീട്ടുകാരനെ വിളിക്കപ്പെടുന്ന സന്ദർഭം അബ്ദുല്ലാഹ് ബിൻ അംറ് (റ) ൽ നിന്ന് തിർമിദിയും മറ്റും ഉദ്ധരിക്കുന്നുണ്ട്. തൊണ്ണൂറ്റൊമ്പത് തിന്മകളുടെ രേഖകൾ അയാൾക്ക് വിതരണം ചെയ്യപ്പെടും. പിന്നെ അയാൾക്കു വേണ്ടി ഒരു ശീട്ട് പുറത്തെടുക്കും..' അശ്ഹദു അൻലാ ഇലാഹ ഇല്ലല്ലാഹ് വഅന്ന മുഹമ്മദൻ അബ്ദുഹു വറസൂലുഹു' എന്നാണതിലുള്ളത്. അനന്തരം രേഖകൾ മുഴുവൻ ഒരു തട്ടിലും ശീട്ട് ഒരു തട്ടിലും വെക്കപ്പെടും. അപ്പോൾ ശീട്ട്ഭാരം തൂങ്ങുകയും രേഖകൾ ഉലഞ്ഞു പോവുകയും ചെയ്യും.[4]

---

*3- ഭൂമികളുംആകാശങ്ങളും ചേർന്ന് അദൃശ്യമായ ഒരു വളയമായിത്തീരുകയും ലാ ഇലാഹ ഇല്ലല്ലാഹ് അതിൽ കൊരുത്തിടുകയും ചെയ്തു വെന്നിരിക്കട്ടെ; അതിൻെറ ഭാരം മൂലം ആ വളയം വേർപ്പെട്ടുപോവുന്നതാണ്.*

*4- ഒരാളുടെ മാത്രം നിവേദനമാണെങ്കിലും ഉത്തമമായി തിർമിദി(റ) ഉദ്ധരിച്ച ഈ ഹദീസ് കുറച്ചു കൂടി വിശദമാണ്. മുഹമ്മദ് നബി(സ) യുടെ സമുദായത്തിൽ നിന്നൊരാളെ അല്ലാഹു അന്ത്യനാളിൽ തിരഞ്ഞെടുക്കും. എന്നിട്ട് അയാൾക്കു മുമ്പിൽ തൊണ്ണൂറ്റൊമ്പത് രേഖകളടങ്ങിയ ഒരു വലിയ ഗ്രന്ഥം തുറക്കപ്പെടും. ഓരോ രേഖയുടെയും നീളവും വീതിയും മനുഷ്യദൃഷ്ടി എത്തുന്നിടത്തോളം വിശാലമാണ്. എന്നിട്ടല്ലാഹു അദ്ദേഹത്തോട് ചോദിക്കും: "ഈ എഴുതപ്പെട്ടതിൽ വല്ലതും നീ നിഷേധിക്കുന്നുണ്ടോ? (മനുഷ്യരുടെ കർമ്മങ്ങൾ) എഴുതിസൂക്ഷിക്കുന്നവർ നിന്നോട് വല്ല അതിക്രമവും ചെയ്തുവോ? അയാൾ പറയും "ഇല്ല നാഥാ". അപ്പോഴല്ലാഹു ചോദിക്കും:(മറവിയാലോ അബദ്ധത്താലോ അറിവില്ലായ്മയാലോ ഉള്ള)" വല്ല കാരണവും ബോധിപ്പിക്കാനുണ്ടോ?" അപ്പോഴയാൾ പറയും: "ഇല്ല =*

ഈ ശരിയായ തെളിവുകളിലൂടെ വിജയികളും മോക്ഷം പ്രാപിച്ചവരുമായിത്തീരാൻ ഈ വാക്യം പ്രയോജനപ്പെടുന്നു എന്ന് നിങ്ങൾ കണ്ടു കഴിഞ്ഞു. പക്ഷെ ഇവയെ സാക്ഷാത്കരിക്കുകയും ഇവ ആവശ്യപ്പെടുന്നതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ നിരുപാധികമായി പറഞ്ഞ ഈ തെളിവുകളിൽ സത്യസന്ധത, ആത്മാർഥത എന്നിങ്ങനെയുള്ള നിബന്ധനകൾ കൂടി ഉൾപ്പെടുത്തേണ്ടതാണെന്ന് മറ്റു ഹദീസുകളിൽ നിന്ന് മനസ്സിലാവുന്നുണ്ട്. അപ്പോൾ മാത്രമേ അവന്റെ പെരുമാറ്റങ്ങളിലും കർമ്മങ്ങളിലും അത് സ്വാധീനം ചെലുത്തുകയുള്ളൂ. ■

---

*=നാഥാ". അപ്പോൾ അല്ലാഹു പറയും:"അതെ-തീർച്ചയായും നിനക്കായി ഒരു ഗുണം നമ്മുടെ പക്കലുണ്ട്. ഇന്നേ ദിവസം യാതൊരപകടവും അത് നിനക്കുണ്ടാക്കുന്നതല്ല."(മഹത്തരവുംസ്വീകാര്യവുമായ ഒരു ഗുണമാണത്). അങ്ങിനെ അവന്ന് ഒരു ശീട്ട് കാണിയ്ക്കപ്പെടും. തുണികൊണ്ടുള്ള ചെണ്ടുകളുള്ള ഒരു ചെറിയ ശീട്ട്. അതിൽ അശ്ഹദു അൻലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദൻ അബ്ദുഹൂ വറസൂലുഹു എന്നെഴുതിയിട്ടുണ്ട്. അപ്പോഴല്ലാഹു പറയും: നിന്റെ തൂക്കം ഹാജറാക്കുക"(നിന്റെയും നിന്റെ കർമ്മത്തിന്റെയും സമയത്തിന്റെയും തൂക്കം. തുലാസ് കൊണ്ടുവരപ്പെടട്ടെ. മറയപ്പെട്ടു കിടക്കുന്ന നിന്റെ അക്രമ പ്രവർത്തനങ്ങൾ പ്രത്യക്ഷപ്പെടാൻ വേണ്ടി. നീതിയും പുറത്തുവരട്ടെ. ശ്രേഷ്ഠ ഫലം ഉറപ്പുവരുത്തുകയും ചെയ്യട്ടെ) അപ്പോഴയാൾ ചോദിക്കും:"നാഥാ! എന്താണീ ശീട്ട്! എന്താണീ രേഖകൾ ! അല്ലാഹു പറയും: എന്നാൽ നീ ആക്രമിക്കപ്പെടുന്നതല്ല. (പക്ഷെ തൂക്കം നടക്കട്ടെ. നിന്നെ യാതൊരു നിലക്കും ആക്രമിച്ചിട്ടില്ലെന്ന് വ്യക്തമാവട്ടെ. തൂക്കം പ്രത്യക്ഷമാവട്ടെ. നാണക്കേട് മൂലമുള്ള ഒരു ബുദ്ധിമുട്ടും ഉണ്ടാവുന്നതല്ല). അപ്രകാരം രേഖകൾ മുഴുവൻ ഒരു തട്ടിലും ശീട്ട് മറ്റെ തട്ടിലും വെയ്ക്കപ്പെട്ടു. അപ്പോൾ രേഖകളുടെ ഭാരം ലഘുതരമായി. ശീട്ടിന്റെ ഭാരം അധികരിച്ചു. അല്ലാഹുവിന്റെ പേരിനൊപ്പം യാതൊരു ഭാരവും തൂങ്ങുന്നതല്ല.)*

അധ്യായം രണ്ട്

# രണ്ടു സാക്ഷ്യങ്ങൾക്കു വേണ്ടിയുള്ള യുദ്ധം

റസൂൽ (സ) പറഞ്ഞതായി അബീ ഹുറൈറ(റ) ഉദ്ധരിക്കുന്നു. "ലാ ഇലാഹ ഇല്ലല്ലാഹ്" എന്നു പറയുന്നതു വരെ ജനങ്ങളുമായി യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു. ഏതൊരാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' പറഞ്ഞുവോ അവന്റെ ജീവനും സ്വത്തും എന്നിൽ നിന്നും സുരക്ഷിതമായി, അവ രണ്ടിന്റെയും അവകാശം കൊണ്ടല്ലാതെ. അവന്റെ കണക്കാവട്ടെ അത്യുന്നതനായ അല്ലാഹുവിങ്കലാകുന്നു". (ബു.മു).[1] 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്ന് "അവർ സാക്ഷിയാകുന്നത് വരെയും എന്നെക്കൊണ്ടും ഞാൻ കൊണ്ടു വന്നത് കൊണ്ടും

*1- ലാഇലാഹ ഇല്ലല്ലാഹ് എന്നതിന്റെ പേരിൽ അവന്റെ ജീവനും സ്വത്തിനും സുരക്ഷിതത്വമുണ്ട്. എന്നാൽ അവന്റെ ജീവനോ സ്വത്തോ ഇസ്ലാമിക ഭരണകൂടത്തിന് കവർന്നെടുക്കേണ്ട പരാക്രമിയാണെങ്കിൽ അത് വേണ്ടതു തന്നെ. അവന്റെ കർമ്മങ്ങളെ കുറിച്ചുള്ള വ്യക്തമായ കണക്ക് അല്ലാഹുവിങ്കൽ മാത്രമാണ്.*

വിശ്വസിക്കുന്നത് വരെയും" എന്ന് കൂടി 'മുസ്ലിം' ഉദ്ധരിച്ചിട്ടുണ്ട്.

ഇബ്നു ഉമർ(റ)ൽ നിന്ന്: അല്ലാഹുവിൻെറ പ്രവാചകൻ (സ) പറഞ്ഞു: "അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണെന്നും അവർ സാക്ഷിയാകുന്നത്വരെയും നമസ്കാരം നിലനിർത്തുന്നവരും സക്കാത്ത് വീട്ടുന്നവരും ആകുന്നത്വരെയും ജനങ്ങളുമായി യുദ്ധം ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു. അവരങ്ങിനെ ചെയ്താൽ അവരുടെ രക്തവും സ്വത്തുക്കളും- ഇസ്ലാമിന്ന് അവകാശപ്പെട്ടതൊഴിച്ച്-എന്നിൽ നിന്നും സുരക്ഷിതമായി. അവരുടെ കണക്ക് അല്ലാഹുവിങ്കലാണ്" (ബുഖാരി, മുസ്ലിം). അനസ് (റ) ൽ നിന്ന്: നബി (സ) പറഞ്ഞു: "അല്ലാഹുവല്ലാതെ ഇലാഹില്ലെന്നും മുഹമ്മദ് അല്ലാഹുവിൻെറ സന്ദേശവാഹകനാണെന്നും സാക്ഷികളാകുന്നത് വരെ ജനങ്ങളുമായി- അഥവാ ബഹുദൈവാരാധകരുമായി- യുദ്ധം ചെയ്യാൻ എന്നോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു. അങ്ങിനെ അവർ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനും 'മുഹമ്മദ് റസൂലല്ലാഹ്' എന്നതിനും സാക്ഷികളാവുകയും നമ്മുടെ നമസ്കാരം അവർ നമസ്കരിക്കുകയും നമ്മുടെ ഖിബ്ലയെ അവർ അഭിമുഖീകരിക്കുകയും നാം അറുത്തതിനെ അവർ ആഹരിക്കുകയും ചെയ്താൽ അവരുടെ ചോരയും മുതലുകളും നമുക്ക് നിഷിദ്ധമായി; അതിൻെറ അവകാശപ്പെട്ടതൊഴിച്ച്." (ബു.)

ഇത്തരത്തിലുള്ള ഹദീസുകൾ ധാരാളമുണ്ട്. അപ്രകാരമായിരുന്നു രണ്ടു സാക്ഷ്യങ്ങൾമൊഴിഞ്ഞതിനു ശേഷം മുസ്ലിമായ എല്ലാ ഓരോരുത്തരെയും നബി (സ) അഭിമുഖീകരി

ച്ചത്. അബി ദർറ് അൽ ഗഫാരി(റ)യുടെ ഇസ്ലാമാശ്ലേഷത്തി ൻെറ കഥയിൽ ചരിത്രകാരൻമാർ അക്കാര്യം സ്മരിച്ചിട്ടുണ്ട്. അദ്ദേഹം പറഞ്ഞു: "ഞാൻ പ്രവാചകൻ (സ) ൻെറ സന്നിധി യിൽ വന്നുപറഞ്ഞു. അല്ലാഹുവിൻെറ ദൂതരെ, 'അസ്സലാമു അ ലൈക്ക'. അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്ന് ഞാൻ സാ ക്ഷിയാവുന്നു; നിശ്ചയം മുഹമ്മദ് അല്ലാഹുവിൻെറ ദൂതനാ ണെന്നും". അദ്ദേഹം (അബൂ ദർറ്) പറയുന്നു: അപ്പോൾ അദ്ദേഹത്തിൻെറ -പ്രവാചകൻെറ- മുഖത്ത് സന്തോഷ ശോഭ പടരുന്നത് ഞാൻ കണ്ടു.

ഇസ്ലാമാശ്ലേഷിക്കാനായി മദീനയിലേക്കു വന്ന ഖാലി ദ് ബിൻ വലീദ് (റ) നെക്കുറിച്ചും അവർ (ചരിത്രകാരന്മാർ) സ്മരിച്ചിട്ടുണ്ട്. അദ്ദേഹം നബി(സ)യുടെ അടുത്തെത്തി. അദ്ദേ ഹം പറയുന്നു: "ഞാനവിടുത്തേക്ക് സലാം ചൊല്ലിക്കൊണ്ട് പറഞ്ഞു: നിശ്ചയം ഞാനിതാ അല്ലാഹുവല്ലാതെ ഒരു ഇലാ ഹുമില്ലെന്ന് സാക്ഷിയാവുന്നു; താങ്കൾ അല്ലാഹുവിൻെറ റസൂ ലാണെന്നും. അപ്പോൾ തിരുമേനി (സ) പറഞ്ഞു. നിന്നെ സന്മാർഗ്ഗത്തിലാക്കിയ അല്ലാഹുവിന്ന് സർവ്വത്ര സ്തുതി!

ഖാലിദ് ബ്നു സഈദ് ബ്നു അൽ ആസ്വ് (റ) ഇസ്ലാമി ലേക്ക് വന്ന കഥയും അപ്രകാരം തന്നെ. അദ്ദേഹം പ്രവാചകൻ (സ) യെ കണ്ടപ്പോൾ ചോദിച്ചു: താങ്കൾ എന്തിലേക്കാണ് ക്ഷണിക്കുന്നത്?" തിരുമേനി പറഞ്ഞു: "ഏകനും പങ്കുകാരനി ല്ലാത്തവനുമായ അല്ലാഹുവിലേക്ക് ഞാൻ നിങ്ങളെ ക്ഷണി ക്കുന്നു. നിശ്ചയം മുഹമ്മദ് അവൻെറ അടിമയും സന്ദേശവാ ഹകനുമാണെന്നതിലേക്കും. തന്നെ ആരാധിക്കുന്നവരാരെ ന്നോ ആരാധിക്കാത്തവരാരെന്നോ അറിയാത്ത, യാതൊരു

ഉപകാരമോ ഉപദ്രവമോ കേൾവിയോ സാധിക്കാത്ത, ശിലകളെ ആരാധിക്കുന്നതിൽ നിന്നും നീ വിട്ടകന്നു നിൽക്കുന്നതിലേക്കും (ഞാൻ നിങ്ങളെ ക്ഷണിക്കുന്നു). ഖാലിദ്(റ) പറഞ്ഞു: എന്നാൽ നിശ്ചയം, അല്ലാഹു വല്ലാതെ ഒരാരാധ്യനുമില്ലെന്നും താങ്കൾ അല്ലാഹുവിൻെറ ദൂതരാണെന്നും ഞാനിതാ സാക്ഷിയാവുന്നു.

ഇസ്ലാമാശ്ലേഷത്തിന് രണ്ടു സാക്ഷ്യങ്ങൾ മൊഴിയൽ അനിവാര്യമാണെന്ന് ഇത്തരം സംഭവങ്ങൾ ഉണർത്തുന്നു. ഏതൊരാൾ അത് രണ്ടുമായി (രണ്ടു സാക്ഷ്യങ്ങളുമായി) വന്നുവോ അവൻ ഈ മതത്തിൽ പ്രവേശിച്ചവനായി. അപ്രകാരം അവൻെറ രക്തവും ധനവും സംരക്ഷിതമായി. അവനെ വധിക്കൽ നിഷിദ്ധവുമായി. ഈ വാക്യം മൊഴിഞ്ഞ ഒരാളെ വധിച്ചതിന് ഉസാമ(റ)യെ നബി(സ) കുറ്റപ്പെടുത്തുകയുണ്ടായി. മുസ്ലിമിലും മറ്റും അക്കാര്യം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നബി (സ) അദ്ദേഹത്തെ ഒരു സംഘം സൈന്യത്തോടൊപ്പം അയച്ചതായിരുന്നു. അദ്ദേഹം (ഉസാമ-റ) പറയുന്നു: ഒരാൾ എൻെറ മുമ്പിൽ വന്നുപ്പെട്ടു. അപ്പോഴയാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നുമൊഴിഞ്ഞു. ഞാനന്നേരം അയാളുടെ കഥ കഴിച്ചു. (അതറിഞ്ഞപ്പോൾ) പ്രവാചകൻ (സ) ചോദിച്ചു: 'ലാ ഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞവനെ നീ കൊന്നുവോ? ഞാൻ പറഞ്ഞു: 'അല്ലാഹുവിൻെറ പ്രവാചകരെ, അയാൾ ആയുധം കണ്ടപ്പോൾ ഭയന്ന് പറഞ്ഞതാണെന്ന് കരുതി'. തിരുമേനി ചോദിച്ചു: 'നീ അയാളുടെ ഹൃദയം തുറന്നു നോക്കിയിരുന്നോ'?[2]

---

*2- ഒരാൾ തൻെറ മുന്നിൽ വന്നുപെട്ടപ്പോൾ ഉസാമ(റ) വാളുയർത്തി. അപ്പോളയാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞു. തൻെറ വാള് കണ്ടു പേടിച്ചാണ് അയാളതു പറഞ്ഞതെന്നു കരുതി അദ്ദേഹമായാളെ വെട്ടി. =*

ജുന്തുബ് അൽ ബജലിയുടെ പ്രബലമായ ഉദ്ധരണിയിൽ ഉസാമ(റ) പറയുന്നു: 'അല്ലാഹുവിൻെറ പ്രവാചകരെ! മുസ്‌ലിംകളെ അയാൾ വളരെ ഉപദ്രവിച്ചു. ഇന്നിന്ന ആളുകളെ അയാൾ വധിക്കുകയും ചെയ്തു. ഞാനയാൾക്കു നേരെ തിരിഞ്ഞു. വാള് കണ്ടപ്പോൾ അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞു. തിരുമേനി (സ) ചോദിച്ചു: അന്ത്യനാളിൽ അയാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതും കൊണ്ട് വന്നാൽ അപ്പോൾ നീ എന്തു ചെയ്യും?

മുആദ് (റ) നെ നബി (സ) യമനിലേക്കയച്ച സന്ദർഭം ഇബ്നു അബ്ബാസ് (റ) ഉദ്ധരിക്കുന്നുണ്ട്. തിരുമേനി (സ) അദ്ദേഹത്തോട് പറഞ്ഞു: "അല്ലാഹുവല്ലാതെ യാതൊരാരാധ്യനുമില്ലെന്നും നിശ്ചയം ഞാനല്ലാഹുവിൻെറ ദൂതരാണെന്നും സാക്ഷിയാവുന്നതിലേക്കാണ് നിങ്ങളാദ്യമായി അവരെ ക്ഷണിക്കേണ്ടത്." (ബു.മു)

ഇത്തരത്തിലുള്ള ധാരാളം ഹദീസുകളുണ്ട്. നബി (സ) അദ്ദേഹത്തിൻെറ കാലഘട്ടത്തിലുള്ള ആളുകളിൽ നിന്ന് ഈ രണ്ടു സാക്ഷ്യങ്ങൾ കൊണ്ട് തൃപ്തിപ്പെടുമായിരുന്നു എന്ന് അവയിൽ നിന്ന് മനസ്സിലാക്കാം. കാരണം അവ രണ്ടിനെയും അംഗീകരിക്കുകയും അവയെ നിദാനമാക്കി പ്രവർത്തിക്കുകയും ചെയ്യുന്നവൻ എല്ലാ തരത്തിൽപെട്ട ആരാധനകളിലും അല്ലാഹുവെയും അവൻെറ ദൂതനെയും അനുസരിക്കുന്നതാണ്. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന വാക്കിൻെറ പൊരുളിനെ മനസ്സിലാ

---

*=വിവരമറിഞ്ഞ പ്രവാകൻ (സ) ഉസാമ (റ) യെ കുറ്റപ്പെടുത്തി. തൻെറ ഹൃദയത്തിൽ ആ വാക്യം ഉറപ്പിച്ച വ്യക്തിയാണോ അയാളെന്ന് ഉസാമ(റ) ക്കറിയില്ലല്ലോ..!*

ക്കിക്കൊണ്ട് അത്യുന്നതനായ അല്ലാഹുവിൻെറ ഏകത്വത്തെ അംഗീകരിക്കുകയും ബഹുദൈവാരാധനാപരമായ പതിവുകളെ അവൻ ഒഴിവാക്കുകയും ചെയ്യുന്നു. അതോടൊപ്പം അല്ലാഹുവിൻെറ പ്രവാചകൻ(സ)നെ അനുസരിക്കാനും പിമ്പറ്റാനും അവൻ നിർബന്ധിതനായിത്തീരുകയും ചെയ്യുന്നു. മുഹമ്മദ് അല്ലാഹുവിൻെറ പ്രവാചകനാണ് എന്ന വാക്കിൻെറ സത്തയും അതുതന്നെ.

അക്കാലത്തെ സമൂഹം ഇന്നത്തെപ്പോലെയായിരുന്നില്ല. ശഹാദത്തിൻെറയും ഇലാഹിൻെറയും അർഥവും അതിലുൾപ്പെട്ട നിഷേധത്തിൻെറയും സ്ഥിരീകരണത്തിൻെറയും പൊരുളും അറിയുകയും ഉൾക്കൊള്ളുകയും ചെയ്ത ഭാഷാശുദ്ധിയുള്ള അറബികളായിരുന്നു അവർ. അതിനാലാണ് ഈ (സാക്ഷ്യ) വാക്യം മൊഴിയുന്നത് അവർക്ക് (നബി-സ) പരിമിതമാക്കിയത്. ഈ സാക്ഷ്യം മൊഴിഞ്ഞവൻ രക്ഷ പ്രാപിക്കണമെങ്കിൽ അതിനുള്ള നിബന്ധന, അവൻ അതിൻെറ അർഥമെന്താണെന്നറിവുള്ളവനാവണം. ആന്തരികവും ബാഹ്യവുമായ അതിൻെറ ഉദ്ദേശങ്ങളനുസരിച്ച് പ്രവർത്തിക്കുന്നവനുമാവണം. അല്ലാഹു പറയുന്നു: فاعلم أنه لا إله الا الله [എന്നാൽ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്ന് നീ അറിയുക]. അല്ലാഹു പറയുന്നു: الا من شهد بالحق وهم يعلمون [അവർ അറിഞ്ഞു കൊണ്ട് യഥാർഥത്തിനു സാക്ഷ്യം വഹിച്ചവരല്ലാതെ- സുഖ്റുഫ്: 86] ഇതുപോലുള്ള വാക്യങ്ങൾ വ്യക്തമാക്കുന്നത് അർഥം അറിയൽ നിബന്ധനയാണ് എന്നാണ്. അപ്രകാരം തന്നെ ബഹുദൈവാരാധകരിൽ നിന്ന് ബാഹ്യമായിട്ടാണെങ്കിലും രണ്ടു സാക്ഷ്യത്തെ അംഗീകരിച്ചവരെ (യുദ്ധഭൂമിയിൽ വെച്ച്പോലും വധി

ച്ചുകളയുന്നതിൽ നിന്ന്) ഒഴിവാക്കലും നിർബന്ധമാണ്. അതിനുശേഷം അവൻെറ കാര്യത്തിൽ അവനെ ശ്രദ്ധിക്കുകയും പരീക്ഷിക്കുകയും ചെയ്യുന്നതു വരെ അവനെ സംരക്ഷിക്കേണ്ടതാണ്. ദീനിനെ നില നിർത്തുകയും തൗഹീദിനെ മുറുകെ പിടിക്കുകയും ഇസ്ലാമികാധ്യാപനങ്ങൾക്കൊത്ത് പ്രവർത്തിക്കുകയും ചെയ്താൽ അവൻ മുസ്ലിമായി. മുസ്ലിംകൾക്കവകാശപ്പെട്ടതൊക്കെ അവന്നുമുണ്ട്. മുസ് ലിംകൾക്ക് പാടില്ലാത്തത്(നിഷിദ്ധമാക്കിയത്) അവന്നും പാടില്ലാത്തതാണ്. ഇനി അവൻ ശഹാദത്ത് നിറവേറ്റുന്ന കാര്യത്തിൽ വൈരുദ്ധ്യമുണ്ടാക്കിയാലോ അല്ലെങ്കിൽ കൽപിക്കപ്പെട്ട ചില കാര്യങ്ങളെ- അവഗണിച്ചുകൊണ്ടോ നിരാകരിച്ചു കൊണ്ടോ- ഉപേക്ഷിച്ചാലോ അല്ലെങ്കിൽ തീർത്തും നിഷിദ്ധമായ അറിയപ്പെട്ട നിഷിദ്ധ കാര്യങ്ങളെ അനുവദനീയമാക്കിയാലോ അവനെ ഈ (സാക്ഷ്യ) വാക്യം സംരക്ഷിക്കുന്നതല്ല.

പണ്ഡിതന്മാരും, അറിവില്ലാത്തവരും അനുകരണക്കാരുമായ സാധാരണ ജനങ്ങളും ഉൾപ്പെട്ട ഇക്കാലത്തെ അധിക സമൂഹങ്ങളിലും ഇതാണ് സംഭവിക്കുന്നത്. എന്തെന്നാൽ ഈ അവസാന നൂറ്റാണ്ടുകളിലെ പാമരൻമാരിലേറെപ്പേരുടെയും വിശ്വാസപരമായ കാര്യങ്ങൾ ദുഷിച്ചിട്ടുണ്ട്. അറബിയിലെ എല്ലാ ഭാഷാർഥവും, രണ്ടു സാക്ഷ്യങ്ങളുടെ പൊരുളും മതവും അറിവില്ലാത്തവരായി അവർ വളർന്നു. രണ്ടു സാക്ഷ്യങ്ങളുടെ അർഥം മനസ്സിലാക്കാത്തവരാണ് അവരിലേറെപ്പേരും. പൂർണ്ണമായും അവ രണ്ടിനും വിരുദ്ധമായതിൽ അവർ നിപതിക്കുയും ചെയ്തു. അവ രണ്ടും വെറുതെ ഉരിയാടി എന്ന സംതൃപ്തിയിലാണവർ. അവ രണ്ടും (ആ സാക്ഷ്യ വാക്യങ്ങൾ രണ്ടും) അവയുടെ ഉള്ളടക്കങ്ങൾ കൊണ്ടറിയാതെ അവ രണ്ടും

ആവശ്യപ്പെട്ടതനുസരിച്ച പ്രവർത്തിയില്ലാതെ പൊള്ളയായ ഈ അക്ഷരങ്ങൾ ആവർത്തിച്ചതുകൊണ്ട് തങ്ങൾക്ക് പ്രതിഫലവും പുണ്യവും, ചോരയിലും സ്വത്തിലും സംരക്ഷണവും ഉണ്ടായിത്തീർന്നു എന്നവർ ഉറച്ച് വിശ്വസിക്കുന്നു. അതിനാൽ അർഥത്തിൽ വ്യതിചലിച്ച് പോവുകയും ഈ രണ്ടു വാക്യങ്ങളും മൊഴിഞ്ഞാൽ തന്നെ ധാരാളം മതി എന്നു കരുതുകയും തദനുസാരം പൂർണ്ണമായും തൗഹീദിലടിയുറച്ച മുസ്ലിമായി എന്ന വ്യാമോഹം വെച്ചു പുലർത്തുകയും ചെയ്യുന്നവർക്കായി തെളിവുകൾ നിരത്തിക്കൊണ്ട്, ഈ രണ്ടു സാക്ഷ്യങ്ങളുടെ പൊരുളിനെ സംബന്ധിച്ച് സംസാരിക്കാൻ നാമാഗ്രഹിക്കുന്നു.

■

## അധ്യായം മൂന്ന്

# 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിൻെറ അർഥം

തൗഹീദ് എന്ന വാക്കിൻെറ അർഥം പ്രബോധന രംഗത്തെ നേതാക്കൾ വിശദമായി ഉണർത്തിയിട്ടുണ്ട്. അല്ലാഹു അവരിൽ കരുണ ചൊരിയട്ടെ. ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ് ചോദ്യോത്തര രൂപത്തിൽ ഒരു ചെറുകൃതി തന്നെ ഈ വിഷയത്തിൽ രചിച്ചിട്ടുണ്ട്. كشف الشبهات [1] ലും അദ്ദേഹത്തിൻെറ മറ്റു കൃതികളിലും അതിനെപ്പറ്റി സംസാരിച്ചിട്ടുണ്ട്.[2] كتاب التوحيد ൻെറ വ്യാഖ്യാതാക്കളും അക്കാര്യം ഉണർത്തിയിട്ടുണ്ട്. ശൈഖ് സുലൈമാൻ ബിൻ അബ്ദുല്ലായുടെ تيسير العزيز الحميد شرح كتاب التوحيد എന്നഗ്രന്ഥം നിങ്ങളെ പരിച

---

*1- كشف الشبهات എന്ന കൃതി "അനാഛാദനം" എന്ന പേരിൽ ഈ ലേഖകൻ വിവർത്തനം ചെയ്തിട്ടുണ്ട്.*

*2- كتاب التوحيد "അത്തൗഹീദ്" എന്ന പേരിൽ ശൈഖ് മുഹമ്മദ് കാരക്കുന്ന് വിവർത്തനം ചെയ്തിട്ടുണ്ട്.*

യപ്പെടുത്തട്ടെ. അതിൽ 53-ാം പേജിൽ അദ്ദേഹം പറയുന്നു: ലാ ഇലാഹ ഇല്ലല്ലാഹ് എന്നാൽ ഒരുവനായ ഇലാഹ് അല്ലാതെ യഥാർഥത്തിൽ ആരാധിക്കപ്പെടാൻ അർഹനായവനില്ല. ഒരുവനായ അല്ലാഹുവാണവൻ. അവന്ന് പങ്കാളികളാരും ഇല്ല. അല്ലാഹു പറഞ്ഞതു പോലെ: وما ارسلنا من قبلك من رسول إلانوحي إليه أنه لا اله الا انا فاعبدون [ഞാനല്ലാതെ ആരാധ്യനേയില്ല. അത് കൊണ്ട് എന്നെ (മാത്രം) ആരാധിക്കുവിൻ എന്ന് നാം വഹ്യ് നൽകുന്നതായിക്കൊണ്ടല്ലാതെ നിനക്ക് (നബിക്ക്) മുമ്പ് ഒരു റസൂലിനെയും നാം അയച്ചിട്ടില്ല- അമ്പിയാഅ്: 25] അല്ലാഹു പറയുന്നു: ولقد بعثنا في كل امة رسولا أن اعبدوا الله واجتنبوا الطغوت [തീർച്ചയായും എല്ലാ (ഓരോ) സമുദായത്തിലും നാം റസൂലിനെ നിയോഗിച്ചിട്ടുണ്ട്. നിങ്ങൾ അല്ലാഹുവിനെ ആരാധിക്കുകയും "ത്വാഗൂത്തിനെ" (ദുർമൂർത്തികളെ)[3] വെടിയുകയും ചെയ്യണമെന്ന് (പ്രബോധനം ചെയ്തുകൊണ്ട്)- നഹ്ൽ: 36]

---

*3- طاغوت (ത്വാഗൂത്ത്) എന്ന പദത്തിന്റെ ക്രിയാരൂപം طغى (ത്വഗാ) എന്നാണ്. അതിരുവിട്ടു, ധിക്കരിച്ചു എന്നൊക്കെയാണതിന്നർഥം. അനുസരണക്കേടിൽ അതിരുവിട്ട എല്ലാവർക്കും, അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യ വസ്തുക്കൾക്കും ആ പദം ഉപയോഗിക്കപ്പെടാറുണ്ട്. മനുഷ്യരെ വഴിപിഴപ്പിക്കുന്ന നേതാക്കൾ, ആഭിചാരികൾ, പ്രശ്നക്കാർ, പിശാചുക്കൾ, ദുർഭൂതങ്ങൾ, വിഗ്രഹങ്ങൾ ആദിയായവ ഉദ്ദേശിച്ചും ത്വാഗൂത്ത് എന്ന് പറയപ്പെടും. ഏക വചനാർഥത്തിലും ബഹുവചനാർഥത്തിലും ആ വാക്ക് ഉപയോഗിക്കപ്പെടുകയും ചെയ്യും. ദുർമൂർത്തി, സ്വേച്ഛാധിപതി, ചെകുത്താൻ എന്നിങ്ങനെ മലയാളത്തിലുള്ള ചില പ്രയോഗങ്ങളെപ്പോലെ ഒരു പ്രയോഗമാണ് അറബിയിൽ 'ത്വാഗൂത്ത്' എന്ന് സാമാന്യമായി പറയാം. ഇവിടെ അല്ലാഹുവിൽ വിശ്വസിക്കുന്നതിന്റെ നേരെ വിപരീത വശമായിക്കൊണ്ടാണ് ത്വാഗൂത്തിൽ അവിശ്വസിക്കുന്നതിനെപ്പറ്റി പ്രസ്ഥാവിച്ചിരിക്കുന്നത്. അപ്പോൾ അല്ലാഹു അല്ലാത്ത -പിശാചടക്കമുള്ള- എല്ലാ ആരാധ്യവസ്=*

അപ്പോഴതാണ് ശരി. ഇലാഹ് എന്നാൽ അവൻ ആരാധിക്കപ്പെടേണ്ടവൻ എന്നാണർഥം. അത് കൊണ്ടാണല്ലോ അവിശ്വാസികളായ ഖുറൈശികളോട് നബി(സ) 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയൂ എന്ന് പറഞ്ഞപ്പോൾ اجعل الألهة إلها واحدا إن هذا لشيئ عجاب എന്ന് അവർ പറഞ്ഞത്. [പല ദൈവങ്ങളെ ഇവൻ ഒറ്റ ദൈവമാക്കിയോ! അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെ ഇത്! -സ്വാദ്: 5] ഹൂദ് നബി (അ) ന്റെ സമുദായം പറഞ്ഞു: اجئتنا لنعبد الله وحده ونذرما كان يعبد ءاباؤنا [ഞങ്ങൾ അല്ലാഹുവിനെ മാത്രമായി ആരാധിക്കുവാൻ വേണ്ടി ഞങ്ങളുടെ അടുക്കൽ നീ വന്നിരിക്കുകയാണോ! ഞങ്ങളുടെ പിതാക്കൾ ആരാധിച്ചു വന്നിരുന്നതിനെ ഞങ്ങൾ വിട്ടുകളയുവാനും! - അഅ്റാഫ്: 70]. അവരെ ക്ഷണിച്ചത് 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിലേക്കാണെങ്കിൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിന്റെ അർഥവും അതുതന്നെ. അതായത് അല്ലാഹുവിന് ഇബാദത്ത് ചെയ്യുക എന്നതും അവനല്ലാത്തവരെ ഇബാദത്ത് ചെയ്യുന്നതിനെ ഉപേക്ഷിക്കുക എന്നതും തന്നെ. ത്വാഗൂത്തിനെ അവിശ്വസിക്കുകയും അല്ലാഹുവിനെ വിശ്വസിക്കുകയും ചെയ്യലാണത്. അപ്പോൾ അല്ലാഹുവെകൂടാതുള്ളതൊന്നും

---

*=തുക്കളുമാണ് ഈ വചനത്തിൽ ത്വാഗൂത്ത് കൊണ്ട് വിവക്ഷയെന്ന് മനസ്സിലാക്കാം.*

*ദുർമൂർത്തി എന്നും മറ്റും അതിനു ഭാഷാന്തരം നൽകാം... അല്ലാഹു അല്ലാത്ത എല്ലാ ആരാധ്യവസ്തുക്കളെയും പിശാചിനെയും ഉദ്ദേശിച്ചും ജോത്സ്യക്കാർ, പ്രശ്നക്കാർ, മാരണക്കാർ എന്നിവരെ ഉദ്ദേശിച്ചും അത് ഉപയോഗിക്കപ്പെടാറുണ്ട് .*

*(മുഹമ്മദ് അമാനി മൗലവി തന്റെ 'വിശുദ്ധ ഖുർആൻ വിവരണ:'ത്തിൽ. പേജ് 407, 1726)*

ഇലാഹാക്കപ്പെടാവതല്ല എന്ന് ഈ മഹത്തായ വാക്യം ഉൾക്കൊണ്ടു. അസത്യങ്ങളിൽ ഏറ്റവും അസത്യമായതാണ് അവനല്ലാത്തവർക്ക് ദിവ്യത്വം നൽകുക എന്നത്. അങ്ങിനെ സ്ഥാപിക്കുക എന്നത് അപകടങ്ങളിൽ ഏറ്റവും അപകടകരമായതാണ്. അവനൊഴിച്ചുള്ള യാതൊന്നും ഇബാദത്തിന് അർഹമാകുന്നില്ല. അവനു പുറമെയുള്ള ദിവ്യത്വവും അപ്രകാരം തന്നെ യോജിക്കുന്നതല്ല. അപ്പോൾ അവനൊഴിച്ചുള്ളവരുടെ ദിവ്യത്വത്തിൻെറ നിഷേധവും ഇതിൽ ഉൾപ്പെട്ടു. ഒരുവനും പങ്കാളിയില്ലാത്തവനുമാണ് അവനെന്ന് അത് സ്ഥാപിക്കുകയും ചെയ്തു. ഏകനായവനെ മാത്രം ഇലാഹാക്കാൻ കൽപ്പിക്കലും അവനെ കൂടാതുള്ളതിനെ അവനോടൊപ്പം ഇലാഹാക്കുന്നതിനെ വിരോധിക്കലും (അപ്പോൾ) ആവശ്യമാണ്. ഈ സ്ഥാപനത്തിൽ നിന്നും നിഷേധത്തിൽ നിന്നും ശ്രോതാക്കൾ മനസ്സിലാക്കുന്നത് ഇതാണ്. അർഹതയില്ലാത്ത ഒരാളോട് സാക്ഷ്യം നിൽക്കാനോ മതവിധി തേടാനോ വന്ന ഒരാളെ നീ കണ്ടതുപോലെയാണത്. അർഹരായവരെ അയാളുപേക്ഷിക്കുകയും ചെയ്തു. അപ്പോഴവനോട് നീ പറയുന്നു: അയാൾ മുഫ്തിയുമല്ല, സാക്ഷിയുമല്ല! മുഫ്തി ഇന്നയാളാണ്, സാക്ഷി ഇന്നയാളാണ്. അപ്പോൾ ഇതിൽ കൽപ്പനയുമുണ്ട്; വിരോധവുമുണ്ട്. വിനയവും ആശയും കൊണ്ട് ആരാധനാഭരിതമായ മനസ്സിൽ നിന്ന് അല്ലാഹുവിലേക്കുള്ള എല്ലാ തരത്തിൽപ്പെട്ട ആരാധനകളും ദിവ്യത്വത്തിൽ ഉൾപ്പെട്ടു. ഏകനും പങ്കാളിയുമില്ലാത്ത അവന്നാണ് സർവ്വ സമർപ്പണവും. പ്രാർഥന, ഭയം, സ്നേഹപ്രകടനം, അഭയം, ഖേദിച്ചു മടക്കം, പശ്ചാത്താപം, ബലി, പ്രണാമം, നേർച്ച തുടങ്ങി സർവ്വ വിധങ്ങളായ ആരാധനകളും അല്ലാഹുവിന്ന് മാത്രം അർപ്പിയ്ക്കൽ അപ്പോൾ നിർബന്ധമാ

യിത്തീർന്നു. ഒരുവനും പങ്കാളിയില്ലാത്തവനുമായ അല്ലാഹുവിലേക്ക് (അത്തരത്തിലുള്ള) മുഴുവൻ കാര്യങ്ങളും തിരിച്ചുവിടൽ അങ്ങിനെ നിർബന്ധമായിത്തീരുന്നു. ആരാധനയിൽ പെട്ടതും അല്ലാഹുവിലേക്കല്ലാതെ പാടില്ലാത്തതുമായ വല്ല കാര്യവും അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചു വിട്ടാൽ, തൗഹീദിന്നും ആത്മാർഥതക്കും യോജിച്ച വിധത്തിൽ കർമ്മങ്ങൾ ചെയ്യാതിരുന്നാൽ, അവൻ ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് ഉച്ചരിച്ചവനാണെങ്കിൽ പോലും അവൻ മുശ്രിക്കായി (ബഹുദൈവാരാധകരിൽ പെട്ടവനായി).

## ഇലാഹിൻെറ അർഥത്തിന് പണ്ഡിതരുടെ വിശദീകരണം

ഇബ്നു ജരീറിൻെറയും ഇബ്നു അബീ ഹാതിമിൻെറയും നിവേദനത്തിൽ ഇബ്നു അബ്ബാസ് (റ) പറയുന്നു: അല്ലാഹു അവൻെറ എല്ലാ സൃഷ്ടികളുടെ മേലുമുള്ള അടിമത്വത്തിൻെറയും ദിവ്യത്വത്തിൻെറയും ഉടമയാണ്. അൽ വസീർ അബൂ മുദഫ്ഫർ الإفصاح ൽ പറയുന്നു. شهادة ان لا اله الا الله (ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിൻെറ സാക്ഷ്യം) എന്ന് പറഞ്ഞാൽ ആ സാക്ഷി ലാ ഇലാഹ ഇല്ലല്ലാഹ് എന്നത് കൊ ണ്ട് അറിവുള്ളവനായിരിക്കണം എന്നാവശ്യപ്പെടുകയാണ്. അല്ലാഹു പറഞ്ഞതുപോലെ: فاعلم انه لا اله الاالله [എന്നാൽ അല്ലാഹുവല്ലാതെ ഒരാരാധ്യനുമില്ലെന്ന് നീ അറിയുക- മുഹമ്മദ്: 19].

ആ വാക്യം മൊഴിയുന്നവൻ അതിന് സാക്ഷിയായിരിക്കൽ അനിവാര്യമാണ്. താൻ സാക്ഷ്യം വഹിക്കുന്ന കാര്യത്തിൽ വ്യക്തമായ അറിവില്ലാത്തവൻ, വ്യക്തമായ അറിവുള്ളവൻ സാക്ഷ്യം വഹിക്കുന്നത് പോലെ സത്യസന്ധതയിൽ

എത്തിചേരുന്നതല്ലായെന്ന് അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു പറഞ്ഞു: الامن شهد بالحق وهم يعلمون [അവർ, അറിഞ്ഞു കൊണ്ട് യാഥാർഥ്യത്തിന് സാക്ഷ്യം വഹിച്ചവരല്ലാതെ- സുഖ്റുഫ്: 86].

(ലാ ഇലാഹ ഇല്ലല്ലാഹ് എന്നതിലെ) الا എന്നതിന് ശേഷമുള്ള അല്ലാഹുവിലെ 'ഹു' വിന് 'ഉ'കാരം നൽകിയിരിക്കുന്നു. ദിവ്യത്വം അവനുമാത്രം നിർബന്ധമാണെന്നതു കൊണ്ടാണത്. അതിനാൽ അവനെകൂടാതുള്ളവർക്ക് ആരാധനക്ക് യാതൊരവകാശവുമില്ല എന്നദ്ദേഹം (വസീർ) പറയുന്നു. നൂതനമായ കാര്യങ്ങളെയൊന്നും ഇലാഹാക്കാൻ പറ്റുന്നതല്ല എന്ന് അറിഞ്ഞിരിക്കലും ഈ സമ്മതിക്കലിൽ ഉൾപ്പെട്ടു. നീ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നു പറഞ്ഞാൽ നിൻെറ ആ മൊഴിയിൽ അല്ലാഹുവിനെ കൂടാതുള്ളതൊന്നും ആരാധ്യനാവാൻ അർഹതയുള്ളതല്ല എന്ന കാര്യം ഉൾപ്പെട്ടു. അതിനാൽ അല്ലാഹുവിനെ മാത്രം തനിച്ച് (ആരാധനക്ക്) ഒരുവനാക്കൽ നിനക്ക് നിർബന്ധമായി. അല്ലാഹുവിനെക്കൊണ്ട് വിശ്വസിക്കലും ത്വാഗൂത്തിൽ അവിശ്വസിക്കലും ഈ വാക്യത്തിൽ ഉൾപ്പെട്ടിരിക്കുന്നു എന്ന അറിവുണ്ടാവലാണ് മൊത്തത്തിൽ ഇതിൻെറ ഫലം. അപ്രകാരം (അല്ലാഹുവേതരരുടെ) ദിവ്യത്വത്തെ നീ നിഷേധിക്കുകയും പരിശുദ്ധനായ അല്ലാഹുവിൻെറ ദിവ്യത്വത്തെ നീ സമ്മതിക്കുകയും ചെയ്താൽ നീ ത്വാഗൂത്തിനെ അവിശ്വസിച്ചവനും അല്ലാഹുവിൽ വിശ്വസിച്ചവനുമായി.

لا اله الا هو എന്നതിന് അബീ അബ്ദില്ലാഹ് അൽ ഖുർത്തുബിയുടെ വ്യാഖ്യാനത്തിൽ, 'അവനല്ലാതെ ആരാധിക്കപ്പെടാൻ അർഹനില്ല' എന്നാണ്. സമഖ്ശരി പറഞ്ഞു: إله

എന്നത് വർഗ്ഗ നാമത്തിൽപെട്ടതാണ്- പുരുഷൻ, കുതിര... എന്നിവപോലെ- യഥാർഥമോ വ്യാജമോ ആയ എല്ലാ ആരാധ്യരുടെ മേലും ഈ പേര് ആരോപിക്കപ്പെടും. പിന്നെ യഥാർഥ ആരാധ്യന്ന് മാത്രം അത് ശ്രേഷ്ടതരമാക്കി.

ശൈഖുൽ ഇസ്ലാം (റ) പറഞ്ഞു: ഇലാഹ് എന്നാൽ അനുസരിക്കപ്പെടേണ്ട ആരാധ്യൻ എന്നാണ്. അദ്ദേഹം തന്നെ വീണ്ടും പറയുന്നു: لا إله إلا الله എന്നാൽ ദിവ്യത്വത്തിൽ അവന്റെ ഏകത്വത്തെ സ്ഥാപിക്കലാണ്. ദിവ്യത്വത്തിലാവട്ടെ അവന്റെ സമ്പൂർണ്ണമായ അറിവും കഴിവും കാരുണ്യവും യുക്തിയും ഉൾക്കൊള്ളുന്നു. അപ്രകാരം തന്നെ അടിമകളോടുള്ള അവന്റെ ഔദാര്യവും അതിൽ ഉൾപ്പെടും. അപ്പോൾ ഇലാഹ് എന്നാൽ ആരാധനയർപ്പിക്കപ്പെടേണ്ടവൻ എന്ന് തീർച്ച. പരമമായ സ്നേഹത്തിനും പരമമായ വിധേയത്വത്തിനും അർഹമാക്കുന്ന ഗുണവിശേഷങ്ങൾ അവനിലുള്ളതു കൊണ്ടാണ് അവൻ ആരാധനക്കർഹനായിത്തീരുന്നത്. ഇബ്നുൽ ഖയ്യിം (റ) പറഞ്ഞു: അനുരക്തനവും ബഹുമാനവും പശ്ചാത്താപവും മഹത്വവും വിനയവും കീഴൊതുക്കവും ഭയവും അഭിലാഷവും അഭയവും ഏതൊരുവന്ന് സമർപ്പിച്ചുകൊണ്ടാണോ ഹൃദയങ്ങൾ ദിവ്യത്വം നൽകുന്നത്, അവനാണ് യഥാർഥ ഇലാഹ്.

ഇബ്നു റജബ്(റ) പറഞ്ഞു: ഏതൊരുവനോടുള്ള ആദരവും ഭയവും പ്രേമവും വിനയവും അഭിലാഷവും അവന്റെ മേലുള്ള അഭയാർപ്പണവും അവനോടു ചോദിക്കലും അവനോടു പ്രാർഥിക്കലും വഴി അവനെ അനുസരിക്കപ്പെടുകയും ധിക്കരിക്കപ്പെടാതിരിക്കുകയും ചെയ്യുന്നുവോ അവനാണ് യഥാർഥ ഇലാഹ്.

ഇവയൊക്കെയും (മുകളിൽ പറഞ്ഞതുപോലുള്ള ഓരോ കാര്യങ്ങളും) അല്ലാഹുവിലേക്കല്ലാതെ യോജിക്കുന്നതല്ല. ഈ പറഞ്ഞ, ദൈവികത്വത്തിൻെറ സവിശേഷതകളിൽപെട്ട ഏതെങ്കിലും ഒരു കാര്യത്തിൽ വല്ല സൃഷ്ടിക്കും ഒരാൾ പങ്കാളിത്തം നൽകിയാൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറഞ്ഞതിലെ അവൻെറ ആത്മാർഥതക്ക് ഭംഗമുണ്ടായി. അവൻെറ തൗഹീദിലും കുറവുകളുണ്ടായി. (അവൻ പ്രവർത്തിച്ചതിൻെറ) തോതനുസരിച്ച് സൃഷ്ടികളോടുള്ള വിധേയത്വവും അവനിലുണ്ടായി. ഇവയത്രയും ശിർക്കിൻെറ- ബഹുദൈവാരാധനയുടെ-ശാഖകളിൽ പെട്ടതുമാണ്.

അൽ ബിഖാഈ[4] പറയുന്നു: لا إله إلا الله എന്നത് ഉന്നതനായ രാജാധിരാജനെയല്ലാതെ മറ്റാരെയെങ്കിലും യഥാർഥ ആരാധ്യനാക്കുന്നതിനെ അതി കഠിനമായി നിഷേധിക്കുന്നു. ഈ ജ്ഞാനമാകുന്നു അന്ത്യനാളിലെ ഭീകരാവസ്ഥയിൽ ഉന്നതമായ മോചന സ്മരണ. എന്നാൽ പ്രയോജന പ്രദമാവുമ്പോൾ മാത്രമേ ഇതൊരു ജ്ഞാനമാവൂ.പ്രവർത്തനവും വിധേയത്വവും ഇതനുസരിച്ചാവുമ്പോഴേ അത് പ്രയോജനകരമാവൂ... അല്ലെങ്കിലോ അത് കേവലം അജ്ഞത മാത്രമായിരിക്കും.

ത്വീബീ[5] പറയുന്നു: "إله" എന്നത് 'ചെയ്യപ്പെട്ടത്' എന്ന അർഥത്തിൽ അത് കർമ്മഫലമാണ്; പുസ്തകം പോലെ.

---

*4- ഇബ്രാഹിം ബിൻ ഉമർ അൽ ബിഖാഈ (809-885 H). ഡമസ്ക്കസിൽ അന്തരിച്ചു. ചരിത്രകാരനും സാഹിത്യകാരനും.* سرالروح، نظم الدرر، مختصر كتاب ابن قيم الجوزية، عنوان الزمان *തുടങ്ങിയ ഗ്രന്ഥങ്ങൾ പ്രസിദ്ധങ്ങളാണ.*

*5- ത്വീബീ. പ്രസിദ്ധ ഹനഫീ പണ്ഡിതൻ.* "شرح مشكاة المصابيح" *ഇദ്ദേഹത്തിൻേറതാണ്.*

എന്തെന്നാൽ അത് എഴുതപ്പെട്ടതാണല്ലോ.. അഥവാ ഒരാൾ "الا الهية" എന്ന് പറഞ്ഞാൽ അയാൾ ഒരു ആരാധന ചെയ്തു വെന്നർഥം.[5] ഈ രീതികൾ പണ്ഡിതൻമാർക്കിടയിൽ ധാരാളം കാണാം. الا എന്നാ ൽ ആരാധിക്കപ്പെടേണ്ടവൻ എന്നാണെന്ന് അവർക്ക് ഏകാഭിപ്രായമുണ്ട്. ഇലാഹിൻെറ അർഥത്തിന്ന്, ഖബറാരാധകരുടെയും അതുപോലുള്ള ആളുകളുടെയും വിശ്വാസങ്ങൾക്കു വിരുദ്ധമായ അഭിപ്രായമാണിത്. (എന്തെന്നാൽ الإ എന്നതിന്) അവൻ സ്രഷ്ടാവാണ്, നിർമ്മാണത്തിന് കഴിവുള്ളവനാണ് എന്നിത്യാദി ഉദ്ദീരണങ്ങളാണ് (അവർക്കുള്ളത്). ഈ അർഥത്തിൽ, ഇങ്ങിനെയൊക്കെ പറഞ്ഞാൽ, മരിച്ചവരെ വിളിച്ചു പ്രാർഥിക്കുക, വിപൽസന്ധികളിൽ അവരെക്കൊണ്ട് ഇടതേടുക, ആവശ്യപൂർത്തീകരണത്തിന്നായി അവരോടർഥിക്കുക, ദുരിതങ്ങളിൽ അവർക്ക് നേർച്ചയർപ്പിക്കുക, ഭൂമിയുടെയും ആകാശങ്ങളുടെയും നാഥനിലേക്ക് അവരോട് ശുപാർശ ചോദിക്കുക എന്നിങ്ങിനെ അല്ലാഹു അല്ലാത്തവർക്കുള്ള ആരാധനകൾ ചെയ്താൽ പോലും തൗഹീദിൻെറ അങ്ങേയറ്റത്തെ ലക്ഷ്യത്തിൽ തങ്ങൾ എത്തിച്ചേർന്നുവെന്ന് അവർ കരുതുന്നു. അവിശ്വാസികളായ ഇവരുടെ അറബി സഹോദരന്മാരുടെ വിശ്വാസത്തിത്തിലാണ് ഇവരും പങ്കുചേർന്നത് എന്നി

---

*5- കർമ്മം ഉദ്ദേശിച്ചു കൊണ്ടുള്ള ക്രിയാപദം അറബീ ശൈലിയിൽ സർവ്വ സാധാരണമാണ്. ഉദാഹരണമായി 'കതബ' (എഴുതി) എന്ന ക്രിയയുടെ കർമ്മ ഫലമാണ് കിതാബ്. എഴുത്ത് എന്നാണ് ഇതിൻെറ അർഥമങ്കിലും എഴുതപ്പെട്ടത് അഥവാ പുസ്തകം എന്നാണ് കിതാബ് കൊണ്ടുദ്ദേശിക്കുന്നത്. അപ്രകാരം ഇലാഹ് എന്നത് 'അലിഹ' (ആരാധിക്കുക) എന്ന ക്രിയയുടെ ധാതുവാണെങ്കിലും ആരാധിക്കപ്പെടുന്നവൻ അഥവാ 'ഇലാഹ്' എന്നാണുദ്ദേശിക്കുന്നത്.*

വർ മനസ്സിലാക്കുന്നില്ല. നിർമ്മാണത്തിന് കഴിവുള്ളവനും സ്ര ഷ്ടാവുമായവൻ അല്ലാഹു മാത്രമാണെന്ന് അവർക്കറിയാമാ യിരുന്നു, ചിലതരത്തിൽപെട്ട ആരാധനകൾ കൊണ്ട് അവർ അവനെ ആരാധിച്ചിരുന്നു. അബൂജഹലും അബൂലഹബും[6] അവരെ അനുസരിച്ച് പിന്തുടരുകയും ചെയ്തവരൊക്കെ ഈ ഖബറാരാധകരുടെ വാദമനുസരിച്ച് മുസ്ലിംകളായിരുന്നു. വദ്ദ്, സുവാഅ്, യഗൂഥ്, യഊഖ്, നസ്റ്[7] എന്നിവരെ ആരാധി ക്കുന്നവരും ഇവരുടെ സഹോദരങ്ങളായിത്തീരും. അങ്ങിനെ

---

*6- അബൂ ജഹൽ: അംറുബിൻ ഹിശാം എന്ന് പേരുണ്ടായിരുന്ന ഖുറൈശി പ്രമുഖൻ. പ്രവാചകൻെറ കഠിന ശത്രു. പ്രവാചകൻെറ സമപ്രായക്കാരൻ. ബദർയുദ്ധത്തിൽ മുസ്ലിംകളാൽ വധിക്കപ്പെട്ടു.*

*അബൂ ലഹബ്: നബിയുടെ പിതൃവ്യൻ. അബ്ദുൽ ഉസ്സ എന്ന് ശരിയായ പേര്. നബിയെ കഠിനമായി ഉപദ്രവിച്ചു. നബിയുടെ അയൽവാസി. ഖുർ ആനിലൂടെ അല്ലാഹു അയാളെ ആക്ഷേപിക്കുകയും ശപിക്കുകയും ചെയ്തി ട്ടുണ്ട്. ഇയാൾ ഭീകരമായ ദുർഗന്ധം വമിച്ച ചർമ്മരോഗം ബാധിച്ചു മരിച്ചു. ബദർയുദ്ധാനന്തരമായിരുന്നു ഇത്. മറവു ചെയ്യാനാളില്ലാതെ ശവം നാളു കളോളം കിടന്നു നാറി.*

*7- വദ്ദ്: അല്ലാഹു അല്ലാത്തവന്ന് ആരാധനയർപ്പിക്കാനായി ഭൂമുഖത്ത് ആദ്യമായി നിലവിൽ വന്ന വിഗ്രഹം. വദ്ദ്, ആദം(അ) ൻെറ ഉത്തമ സന്താ നങ്ങളിൽ ഒരാളാണെന്ന് പറയപ്പെടുന്നു. ഒരു നല്ല മനുഷ്യൻ. ബാബിലോ ണിയയിലാണ് ഇദ്ദേഹത്തെ ഖബറടക്കിയതെന്ന് പറയുന്നു. അദ്ദേഹം മരി ച്ചപ്പോൾ അദ്ദേഹത്തെ ഓർക്കാനായി അദ്ദേഹത്തിൻെറ രൂപമുണ്ടാക്കാൻ പിശാച് പ്രേരിപ്പിച്ചു. പിന്നീടാ രൂപം ആരാധനാ മൂർത്തിയായി. വദ്ദിനെ നാ യയുടെ രൂപത്തിൽ ദൂമത്തുൽ ജൻദൽ (ഇന്നത്തെ അൽജൗഫിനടുത്തുള്ള സ്ഥലം. കിനാനഃ ഗോത്രക്കാർ ഇവിടെയായിരുന്നു)എന്ന നാട്ടിലെ ആളു കൾ മുഹമ്മദ് നബി (സ)യുടെ കാലം വരെ ആരാധിച്ചിരുന്നു.*

*സുവാഅ്: വദ്ദിന് സംഭിവിച്ചതു പോലെത്തന്നെ സുവാഅ്നും സംഭവിച്ചു. സ്ത്രീ രൂപത്തിലായിരുന്നു വിഗ്രഹം. അവരുടെ ആഹാരപ്പുരയിൽ അതി=*

=നെ പ്രതിഷ്ഠിച്ചു. മുഹമ്മദ് നബി(സ) യുടെ കാലം വരെ ഈ വിഗ്രഹം നിലനിന്നു. അന്ന് ഹുദൈൽ (പഴയ മക്കക്കടുത്തുള്ള സ്ഥലം) കാരുടെ മൂർത്തിയായിരുന്നു ഇത്. അംറുബ്നു ആസ്(റ) ഹിജ്റ എട്ടാം വർഷത്തിൽ അത് തകർത്തു.

യഗൂഥ്: അറേബ്യയിലെ ഹിജാസിലേക്ക് കൊണ്ടുവരപ്പെട്ട ആദ്യത്തെ വിഗ്രഹങ്ങളിലൊന്ന്. അംറുബിൻ ലുഹാ എന്ന ഒരു നാട്ടു രാജാവാണ് ഇത് സിറിയയിൽ നിന്ന്- ഏകദേശം മൂന്നാം നൂറ്റാണ്ടിൽ- ഇവിടെ കൊണ്ടു വന്നത്. മദ്ഹജ്, അഹ്ലു ജറ്ശ് തുടങ്ങിയ ഗോത്രങ്ങളുടെ പൂജാവിഗ്രഹം. നൂഹ് നബി(അ)ൻെറ കാലത്തെ പ്രധാന ബിംബങ്ങളിലൊന്ന്.മുറാദ് ഗോത്രക്കാരും പിന്നീട് സബഅ്(യമൻ) പ്രദേശത്തിനടുത്തുള്ള അൽജൗഫിലെ ബനീ ഗത്വീഫുകാരും ഇതിനെ ആരാധിച്ചു.

യഊഖ്: കുതിരയുടെ രൂപത്തിലായിരുന്നു ഈ വിഗ്രഹം. അംറുബിൻ ലുഹാ തന്നെയാണ് ഇതിനെയും കൊണ്ടുവന്നത്. പിന്നീട് ഹമദാൻ (ഇറാനിൽ ടെഹ്റാനിൻെറ തെക്കുപടിഞ്ഞാറുള്ള ഒരു പട്ടണം) കാരും ഖൗലാൻ (വടക്കൻ യമനിലെ ഒരു പ്രദേശം) കാരും അതിനടുത്തുള്ള പ്രദേശത്തുകാരും ഇതിനെ ആരാധിച്ചു.

നസ്റ്: ഹിംയർ (യമനിലെ ഒരു പഴയ സമൂഹം) ലെ കിലാഉ വിഭാഗക്കാരുടെ വിഗ്രഹം.

ഇവിടെ പരാമർശിക്കപ്പെട്ട വിഗ്രഹങ്ങളുടെ അഞ്ചുനാമങ്ങളും ആദം (അ) ൻെറ ഉൽകൃഷ്ടരായ മക്കളിലെ അഞ്ചു പേരായിരുന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ വദ്ദിനെ, ശീഥ് എന്നും ഹിബത്തുല്ലാഹ് എന്നും വിളിച്ചിരുന്നെന്നും അദ്ദേഹത്തിൻെറ മക്കളായിരുന്നു സുവാഅ്, യഗൂഥ്, യഊഖ്, നസ്റ് എന്നിവരെന്നും ഇബ്നു അബ്ബാസ്(റ) നെ പോലുള്ളവർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഏതായാലും ആദം(അ) ൻെറയും നൂഹ് (അ)ൻെറയും കാലഘട്ടത്തിനിടയിൽ ജീവിച്ചു മരിച്ചുപോയ പുണ്യപുരുഷന്മാരായിരുന്നു ഈ അഞ്ചു പേരും എന്ന കാര്യത്തിൽ തർക്കമില്ല. അവരുടെ മരണശേഷം അവരെ ഓർക്കാൻ വേണ്ടി പിശാചിൻെറ പ്രേരണയാൽ അവരുടെ വിഗ്രഹങ്ങളുണ്ടാക്കപ്പെട്ടു. കാലക്രമേണ പിശാചു തന്നെ ഇവയെ അവരുടെ ആരാധനാ മൂർത്തിയാക്കി മാറ്റുകയും ചെയ്തു!

അവർ (ഖബ്റാരാധകർ) അവരുടെ മതത്തെ 'അനുഗൃഹീത ഇസ്ലാ'മാക്കി മാറ്റി. ഈ ഭോഷന്മാരുടെ വാദം പോലെയായിരുന്നു അതിൻെറ (ഇലാഹിൻെറ) അർഥമെങ്കിൽ അവർക്കും (മക്കാ മുശ്രിക്കുകൾക്കും) റസൂൽ (സ) നും ഇടക്ക് ഒരു തർക്കവും ഉണ്ടാകുമായിരുന്നില്ല. പക്ഷെ, തീർച്ചയായും അല്ലാഹു അല്ലാതെ സൃഷ്ടിക്കാൻ കഴിവുള്ള ഒരാളും ഇല്ല എന്ന അർഥത്തിൽ അവരോടദ്ദേഹം لا إله إلا الله എന്ന് പറയൂ എന്ന് പറഞ്ഞിരുന്നുവെങ്കിൽ അദ്ദേഹത്തിൻെറ ക്ഷണത്തിന് അവർ ഉത്തരം നൽകുമായിരുന്നു. അദ്ദേഹത്തോട് മറുപടി പറയുന്നതിൽ അവർ അഹമഹമികയാ മുന്നോട്ട് വരുമായിരുന്നു. 'ഞങ്ങൾ കേട്ടു, ഞങ്ങൾ അനുസരിച്ചു' എന്നവർ പറയുമായിരുന്നു. അല്ലാഹു പറഞ്ഞല്ലോ. ولئن سألتهم من خلقهم ليقولن الله [ആരാണ് അവരെ സൃഷ്ടിച്ചതെന്ന് നീ അവരോട് ചോദിച്ചാൽ, നിശ്ചയമായും അവർ പറയും അല്ലാഹു എന്ന്-സുഖ്റുഫ്: 87].

ولئن سألتهم من خلق السموات والارض ليقولن خلقهن العزيز العليم [ആകാശങ്ങളെയും ഭൂമിയെയും സൃഷ്ടിച്ചതാരാണെന്ന് നീ അവരോട് ചോദിച്ചാൽ തീർച്ചയായും അവർ പറയും 'സർവ്വജ്ഞനും പ്രാതാപശാലിയുമായവൻ അവയെ സൃഷ്ടിച്ചിരിക്കുന്നു'വെന്ന്- സുഖ്റുഫ് 9]. قل من يرزقكم من السماء والأرض امن يملك السمع والابصارو من يخـرج الحي من الميت ويخـرج الميت من الحي ومن يدبر الامـر فسيقولون الله[പറയുക: ആകാശത്തും ഭൂമിയിലും നിന്ന് നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാകുന്നു? ഈ ശ്രവണ- ദർശന ശക്തികൾ ആരുടെ അധികാരത്തിലാകുന്നു? മൃത വസ്തുക്കളിൽ നിന്ന് സജീവ വസ്തുക്കളെ ബഹിർഗമിപ്പിക്കുന്നവനും സജീവ വസ്തുക്കളിൽ നിന്ന്

മൃതവസ്തുക്കളെ പുറപ്പെടുവിക്കുന്നവനും ആരാണ്? ആസൂത്രണംചെയ്ത് കാര്യം നിയന്ത്രിക്കുന്നതും ആരാണ്? അപ്പോൾ അവർ (മറുപടി) പറയും: 'അല്ലാഹു' എന്ന്- യൂനുസ്: 31].

ഇതുപോലുള്ള വേറെയും വാക്യങ്ങളുണ്ട്. പക്ഷേ (ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്യം) അവരുടെ ബിംബങ്ങളുടെയും മരിച്ചവരോടുള്ള പ്രാർഥനയുടെയും അടിസ്ഥാനം തന്നെ തകർത്തു കളയുമെന്നും, അല്ലാഹുവെക്കുടാതുള്ള ശുപാർശാർഥനകളുടെ കൊത്തളങ്ങൾ തലകുത്തി വീഴുമെന്നും, അല്ലാഹുവല്ലാത്തവർക്കുള്ള ദൈവികത്വത്തെ ഛിന്നഭിന്നമാക്കുമെന്നും, അറബി മാതൃഭാഷക്കാരായ ആ സമൂഹത്തിന് നന്നായി അറിയാമായിരുന്നു. അവർ പറഞ്ഞു: مانعبد هم الا ليقربونا الى الله زلفى [അല്ലാഹുവിങ്കലേക്ക് ഞങ്ങളെ അവർ- ശരിയായ- ഒരടുപ്പം അടുപ്പിച്ചു തരുവാൻ വേണ്ടിയല്ലാതെ, ഞങ്ങൾ അവരെ ആരാധിക്കുന്നില്ല- സുമർ: 3]. هؤلاء شفعؤنا عند الله [ഇക്കൂട്ടർ അല്ലാഹുവിങ്കൽ ഞങ്ങളുടെ ശുപാർശകരാണ്- യൂനുസ്: 18]. اجعل الآلهة إلها واحدا ان هذا لشيئ عجاب [പല ദൈവങ്ങളെ ഇവൻ ഒറ്റദൈവമാക്കിയോ! തീർച്ചയായും ഇത് അത്യാശ്ചര്യകരമായ ഒരു കാര്യം തന്നെ- സ്വാദ്: 5].[8]

അബൂജഹലിനെപ്പോലുള്ള ഖുറൈശി പ്രമുഖർക്കുള്ള

*8- 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് പറയാൻ പറഞ്ഞപ്പോൾ തന്നെ ഇതൊരു വെറും വാക്കല്ല; ഞങ്ങൾക്ക് അല്ലാഹുവിങ്കലുള്ള ശുപാർശകരെയും ഞങ്ങളെ അല്ലാഹുവിലേക്കടുപ്പിക്കുന്നവരെയും വിളിച്ചു പ്രാർഥിക്കുന്നതിനെ ഉന്മൂലം ചെയ്യുന്ന പദമാണണതെന്നും അവർ വേഗം മനസ്സിലാക്കി. ഞങ്ങൾ വിളിച്ചു പ്രാർഥിക്കുന്നവരെയെല്ലാം ഒരു 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതുകൊണ്ട് ഒറ്റദൈവമാക്കിത്തീർക്കുകയാണോ എന്ന് ആശ്ചര്യപ്പെടാൻ കാരണമതാണ്.*

അത്രപോലും 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിനെക്കുറിച്ച് അറിയാത്തവന്ന് നാശമുണ്ടാവട്ടെ. അല്ലാഹു പറഞ്ഞു:
إنهم كانوا اذا قيل لهم لاإله الاالله يستكبرون . ويقولون ائنا لتاركوا ءالهتنا لشاعر مجنون [അല്ലാഹുവല്ലാതെ ഒരു ഇലാഹുമില്ലെന്ന് അവരോട് പറയപ്പെട്ടാൽ, അവർ അഹംഭാവം കാണിക്കുമായിരുന്നു. ഒരു ഭ്രാന്തനായ കവിയ്ക്കുവേണ്ടി നാം നമ്മുടെ ആരാധ്യവസ്തുക്കളെ ഉപേക്ഷിക്കുന്നവരാണോ (എന്ന്) അവർ പറയുകയും ചെയ്യും- സ്വാഫാത്ത്: 35,36]

അല്ലാഹു അല്ലാത്തവർക്കുള്ള ആരാധന ഉപേക്ഷിക്കുക എന്നത് ആ വാക്കുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്നും അല്ലാഹുവിനെ ആരാധനകൊണ്ട് ഒരുവനാക്കലാണതെന്നും അങ്ങനെ അവർ മനസ്സിലാക്കി. അപ്രകാരം ആത്മാർഥമായ പ്രാർഥനയും ആരാധനയും ഏകനായ അല്ലാഹുവിലേക്ക് തിരിച്ചുവിടാൻ ഖബ്റാരാധകരോട് പറഞ്ഞാൽ അവർ പറയും: ഞങ്ങളുടെ ആവശ്യങ്ങൾ പൂർത്തീകരിച്ചു തരാനുള്ള ഞങ്ങളുടെ ശുപാർശകരെയും നേതാക്കളെയും ഞങ്ങൾ കയ്യൊഴിക്കണമെന്നാണോ!? അവരോട് പറയുന്നു: അതെ, ആ ഉപേക്ഷിക്കലും ആ ആത്മാർഥതയും തന്നെയാണ് പരമാർഥം. അല്ലാഹു പറഞ്ഞതു പോലെ: بل جاء بالحق وصدق المرسلين [പക്ഷെ, അദ്ദേഹം യാഥാർഥ്യവുമായി ആഗതനായിരിക്കുന്നു. ദൈവ ദൂതന്മാരെ സത്യപ്പെടുത്തുകയും ചെയ്തിരിക്കുന്നു- സ്വാഫാത്ത്: 37].

അപ്പോൾ ' ലാ ഇലാഹ ഇല്ലല്ലാഹ്' എന്നത് നിഷേധവും സ്ഥിരീകരണവും ഉൾപ്പെട്ടതാണ്.അല്ലാഹുവെക്കൂടാതുള്ള എല്ലാ ദൈവികത്വത്തെയും അത് നിഷേധിക്കുന്നു. അപ്പോൾ അല്ലാഹുവിനെ കൂടാതെ മാലാഖമാരെയോ പ്രവാചകന്മാരെ

യോ അതുപോലെ പരിശുദ്ധരായ മറ്റാരെയെങ്കിലുമോ ഇലാഹാക്കാവതല്ല. ആരാധനയിൽപെട്ട യാതൊന്നും അവർക്ക് പാടില്ല.

ഏകനായ അല്ലാഹുവിന്ന് മാത്രമായി ദിവ്യത്വത്തെ സ്ഥിരീകരിക്കുകയും ചെയ്തു. എങ്ങയെന്നാൽ ഒരു അടിമയും അവനല്ലാത്തവനെ (അല്ലാഹു അല്ലാത്തവനെ) ആരാധിക്കാൻ പാടില്ല. ആരാധനയിൽ (അത്തരത്തിൽ പെട്ട) യാതൊന്നു കൊണ്ടും അവൻ ലക്ഷ്യമാക്കാനും പാടില്ല. അഥവാ നേർച്ച, ബലി, പ്രാർഥന തുടങ്ങി ആരാധനയുടെ ഗണത്തിൽപെടുന്ന ചിലതുമായി (അല്ലാഹു അല്ലാത്തവരിലേക്ക്) അവൻെറ ഹൃദയത്തെ ബന്ധിപ്പിക്കാവതല്ല. ചുരുക്കത്തിൽ,അല്ലാഹു അല്ലാത്തവരെ ആരാധനക്കർഹരാക്കാവതല്ല. അഥവാ അവനെയല്ലാതെ ആരാധിക്കാൻ പാടില്ല. അതിൻെറ അർഥമറിഞ്ഞു കൊണ്ട് ഏതൊരുവൻ ആ വാക്യം പറഞ്ഞുവോ, അതാവശ്യപ്പെടുന്നതനുസരിച്ച് പ്രവർത്തിച്ചുവോ, ശിർക്കിനെ നിഷേധിക്കുകയും അതിലെ (ആ വാക്യത്തിലെ) ഉള്ളടക്കം കൊണ്ടും അതനുസരിച്ച പ്രവർത്തനം കൊണ്ടും പൂർണ്ണവിശ്വാസത്തോടെ അല്ലാഹുവിന്നുള്ള ഏകത്വത്തെ സ്ഥാപിക്കുകയും ചെയ്തുവോ, അപ്പോൾ അതവനെ ഒരു യഥാർഥ മുസ്ലിമാക്കും. ഇനിയവൻ ബാഹ്യമായി അങ്ങനെ ചെയ്യുകയും അതിൽ വിശ്വാസമില്ലാതിരിക്കുകയും ചെയ്യുന്നവനാണെങ്കിലോ അവൻ മുനാഫിഖ് (കപടവിശ്വാസിയു) മായി. ഇനി അതിനു വിരുദ്ധമായി പ്രവർത്തിച്ചു കൊണ്ടാണെങ്കിലോ അത് ശിർക്കാകുകയും അപ്രകാരം അവൻ അവിശ്വാസി (കാഫിർ)യാവുകയും ചെയ്തു; ആ വാക്യം അവൻ ഉച്ചരിച്ചാലും ശരി.

ബാഹ്യമായി ആ (വാക്യം) കൊണ്ട് പ്രവർത്തിച്ച മുനാഫിഖുകളെ നാം കണ്ടില്ലേ! നരകത്തിൻെറ ഏറ്റവും അടിത്തട്ടലാണ് അവരുള്ളത്. ബഹുദൈവാരാധനാപരവും അവിശ്വാസപരവുമായ കർമ്മങ്ങൾ ചെയ്തു കൊണ്ട് ജൂതന്മാരും അത് (ലാ ഇലാഹ ഇല്ലല്ലാഹ് എന്ന വാക്യം) പറഞ്ഞവരായിരുന്നല്ലോ. അവർക്കും അത് പ്രയോജനപ്പെട്ടില്ല. മതത്തിലെ അനിവാര്യമായതും അവകാശപ്പെട്ടതുമായ ചില കാര്യങ്ങളെ നിഷേധിക്കുക വഴി ഇസ്ലാമിൽ നിന്ന് പുറത്തു പോയവരുടെ സ്ഥിതിയും അപ്രകാരം തന്നെ. (ആ വാക്യം സ്ഫുടമായി ഉച്ചരിച്ചവരായിട്ടുപോലും) അതവർക്ക് പ്രയോജനം ചെയ്തില്ല. നൂറായിരം വട്ടം അതവർ പറഞ്ഞിട്ടുണ്ടെങ്കിലും ശരി.

ഖബറാരാധകരേയും ബിംബാരാധകരേയും പോലെ, അല്ലാഹു അല്ലാത്തവർക്ക് ആരാധനയുടെ ഗണത്തിൽപെട്ടവ സമർപ്പിച്ചവരുടെ സ്ഥിതിയും അപ്രകാരം തന്നെ. ' ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് ഉച്ചരിച്ചാലും അതവർക്ക് പ്രയോജനപ്പെടില്ല. ആ വാക്യത്തിൻെറ പവിത്രതയെപ്പറ്റി (നേരത്തേപറഞ്ഞ) ഹദീസിലോ[9] അതിനു സാദൃശ്യമായി വന്ന മറ്റു ഹദീസുകളിലോ അവരുൾപ്പെടുന്നില്ല. "وحده لا شريك له" [അവൻ ഒരുവനാണ്; അവന്ന് പങ്കാളിയുമില്ല] എന്ന വാക്യത്തിലൂടെ നബി(സ) അത് വിശദീകരിച്ചിട്ടുണ്ട്. അത് മൊഴിയുന്നവർക്കിടയിൽ മുശ്രിക്കായി നിലക്കൊള്ളുന്ന മനുഷ്യരുമുണ്ടാവാം എന്ന് നബി (സ) ഉണർത്തിയിട്ടുണ്ട്. ജൂതന്മാരും കപടവിശ്വാസി (മുനാഫിഖു)കളും കബറാരാധകരും അതിന്നുദാഹരണമാണ്.

നബി(സ) തൻെറ സമൂഹത്തെ ' ലാ ഇലാഹ ഇല്ലല്ലാഹ്'

*9- അധ്യായം ഒന്നിലെ ആദ്യഖണ്ഡികയിൽ ഉബാദഃ ബിൻ സ്വാമിത്ത്(റ) നിവേദനം ചെയ്ത ഹദീസ് നോക്കുക.*

എന്ന് പറയാനായി ക്ഷണിച്ച കാര്യം ഉണർത്തുമ്പോൾ അവർ (ഖബറാരാധകർ) കരുതുന്നത് തിരുമേനി(സ) അവരെ ആ വാക്യം ഉച്ചരിക്കാൻ വേണ്ടി മാത്രമാണ് വിളിച്ചതെന്നാണ്. ഇതൊരു ഭീമാബദ്ധമാണ്. നബി (സ) ആ വാക്യത്തിലേക്ക് ക്ഷണിച്ചത് അവർ അത് പറയുന്നവരാവാനും അതിൻെറ അർഥമനുസരിച്ച് പ്രവർത്തിക്കുന്നവരാവാനും അല്ലാഹു അല്ലാത്തവർക്കുള്ള ആരാധന ഉപേക്ഷിക്കുന്നവരാവാനും വേണ്ടിയാണ്. ائنا لتاركوا ءالهتنا لشاعر مجنون [ഒരു ഭ്രാന്തൻ കവിക്കുവേണ്ടി നാം നമ്മുടെ ഇലാഹുകളെ ഉപേക്ഷിക്കുന്നവരാണോ!?- സ്വാഫാത്ത്: 36] എന്നവർ പറഞ്ഞത് അതുകൊണ്ടാണല്ലോ.. اجعل الآلهة إلها واحدا [പല ദൈവങ്ങളെ ഇവൻ ഒറ്റദൈവമാക്കിയോ!?- സ്വാദ്:5] എന്നും അവർ പറഞ്ഞല്ലോ.

അതുകൊണ്ടാണ് അവരത് ഉച്ചരിക്കുന്നതിനെ അഗണിച്ചത്. ഇനി ലാത്ത, ഉസ്സ, മനാത്ത തുടങ്ങിയവരെ ആരാധിക്കുന്നതിൽ അവർ നിലകൊള്ളുകയും ആ വാക്യം മൊഴിയുകയും ചെയ്താലും അവർ മുസ്ലിംകളാകുമായിരുന്നില്ല. ഇത്തരം വിഗ്രഹങ്ങളെ ഒഴിവാക്കുന്നവരും അവയ്ക്കുള്ള ആരാധനകളെ ഉപേക്ഷിക്കുന്നവരും ഏകനും പങ്കാളിയില്ലാത്തവനുമായ അല്ലാഹുവെ മാത്രം ആരാധിക്കുന്നവരും ആകുന്നതു വരെ അവരുമായി തിരുമേനി (സ) യുദ്ധം ചെയ്യുമായിരുന്നു. (അല്ലാഹുവിൻെറ) ഗ്രന്ഥം കൊണ്ടും (പ്രവാചക) ചര്യകൊണ്ടും (പണ്ഡിതന്മാരുടെ അഭിപ്രായ) യോജിപ്പുകൊണ്ടും ഏറ്റവും വ്യക്തമായ കാര്യമാണ് ഇത്. എന്നാൽ ഖബറാരാധകർ ഈ-സാക്ഷ്യ-വാക്യത്തിൻെറ അർഥം അറിവുള്ളവരല്ല. അല്ലാഹുഅല്ലാത്തവർക്ക് നിഷേധിക്കപ്പെടുകയും യാതൊരു പങ്കാളിയുമില്ലാത്ത

**വിധം അല്ലാഹുവിന്ന്മാത്രം സ്ഥിരപ്പെടുത്തപ്പെട്ടതുമായ ദിവ്യത്വത്തെ (ഇലാഹിയ്യത്തിനെ) സംബന്ധിച്ചും അവർക്കറിഞ്ഞുകൂടാ. അല്ലാഹുവല്ലാതെ സൃഷ്ടിപ്പിന് കഴിവുള്ളവനില്ലായെന്നും എല്ലാവരും അവനെ ആശ്രയിക്കുന്നവരാണ് എന്നുമൊക്കെയുള്ള ആശയങ്ങൾ മാത്രമാണ് അവരതിന്ന് നല്കിയത്. അതാകട്ടെ വിശ്വാസിയും അവിശ്വാസിയും ഒരു പോലെ അംഗീകരിക്കുന്ന കാര്യവുമാണ്. ദിവ്യത്വത്തിൻെറ അനിവാര്യതകളിൽ പെട്ടതാണതൊക്കെ എന്നതും വാസ്തവമാണ്. എന്നാൽ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിൻെറ ആശയം അതല്ല. അല്ലാഹു മാത്രമാണ് സ്രഷ്ടാവ് എന്ന (ഖബറാരാധകർ സമ്മതിക്കുന്ന ഏകത്വത്തിൻെറ) ഈഭാഗം സത്യനിഷേധികളും മനസ്സിലാക്കുകയും അംഗികരിക്കുകയും ചെയ്യുന്നതാണല്ലോ.**

അവരുടെ ദൈവങ്ങളിൽ ഈ പറഞ്ഞതൊന്നും അവർ ആരോപിക്കുന്നുമില്ല. പക്ഷേ അവരുടെ ദൗർബല്യത്തെ അവർ സമ്മതിക്കുന്നു. അവരുടെ ആവശ്യങ്ങളൊക്കെ (ലക്ഷ്യമാക്കുന്നത്) അല്ലാഹുവിനോടു തന്നെ. പ്രയാസങ്ങളിൽ നിന്ന് രക്ഷനേടാനും ആവശ്യങ്ങൾ പൂർത്തീകരിച്ചു കിട്ടാനും അല്ലാഹുവിങ്കലുള്ള ശുപാർശകരും മധ്യവർത്തികളും എന്ന നിലക്കായിരുന്നു അവർ അവയെ ആരാധിച്ചിരുന്നത്. സൃഷ്ടിപ്പ്, രാജാധിപത്യം, ആഹാരം, ജനനമരണങ്ങൾ തുടങ്ങി എല്ലാ കാര്യങ്ങളും ഏകനും പങ്കുകാരില്ലാത്തവനുമായ അല്ലാഹുവിന്നാണെന്ന കാര്യത്തിൽ അവർക്ക് തർക്കമുണ്ടായിരുന്നില്ല. 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നതിൻെറ അർഥമെന്തെന്നറിയുന്നവരുമായിരുന്നു അവർ.

എങ്കിലും അതുച്ചരിക്കാനോ അതനുസരിച്ച് പ്രവർത്തിക്കാനോ അവർ തയ്യാറായില്ല. അങ്ങനെ ദൈവികത്വത്തിൽ ( الألهيه ൽ ) ശിർക്ക് നിലനിർത്തികൊണ്ടുള്ള, രക്ഷാകർതൃത്വത്തിലെ ( ربوبية ലെ) ഏകത്വം അവർക്ക് പ്രയോജനം ചെയ്തില്ല. അല്ലാഹു പറഞ്ഞതുപോലെ وما يؤمن اكثرهم بالله الا وهم مشركون [അവർ പങ്കുചേർക്കുന്നവരായുംകൊണ്ടാല്ലാതെ, അവരിൽ അധികമാളുകളും അല്ലാഹുവിൽ വിശ്വസിക്കുന്നുമില്ല- യൂസുഫ്: 106].

ഖബറാരാധകരും അത് (സാക്ഷ്യവാക്യം) ഉച്ചരിച്ചിട്ടുണ്ട്. അതിന്റെ പൊരുളാകട്ടെ അവർക്കറിഞ്ഞുകൂടാ. അതിന്റെ (കലിമയുടെ) ഉദ്ദേശത്തെ അവർ നിഷേധിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോൾ അതിന്റെ അർഥമറിഞ്ഞു കൂടാത്തവരും അതനുസരിച്ച് പ്രവർത്തിക്കാത്തവരും എന്നാൽ അത് ഉച്ചരിച്ചവരുമായ ജൂതന്മാരെപ്പോലെത്തന്നെ ആയില്ലെ അവരും! സ്നേഹത്തിലും ആദരവിലും മഹത്വത്തിലും ഭയത്തിലും പ്രതീക്ഷയിലും അഭയത്തിലും വേദനിക്കുമ്പോഴുള്ള അവന്റെ പ്രാർഥനകളിലുമൊക്കെ അല്ലാഹു അല്ലാത്തവരുമായി ബന്ധിപ്പിക്കുന്ന ഒരാളെ നിങ്ങൾ കണ്ടെന്നിരിക്കട്ടെ. ആദ്യ കാലത്തെ ബഹുദൈവാരാധകർ ചെയ്തതിനേക്കാ ളധിക മായി എല്ലാവിധ ആരാധനകളും അല്ലാഹു അല്ലാത്തവർക്കുള്ളതാവും വിധം അവന്റെ ഹൃദയത്തെ ബന്ധിപ്പിക്കാനും അവനുദ്ദേശിക്കുന്നു. ഇത്തരം ഒരാളോട് അല്ലാഹുവിന്റെ പേരിൽ സത്യം ചെയ്യൂ എന്ന് പറഞ്ഞ് നിങ്ങൾ സമീപിച്ചാൽ, അവൻ നുണയനോ സത്യവാനോ ആയാലും ശരി നിങ്ങളുദ്ദേശിച്ച രീതിയിൽ തന്നെ അവൻ സത്യം ചെയ്യും. ഇന്ന ശൈഖിന്റെ ജീവിതം

കൊണ്ട്, അല്ലെങ്കിൽ അദ്ദേഹത്തിൻെറ (ഖബറടത്തിലെ) മണ്ണിൽ തൊട്ട്, അല്ലെങ്കിൽ അതുപോലുള്ളത് കൊണ്ട് സത്യം ചെയ്യൂ എന്ന് അയാളോടൊന്ന് പറഞ്ഞുനോക്കൂ... നുണയനാണെങ്കിൽ അയാളങ്ങനെ സത്യം ചെയ്യില്ല. ലോക രക്ഷിതാവായ റബ്ബിനേക്കാൾ അവൻെറ മനസ്സ് പവിത്രത നൽകിയത് മണ്ണിനകത്ത് അടക്കപ്പെട്ടവനേയാണ്. ആദ്യ കാലത്തെ ജനത അപ്രകാരമായിരുന്നില്ല. അതികഠിനമായ ശപഥം ചെയ്യാനുദ്ദേശിച്ചാൽ അവർ അല്ലാഹുവിനെക്കൊണ്ടു തന്നെ സത്യം ചെയ്യുമായിരുന്നു. ജാഹിലിയ്യാ കാലത്ത് നിലവിലുണ്ടായിരുന്ന 'ഖസാമ'[10] യുടെ കഥ അപ്രകാരമാണ്. സഹീഹുൽ ബുഖാരിയിൽ അതുണ്ട്.

പള്ളികളിൽ വെച്ച് അല്ലാഹുവിനെക്കൊണ്ട് സഹായാഭ്യർത്ഥന നടത്തുന്നതിനേക്കാൾ ഫലപ്രദവും വിജയകരവുമായി അവർ കാണുന്നത് ഖബറിന്നടുത്തോ മറ്റെവിടെയെങ്കിലും

*10- ഖസാമ.ഒരു കർമ്മശാസ്ത്ര പദം. പ്രതിജ്ഞയെടുക്കുക, സത്യം ചെയ്യുക എന്നൊക്കെ ഭാഷാർഥം ഇബ്നു അബ്ബാസ് (റ) നാൽ ഇമാം ബുഖാരി ആ കഥ റിപ്പോർട്ടു ചെയ്യുന്നുണ്ട്. (നമ്പർ: 3845) ജാഹിലിയ്യാ അറബികളിൽ, വിശേഷിച്ചും ഹാശിം ഗോത്രത്തിൽ നിലനിന്നിരുന്ന ഒരാചാരമായിരുന്നു ഇത്. ഖസാമ പ്രയോഗിക്കപ്പെടുന്ന സാഹചര്യം ഇങ്ങിനെയാണ്. ഒരാൾ ഒരു പ്രദേശത്തുവെച്ച് വധിക്കപ്പെടുകയും അയാളുടെ ഘാതകനെ തിരിച്ചറിയാതിരിക്കുകയും ചെയ്യുന്ന അവസ്ഥ വരിക. ആ നാട്ടുകാരിൽ നിന്ന് പരേതൻെറ ആളുകൾക്ക് നഷ്ടപരിഹാരം ആശ്യപ്പെടാം. മൂന്ന് രൂപങ്ങളിലൊന്ന് തിരഞ്ഞെടുത്തു കൊണ്ടാണത്. ഒന്ന്: അബദ്ധത്താൽ അങ്ങിനെ സംഭവിച്ചു പോയി എന്നതിനാൽ നൂറ് ഒട്ടകം പരിഹാരമായി നൽകുക. രണ്ട്: 'ഞാനയാളെ കൊന്നിട്ടില്ല; കൊന്നവനെ ഞാൻ അറിയുകയുമില്ല" എന്ന് ഘാതകനെന്ന് സംശയിക്കുന്ന വ്യക്തിയുടെ കുടുംബത്തിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട അമ്പതാളുകൾ അല്ലാഹുവിൻെറ പേരിൽ സത്യം ചെയ്യുക. മൂന്ന്: ഗോത്രത്തലവനെ കൊന്ന് പകരം വീട്ടാനനുവദിക്കുക.*

വെച്ചോ ആരാധിക്കുന്ന 'ഇലാഹി'നെക്കൊണ്ട് സഹായാഭ്യർഥന നടത്തുന്നതാണ്. അതവർ പ്രഖ്യാപിക്കുകയും ചെയ്യുന്നു. അവരെ സംബന്ധിച്ച ഇത്തരം കഥകളും മറ്റും വിവരിക്കുന്നതായാൽ അതേറെ ദൈർഘ്യമേറിയതാണ്. എന്നാൽ ഈ വിഷയത്തിൽ ആദ്യകാലക്കാരുടെ ശിർക്ക് ഇത്രത്തോളമുണ്ടായിരുന്നില്ല (എന്ന് നിങ്ങളോർക്കണം). കഠിനമായ ദുരിതം ബാധിച്ചാൽ ഇവർ (ഇക്കാലത്തുള്ളവർ) മണ്ണിനടിയിൽ അടക്കപ്പെട്ടവരോട് (മരിച്ചമഹാന്മാരോട്) ആത്മാർഥതയുള്ളവരായിരിക്കും. അവരുടെ പേരുകൾ ചൊല്ലി അവർ പൊട്ടിക്കരയും. കരയിലും കടലിലും യാത്രയിലും ഉള്ള ദുരിതബാധയകറ്റാൻ അവരെ (ഖബറിനകത്തുള്ളവരെ) വിളിച്ചവർ പ്രാർഥിക്കും. ആദ്യകാലത്തുള്ളവർ ഇങ്ങിനെയൊന്നും ചെയ്തിരുന്നില്ല. അവർ (ആദ്യകാലക്കാർ) വളരെ ആത്മാർഥതയോടുകൂടി വലിയവനും അത്യുന്നതനുമായവനിലേക്കാണ് ഇത്തരം ഘട്ടങ്ങളിൽ തിരിഞ്ഞിരുന്നത്. അല്ലാഹുവിൻെറ വാക്യം ഇങ്ങിനെ വായിക്കാം. فإذا ركبوا في الفلك دعوا الله مخلصين له الدين

[എന്നാൽ, അവർ കപ്പലിൽ കയറിയാൽ, അല്ലാഹുവിന്ന് നിഷ്കളങ്കമായ കീഴ്വണക്കം കൊണ്ട് അവർ അവനെ വിളിച്ചു പ്രാർഥിക്കുന്നതാണ്- അങ്കബൂത്ത് : 65]. ثم اذا مسكم الضرفاليه تجئرون . ثم اذاكشف الضرعنكم اذا فريق منكم بربهم يشركون

[പിന്നെ നിങ്ങളെ ഉപദ്രവം (അഥവാ പീഡനം) സ്പർശിച്ചാൽ അവങ്കലേയ്ക്കു തന്നെ നിങ്ങൾ നിലവിളിച്ചപേക്ഷിക്കുകയും ചെയ്യുന്നു. പിന്നീട് നിങ്ങളിൽ നിന്ന് ഉപദ്രവം അവൻ നീക്കിക്കളഞ്ഞാൽ അപ്പോൾ നിങ്ങളിൽ നിന്നൊരു കൂട്ടർ -അതാ -തങ്ങളുടെ നബ്ബിനോട്- മറ്റുചിലരെ-പങ്കുചേർക്കുന്നു- നഹ്ൽ: 53, 54].

അവരിലധികവും പള്ളികളിൽ നിന്ന് വിട്ടകന്നുപോയി. ഖബ്റുകളും രക്തസാക്ഷി മണ്ഡപങ്ങളും നിർമ്മിക്കുന്നവരായി. വിശുദ്ധമെന്ന് പറയുന്ന ഖബ്റിന്നടുത്ത് വെച്ച് അവരാരെങ്കിലും പ്രാർഥിക്കുന്നവരായാൽ കണ്ണീരോടും ഭയഭക്തിയോടും വിനയത്തോടും അനുസരണാഭാവത്തോടും കൂടിയാവും അയാൾ അതു ചെയ്യുക. ജുമുഅയിലോ ജമാഅത്തുകളിലോ ഖിയാമുല്ലൈലിലോ (പാതിരാവിലെ നമസ്കാരം) നമസ്കാരത്തോടനുബന്ധിച്ചോ ഒന്നും ഇത്തരം വികാരങ്ങളുണ്ടാവുന്നില്ല! അവരോടവർ പാപമോചനം തേടുന്നു. വേദനകൾക്ക് പരിഹാരവും നരകത്തിൽ നിന്ന് രക്ഷയും തേടുന്നു. അവരുടെ പാപഭാരങ്ങൾ അവരവിടെ ഇറക്കിവെക്കുന്നു. ഇങ്ങനെ ചെയ്യുന്ന ഒരാൾ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്നും അതോടൊപ്പം പറഞ്ഞാൽ അത് ഫലപ്പെടുമെന്ന് ബുദ്ധിയുള്ളവരാരെങ്കിലും കരുതുമോ! അവരതിനെ അവരുടെ നാവുകൾ കൊണ്ട് പറഞ്ഞിട്ടുണ്ട്. കർമ്മങ്ങൾ കൊണ്ടും വിശ്വാസം കൊണ്ടും അവരതിന് വിരുദ്ധമായി നിന്നിട്ടുമുണ്ട്. അവിശ്വാസികളിൽപെട്ട ഒരാൾ അത് പറഞ്ഞെന്നിരിക്കട്ടെ. മുഹമ്മദ് അല്ലാഹുവിൻെറ റസൂലാണെന്നതിന് സാക്ഷിയാണെന്നും കൂടി പറഞ്ഞന്നിരിക്കട്ടെ. ഇലാഹിൻെറയോ റസൂലിൻെറയോ അർഥമാവട്ടെ അയാൾക്കറിയുകയുമില്ല. നമസ്കാരം, നോമ്പ്, ഹജ്ജ് തുടങ്ങിയവയും അതെന്താണെന്നറിയാതെയാണയാൾ ചെയ്യുന്നത്. ജനങ്ങൾ അങ്ങിനെയൊക്കെ ചെയ്യുന്നുണ്ട്. അതിനെ പിമ്പറ്റുകയാണയാൾ. ശിർക്ക്പരമായതൊന്നും അയാൾ ചെയ്യുന്നുമില്ല. അങ്ങിനെയായാലും അയാൾ ഇസ്‌ലാമല്ല എന്നതിൽ ആർക്കും സംശയമില്ല.

മാലികീ മദ്ഹബിൽ പെട്ട (الدر الثمين فى شرح المرشد المعين) എന്ന ഗ്രന്ഥത്തിൻെറ രചയിതാവ് പറയുന്നു. മേൽ പറയ

പ്പെട്ട രൂപത്തിലുള്ള ഒരു വ്യക്തിയെക്കുറിച്ച് പതിനൊന്നാം നൂറ്റാണ്ടിലും അതിനുമുമ്പും ഉണ്ടായിരുന്ന മൊറോക്കോയിലെ എല്ലാ കർമ്മശാസ്ത്ര പണ്ഡിതന്മാരും മതവിധിനൽകിയിട്ടുണ്ട്. അവരിലാർക്കും പരസ്പരം അഭിപ്രായവ്യത്യാസമില്ലാത്ത വിധത്തിൽ അങ്ങേയറ്റം വ്യക്തമായ മതവിധിയാണിത് എന്ന് അതിൻെറ (ആ ഗ്രന്ഥത്തിൻെറ) വ്യഖ്യാതാവ് പറയുന്നു.

ഖബറാരാധന ഇതിനേക്കാൾ ഗൗരവമേറിയതാണെന്നതിൽ അപ്പോൾ സംശയമില്ല. വ്യത്യസ്ഥ പുരോഹിതന്മാരിൽ ഇവർ ദിവ്യത്വമുണ്ടെന്ന് വിശ്വസിക്കുന്നു. ഒരാൾ ചോദിക്കുന്നു: ആരാധ്യൻെറയും ദിവ്യത്വത്തിൻെറയും അർഥം ഇപ്പോൾ വ്യക്തമായിക്കഴിഞ്ഞു. എന്നാൽ എല്ലാ **സൃഷ്ടി**പ്പിന്നും കഴിവുള്ളവൻ എന്നാണ് ഇലാഹിൻെറ അർഥം എന്നോ മറ്റോ ഒരാൾ പറയുമ്പോൾ അയാൾക്കെന്താണ് മറുപടി കൊടുക്കുക?

ഇതിന്നുള്ള മറുപടി രണ്ടു തരത്തിലുണ്ട്. ഒന്ന്: പണ്ഡിന്മാരും ഭാഷാനിപുണന്മാരും നേരത്തേ നാം പറഞ്ഞ രൂപത്തിലാണ് അർഥം പറഞ്ഞത്. അതിനാൽ ഭാഷാ ശാസ്ത്രജ്ഞന്മാർക്കോ പണ്ഡിതന്മാർക്കോ ആർക്കും അറിഞ്ഞുകൂടാത്ത ഈ കാര്യം നവീനമായതും തള്ളപ്പെടേണ്ടതുമായ ഒരു വാദമാണ്. രണ്ട്. ആ അഭിപ്രായം സ്വീകരിച്ചു എന്ന് തന്നെ സങ്കപ്പിക്കുക. യഥാർഥ ഇലാഹിന് അനിവാര്യമായുണ്ടാവേണ്ട ഒരു സവിശേഷതയുടെ അടിസ്ഥാനത്തിലുള്ള വ്യാഖ്യാനം മാത്രമാണിത്. എന്തുകൊണ്ടെന്നാൽ യഥാർഥ ഇലാഹ് സൃഷ്ടിക്കാൻ കഴിവുള്ളനായിരിക്കും. ഇലാഹ് എന്നത് സൃഷ്ടിയ്ക്കാൻ കഴിവുള്ളവനല്ലെങ്കിൽഅവൻ യഥാർഥ ഇലാഹല്ല. ഇലാഹ് എന്ന്

അതിനെ വിളിച്ചാലും ശരി. സൃഷ്ടിക്കുന്നതിൻെറ മേൽ കഴിവുള്ളവനാരോ അവനാണ് ഇലാഹ് എന്നോരാൾ അറിഞ്ഞാൽ അയാൾ ഇസ്ലാമിൽ പ്രവേശിച്ചു എന്നല്ല ഇപ്പറഞ്ഞതിനർഥം. ശാന്തിയുടെ ഭവന(സ്വർഗ്ഗ)ത്തിൻെറ താക്കോലിനാൽ അഭിലാഷങ്ങളുടെ യാഥാർഥീകരണവുമായി അവനെത്തി ചേരുന്നുമില്ല. എന്നാലും ഈ രൂപത്തിലുള്ള ഉദ്ദേശമല്ല അതിനുള്ളത്. ഇങ്ങിനെ ഒരാളും അതിന് അർഥം പറയുകയില്ല. ഇങ്ങിനെയുള്ള വിശ്വാസത്തിലാണെങ്കിൽ അറബികളായ അവിശ്വാസികൾ മുസ്ലിംകളാകുമായിരുന്നേനെ. ചില പിൽക്കാലക്കാർ അങ്ങനെ ഉദ്ദേശിക്കുന്നവരായിരുന്നുവെന്ന് സങ്കൽപ്പിച്ചാൽ തന്നെയും അവൻ തെറ്റുകാരൻ തന്നെ. മതപരവും ബുദ്ധിപരവുമായ തെളിവുകൾ കൊണ്ട് അവനെ പ്രതിരോധിക്കേണ്ടതുണ്ട്. അത്രമാത്രം.

■

## അധ്യായം നാല്

# മുഹമ്മദ് റസുലുല്ലാഹ് എന്ന സാക്ഷ്യത്തിന്റെ അര്‍ഥം

രണ്ടു സാക്ഷ്യവാക്യങ്ങളും ഉച്ചരിക്കുന്നതിനാണ് ശഹാദത്ത് എന്നു പറയുന്നത്. അതിനാല്‍ അവ പരസ്പരം വേര്‍പെടുത്താവതല്ല. ഇവ രണ്ടും പ്രഖ്യാപിച്ചവന്‍ ഇതുകൊണ്ടുദ്ദേശിക്കുന്നത് എന്താണെന്നറിഞ്ഞിരിക്കലും ആ അര്‍ഥത്തെ വിശ്വസിക്കലും അവന്റെ ചലനത്തിലും സ്വഭാവത്തിലും അത് പ്രതിഫലിപ്പിക്കലും അപ്പോള്‍ നിര്‍ബന്ധമായിത്തീരുന്നു. എന്നാല്‍ ' ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന് വെറുതെ മൊഴിഞ്ഞാല്‍ അതിന്റെ ഉദ്ദേശം പൂര്‍ത്തിയാവുകയില്ലെന്ന് നാം മനസ്സിലാക്കി. അതുപോലെത്തന്നെയാണ് ആ വാക്യത്തിന്റെ ഇണയെപ്പറ്റി പറയുന്നതിലും. അതില്‍ വിശ്വസിക്കലും അതിന്റെ അര്‍ഥവും ആശയവുമനുസരിച്ച് പ്രവര്‍ത്തിക്കലും നിര്‍ബന്ധമാണ്. അത്യുന്നതനായ റബ്ബില്‍ നിന്നുള്ള സന്ദേശവാഹകനാണദ്ദേഹം എന്ന ഉറച്ച വിശ്വാസവും വേണം. ഈ ശരീ

അത്തിനെ ഒരു സന്ദേശമായിട്ടാണ് അല്ലാഹു അദ്ദേഹത്തെ ക്കൊണ്ട് വഹിപ്പിച്ചത്. സമൂഹത്തിനെത്തിച്ചു കൊടുക്കാനാ യി അദ്ദേഹത്തെ ഏൽപ്പിക്കുകയും ചെയ്തു. എല്ലാ സമൂ ഹവും അദ്ദേഹം കൊണ്ടുവന്ന സന്ദേശം സ്വീകരിക്കലും അ ദ്ദേഹത്തിൻെറ ചര്യ പിൻപറ്റലും നിർബന്ധമാണ്. ഈ സാക്ഷ്യ ത്തിൻെറ നിർവ്വഹണവും അതു മൂലമുള്ള പ്രയോജനങ്ങളും സാക്ഷാത്കരിക്കപ്പെടാനും അത് കൊണ്ട് ഗുണമുണ്ടായിത്തീ രാനുമുള്ള ചില കാര്യങ്ങളാണ് നിങ്ങളുടെ അറിവിലേക്കായി ഇവിടെ പരിശോധിക്കുന്നത്.

## ഒന്നാമത്തെ കാര്യം:

### ഈ സന്ദേശത്തിന് നബി(സ)ക്കുള്ള അർഹത

അല്ലാഹു പറയുന്നു: وربك يخلق ما يشاء ويختار [നി ൻെറ റബ്ബ് അവനുദ്ദേശിക്കുന്നത് സൃഷ്ടിക്കുകയും തിര ഞ്ഞെടുക്കുകയും ചെയ്യുന്നു- ഖസ്വസ്: 68] അല്ലാഹു പറയുന്നു: الله اعلم حيث يجعل رسالته [തൻെറ രിസാലത്ത്- സന്ദേശം -ഏർപ്പെടുത്തേണ്ടുന്ന ഇടം അല്ലാഹു നല്ലവണ്ണം അറിയു ന്നവനാണ്- ആൻആം:124] അല്ലാഹു പറയുന്നു: وانهم عندنا لمن المصطفين الاخيار [തീർച്ചയായും അവർ നമ്മുടെ അടുക്കൽ, തിരഞ്ഞെടുക്കപ്പെട്ട ഉത്തമന്മാരിൽ പെട്ടവരുമത്രെ-സ്വാദ്: 47].

ഇതുപോലുള്ള ആയത്തുകളിലൂടെ മനുഷ്യരിൽ നിന്ന് അല്ലാഹു ഉൽകൃഷ്ടരാക്കുകയും തിരഞ്ഞെടുക്കുകയും ശുദ്ധീ കരിക്കുകയും ചെയ്തവരാണ് അല്ലാഹുവിൻെറ പ്രവാചകന്മാ രെന്ന് നമുക്ക് മനസ്സിലാക്കാം. അവൻെറ സന്ദേശം ഏറ്റെടു ക്കാൻ അവരെ അവൻ പ്രാപ്തരാക്കി. അവൻെറ ദീനിനെയും

ശരീരത്തിനെയും അവരാൽ സംരക്ഷിതമാക്കി. അവരെ, അവന്നും അവൻെറ അടിമകൾക്കും ഇടയിലെ (ദൗത്യനിർവ്വഹണത്തിനുള്ള) മധ്യവർത്തികളാക്കി. പ്രവാചകന്മാരെ കളവാക്കിയ ചില സമുദായങ്ങളെക്കുറിച്ച് അല്ലാഹു ഓർമ്മിപ്പിക്കുന്നു. അവർ പ്രവാചകന്മാരെപ്പറ്റി പറഞ്ഞു: ان انتم الا بشر مثلنا [നിങ്ങൾ ഞങ്ങളെപ്പോലുള്ള മനുഷ്യർ മാത്രമാകുന്നു- ഇബ്റാഹീം: 10] അപ്പോൾ പ്രവാചകന്മാരുടെ മറുപടി ഇപ്രകാരമായിരുന്നു: ان نحن الا بشر مثلكم ولكن الله يمن على من يشاء من عباده [ഞങ്ങൾ നിങ്ങളെപ്പോലുള്ള മനുഷ്യന്മാർ തന്നെയാണ്. എങ്കിലും അല്ലാഹു തൻെറ ദാസന്മാരിൽ നിന്ന് താൻ ഉദ്ദേശിക്കുന്നവരോട് ഔദാര്യം കാണിക്കുന്നു- ഇബ്രാഹിം:11].

നമ്മുടെ നബി മുഹമ്മദ് (സ) പ്രവാകന്മാരിലെ ഏറ്റവും അവസാനത്തേതും അവരിൽ ഏറ്റവും ഉൽകൃഷ്ടമായവരുമാണ്. തിരുമേനി(സ)ക്കു മുമ്പ് മറ്റാർക്കും നൽകാത്ത സവിശേഷതകൾ കൊണ്ട് അവിടുത്തേക്ക് പ്രാധാന്യം നൽകിയിട്ടുണ്ട്. ജിന്നുകളിലേക്കും മനുഷ്യരിലേക്കും പൊതുവായ പ്രവാചകനായി അദ്ദേഹത്തെ തിരഞ്ഞെടുത്തുവെന്നത് അതിലേറ്റവും പ്രധാനപ്പെട്ടതാണെന്നതിൽ യാതൊരു സംശയവുമില്ല. അല്ലാഹു അദ്ദേഹത്തോട് പറഞ്ഞുവല്ലോ وانك لعلى خلق عظيم [തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു- ഖലം: 4] എന്ന്. ആയിശാ(റ) പറയുന്നതായി സഹീഹ് മുസ്ലിം ഉദ്ധരിക്കുന്നു: “അദ്ദേഹത്തിൻെറ സ്വഭാവം ഖുർആനായിരുന്നു” എന്ന്. അഥവാ ഉൽകൃഷ്ടമായ സ്വഭാവങ്ങളുടെയും ഉത്തമമായ കർമ്മങ്ങളുടെയും പ്രതിഫലനം. അതിൻെറ സ്വീകാര്യത കൊണ്ടും പവിത്രതകൊണ്ടും എല്ലാ ബുദ്ധിമാന്മാർകും അത് മാതൃകയായി. വിശ്വസ്തത, സത്യസന്ധത, ആത്മാർഥത, സു

ഖാഡംബരവിരക്തി തുടങ്ങി ഒട്ടേറെ ഗുണങ്ങൾ പ്രവാചകത്വത്തിനു മുമ്പുതന്നെ അദ്ദേഹത്തിനുണ്ടായിരുന്നു. സത്യസന്ധത മൂലം മക്കക്കാർക്കിടയിൽ അദ്ദേഹം അറിയപ്പെട്ടിരുന്നത് തന്നെ "അൽ-അമീൻ" (വിശ്വസ്തൻ)എന്നായിരുന്നു. പ്രവാചകത്വത്തിന് ശേഷമാവട്ടെ ഈ സ്വഭാവഗുണങ്ങൾ പതിന്മടങ്ങ് വർദ്ധിക്കുകയും ശക്തിയാർജ്ജിക്കുകയും ചെയ്തു. ഔദാര്യം, ദാനശീലം, ദയാദാക്ഷിണ്യം, സംയമനം, ധിരോദാത്തത, കൃതജ്ഞത, നീതിനിഷ്ഠ, വിനയശീലം, ഓജസ്സ് തുടങ്ങിയ മഹനീയ ഗുണങ്ങളിലൂടെ അവ വേർതിരിച്ചറിയാൻ കഴിഞ്ഞിരുന്നു. പ്രചാരം സിദ്ധിച്ച ചരിത്രങ്ങളിലും ജീവചരിത്ര ഗ്രന്ഥങ്ങളിലും ഇങ്ങിനെ രേഖപ്പെട്ടുകിടക്കുന്ന കാര്യങ്ങൾ ആർക്കും കാണാൻ കഴിയും. ഗോചര വസ്തുക്കളെപ്പോലും നിഷേധിക്കുന്ന വിഭാഗക്കാർക്കെ ഇക്കാര്യങ്ങളെ നിഷേധിക്കാൻ കഴിയൂ. അതോടൊപ്പം തിരുമേനി(സ) തന്റെ പരിശുദ്ധിക്ക് കോട്ടം തട്ടുന്ന വിധം സ്വഭാവത്തിൽ വ്യതിചലനമോ തിന്മയോ വന്നു ചേരുന്നതിൽ നിന്നും മുക്തനായിരുന്നു. എങ്ങിയെയെന്നാൽ പൗരുഷം ഇല്ലാതാവുക , പിശുക്ക്, ആർത്തി, ആക്രമ പ്രവണത, അനീതി, അഹംഭാവം, കളവ്, ഭീരുത്വം, കഴിവുകേട്, ആലസ്യം, മോഷണം, വിശ്വാസവഞ്ചന തുടങ്ങി കർമ്മകനാൽ ശക്തിശോഷണം വന്നുപോവുന്ന കാര്യങ്ങളിലും അദ്ദേഹം പാപമുക്തനായിരുന്നു.

### രണ്ടാമത്തെ കാര്യം:

### തെറ്റുകുറ്റങ്ങളിൽ നിന്നും മുക്തനായിരിക്കൽ

പ്രവാചകന്മാർ പാപസുരക്ഷിതരായിരുന്നുവെന്ന് സമൂഹം സമ്മതിക്കുന്നു. എന്തെന്നാൽ വൻപാപങ്ങൾ സംഭവിക്കുക എന്നത് പ്രവാചകന്മാരെ തിരഞ്ഞെടുത്തതിന്നും പരിശു

ദ്ധരാക്കിയതിനും വിരുദ്ധമാണല്ലോ. ജനങ്ങൾക്കുള്ള അല്ലാഹുവിൻെറ സന്ദേശത്തെ അവൻ അവരെക്കൊണ്ടാണ് വഹിപ്പിച്ചത്. അതിനാൽ അവർ അവരുടെ സമുദായങ്ങൾക്ക് മാതൃകയായിരിക്കൽ അനിവാര്യമാണ്. പാപങ്ങളോടും അവിശ്വാസത്തോടും ദുർനടപ്പിനോടും ധിക്കാരത്തോടുമുള്ള അഭിനിവേശത്തിൽ നിന്ന് ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനായി അവരെ നിയുക്തരാക്കി. തെറ്റുകളിൽ വല്ലതും ബാഹ്യമായി അവരിൽ സംഭവിച്ചാൽ അവരെ അപമാനിക്കാനും അവരുടെ ശരീഅത്തിനെ പരിഹസിക്കാനും അവരുടെ ശത്രുക്കൾ ഒരുങ്ങുമായിരുന്നു. അതാവട്ടെ അല്ലാഹുവിൻെറ യുക്തിക്ക് വിരുദ്ധവുമായിത്തീരും. ഇത്തരം വൈരുദ്ധ്യങ്ങളിൽ വല്ലതും സംഭവിച്ചുപോവുന്നതിൽ നിന്നും (അല്ലാഹു) അവൻെറ കാരുണ്യത്താൽ അവരെ സംരക്ഷിച്ചിരിക്കുന്നു. ഇത്തരം കാര്യങ്ങളിൽ നിന്ന് വിട്ടു നിൽക്കാനും ഇതിൻെറ മോശമായ പര്യവസാനത്തെപ്പറ്റി വിവരണം നൽകിക്കൊണ്ടും അവരെ (അല്ലാഹു) നിയുക്തരാക്കി. പരലോകത്തിന്നുള്ള കർമ്മങ്ങളെ അകറ്റി നിർത്തുന്ന ഐഹികേച്ഛകളെ നിസ്സാരമായി കാണുന്നതിലും വിരക്തിയുള്ളവരായിത്തീരുന്നതിലും അവരെ (ആ പ്രവാചകൻമാരെ) മാതൃകകളും ഉദാഹരണങ്ങളും ആക്കി. ഇനി ചെറിയ ചെറിയ തെറ്റുകൾ അവരുടെ പരിശ്രമമേഖലകളിൽ സംഭവിച്ചാൽ തന്നെ അവരതിൽ സ്ഥിരമായി സ്ഥിതി ചെയ്യുന്നവരായിരുന്നില്ല. അതാവട്ടെ (അത്തരം ചെറിയ കുറ്റങ്ങളാവട്ടെ) നീതി നിഷ്ഠയിൽ ഭംഗം വരുത്തുകയോ നുബുവത്തിന് (പ്രവാചകത്വത്തിന്) കോട്ടം തട്ടിക്കുകയോ ചെയ്യുന്നതല്ല. യഥാർഥത്തിൽ അവയെല്ലാം അവർ അദൃശ്യകാര്യങ്ങൾ അറിയാത്തവരും ദിവ്യഗുണങ്ങൾ പ്രതിഫലിപ്പിക്കാൻ

അർഹരല്ലാത്തവരുമായ മനുഷ്യരായിരുന്നുവെന്ന് മനസ്സിലാക്കിത്തരുന്നു. ഖുർആൻ വ്യാഖ്യാതാക്കളും പണ്ഡിതരും അത്തരം ചില സംഭവങ്ങൾ ഉണർത്തിയിട്ടുണ്ട്. അല്ലാഹു പറയുന്നു: ولاتطرد الذين يدعون ربهم بالغدوة والعشي يريدون وجهه [തങ്ങളുടെ റബ്ബിൻെറ പ്രീതി ഉദ്ദേശിച്ചു കൊണ്ട് രാവിലെയും വൈകുന്നേരവും-സദാ-അവനെ വിളിച്ചു-പ്രർഥിച്ചു-കൊണ്ടിരിക്കുന്നവരെ നീ ആട്ടിക്കളയരുത്-അൻആം-52]. അല്ലാഹു പറയുന്നു: وان كادوا ليفتنونك عن الذي اوحينا اليك لتفترى علينا غيرة واذا لاتخذوك خليلا. ولولا ان ثبتنك لقد كدت تركن اليهم شيئا قليلا. [നബിയേ-നിശ്ചയമായും നിനക്ക് നാം 'വഹ്യ്' നൽകിയിട്ടുള്ളതിൽ നിന്ന് അവർ നിന്നെ-തെറ്റിച്ചു-കുഴപ്പത്തിലാക്കുമാറായിരിക്കുന്നു. ഇതല്ലാത്തത്-വല്ലതും-നമ്മുടെ പേരിൽ നീ കെട്ടിച്ചമക്കുവാൻ വേണ്ടി. എന്നാൽ അവർ നിന്നെ- അപ്പോൾ ഒരു ചങ്ങാതിയാക്കുക തന്നെ ചെയ്യുന്നതാണ്. നിന്നെ നാം ഉറപ്പിച്ചു നിർത്തിയിട്ടില്ലായിരുന്നുവെങ്കിൽ, തീർച്ചയായും, നീ അവരിലേക്ക് അൽപമൊന്ന് ചാഞ്ഞു പോയേക്കുക തന്നെ ചെയ്യുമായിരുന്നു- ഇസ്രാഅ്: 73,74][1]

---

*1- ഈ ഖുർആൻ വാക്യങ്ങളുടെ അവതരണ പശ്ചാത്തലത്തെക്കുറിച്ച് ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ, സമാന സ്വഭാത്തോടുകൂടി കുറെ ഹദീസുകൾവന്നിട്ടുണ്ട്. ഇബ്നു ജുബൈർ, മുജാഹിദ് എന്നിവർ ഉദ്ധരിക്കുന്നു: മക്കയിലെ ഖുറൈശികൾ നബി (സ)യോട് പറഞ്ഞു: "ഞങ്ങളുടെ ബിംബങ്ങളെ സ്പർശിക്കാതെ ഹജറുൽ അസ്വദ് മാത്രം ചുംബിച്ചുപോവാൻ നിന്നെ ഞങ്ങൾ വിടില്ല." നബി(സ)യാവട്ടെ പ്രസ്തുത ബിംബങ്ങളോടുള്ള വെറുപ്പ് ഉള്ളിൽ സൂക്ഷിച്ചു കൊണ്ടു തന്നെ ബാഹ്യമായി ആ ബിംബങ്ങളോട് അൽപം മമത കാട്ടിയാലോ എന്ന് വാചിരിക്കുകയും ചെയ്തു. ഞങ്ങളുടെ ബിംബങ്ങളെ ഒന്ന് സ്പർശിച്ചുവെന്ന് കരുതി നിനക്കെന്ത് സംഭവിക്കുവാനാണ് എന്നവർ ചോദിച്ചു. ഉമയ്യ ബിൻ ഖലഫ്, അബൂജഹൽ തുടങ്ങിയ=*

ബാഹ്യമായ നന്മ ഉദ്ദേശിച്ചു കൊണ്ടാണ്നബി (സ) അങ്ങിനെ ചെയ്തത്. പക്ഷെ, ആ നന്മ കൈവരിക്കാനാവി ല്ലെന്ന് അല്ലാഹുവിന്നറിയാമായിരുന്നു. എന്നാൽ (അല്ലാഹു വിൻെറ) സന്ദേശത്തിൻെറ സവിശേഷതയ്ക്കും തിരഞ്ഞെടു പ്പിനും വിരുദ്ധമായ വിധവും, താന്തോന്നിത്തം, ധിക്കാരം എന്നി വ സംബന്ധിച്ച മുന്നറിയിപ്പുകൾക്കു വിരുദ്ധമായ വിധവുമുള്ള ദൈവ നിന്ദ, പാപങ്ങൾ തുടങ്ങിയവ ചെയ്യുകയോ സമ്മതിക്കു കയോ ചെയ്യുന്നതിൽ നിന്നും അല്ലാഹു അവരെ സംരക്ഷിച്ചിരി ക്കുന്നു. എന്നാൽ ശരീഅത്തിൽ നിന്ന് അദ്ദേഹവും (മുഹമ്മദ് നബി(സ)യും) മറ്റു പ്രവാചകന്മാരും, അല്ലാഹു തങ്ങൾക്ക് നൽ

---

*= ഖുറൈശീ പ്രമാണിമാരൊക്കെ ആ സംഘത്തിലുണ്ടായിരുന്നു. നിന്നെ പിമ്പറ്റുന്നവരൊക്കെ സമൂഹത്തിലെ താഴേകിടയിലുള്ളവരാണല്ലോ. അവ രെ ഉപേക്ഷിക്കുകയും ഞങ്ങളുടെ ദൈവങ്ങളെ ഒന്ന് തലോടുകയും ചെയ്താൽ മതി. ഞങ്ങൾ നിന്നോടൊപ്പം വന്നുകൊള്ളാം. നീ ഞങ്ങളുടെ നേതാവാണ്. പക്ഷേ ചില കാര്യങ്ങളിൽ നീ ഞങ്ങളെ അനുസരിക്കണം. ചില കാര്യങ്ങളിൽ ഞങ്ങൾ നിന്നെയും അനുസരിച്ചുകൊള്ളാം, എന്നൊ ക്കെയാണ് അവരുടെ വാദം. നബി (സ)യാവട്ടെ ആ ഖുറൈശി പ്രമുഖരൊ ക്കെ ഇസ്ലാമിലേക്ക് വന്നാൽ എത്ര നന്നായേനെ എന്ന് വളരെ ആശിക്കു കയും തിരുമേനി(സ)യുടെ ഈ സമൂഹം സത്യമാർഗ്ഗം സ്വീകരിക്കുന്നതിൽ നിന്നകന്ന് പോവുന്നത് സംബന്ധിച്ച് വളരെ വേദനിക്കുകയും ചെയ്യുന്നുണ്ടാ യിരുന്നു. നബി(സ) ഇങ്ങിനെ ആത്മഗതം ചെയ്തു. അവരാവശ്യപ്പെട്ടതു പോലെ ഒന്ന് ചെയ്തു കൊടുത്താൽ എനിക്കെന്താ. അല്ലാഹുവിന്നറിയാമ ല്ലോ എൻെറ മനസ്സെന്താണെന്നുള്ളത്." (മനസ്സു കൊണ്ട് എനിക്കാ സം ഗതിയോട് വെറുപ്പാണെന്ന് അല്ലാഹുവിന്നറിയാമല്ലോ എന്ന്). അപ്പോഴാ ണ് അല്ലാഹു ഈ വചനങ്ങൾ ഇറക്കിയത്.*

*കൂടുതൽ വിവരങ്ങൾക്ക് ഇബ്നു അഥയ്യ: ابن عطية (ഹിജ്റ 481-541)യുടെ المحرر الوجيز ഇമാം സുയൂഥി الإمام السيوطي (ഹിജ്റ 849-911) യുടെ الدر المنثور തുടങ്ങിയ തഫ്സീർ ഗ്രന്ഥങ്ങൾ പരിശോധിക്കുക.*

കിയ സന്ദേശവും ശരീഅത്തും എത്തിച്ചുകൊടുക്കുന്നതിൽ പാപസുരക്ഷിതരായിരുന്നു എന്ന കാര്യത്തിൽ സമുദായം യോജിച്ചിട്ടുണ്ടെന്ന് പരമാർഥികളായ പണ്ഡിതന്മാർ പറഞ്ഞിട്ടുണ്ട്. മാത്രമല്ല, ബഹുദൈവാരാധന, സഭ്യേതര സംസാരം തുടങ്ങിയ കാര്യങ്ങളിൽ നിന്ന് പ്രവാചകത്വത്തിന് മുമ്പുതന്നെ നബി(സ)യെ അല്ലാഹു സംരക്ഷിച്ചിട്ടുണ്ട്.

നബി(സ) പറഞ്ഞതായി ഇങ്ങിനെ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. ജാഹിലിയ്യാ സമൂഹം ചെയ്തുവന്നിരുന്ന ഒന്നിനോടും എനിക്ക് പ്രതിപത്തിയുണ്ടായിരുന്നില്ല. അല്ലാഹു എന്നെ അവൻെറ സന്ദേശം വഴി അനുഗ്രഹിക്കുന്നതിന് മുമ്പും ഒരു തിന്മയോടും എനിക്കാഭിമുഖ്യമുണ്ടായിരുന്നില്ല. ഖാദി അയാദ് തൻെറ 'അൽ ശിഫാ' എന്ന ഗ്രന്ഥത്തിലും മറ്റും അത് ഉണർത്തിയിട്ടുണ്ട്. ( "السيرة مع الروض الانف" എന്ന) ജീവചരിത്ര ഗ്രന്ഥത്തിൽ ഇബ്നു ഇസ്ഹാഖ് ഇങ്ങിനെ സ്മരിക്കുന്നു: അങ്ങിനെ അല്ലാഹു അദ്ദേഹത്തെ സൂക്ഷിച്ചു കൊണ്ടും സംരക്ഷിച്ചു കൊണ്ടും ജാഹിലിയത്തിൻെറ ന്യൂനതകളിൽ നിന്നും അഴുക്കുകളിൽ നിന്നും കാത്തു സൂക്ഷിച്ചുകൊണ്ടും റസൂൽ (സ) യൗവനയുക്തനായി. തൻെറ സമൂഹത്തിൻെറ ദിശാമാർഗ്ഗമായിക്കൊണ്ട് (അല്ലാഹുവിൻെറ) സന്ദേശവും അനുഗ്രഹവും തിരുമേനി (സ)ക്ക് നൽകാനുദ്ദേശിച്ചപ്പോൾ അദ്ദേഹം അദ്ദേഹത്തിൻെറ സമുഹത്തിലെ നല്ല സ്വഭാവഗുണവും ധീരോദാത്തതയും കൊണ്ട് ഉൽകൃഷ്ടനായ പുരുഷനായിക്കഴിഞ്ഞിരുന്നു. അവരിലെ ഏറ്റവും ഉൽകൃഷ്ടമായ വ്യക്തിത്വത്തിൻെറ ഉടമ. ഏറ്റവും ഉത്തമനായ അയൽക്കാരൻ. ഏറ്റവും ശ്രേഷ്ഠമായ സ്വഭാവക്കാരൻ. അമാനത്തിൽ അവരിലെ ഏറ്റവും സത്യസന്ധൻ. അതോടൊപ്പം അവരിലെ അഴുക്കു പുരണ്ട സ്വഭാവങ്ങളിൽ

നിന്നും വൃത്തികേടുകളിൽ നിന്നും അതിവിദൂരം ബഹുമാന്യ നും ദോഷമുക്തനുമായിരുന്നു അദ്ദേഹം. "അൽ-അമീൻ" എന്നല്ലാതെ അവരദ്ദേഹത്തെ വിളിച്ചിരുന്നില്ല. വളരെ ചെറു പ്പത്തിൽ തന്നെ ജാഹിലിയ്യാക്കൾക്കിടയിൽ അദ്ദേഹത്തെ അല്ലാ ഹു സ്വീകാര്യനാക്കി മാറ്റി.

## മൂന്നാമത്തെ കാര്യം:

### സന്ദേശത്തിൻെറ വ്യാപ്തി

ഒട്ടേറെ സവിഷേതകളാൽ മുഹമ്മദ്(സ) മറ്റു പ്രവാചക രേക്കാൾ മികച്ചു നിൽക്കുന്നു. ബുഖാരിയും മുസ്ലിം വഴി ജാ ബിർ (റ) ഉദ്ധരിച്ച ഒരു ഹദീസിൽ ഇങ്ങിനെ പറയുന്നു: "എനി ക്കു മുമ്പ് മറ്റാർക്കും നൽകാത്ത അഞ്ചെണ്ണം എനിക്കു നൽക പ്പെട്ടിട്ടുണ്ട്. ഒരു മാസത്തെ യാത്രാ ദൂരത്തിൽ തന്നെ ശത്രു ക്കളിൽ ഭയമുളവാക്കി എന്നെ സഹായിക്കപ്പെട്ടു. ഭൂമിയെ പള്ളിയും ശുചീകരണ വസ്തുവുമാക്കി എനിക്ക് നിശ്ചയിച്ചു തന്നു.[2] യുദ്ധ(ത്തിൽ പിടിച്ചെടുക്കപ്പെട്ട) സമ്പത്ത് എനിക്ക്

---

*2- മുഹമ്മദ് നബി(സ) ക്കു മുമ്പ് മറ്റൊരു പ്രവാചകർക്കും നൽകാത്ത അഞ്ചു സവിശേഷതകളാണിത്. ഒരു മാസത്തെ യാത്രാദൂരം ഉള്ളപ്പോൾ ത ന്നെ നബി(സ) യെ സംബന്ധിച്ച ഭയം ശത്രുക്കളുടെ ഹൃദയങ്ങളിൽ നി ക്ഷേപിച്ചുകൊണ്ട് അല്ലാഹു അദ്ദേഹത്തെ സഹായിച്ചു. ഒരു മാസത്തെ യാ ത്രാ ദൂരം ഒരു വലിയ ദൂരം തന്നെയാണല്ലോ... മദീനയിൽ നിന്ന് ഒരു മാസ ത്തെ യാത്രാ ദൂരമുള്ള ഏതൊരു രാജ്യത്തു നിന്നും നബി(സ) ക്കു ശത്രു ക്കളുണ്ടായിരിക്കില്ല എന്ന മറ്റൊരു വ്യാഖ്യാനവും ഈ ഹദീസിനു നൽക പ്പെട്ടിട്ടുണ്ട്.*

*ഭൂമിയെ പള്ളിയും ശുചീകരണ വസ്തുവുമാക്കിയതാണ് മറ്റൊന്ന്. ഭൂമിയിൽ എവിടെവെച്ചും നമസ്കാര സമയമായാൽ അവന് നമസ്കരി ക്കാം. അതിനുവേണ്ടി പ്രത്യേകം കെട്ടിയുണ്ടാക്കിയ സ്ഥാപനങ്ങൾ ലഭ്യമാ യില്ലെങ്കിൽ അതിനുവേണ്ടി തിരഞ്ഞു നടക്കേണ്ടതില്ല. വെള്ളം കിട്ടാനി ല്ലെങ്കിൽ അതിനുപകരം ശുചീകരണ വസ്തുവായി ഭൂമിയെ-മണ്ണിനെ-ഉപ യോഗിക്കുകയും ചെയ്യാം.*

അനുവദിനീയമാക്കിത്തന്നു; എനിക്ക് മുമ്പ് ആർക്കും അത് അനുവദനീയമായിരുന്നില്ല. ശുപാർശാധികാരം ലഭിച്ചു. നബിമാരൊക്കെയും അതാതു സമൂഹങ്ങൾക്കു വേണ്ടി മാത്രം നിയുക്തരായവരായിരുന്നു. എന്നാൽ ഞാനാവട്ടെ മുഴുവൻ ജനങ്ങൾക്കുമായി നിയുക്തനായി." തിരുമേനി (സ) പറഞ്ഞു:

"കറുത്തവരിലേക്കും ചുവന്നവരിലേക്കും ഞാൻ നിയുക്തനായി."

അതിനാൽ സർവ്വമനുഷ്യരും തിരുമേനി (സ) യെ പിമ്പറ്റുകയും അനുസരിക്കുകയും ചെയ്യേണ്ടതുണ്ട്. അങ്ങിനെ അവരൊക്കെയും അവിടുത്തെ സമുദായത്തിൽപെട്ട പ്രബോധക സമൂഹമാകുന്നു. അല്ലാഹു പറയുന്നു: وما أرسلنك الا كافة للناس بشيرا ونذيرا [(പ്രവാചകരെ) മനുഷ്യർക്കൊന്നടങ്കം സുവിശേഷകനും മുന്നറിയിപ്പുകാരനുമായിട്ടല്ലാതെ താങ്കളെ നാം അയച്ചിട്ടില്ല-സബഅ്: 28]. ആ ഒന്നടങ്കമുള്ള മനുഷ്യ സമൂഹം ഏതാണ്! അല്ലാഹു പറയുന്നു: قل يآيها الناس اني رسول الله اليكم جميعا [നബിയെ-പറയുക: ഹേ മനുഷ്യരെ! നിശ്ചയമായും ഞാൻ നിങ്ങളെല്ലാവരിലേക്കുമുള്ള അല്ലാഹുവിൻെറ ദൂതനാകുന്നു- അഅ്റാഫ്: 158].

'ജനങ്ങൾക്ക് പൊതുവിൽ' എന്ന് പറയപ്പെട്ട് ഖുർആനിൽ ഉദ്ധരണികളുണ്ട്. അല്ലാഹു പറഞ്ഞതു പോലെ: يآيها الناس اعبدوا ربكم [ഹേ, മനുഷ്യരെ! നിങ്ങളുടെ റബ്ബിനെ നിങ്ങൾ ആരാധിക്കുക- അൽ ബഖറ: 21] അല്ലാഹു പറയുന്നു: يآيها الناس قدجاء كم الرسول بالحق من ربكم فأمنوا خيرا لكم [ഹേ, മനുഷ്യരെ! നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള യാഥാർഥ്യവുമായി (ദൈവ) ദൂതൻ വന്നിട്ടുണ്ട്. അതിനാൽ നിങ്ങൾക്ക് ഗുണകരമായി നിങ്ങൾ വിശ്വസിക്കുവീൻ-നിസാഅ്: 170] അല്ലാഹു പറയു

ന്നു: يآيها الناس قدجآءكم برهان من ربكم وانزلنا اليكم نورا مبينا [ഹേ, മനുഷ്യരെ! നിങ്ങളുടെ റബ്ബിങ്കൽ നിന്നുള്ള ന്യായപ്രമാണം നിങ്ങൾക്കു വന്നു കഴിഞ്ഞു. നാം നിങ്ങൾക്ക് വ്യക്തമായ ഒരു പ്രകാശം ഇറക്കിത്തരുകയും ചെയ്തിരിക്കുന്നു- നിസാഅ്: 174]

മുഹമ്മദ് നബി (സ) യിലേക്കും അവിടുന്ന് അവിടുത്തെ നാഥനിൽ നിന്ന് കൊണ്ടു വന്നതിലേക്കുമുള്ള സൂചനകളാണിത്. അവൻെറ-അല്ലാഹുവിൻെറ-സന്ദേശം പിമ്പറ്റാൻ ചുമതലപ്പെട്ടവരും അവനെ അനുസരിക്കാൻ നിർബന്ധിക്കപ്പെട്ടവരുമാണ് എല്ലാ മനുഷ്യരും എന്ന് വ്യക്തമാക്കുന്നതാണ് ഇതിൻെറ ഉള്ളടക്കം. അപ്രകാരം തിരുമേനി (സ) മനുഷ്യരിലേക്കെന്നെ പോലെ ജിന്നുകളിലേക്കും അയക്കപ്പെട്ടവരാണെന്നതും പ്രസിദ്ധമാണല്ലോ. അതിന്നുപോൽബലകമായി അല്ലാഹു പറയുന്നു: واذصرفنا اليك نفرامن الجن يستمعون القرأن فلما حضروه قالوا انصتوا فلما قضى ولو الى قومهم منذرين എന്ന് തുടങ്ങി يقومنا اجيبوا داعى الله وآمنوابه വരെയുള്ള വാക്യം. [ഖുർആൻ ശ്രദ്ധിച്ചു കേട്ടുകൊണ്ട് ജിന്നുകളിൽനിന്നുള്ള ഒരു കൂട്ടരെ (ഒരു ചെറുസംഘത്തെ) നിൻെറഅടുത്തേക്ക് തിരിച്ചുവിട്ട സന്ദർഭം. എന്നിട്ടവർ അതിന്ന് (ഖുർആൻ പാരായണം ചെയ്യുന്ന സ്ഥലത്തിന്ന്) അടുത്ത് അവർ ഹാജറായപ്പോൾ "മൗനം പാലിക്കുവീൻ" എന്നവർ (പരസ്പരം) പറഞ്ഞു. അങ്ങിനെ അത് (പാരായണം) നിർവഹിക്കപ്പെട്ടു കഴിഞ്ഞപ്പോൾ, തങ്ങളുടെ ജനതയുടെ അടുത്തേക്ക് താക്കീതു നൽകുന്നവരായും കൊണ്ട് അവർ തിരിച്ചു പോയി. അവർ പറഞ്ഞു: ഞങ്ങളുടെ സമൂഹമേ! നിശ്ചയമായും മൂസാ (നബി)ക്കുശേഷം അവതീർണ്ണമായ ഒരു വേദം (പാരായണം ചെയ്യുന്നത് ) ഞങ്ങൾ കേട്ടിരിക്കുന്നു.

അതിനുമുമ്പവതീർണ്ണമായ (വേദങ്ങളെ) സത്യപ്പെടുത്തിക്കൊണ്ടുള്ളത്. അത് സത്യത്തിലേക്കും നേർവഴിയിലേക്കും നയിക്കുന്നു. ഞങ്ങളുടെ സമൂഹമേ! അല്ലാഹുവിങ്കലേക്കു ക്ഷണിക്കുന്നവന്ന് ഉത്തരം നൽകുവീൻ. അദ്ദേഹത്തിൽ വിശ്വസിക്കുകയും ചെയ്യുവീൻ-അഹ്ഖാഫ്: 29,30,31].

അപ്രകാരം തന്നെ അല്ലാഹു പറയുന്നു: قل اوحى الى انه استمع نفر من الجن فقالوا انا سمعنا قرأنا عجبا . يهدي الى الرشد فآمنابه [(പ്രവാചകരെ) പറയുക: എനിക്കു ദിവ്യസന്ദേശം ലഭിച്ചിരിക്കുന്നു. എന്തെന്നാൽ ഒരു സംഘം ജിന്നുകൾ സശ്രദ്ധം കേൾക്കുകയും എന്നിട്ട് (സ്വസമൂഹത്തിൽ ചെന്ന്) പറയുകയും ചെയ്തു. ഞങ്ങൾ അത്യത്ഭുതകരമായ ഒരു ഖുർആൻ ശ്രവിച്ചിരിക്കുന്നു. അത് സന്മാർഗ്ഗത്തിലേക്ക് നയിക്കുന്നതാകുന്നു. അതിനാൽ ഞങ്ങളതിൽ വിശ്വസിച്ചു-ജിന്ന്:1,2].

മുഹമ്മദിൻെറ സന്ദേശം അറബികൾക്കു മാത്രമുള്ളതാണ് എന്നാണ് അല്ലാഹു ശപിച്ച ജൂത-ക്രിസ്തീയ സമൂഹം പറഞ്ഞത്. യഥാർഥത്തിൽ അവിടുത്തെ സന്ദേശത്തിൻെറ സത്യാവസ്ഥയും അതിൻെറ അമാനുഷികതകളുടെ ബലവും അതിൻെറ പിൻഗാമികളാൽ അതിനു വന്നു ചേർന്ന സ്വാധീനവും മനസ്സിലാക്കിയ ശേഷമാണ് അവരിതു പറഞ്ഞത്. (മുഹമ്മദ്) അവൻെറ റബ്ബിൽ നിന്നയക്കപ്പെട്ടവനാണെന്ന് ഉറപ്പായിട്ടുകൂടി അഹംഭാവവും സ്ഥാനമാനങ്ങളോടുള്ള സ്നേഹവുമാണ് (നബിയെ) പിൻപറ്റാതിരിക്കാൻ അവരെ പ്രേരിപ്പിച്ചത്. അദ്ദേഹത്തിന് ഇറക്കപ്പെട്ടത് അല്ലാഹുവിൽ നിന്നുള്ള വഹ്യ് തന്നെയാണെന്നും അത് സത്യവും കരുത്തുറ്റതുമായ സന്ദേശമാണെന്നും അവർ സമ്മതിച്ചു. അതോടൊപ്പം അതിൽപെട്ട അവർ

ക്കുള്ള കൽപനകളെ അവർ അഭിമുഖീകരിക്കേണ്ടിവന്നാൽ അത് സ്വീകരിക്കുകയും ചെയ്തിരുന്നില്ല. അല്ലാഹു പറഞ്ഞതു പോലെ وءامنوا بما أنزلت مصدقا لما معكم ولاتكونوآ اول كافربه ولاتشتروا بأيتى ثمنا قليلا وايي فاتقون . ولاتلبسوا الحق بالبطل وتكتموا الحق وأنتم تعلمون [നിങ്ങളുടെ കൂടെയുളളതിനെ സത്യമാക്കിക്കൊണ്ട് ഞാൻ അവതരിപ്പിച്ചിട്ടുള്ളതിൽ വിശ്വസിക്കുകയും ചെയ്യുവിൻ. അതിൽ അവിശ്വസിക്കുന്ന ആദ്യത്തെ ആൾക്കാർ നിങ്ങളായിത്തീരരുത്. എന്റെ ദൃഷ്ടാന്തങ്ങൾക്ക് നിങ്ങൾ തുച്ഛമായ വില വാങ്ങുകയും ചെയ്യരുത്. എന്നെ മാത്രം സൂക്ഷിക്കുകയും ചെയ്യുവിൻ. യാഥാർഥ്യത്തെ നിങ്ങൾ അയഥാർഥവുമായി(കൂട്ടി)ക്കലർത്തുകയോ യാഥാർഥ്യത്തെ മറച്ചുവെക്കുകയോ ചെയ്യരുത്. നിങ്ങളാവട്ടെ(യാഥാർഥ്യം) അറിയുന്നു താനും- ബഖറ:41,42)

**നാലാമത്തെ കാര്യം:**

**സന്ദേശം എത്തിച്ചു കൊടുക്കൽ**

അല്ലാഹു പറയുന്നു: يآيها الرسول بلغ ما انزل اليك من ربك وان لم تفعل فما بلغت رسالته [ഹേ പ്രവാചകരെ! നിന്റെ റബ്ബിങ്കൽ നിന്ന് നിനക്ക് അവതരിപ്പിക്കപ്പെട്ടത് നീ എത്തിച്ചു കൊടുക്കുക, നീ (അത്) ചെയ്യാതിരുന്നാൽ അവന്റെ ദൗത്യം നീ എത്തിച്ചു കൊടുത്തില്ല- മാഇദ: 67].

അല്ലാഹുവിന്റെ കൽപനയാണിത്. (പൂർവ്വ) പ്രവാചകന്മാരുടെയൊക്കെ തൊഴിലായിരുന്നു ഇത്. മുഹമ്മദ് (സ)യും ഇതിൽ ഉൾപ്പെടുന്നു. അല്ലാഹു-അദ്ദേഹത്തോട് പറഞ്ഞിട്ടുണ്ട്. ان عليك الا البلاغ [(സന്ദേശം) എത്തിച്ചു കൊ

ടക്കലെല്ലാതെ നിൻെറ മേൽ (ഉത്തരവാദിത്വം) ഇല്ല. -ശൂറ: 48]. അല്ലാഹു പറയുന്നു: وما على الرسول الا البلاغ المبين [വ്യക്തമായ പ്രബോധനമല്ലാതെ റസൂലിൻെറ മേൽ (വേറെ ഉത്തരവാദിത്വം) ഇല്ല-നൂർ : 54]

ഈ പ്രബോധനത്തിനും വിവരണങ്ങൾക്കും അവിടുത്തെ സഹചാരികൾ (റ) സാക്ഷികളായിട്ടുണ്ട്. അബൂ ദർറ്(റ) പറയുന്നു: റസൂൽ (സ) മരണപ്പെട്ടു. ഒരു പക്ഷി ചിറകനക്കിയാൽപോലും അതേപ്പറ്റിയുള്ള വിജ്ഞാനം തിരുമേനി(സ) ഞങ്ങൾക്കു പറഞ്ഞു തന്നിട്ടുണ്ട്. നബി(സ) പറഞ്ഞതായി ഇബ്നു മാജയും അഹ്മദും ഉദ്ധരിക്കുന്നു: രാത്രിയും പകൽ പോലെ പ്രകാശിക്കുന്ന വെണ്മയിൽ നിങ്ങളെ ഞാൻ വിട്ടു പോവുന്നു. എനിക്കു ശേഷം നാശകാരികളല്ലാതെ അതിൽ നിന്നു വിട്ടുപോവുന്നതല്ല.[3] അബ്ദുല്ലാഹ് ഇബ്നു അംറുബ്നു ആസ്(റ) വിൽ നിന്ന് മുസ്ലിം ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: തൻെറ സമുദായത്തിൻെറ തിന്മകളെപ്പറ്റി അവർക്ക് മുന്നറിയിപ്പ് നൽകിക്കൊണ്ടും അവരുടെ നന്മകളിൽ അവർക്ക് വഴികാട്ടിയായിക്കൊണ്ടും ഉള്ള ഉത്തരവാദിത്വം ഏൽപിക്കപ്പെടാത്ത ഒരു പ്രവാചകനും എനിക്കു മുമ്പുണ്ടായിട്ടില്ല.

നബി(സ) പ്രബോധനം തുടങ്ങിയത്, തിരുമേനി(സ) യുടെ നാട്ടിലും അദ്ദേഹത്തിൻെറ സമൂഹത്തിലുമാണെന്ന കാര്യം പ്രസിദ്ധമാണല്ലോ. പിന്നെയാണ് ഉപഭൂഖണ്ഡത്തിലെ മുഴുവൻ അറബികളിലും പ്രബോധനം ചെയ്തത്. അതിനുശേഷം

*3- ഇരുട്ടിൽ പകൽ പോലെ പ്രകാശിക്കുന്ന ചന്ദ്രശോഭപോലെ, വ്യക്തമായ ദിവ്യസന്ദേശം നമ്മിൽ ഉപേക്ഷിച്ചു കൊണ്ടാണ് പ്രവാചകൻ (സ) വിടവാങ്ങിയത്. സ്വർഗ്ഗവും അതിലെ നന്മകളും വേണ്ടെന്നുവെക്കുന്ന മഹാനാശകാരികൾ മാത്രമേ ഈ സത്യത്തിൻെറ പ്രകാശത്തിൽ നിന്നകന്ന് പോവുകയുള്ളൂ.*

അവിടുന്നപ്പുറത്തേക്കും (അദ്ദേഹം പ്രബോധനം നടത്തി). അവരെ അല്ലാഹുവിലേക്ക് ക്ഷണിച്ചു കൊണ്ടും-ദൈവിക സന്ദേശം സ്വീകരിക്കാൻ വേണ്ടിയുമായിരുന്നു തിരുമേനി (സ) മരുഭൂമിയിലും ഗ്രാമങ്ങളിലും വസിക്കുന്ന ഗോത്രങ്ങളിലേക്ക് ദൂതന്മാരെ അയച്ചത്. തുടർന്ന് യമൻ, ബഹ്റൈൻ തുടങ്ങിയ സ്ഥലങ്ങളിലേക്കും അദ്ദേഹം പ്രബോധകരെ അയച്ചു. പിന്നെ പേർഷ്യ, റോം, തുടങ്ങിയ രാജ്യങ്ങളിലെ ഭരണാധികാരികളെ ഈ ശരീഅത്തിലേക്ക് ക്ഷണിച്ചു കൊണ്ട് പ്രവാചൻ (സ) കത്തുകളയച്ചു. മരണപ്പെടുമ്പോൾ അവിടുത്തെ പ്രബോധനം വ്യാപകമായിക്കഴിഞ്ഞിരുന്നു. സമീപസ്ഥരിലും വിദൂരസ്ഥരിലും അദ്ദേഹത്തിന്റെ ദൗത്യം വിഖ്യാതമായിക്കഴിഞ്ഞിരുന്നു. فمنهم من هدى الله ومنهم من حقت عليه الضللة [എന്നിട്ട്, അല്ലാഹു നേർമാർഗ്ഗത്തിലാക്കിയവർ അവരുടെ കൂട്ടത്തിലുണ്ട്; ദുർമാർഗ്ഗം അവകാശപ്പെട്ട (സ്ഥിരപ്പെട്ട)വരും അവരുടെ കൂട്ടത്തിലുണ്ട്-നഹ്ൽ:36].

തിരുമേനി(സ)ക്കു ശേഷം അവിടുത്തെ അനുചരന്മാരും അല്ലാഹുവിന്റെ ദീനിന്റെ പ്രബോധനത്തിന്നായി നിലകൊണ്ടു. അതിനെ അവഗണിച്ചവരും സ്വീകരിക്കുന്നതിനെ തടഞ്ഞവരുമായ വിഭാഗവുമായി, ഇസ്‌ലാമിൽ പ്രവേശിക്കുകയോ കപ്പം നൽകുകയോ ചെയ്യുന്നത് വരെ അവർ യുദ്ധം ചെയ്തു. മാന്യതയും വിനയവും മുറുകെപിടിച്ചു. ഭൂപ്രദേശങ്ങളിൽ വളരെ ചെറിയ കാലം കൊണ്ടു തന്നെ ഈ പ്രബോധനം എത്തിചേർന്നു. ചരിത്രഗ്രന്ഥങ്ങളിൽ അത് (വ്യക്തമായി) രേഖപ്പെടുത്തിയിട്ടുണ്ട്. യഥാർഥത്തിൽ ശരീഅത്തിനെക്കുറിച്ച് കേട്ടു മനസ്സിലാക്കാനാവാത്ത വിധം രാജ്യാതിർ

ത്തിയിൽ നിന്നും വിദൂരത്തുള്ളവരെ സംബന്ധിച്ച് ഫത്റാത്തു[4] കാർക്കുള്ള വിധിയാണവർക്കുള്ളത്. അതോടൊപ്പം മനുഷ്യരി ലെ അവസ്ഥകളെക്കുറിച്ചും അവന്നായ് നിർമ്മിക്കപ്പെട്ട മത ത്തെക്കുറിച്ചും അവൻ അന്വേഷിക്കുകയും കണ്ടെത്തുകയും വേണം.

## അഞ്ചമാത്തെ കാര്യം:

### പ്രവാചകത്വത്തിന്റെ പര്യവസാനം

ആകാശത്തു നിന്നു ഇറക്കപ്പെട്ടതും അന്തിമസന്ദേശവു മായ ഈ ശരീഅത്ത്, മുഴുവൻ സൃഷ്ടിജാലങ്ങൾക്കുമുള്ളതാ ണെങ്കിൽ ഭൂമുഖത്തുള്ള (അല്ലാഹുവിന്റെ) സർവ്വ അടിമകൾ ക്കും അത് ഉത്തരവാദിത്തപ്പെട്ടതായി. അഥവാ അതിന്റെ അസ്തിത്വത്തിൽ ശരീഅത്തുകളുടെ പരിസമാപ്തി വന്നു ചേർന്നു. അതിനാൽ അന്ത്യപ്രവാചകനും നബിപരമ്പരയിലെ അവസാനത്തെ ആളും എന്ന നിലക്ക് മുഹമ്മദ്(സ)യിൽ വിശ്വസിക്കൽ നമുക്ക് നിർബന്ധമായി. അല്ലാഹു പറയുന്നു:

ماكان محمد أبآ احدمن رجالكم ولكن رسول الله وخاتم النبيين

[മുഹമ്മദ് നിങ്ങളുടെ പുരുഷന്മാരിൽ ഒരാളുടെയും പിതാവാ യിട്ടില്ല. എങ്കിലും (അദ്ദേഹം) അല്ലാഹുവിന്റെ റസൂലും നബി മാരിൽ അവസാനത്തവനുമാകുന്നു- അഹ്സാബ്:40](ഖാത്തമു ന്നബിയ്യീൻ എന്ന് ) 'താ'ക്ക് ഫതഹിട്ട് കൊണ്ടും (ഖാത്തിമുന്ന ബിയ്യീൻ എന്ന്) 'താ'ക്ക് കസ്റിട്ടും പാരായണം ചെയ്യപ്പെട്ടി

*4- ഫത്റാത്തുകാർ എന്നത് ഫത്റയുടെ ആളുകളാണ്. ഒരു പ്രവാചകന്റെ തിരോധാനത്തിനു ശേഷം മറ്റൊരു പ്രവാചകന്റെ ആഗമനം വരെയുള്ള കാലഘട്ടത്തിനിടയിൽ ജീവിച്ച മനുഷ്യ സമൂഹങ്ങളെയാണ് ഫത്റയുടെ ആളുകൾ എന്നു പറയുന്നത്.*

ട്ടുണ്ട്. അതിനുമുമ്പുള്ളതിനെ അവസാനിപ്പിച്ചു എന്നതാണ് 'ഖാത്തമ'യുടെ സത്ത. ഒന്നും വിട്ടു പോവാനോ ചേർക്കാനോ ഇല്ലാത്ത വിധം രിസാലത്തിനെ അവസാനിപ്പിച്ചു. സൃഷ്ടികളിലേക്ക് അല്ലാഹു അയച്ച പ്രവാചകന്മാരുടെ പരിസമാപ്തിയാണ് തിരുമേനി(സ) എന്നർഥം. അങ്ങനെ വന്നാൽ നബിമാരുടെ അവസാനത്തെ ആൾ എന്നതു കൊണ്ട് റസൂൽമാരുടെയും അവസാനം എന്ന കാര്യവും ഇവിടെ നിർബന്ധമായും ( വന്നു ചേർന്നു). അബൂഹുറൈറ (റ) വിൽ നിന്നും മുസ്ലിമും മറ്റും ഉദ്ധരിച്ചിട്ടുണ്ട്: നബി(സ) പറഞ്ഞു: "എന്റെയും മറ്റു നബിമാരുടെയും ഉപമ, ഒരു പുരുഷന്റേതു പോലെയാണ്. അയാൾ ഒരു വീടു നിർമ്മിച്ചു. ഒരു ഇഷ്ടികക്കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റെല്ലാം അയാൾ പൂർത്തിയാക്കുകയും ഭംഗിയാക്കി നിർമ്മിക്കുകയും ചെയ്തു. അതിനാൽ അതിൽ പ്രവേശിച്ച് അത് നോക്കുന്നവരെല്ലാം പറയുകയായി: ഈ ഒരു കല്ലിന്റെ സ്ഥാനം ഒഴിച്ച് മറ്റുള്ളതെല്ലാം എന്ത് മനോഹരം! എന്നാൽ, ഈ കല്ലിന്റെ സ്ഥാനം ഞാനാകുന്നു. പ്രവാചകന്മാർ എന്നെക്കൊണ്ട് അവസാനിപ്പിക്കപ്പെട്ടിരിക്കുന്നു"

മുസ്ലിം വീണ്ടും ജുബൈറുബ്നിൻ മുത്ഇമിൽ നിന്ന് ഉദ്ധരിക്കുന്നു. റസൂൽ (സ) പറയുന്നു: നിശ്ചയം, എനിക്ക് (ചില) പേരുകളുണ്ട്. ഞാൻ മുഹമ്മദാണ്. ഞാൻ അഹ്മദുമാണ്. അല്ലാഹു എന്നെക്കൊണ്ട് അവിശ്വാസത്തെ നീക്കം ചെയ്തതിനാൽ ഞാൻ 'മാഹി'യാണ്. ആളുകൾ എന്റെ കാൽക്കൽ ഒരുമിച്ചുകൂടുന്നതിനാൽ ഞാൻ 'ഹാശിർ' ആണ്. എനിക്കു ശേഷം മറ്റൊരു നബിയില്ലാത്തതിനാൽ ഞാൻ 'ആഖിബ്' (നല്ലപിൻഗാമി)യും ആണ്. അബീ ദാവൂദിലും മറ്റും ഥൗബാൻ ഉദ്ധരിച്ച

നീണ്ട ഒരു ഹദീസിൽ നബി(സ) പറയുന്നു: "എന്റെ സമുദായത്തിൽ മുപ്പത് കള്ളവാദികൾ ഉണ്ടായിതീരും. അവരൊക്കെയും താൻ നബിയാണെന്ന് ജൽപ്പിക്കും. ഞാൻ നബിമാരുടെ പരിസമാപ്തിയാകുന്നു. എനിക്കു ശേഷം ഒരു നബിയും ഇല്ല" അതിനാൽ തിരുമേനി (സ) അന്തിമ പ്രവാചകനാണെന്നും അദ്ദേഹത്തിനുശേഷം വല്ലവരും നബിത്വം അവകാശപ്പെട്ടാൽ അവൻ നുണയനാണെന്നും വിശ്വസിക്കൽ നിർബന്ധമായി. അ പ്രകാരം മറിയമിന്റെ പുത്രൻ ഈസാ (അ) അവസാനകാലത്ത് ഇറങ്ങിവന്നാൽ മുഹമ്മദ് (സ)യുടെ ശരീഅത്തനുസരിച്ചായിരിക്കും അദ്ദേഹം വിധി നടപ്പാക്കുക. ഈ സമുദായത്തിലെ ഓരോ വ്യക്തിയിലുംപെട്ട ഒരു വ്യക്തിയായിരിക്കും അപ്പോഴദ്ദേഹം; ഇനിയദ്ദേഹത്തിന് ദിവ്യസന്ദേശം ഇറങ്ങിയാലും ശരി. പക്ഷേ അദ്ദേഹം ഈ വിശുദ്ധ ശരീഅത്തിൽനിന്ന് പുറത്തുപോവുന്നില്ല. അതിനാൽ എല്ലാ നബിത്വ വാദികളും അഥവാ ഈ സമുദായത്തിലെ പ്രവാചകനാണെന്ന് വാദിക്കുന്ന എല്ലാവരും മഹാവ്യാജന്മാരായ നുണയന്മരായി. അവർ (അത്തരം വ്യാജന്മാർ) വഴിപിഴച്ചവരും വഴിപിഴപ്പിക്കുന്നവരുമാണ്. ഇന്ദ്രജാലങ്ങളും ചെപ്പടിവിദ്യയുമായി അവരെത്തിയാലും ശരി. അധമരും പാമരരുമായ സാധാരണക്കാരിലൂടെ, ജനങ്ങളുടെ കണ്ണിൽ പൊടിയിടുന്ന ചില മായാജാലങ്ങളൊ കൃത്രിമങ്ങളോ കാട്ടി അവരിതിന് പ്രചാരമുണ്ടാക്കിയാലും ശരി. പൈശാചിക ശക്തികളിൽപെട്ട മുസൈലിമത്തുൽ കദ്ദാബും അസ്‌വദുൽ അൻസി[5]യും പ്രകടിപ്പിക്കപ്പെട്ടതുപോലെ. ഇത്തരം ബാലിശവും

---

*5- മുസൈലിമത്തുൽ കദ്ദാബ് ( مسيلمة الكذاب ) : നബി (സ) യുടെ ജീവിതകാലത്ത് പ്രത്യക്ഷപ്പെട്ട ആദ്യത്തെ കള്ള പ്രവാചകൻ. യമാമയിലെ ബനീ ഹനീഫാ കുടുംബത്തിൽ പെട്ടവൻ. യമാമയിലെ റഹ്മാൻ എന്നും=*

പൊള്ളയും ആയ കള്ളങ്ങളെ നേർക്കുനേരെ ചിന്തിക്കുന്നവരൊക്കെ തിരിച്ചറിഞ്ഞിരുന്നു.

ഈ രണ്ടു പേരെ കൂടാതെ പിന്നീട് പ്രവാചകത്വം വാദിച്ചവർക്കും അനുയായികളും സംഘങ്ങളും ഉണ്ടാവുകയും ചില വിഭാഗം ജനങ്ങളെ അവർ വഴിപിഴപ്പിക്കുകയും ചെയ്തു. അവരിൽപെട്ട അവസാനത്തെ ആളാണ് ഗുലാം അഹ്മദ് ഖാദിയാനി. ഇന്ത്യയിലും സിന്ധിലും ഒട്ടേറെ മറ്റു രാജ്യങ്ങളിലുമുള്ള സമൂഹങ്ങളിൽ അയാൾ കുഴപ്പവും തിന്മയും വിതച്ചിട്ടുണ്ട്. അന്ത്യനാൾ വരേക്കും എല്ലാ നബിത്വവാദികളും അപ്രകാരംതന്നെ. അവരിൽപെട്ട അവസാനത്തെ ആൾ കള്ള വാദിയായ ദജ്ജാലാണ്. അവൻെറ കുഴപ്പത്തെ ക്കുറിച്ചുള്ള വിവരണവും

---

*=ഇയാൾ അവകാശപ്പെട്ടിരുന്നു. ഖലീഫാ അബൂബക്കർ (റ) വിൻെറ കാലത്ത് ഖാലിദുബിൻ വലീദിൻെറ നേതൃത്വത്തിലുള്ള മുസ്‌ലിം സൈന്യവും ബനീ ഹനീഫക്കാരും യമാമക്കു വടക്കുള്ള അഖ്റബാഅ് (عقرباء) -ൽ ഏറ്റുമുട്ടി. ഹിജ്റ 12-ൽ നടന്ന ഈ യുദ്ധത്തിൽ വഹ്ശി, മുസൈലിമയെ കൊന്നു. ഈ ഏറ്റുമുട്ടൽ നടന്ന സ്ഥലം 'മരണത്തിൻെറ തോട്ടം' (حديقة الموت) എന്ന പേരിൽ പിന്നീട് അറിയപ്പെട്ടു.*

*അസ്‌വദുൽ അൻസി (الأسود العنسي) : നബി(സ)യുടെ അവസാന കാലത്ത് യമനിൽ പ്രത്യക്ഷപ്പെട്ട കള്ള പ്രവാചകൻ. വാചാലതയും ഇന്ദ്രജാലങ്ങളും കാട്ടി കുറെ അനുയായികളെ വാർത്തെടുത്തു. യമനിലെന്നപോലെ നജ്റാനിലും ത്വാഇഫിലും ഇയാൾക്ക് വേരോട്ടമുണ്ടായി. സ്വയം ജനനേതാവായി പ്രഖ്യാപിക്കുകയും ചെയ്തു. ഹമദാൻ ഗോത്രത്തിലെ തൻെറ അനുയായികളെയും ഖൈസ് ബിൻ അബൂ യഗുസ്, ഫൈറൂസ് എന്നിവരെയും ഇയാൾക്കെതിരെ റസൂൽ (സ) നിയോഗിച്ചു. അസ്‌വദുൽ അൻസിയുടെ ഭാര്യയുടെ സഹായത്തോടെ ഫൈറൂസ് ഇയാളുടെ വീട്ടിൽ കയറി ഇയാളെ വധിച്ചു. നബി(സ) മരിച്ച അതേ ദിവസം തന്നെയായിരുന്നു വെറും നാലുമാസം മാത്രം പ്രായമായ ഈ കള്ള പ്രവാചകത്വവാദിയുടെയും അന്ത്യമുണ്ടായത്.*

അവൻെറ വലയത്തിൽപെട്ടുപോവുന്നതിൽ മുന്നറിയിപ്പും നൽകിക്കൊണ്ട് ഹദീസിൽ വിശദീകരണങ്ങളുണ്ട്. അല്ലാഹു പറഞ്ഞു: هل انبئكم على من تنزل الشيطن. تنزل على كل افاك اثيم [ആരുടെ മേലാണ് പിശാചുക്കൾ ഇറങ്ങുന്നതെന്ന് ഞാൻ നിങ്ങൾക്ക് അറിയിച്ചു തരട്ടെയോ? പെരും നുണയന്മാരും പാപികളുമായ എല്ലാവരുടെ മേലും അവർ ഇറങ്ങുന്നു. ശുഅറാ: 221, 222]

അപ്പോൾ അത്തരത്തിൽപ്പെട്ട നുണയന്മാരിലാണ് പിശാചുക്കൾ ഇറങ്ങുക എന്നുള്ളതിന് തെളിവാണിത്. അവർക്ക് അല്ലാഹുവിൽ നിന്നാണ് വഹ്‌യ്(ദിവ്യസന്ദേശം) വരുന്നതെന്ന് (പിശാചുക്കൾ) തോന്നിപ്പിക്കുന്നു. പക്ഷേ അല്ലാഹുവിൻെറചര്യ അവൻെറ സൃഷ്ടികളിൽ, സത്യത്തിൻെറ മേൽ വ്യക്തമായി സ്ഥാപിക്കലാകുന്നു. അന്ധവിശ്വാസങ്ങളും അയഥാർഥങ്ങളും തീർച്ചയായും പുറത്തു കാണുകയും ബുദ്ധിമാന്മാർ അത് തിരിച്ചറിയുകയും ചെയ്യും.

## ആറാമത്തെ കാര്യം:

### ഇത്തരം കാര്യങ്ങളിൽ സമുദായത്തിൻെറ കടമ

നബി(സ) കൊണ്ടുവന്നതിൽ അദ്ദേഹത്തെ സത്യപ്പെടുത്തുകയും അദ്ദേഹത്തിൻെറ ദൗത്യത്തിൻെറ കരുത്തിലും അദ്ദേഹത്തെ സത്യമാക്കുകയും ചെയ്യണം എന്ന് നാമറിഞ്ഞു കഴിഞ്ഞാൽ അതാണ് മുഹമ്മദ് അല്ലാഹുവിൻെറ റസൂലാണ് എന്ന സാക്ഷ്യത്തിൻെറ പൊരുൾ. അതോടൊപ്പം തിരുമേനിയെ സത്യപ്പെടുത്തൽ നിർബന്ധമാണെന്നത് പോലെത്തന്നെ ആരാധനയിൽ അദ്ദേഹത്തെ (അദ്ദേഹത്തിൻെറ മാതൃകയെ)

പിൻ പറ്റുകയും വേണം. (ആരാധനകൾ) ഈ ക്രമത്തിലായാൽ പ്രതിഫലാർഹമാണെന്നും അതുപേക്ഷിക്കപ്പെട്ടാൽ ശിക്ഷിക്കപ്പെടുമെന്നും വിശ്വസിക്കുകയും വേണം. ജീവിതത്തിൽ അത് (പ്രവാചകൻെറ മാതൃക) നടപ്പിൽ വരുത്തലും അതുണ്ടെന്ന് ഉറപ്പുവരുത്തലും നമ്മുടെ കടമയിൽ പെട്ടതാണ്. ഖുർആനിലും നബിചര്യയിലും വ്യക്തമായുദ്ധരിക്കപ്പെട്ട കാര്യങ്ങളുടെ പ്രതിഫലനവുമാണത്.

**1** - ഈമാനിൽ പെട്ടതാണ് തിരുമേനി (സ) യെക്കൊണ്ടു വിശ്വാസം. അല്ലാഹുവിലും മാലാഖമാരിലും ഗ്രന്ഥങ്ങളിലും വിശ്വസിക്കാൻ കൽപ്പിക്കപ്പെട്ടതുപോലെ ഇതും അല്ലാഹു കൽപ്പിക്കപ്പെട്ടിട്ടുണ്ട്. (വിശ്വസിച്ചാൽ) ഉത്തമമായ പ്രതിഫലവും ആ (വിശ്വാസം) ഉപേക്ഷിച്ചാൽ വേദനാ ജനകമായ ശിക്ഷയും അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. يآيها الذين آمنوا ءامنوا بالله ورسوله والكتب الذى نزل على رسوله والكتب الذى انزل من قبل ومن يكفر بالله وملئكته وكتبه ورسله واليوم الآخر فقد ضل ضللا بعيدا [ഹേ, വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുവിൻ; അവൻ തൻെറ റസൂലിൻെറ മേൽ അവതരിപ്പിച്ച ഗ്രന്ഥത്തിലും; അവൻ മുമ്പ് ഇറക്കിയിട്ടുള്ള ഗ്രന്ഥത്തിലും (വിശ്വസിക്കുവിൻ). ആർ അല്ലാഹുവിലും അവൻെറ മലക്കുകളിലും അവൻെറ (വേദ) ഗ്രന്ഥങ്ങളിലും അവൻെറ റസൂലുകളിലും അന്ത്യദിനത്തിലും അവിശ്വസിക്കുന്നുവോ അവൻ തീർച്ചയായും വിദൂരമായ വഴിപിഴവു പിഴച്ചു പോയി!- നിസാഅ്: 136] . അല്ലാഹു പറയുന്നു: يآيها الذين آمنوا اتقوا الله وءامنوا برسوله يؤتكم كفلين من رحمته ويجعل لكم نورا تمشون به ويغفر لكم [ഹേ, വിശ്വസിച്ചവരേ! അല്ലാഹുവിനെ സൂക്ഷിക്കുവിൻ. അവൻെറ റസൂലിൽ വിശ്വ

സിക്കുകയും ചെയ്യുവിൻ. (എന്നാൽ ) അവന്റെ കാരുണ്യത്തിൽ നിന്ന് രണ്ടോഹരി അവൻ നിങ്ങൾക്ക് നൽകുന്നതാണ്. നിങ്ങൾക്കു കൊണ്ടു നടക്കുവാനുള്ള ഒരു പ്രകാശം നിങ്ങൾക്കവൻ ഏർപ്പെടുത്തിത്തരുകയും നിങ്ങൾക്കു പൊറുത്തു തരുകയും ചെയ്യും- ഹദീദ് : 28] അല്ലാഹു പറയുന്നു: فأمنوا بالله ورسوله والنور الذى انزلنا [ആകയാൽ അല്ലാഹുവിലും അവന്റെ റസൂലിലും നാം അവതരിപ്പിച്ചിട്ടുള്ള പ്രകാശത്തിലും നിങ്ങൾ വിശ്വസിച്ചു കൊള്ളുക- തഗാബുൻ : 8] അല്ലാഹു പറയുന്നു: فأمنوا بالله ورسوله النبي الأمي الذي يؤمن بالله وكلماته واتبعوه لعلكم تهتدون [ആകയാൽ അല്ലാഹുവിലും അവന്റെ റസൂലിലും നിങ്ങൾ വിശ്വസിക്കുവിൻ;- അതെ- അല്ലാഹുവിലും അവന്റെ വാക്യത്തിലും വിശ്വസിക്കുന്ന 'ഉമ്മിയ്യാ'യ -അക്ഷരജ്ഞാനമില്ലാത്ത-പ്രവാചകൻ. അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ. നിങ്ങൾ നേർമാർഗ്ഗം പ്രാപിച്ചേക്കാം- അഅ്റാഫ്: 158]. അല്ലാഹു പറയുന്നു: ومن لم يؤمن بالله ورسوله فإنا اعتدنا للكافرين سعيرا [അല്ലാഹുവിലും അവന്റെ റസൂലിലും ആർ വിശ്വസിക്കുന്നില്ലയോ, എന്നാൽ -ആ- അവിശ്വാസികൾക്ക് നിശ്ചമായും നാം ജ്വലിക്കുന്ന അഗ്നി ഒരുക്കി വെച്ചിരിക്കുന്നു -ഫത്തഹ്: 13].

ഈ അർഥത്തിലുള്ള വേറെയും വാക്യങ്ങളുണ്ട്. അബീഹുറൈറ(റ) യിൽ നിന്നായി ഇമാം മുസ്‌ലിമും മറ്റും റിപ്പോർട്ടു ചെയ്യുന്നു: റസൂൽ (സ) പറഞ്ഞു: 'ലാ ഇലാഹ ഇല്ലാല്ലാഹ്' എന്നതിനു സാക്ഷിയാവുകയും എന്നെക്കൊണ്ടും ഞാൻ കൊണ്ടു വന്നതു കൊണ്ടും വിശ്വസിക്കുകയും ചെയ്യുന്നത് വരെ ജനങ്ങളുമായി യുദ്ധം ചെയ്യാൻ ഞാൻ കൽപ്പിക്കപ്പെട്ടിരി

ക്കുന്നു. ജിബ്‌രിൽ (അ) മായി ബന്ധപ്പെട്ട പ്രസിദ്ധമായ ഒരു ഹദീസിൽ തിരുമേനി(സ) ഈമാൻ എന്താണെന്ന് വ്യക്തമാക്കുകയും ചെയ്തു. എന്തെന്നാൽ “അത് അല്ലാഹുവിലും അവന്റെ മാലാഖമാരിലും അവന്റെ ഗ്രന്ഥങ്ങളിലും അവന്റെ സന്ദേശവാഹകരിലും അന്ത്യനാളിലും ഗുണവും ദോഷവുമായുള്ള വിധിയിലും വിശ്വസിക്കലാണ്”. തിരുമേനി (സ)യിൽ വിശ്വസിക്കുക എന്നതു വഴി അവിടുന്ന് കൊണ്ടു വന്നതിനെ സത്യപ്പെടുത്തേണ്ടതും ആ സന്ദേശത്തിന്റെ അന്യൂനതയിൽ വിശ്വസിക്കേണ്ടതും നിർബന്ധമാണെന്ന കാര്യത്തിൽ തീരെ സംശയിക്കേണ്ടതില്ലല്ലോ... യഥാർഥത്തിൽ ഈമാൻ എന്നത് “മനസ്സുകൊണ്ടുറപ്പിക്കലും വിഷയത്തിന്റെ അന്യൂനതയിൽ സംതൃപ്തി ഉണ്ടാവലു”മാണ്. പിന്നെ ആ അറിവും വിശ്വാസവും സംബന്ധിച്ച് സംസാരിക്കലാണ്. പിന്നെ അതാവശ്യപ്പെടുന്ന രീതിയിലുള്ള കർമ്മത്തിലൂടെ അതിനെ ഉറപ്പാക്കലാണ്. ഇങ്ങനെ ഒരുമിച്ചു കൂടുമ്പോഴാണ് ഈമാൻ (ഒരാളിൽ) പൂർത്തിയാവുന്നത്. ഇത് വിജയത്തിലേക്കുള്ള മാധ്യമമായി പരിഗണിക്കുകയും ചെയ്യും. ഇതിനു വിരുദ്ധമായ രൂപത്തിൽ മനസ്സിലുറപ്പിച്ചാൽ സാക്ഷ്യത്തിന്റെ സാന്നിധ്യം തന്നെ അതു ദുർബ്ബലമാക്കി. (സാക്ഷ്യത്തെ)മൊഴിഞ്ഞാൽ അതു പ്രയോജനപ്പെടാതാവുകയും ചെയ്തു. ഇതാവട്ടെ, കപടവിശ്വാസികളെ അല്ലാഹു കളവാക്കിയതിന് തെളിവുമാണ്. അല്ലാഹു പറയുന്നു: اذاجاءك المنفقون قالوا نشهد انك لرسول الله والله يعلم انك لرسوله والله يشهد ان المنفقين لكذبون ] -നബിയെ- കപട വിശ്വാസികൾ താങ്കളുടെ അടുക്കൽ വരുമ്പോൾ അവർ പറയും: ‘താങ്കൾ അല്ലാഹുവിന്റെ റസൂൽ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു’ എന്ന്. അല്ലാഹുവിനറിയാം,

താങ്കൾ അവൻെറ റസൂൽ തന്നെ എന്ന്. തീർച്ചയായും കപടവിശ്വാസികൾ കളവു പറയുന്നവരാണെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തുന്നു- മുനാഫിഖൂൻ:1].

**2-** നബി(സ)യെ അനുസരിക്കുകയെന്നതും (ഈമാനിൻെറ) കാര്യത്തിൽപെട്ടതാണ്. അവിടുത്തെ ധിക്കരിച്ചു പോവുന്നതിനെ സൂക്ഷിക്കേണ്ടതുമാണ്. തിരുമേനി(സ)യെ അനുസരിക്കുക എന്നത് ഈമാനിൻെറ അടയാളത്തിൽ പെട്ടതാണെന്ന കാര്യത്തിൽ സംശയമില്ല. തിരുമേനി(സ) യെ ഉറപ്പിച്ചു വിശ്വസിക്കുക എന്നാൽ യഥാർഥത്തിൽ അല്ലാഹുവിൽ നിന്ന് (നബി (സ) നമുക്ക്) എത്തിച്ചുതന്നതിൽ തിരുമേനിയെ (പൂർണ്ണമായും) അനുസരിക്കുക എന്നാണ്. ഏതൊരാൾ ഇതിൽ അല്ലെങ്കിൽ ഇതിൽപെട്ട ഏതെങ്കിലും കാര്യത്തിൽ അവഗണനയോ പിടിവാശിയോ മൂലം വിരുദ്ധനായാൽ തിരുമേനി(സ) കൊണ്ടു വന്ന സന്ദേശത്തിലുള്ള അവൻെറ സാക്ഷ്യത്തിൽ അവൻ സത്യവാനല്ല. വിശുദ്ധ ഖുർആനിൽ ഒട്ടേറെ സ്ഥലങ്ങളിൽ റസൂൽ (സ)യെ അനുസരിക്കാൻ അല്ലാഹു കൽപ്പിച്ചുണ്ട്. അല്ലാഹു പറയുന്നു: يآيها الذين آمنوا اطيعوا الله واطيعوا الرسول واولى الامر منكم فإن تنزعتم في شيئ فردوه الي الله والرسول ان كنتم تؤمنون بالله واليوم الآخر[ഹേ, വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. റസൂലിനെയും നിങ്ങളിൽ നിന്നുള്ള അധികാരസ്ഥന്മാരെയും അനുസരിക്കുവിൻ. എന്നാൽ വല്ല കാര്യത്തിലും നിങ്ങൾ പരസ്പരം (ഭിന്നിച്ച്) പിണക്കമുണ്ടായാൽ അതിനെ നിങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കിക്കൊള്ളുവിൻ; നിങ്ങൾ അല്ലാഹുവിലും അന്ത്യനാളിലും വിശ്വസിക്കുന്നുവെങ്കിൽ -നിസാഅ്: 59] അല്ലാ

ഹു പറയുന്നു: واطيعوا الله واطيعوا الرسول واحذروا فإن توليتم فاعلموا انما على رسولنا البلاغ المبين[നിങ്ങൾ അല്ലാഹുവിനെ അനുസരിക്കുവിൻ. റസൂലിനെയും അനുസരിക്കുവിൻ. (അനുസരണക്കേട്) കാത്തുകൊള്ളുകയും ചെയ്യുവിൻ. ഇനി, നിങ്ങൾ തിരിഞ്ഞു കളയുകയാണെങ്കിൽ, വ്യക്തമായ പ്രബോധനം മാത്രമാണ് നമ്മുടെ റസൂലിന്ന് (ബാധ്യത) ഉള്ളതെന്ന് നിങ്ങൾ അറിഞ്ഞുകൊള്ളണം.മാഇദ: 92]. അല്ലാഹു പറയുന്നു: قل اطيعوا الله واطيعوا الرسول فان تولوا فإنما عليه ماحمل وعليكم ما حملتم وان تطيعوه تهتدوا[പറയുക: നിങ്ങൾ അല്ലാഹുവിനെയും റസൂലിനെയും അനുസരിച്ചു കൊള്ളുവിൻ. എന്നാൽ നിങ്ങൾ പിന്മാറുകയാണെങ്കിലോ! അദ്ദേഹം (റസൂൽ) ചുമതലപ്പെട്ടതുമാത്രമായിരിക്കും അദ്ദേഹത്തിൻെറ പേരിൽ (ബാധ്യത) ഉണ്ടായിരിക്കുക; നിങ്ങൾ ചുമതലപ്പെട്ടത് നിങ്ങളുടെ പേരിൽ തന്നെ (ബാധകവും) ആയിരിക്കും. നിങ്ങൾ അദ്ദേഹത്തെ അനുസരിക്കുകയാണെങ്കിൽ നിങ്ങൾ സന്മാർഗ്ഗം പ്രാപിക്കുന്നതാണ്- നൂർ: 54]ഇതേ അർഥത്തിൽതന്നെ അല്ലാഹു പറയുന്നു: وماآتكم الرسول فخذوه وما نهكم عنه فانتهوا [റസൂൽ നിങ്ങൾക്ക് (കൊണ്ടു) തന്നതെന്തോ അത നിങ്ങൾ സ്വീകരിച്ചുകൊള്ളുക. അദ്ദേഹം നിങ്ങളോട് എന്തിനെക്കുറിച്ച് വിരോധിച്ചുവോ (അതിൽനിന്ന്) വിരമിക്കുകയും ചെയ്യുക-ഹശ്ർ:7]

എന്നാൽ തിരുമേനി (സ)യെ അനുസരിക്കുക വഴി ഉൽകൃഷ്ടമായ പ്രതിഫലമാണ് ഒരുക്കിവെച്ചിട്ടുള്ളത്. അല്ലാഹു പറയുന്നു: واطيعوا الرسول لعلكم ترحمون [റസൂലിനെ അനുസരിക്കുകയും ചെയ്യുവിൻ. നിങ്ങൾക്ക് കരുണ ചെയ്യപ്പെടാനാ

യി -നൂർ : 56] അല്ലാഹു പറയുന്നു: ومن يطع الله ورسوله فقد فاز فوزا عظيما [അല്ലാഹുവിനെയും അവന്റെ റസൂലിനെയും ആര് അനുസരിക്കുന്നുവോ അവൻ തീർച്ചയായും വമ്പിച്ച ഭാഗ്യം പ്രാപിച്ചു- അഹ്സാബ്: 71]

ധിക്കരിച്ചാലുള്ള കഠിനമായ ശിക്ഷയെക്കുറിച്ച വാഗ്ദാനവും അപ്രകാരം തന്നെ. അല്ലാഹു പറയുന്നു: ومن يطع الله ورسوله يدخله جنت تجرى من تحتها الانهار خلدين فيها وذلك الفوز العظيم ومن يعص الله ورسوله ويتعد حدوده يدخله نارا خلدا فيها وله عذاب مهين [അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നവരാരോ അവരെ, അടിഭാഗത്തിലൂടെ അരുവികളൊഴുകിക്കൊണ്ടിരിക്കുന്ന സ്വർഗ്ഗങ്ങളിൽ അവൻ പ്രവേശിപ്പിക്കുന്നതാണ്. അതിൽ (അവർ) നിത്യവാസികളായിക്കൊണ്ട്. അതത്രെ വമ്പിച്ച നേട്ടം! അല്ലാഹുവിനോടും അവന്റെ റസൂലിനോടും അനുസരണക്കേട് കാട്ടുകയും അവന്റെ (നിയമ) അതിർത്തികൾ വിട്ടു കടക്കുകയും ചെയ്തവനാരോ അവനെ അവൻ (അല്ലാഹു) അഗ്നിയിൽ പ്രവേശിപ്പിക്കും; അതിൽ (അവൻ) നിത്യവാസിയായിക്കൊണ്ട്. നിന്ദ്യമായ ശിക്ഷയും അവന്നുണ്ടായിരിക്കും-നിസാഅ്: 13, 14]

നരകവാസികൾ പറയുന്ന വിവരണവും നോക്കൂ.....

يليتنا اطعنا الله واطعنا الرسولا [ഹാ! ഞങ്ങൾ അല്ലാഹുവിനെ അനുസരിക്കുകയും റസൂലിനെ അനുസരിക്കുകയും ചെയ്തിരിക്കുന്നുവെങ്കിൽ (എത്ര) നന്നായേനെ! -അഹ്സാബ്: 66]

അബീ ഹുറൈറ(റ) യിൽ നിന്ന്: നബി (സ) പറഞ്ഞു: എന്നെ അനുസരിച്ചവനാരോ അവൻ അല്ലാഹുവിനെ അനുസരിച്ചവനായി. എന്നെ ധിക്കരിച്ചവനാരോ അവൻ അല്ലാഹു

വിനെ ധിക്കരിച്ചവനുമായി (ബുഖാരി). ഇതിന്നർഥം നബി തിരുമേനി (സ) ക്ക് ദിവ്യസന്ദേശം നൽകപ്പെട്ട കാര്യമാണ് അവിടുന്ന് കൽപിക്കുന്നത് എന്നാണ്. അവിടുത്തെ അനുസരിക്കൽ അപ്രകാരം തിരുമേനി (സ)യുടെ റബ്ബിനെ അനുസരിക്കലായിത്തീരുന്നു. അല്ലാഹു പറയുന്നു: من يطع الرسول فقد اطاع الله ومن تولى فما ارسلنك عليهم حفيظا [റസൂലിനെ അനുസരിക്കുന്നവനാരോ അവൻ തീർച്ചയായും അല്ലാഹുവിനെ അനുസരിച്ചു. ആരെങ്കിലും(അനുസരിക്കാതെ) തിരിഞ്ഞുകളയുന്ന പക്ഷം (നബിയേ) അവരുടെമേൽ കാവൽകാരനായി നിന്നെ നാം അയച്ചിട്ടില്ല- നിസാഅ്: 80]

അബീഹുറൈറ(റ) പറഞ്ഞതായി ഇമാം ബുഖാരി റിപ്പേർട്ട് ചെയ്യുന്നു: നബി(സ) പറഞ്ഞു: “എല്ലാ ജനങ്ങളും സ്വർഗ്ഗത്തിൽ പ്രവേശിക്കും; വിസമ്മതിച്ചവർ ഒഴികെ”. അവർ ചോദിച്ചു.:“വിസമ്മതിച്ചവരാകുന്നത് എങ്ങനെയാണ് അല്ലാഹുവിൻെറ പ്രവാചകരേ?” തിരുമേനി (സ) പറഞ്ഞു: “എന്നെ അനുസരിച്ചവനാരോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. എന്നെ ധിക്കരിച്ചവനാരോ അവൻ വിസമ്മതിച്ചവനുമായി”.

തിരുമേനി (സ) കൽപ്പിച്ചതനുസരിച്ച് പ്രവർത്തിക്കലും അവിടുന്ന് വിരോധിച്ചതിൽ നിന്നുവിട്ടു നിൽക്കലുമാണ് തിരുമേനിയെ അനുസരിക്കൽ എന്നതിൽ സംശയില്ല. അതോടൊപ്പം അവിടുന്ന് കൊണ്ടു വന്നതെന്തോ അത് സ്വീകരിക്കുകയും വേണം. അദ്ദേഹം വിധിച്ചതിൽ തൃപ്തിപ്പെടലും തിരുമേനി (സ) വിധിച്ചതിനെ എതിർക്കാതിരിക്കലും വൈമുഖ്യം കാട്ടാതിരിക്കലും അതിനെ പൂർണ്ണമായി അനുസരിക്കലുമാണ് അത്.

**3-** തിരുമേനി (സ)യെ പിൻപറ്റലും അവിടുത്തെ ചര്യ പകർത്തലും ഉമ്മത്തിൻെറ (സമൂഹത്തിൻെറ) ഉത്തരവാദിത്വത്തിൽപെട്ടതാണ്. അതിൻമേൽ അല്ലാഹു സൻമാർഗ്ഗവും പാപമോചനവും ക്രമീകരിച്ചിട്ടുണ്ട്. ആ പിൻപറ്റലിനെ അല്ലാഹുവോടുള്ള യഥാർഥ സ്നേഹത്തിൻെറ പ്രതിരൂപമാക്കി. അല്ലാഹു പറയുന്നു: واتبعوه لعلكم تهتدون [അദ്ദേഹത്തെ പിൻപറ്റുകയും ചെയ്യുവിൻ. നിങ്ങൾ നേർമാർഗ്ഗം പ്രാപിച്ചേക്കാം. അഅ്റാഫ്: 158] ഞങ്ങൾ അല്ലാഹുവിൻെറ മക്കളും അവൻെറ പ്രിയങ്കരരുമാണെന്ന് ജൂതരും ക്രിസ്താനികളും അവകാശപ്പെട്ടുകൊണ്ടിരുന്നപ്പോഴാണ് സ്നേഹത്തിൻെറ ആയത്ത് (വാക്യം) ഇറങ്ങിയത്. അല്ലാഹു പറയുന്നു: قل ان كنتم تحبون الله فاتبعوني يحببكم الله ويغفر لكم ذنوبكم والله غفور رحيم. قل اطيعوا الله والرسول فإن تولوا فإن الله لايحب الكافرين [പറയുക: നിങ്ങൾ അല്ലാഹുവിനെ സ്നേഹിക്കുന്നുവെങ്കിൽ എന്നെ നിങ്ങൾ പിൻപറ്റുവിൻ, (എന്നാൽ ) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങൾ നിങ്ങൾക്കു പൊറുത്തു തരികയും ചെയ്യും. അല്ലാഹു വളരെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു. പറയുക: 'അല്ലാഹുവിനെയും റസൂലിനെയും നിങ്ങൾ അനുസരിക്കുവിൻ'. എന്നിട്ട് അവർ തിരിഞ്ഞു കളയുന്ന പക്ഷം, നിശ്ചയമായും അല്ലാഹു (ആ) അവിശ്വാസികളെ സ്നേഹിക്കുന്നതല്ല- ആലു ഇംറാൻ: 31, 32]. അല്ലാഹു പറയുന്നു: لقد كان لكم في رسول الله اسوة حسنة لمن كان يرجوا الله واليوم الاخر وذكر الله كثيرا [തീർച്ചയായും നിങ്ങൾക്ക് അല്ലാഹുവിൻെറ റസൂലിൽ ഉത്തമ മാതൃകയുണ്ടായിട്ടുണ്ട്. അതായത് അല്ലാഹുവിനെയും അന്ത്യനാളിനെയും പ്രതീക്ഷിച്ച് (ഭയപ്പെട്ടു)

കൊണ്ടിരിക്കുകയും അല്ലാഹുവിനെ ധാരാളം ഓർമ്മിക്കുകയും ചെയ്യുന്നവർക്ക് -അഹ്സാബ്: 21].

തങ്ങളെ സൃഷ്ടിക്കുകയും തങ്ങളുടെ മേൽ അനുഗ്രഹം ചൊരിയുകയും ചെയ്ത തങ്ങളുടെ റബ്ബിനോടുള്ള സ്നേഹം അടിമകൾക്ക് നിർബന്ധമാണെന്ന കാര്യത്തിൽ സംശയമില്ല. പക്ഷെ ആ സ്നേഹവും അതിൻെറ സ്വീകാര്യതയും വന്നു ചേരുന്നത് ഈ പുണ്യപ്രവാചകനെ (സ) പിന്തുടരുന്നതിനെ ആശ്രയിച്ചാണ്. തിരുമേനിയെ പിന്തുടരുന്നവന്ന് അല്ലാഹുവിൻെറ സ്നേഹവും പാപമോചനവും പ്രതിഫലമായി ഒരുക്കി വെച്ചിട്ടുണ്ട്. പക്ഷേ ഈ പിൻപറ്റലിൻെറ അടയാളം, തിരുമേനി (സ)യെ അനുകരിക്കലും അദ്ദേഹത്തിൻെറ പാതയിലൂടെ സഞ്ചരിക്കലുമാണ്. അവിടുത്തെ സ്വഭാവവും കർമ്മങ്ങളും ബാന്ധവങ്ങളും പകർത്തലും തിരുമേനി(സ) തടഞ്ഞവയിൽ നിന്നെല്ലാം വിട്ടുനിൽക്കലുമാണ്. നബി(സ)യെ ധിക്കരിക്കുന്നത് സംബന്ധിച്ച താക്കീതും നൽകിയിട്ടുണ്ട്. തിരുമേനി (സ)യെ ധിക്കരിക്കുന്നതിൻെറ പര്യവസാനം നബിചര്യയിൽ നിന്ന് പുറത്തു പോവലാണല്ലോ...... നബി(സ)യിൽ നിന്ന് സ്ഥിരീകരിച്ചതു പോലെ, അവിടുന്ന് പറഞ്ഞു: “എൻെറ ചര്യയെ വിട്ടുകളഞ്ഞവനാരോ അവൻ എന്നിൽ പെട്ടവനല്ല”. (ബുഖാരി)

**4-** മനസ്സുകൊണ്ടും മർമ്മം കൊണ്ടുമുള്ള അവൻെറ നിഷ്കളങ്ക സ്നേഹത്തിൽപ്പെട്ടതാണ് മറ്റെല്ലാറ്റിലുമുപരിയായി അതിനെ (ആ സ്നേഹത്തെ) സമർപ്പിക്കുക എന്നത്. അല്ലാഹു പറയുന്നു: قل ان كـان اباؤكم وابناؤكم واخـوانكم وازواجكم وعـشـيـرتكم واموال اقترفتموها وتجرة تخشون كسادها ومسكن

ترضونها احب اليكم من الله ورسوله وجهاد في سبيله فتربصوا حتى يأتي الله بأمره والله لا يهدى القوم الفسقين] ((നബി യെ) പറയുക: നിങ്ങളുടെ പിതാക്കളും നിങ്ങളുടെ പുത്രന്മാരും നിങ്ങളുടെ സഹോദരങ്ങളും നിങ്ങളുടെ ഇണകളും നിങ്ങളുടെ ബന്ധുകുടുംബാദികളും നിങ്ങൾ സമ്പാദിച്ചുണ്ടാക്കിയ സ്വത്തുക്കളും നിങ്ങൾ വിലയിടിവ് (ചിലവാകായ്ക) ഭയക്കുന്ന കച്ചവടവും നിങ്ങളുടെ പ്രിയപ്പെട്ട പാർപ്പിടങ്ങളുമാണ് അല്ലാഹുവിനെ (ക്കാളേറെ)യും അവൻെറ റസൂലിനെ (ക്കാളേറെ)യും അവൻെറ മാർഗ്ഗത്തിൽ സമരം ചെയ്യുന്നതിനെക്കാളേറെയും നിങ്ങൾക്കു പ്രിയങ്കരമെങ്കിൽ, എന്നാൽ അല്ലാഹു അവൻെറ കൽപനയും കൊണ്ട് വരുന്നതുവരെ നിങ്ങൾ കാത്തിരിക്കുവിൻ! അല്ലാഹു ദുർന്നടപ്പുകാരായ ജനങ്ങളെ സൻമാർഗ്ഗത്തിലാക്കുകകയില്ല- തൗബ: 24]. ജീവിതത്തിൽ സാധാരണഗതിയിൽ സ്വാധീനം ചെലുത്തുന്നതും അതിലേക്കു മനസ്സു വിധേയമായിപ്പോവുന്നതുമായ ഈ എട്ടു കാര്യങ്ങളിൽ ഏതെ ങ്കിലും ഒന്നിന്ന്, അല്ലാഹുവിനെയും അവൻെറ പ്രവാചകനെയും സ്നേഹിക്കുന്നതിനേക്കാൾ പ്രാധാന്യം നൽകന്നതിനെ അല്ലാഹു എത്രമാത്രം അധിക്ഷേപിച്ചു വെന്ന് നോക്കൂ....

"فتربصوا" എന്നു പറഞ്ഞു കൊണ്ടാണ് അവരെ ഭീതിപ്പെടുത്തുന്നത്. അഥവാ അല്ലാഹുവിൻെറ കൽപന കാത്തിരുന്നു കൊള്ളുക എന്ന്! അവൻ ശിക്ഷയിറക്കും എന്നുള്ള, അവൻെറ അനിഷ്ടത്തിൻെറയും കോപത്തിൻെറയും അടയാളമാണത്. അല്ലാഹുവിനെയും അവൻെറ റസൂലി(സ)നെയും സ്നേഹിക്കൽ നിർബന്ധമാണ് എന്നതിലുള്ള സമ്പൂർണ്ണ തെളിവും ഇതിലുണ്ട്. നബി (സ) യുടെ ചര്യയിലൂടെ അതുറപ്പിക്കുകയും ചെയ്തിട്ടുണ്ട്. അനസ്(റ) പറഞ്ഞ നബി(സ)യുടെ വാ

ക്കുകൾ പോലെ: "മൂന്ന് കാര്യങ്ങൾ ആരിലെങ്കിലുമുണ്ടായാൽ അയാൾ ഈമാനിൻെറ മാധുര്യം അനുഭവിക്കുന്നതാണ്. മറ്റാരോടുമുള്ളതിനേക്കാൾ സ്നേഹം അല്ലാഹുവിനോടും അവൻെറ റസൂലിനോടുമായിരിക്കുക. ആരെയെങ്കിലും സ്നേഹിക്കുകയാണെങ്കിൽ അത് അല്ലാഹുവിന്ന് വേണ്ടിയായിരിക്കുക. കുഫ്റിൽ നിന്ന് (അവിശ്വാസത്തിൽ നിന്ന്) അല്ലാഹു രക്ഷപ്പെടുത്തിയ ശേഷം അതിലേക്ക് തിരിച്ചു പോവുന്നത് തീയിലെറിയുന്നതിക്കാൾ അസഹ്യമായിത്തോന്നുക" (ബുഖാരി, മുസ്ലിം).

അനസ് (റ) വീണ്ടും ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: "തൻെറ പിതാവിനേക്കാളും പുത്രനേക്കാളും മുഴുവൻ മനുഷ്യരേക്കാളും പ്രിയങ്കരൻ ഞാനായിത്തീരുന്നതുവരെ നിങ്ങളിലൊരാളും യഥാർഥ വിശ്വാസിയാവുകയില്ല" (ബുഖാരി, മുസ്ലിം)

"അല്ലാഹുവാണെ, എന്നെയൊഴിച്ച് മറ്റെല്ലാറ്റിനേക്കാളും എനിക്ക് പ്രിയങ്കരൻ താങ്കളാണ്" എന്ന് ഉമർ (റ) തിരുമേനി (സ)യോട് പറഞ്ഞപ്പോൾ അവിടുന്ന് പറഞ്ഞു: "ഇല്ല ഉമറേ...., താങ്കൾക്ക് താങ്കളേക്കാൾ പ്രിയങ്കരൻ ഞാനാകുന്നതുവരെ (ആയിട്ടില്ല)". അപ്പോഴദ്ദേഹം പറഞ്ഞു: "അല്ലാഹുവാണെ, എല്ലാറ്റിനേക്കാളും എന്നെക്കാൾ പോലും എനിക്ക് പ്രിയങ്കരൻ താങ്കളാണ്". അപ്പോൾ തിരുമേനി (സ) പറഞ്ഞു: "ഉമറേ..., ഇപ്പോൾ (താങ്കൾ യഥാർഥ സത്യവിശ്വാസ) ആയി" (ബുഖാരി).

റസൂൽ (സ)യെ സ്നേഹിച്ചവന്നുള്ള പുണ്യം പരലോകത്ത് അവൻ തിരുമേനി (സ) യോടൊപ്പം ഒരുമിച്ചുചേരും എന്നാ

ണെന്ന് ഹദീസിൽ ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അന്ത്യനാളിനെക്കുറിച്ച് ഒരാൾ തിരുമേനി(സ)യോട് ചോദിച്ചപ്പോൾ നബി(സ)ചോദിച്ചു: "നിങ്ങളെന്താണ് അതിന്നുവേണ്ടി ഒരുക്കിവെച്ചിട്ടുള്ളത്?" അയാൾ പറഞ്ഞു: "ഞാനൊന്നും ഒരുക്കി വെച്ചിട്ടില്ല; അല്ലാഹുവിനോടും അവൻെറ ദൂതനോടുമുള്ള സ്നേഹമല്ലാതെ." തിരുമേനി(സ) പ്രതിവചിച്ചു: "എന്നാൽ നീ, നീ സ്നേഹിച്ചവരോടൊപ്പമാകുന്നു".(ബുഖാരി) . നബി(സ) പറഞ്ഞതായി ഇബ്നു മസ്ഊദ് (റ)ൽനിന്ന് ഉദ്ധരിക്കുന്നു: "ഒരാൾ, അയാൾ സ്നേഹിച്ചവന്നൊപ്പമാണ്" (ബുഖാരി, മുസ്ലിം)

ഈ ഇഷ്ടത്തിന്നുള്ള പ്രതിഫലവും പുണ്യവും എത്ര മഹത്തരമാണ്! തിരുമേനി (സ)യെ അനുകരിക്കലും അവിടുത്തെ രീതികൾ കൊണ്ട് സംസ്കാരസമ്പന്നനാവലും, എല്ലാ ഓരോ വ്യക്തിയുടെ താൽപര്യത്തേക്കാളും അയാൾ തന്നോട് എത്ര അടുത്തവനായാലും ശരി, തിരുമേനി (സ) യുടെ ചര്യക്ക് പ്രാമുഖ്യം നൽകലുമാണ് യഥാർഥ സ്നേഹത്തിൻെറ അനിവാര്യഫലം. അപ്രകാരം അദ്ദേഹം സ്നേഹിച്ചവരെയും അവിടുത്തെ മിത്രങ്ങളെയും സ്നേഹിക്കലും അദ്ദേഹം വെറുത്തവരേയും അവിടുത്തെ ശത്രുക്കളെയും അവർ ഏറ്റവും അടുത്ത ആളുകളായാൽ പോലും വെറുക്കലും നിർബന്ധമാണ്. ഏതൊരാൾ ഇത് പൂർത്തിയാക്കിയോ അയാൾ ഈ സ്നേഹത്തിൽ ആത്മാർഥതയുള്ളവനായി. ആര് ഇതിന് വിരുദ്ധമായോ അല്ലെങ്കിൽ ഇതിൽനിന്ന് (ഈ പറഞ്ഞതിൽനിന്ന്) വല്ലതും കുറവു വരുത്തിയോ അതിൻെറ അളവനുസരിച്ച് അയാളുടെ സ്നേഹത്തിലും അയാൾ കുറവു വരുത്തി.

**5-** നബി(സ) യെ ബഹുമാനിക്കുക, ആദരിക്കുക,

സഹായിക്കുക എന്നിവയും ഇതിൽപെട്ടതു തന്നെ. അല്ലാഹു പറഞ്ഞതുപോലെ: لتؤمنوا بالله ورسوله وتعزروه وتوقروه [നിങ്ങൾ അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുകയും അദ്ദേഹത്തെ (ദൈവദൂതനെ ബഹുമാനപ്പൂർവ്വം) പിന്തുണച്ചു സഹായിക്കുകയും (സഗൗരവം) ആദരിക്കുകയും ചെയ്യുവാൻ (വേണ്ടിയാണത്) -ഫത്ഹ് : 9]. അല്ലാഹു പറയുന്നു: يآيها الذين امنوا لا تقدموا بين يدى الله ورسوله واتقوا الله ان الله سميع عليم . يآيها الذين آمنوا لاترفعوا اصواتكم فوق صوت النبي ولاتجهروا له بالقول كجهر بعضكم لبعض ان تحبط اعملكم وانتم لا تشعرون . ان الذين يغضون أصواتهم عند رسول الله اولئك الذين امتحن الله قلوبهم للتقوى لهم مغفرة واجر عظيم [ഹേ, വിശ്വസിച്ചവരേ! നിങ്ങൾ അല്ലാഹുവിനെയും അവൻെറ ദൂതനെയും മുൻകടക്കാതിരിക്കുവിൻ. നിങ്ങൾ അല്ലാഹുവിനെ സൂക്ഷിക്കുവിൻ. നിശ്ചയമായും അല്ലാഹു (എല്ലാം) കേൾക്കുന്നവനാണ്, അറിയുന്നവനാണ്. അല്ലയോ വിശ്വസിച്ചവരേ! നിങ്ങളുടെ ശബ്ദം പ്രവാചകൻെറ ശബ്ദത്തേക്കാൾ ഉയർത്തരുത്. നിങ്ങളിൽ ചിലർ ചിലരോട് ഉച്ചത്തിൽ പറയുന്നത് പോലെ അദ്ദേഹത്തോട്(പറയുന്ന) വാക്ക് ഉച്ചത്തിലാക്കുകയുമരുത്. നിങ്ങളുടെ കർമ്മങ്ങൾ നിങ്ങളറിയുക പോലും ചെയ്യാതെ ഫലശൂന്യമായിപ്പോയേക്കുമെന്നത് കൊണ്ടത്രെ(ഇത്). നിശ്ചയമായും ദൈവദൂതൻെറ സന്നിധിയിൽ ശബ്ദമടക്കി സംസാരിക്കുന്നവരാരോ അവരുടെ ഹൃദയങ്ങളെ ഭയ-ഭക്തിക്കു വേണ്ടി അല്ലാഹു പരീക്ഷിച്ചിരിക്കുന്നു. അവർക്ക് പാപമുക്തിയും മഹത്തായ പ്രതിഫലവുമുണ്ട്-ഹുജുറാത്ത് 1, 2, 3].

തിരുമേനി(സ) കൊണ്ടു വന്നതിന്നു വിരുദ്ധമാകുന്ന വീക്ഷണങ്ങളും അഭിപ്രായങ്ങളും കൊണ്ട് തിരുദൂതരെ മുൻകടക്കുന്നതിൽനിന്നും അങ്ങനെ അവരെ തടഞ്ഞു. അദ്ദേഹത്തിൻെറ സാന്നിദ്ധ്യത്തിൽ ശബ്ദമുയർത്തുന്നതിൽ നിന്നും അഥവാ നീതിപൂർവ്വകമല്ലാതെ തിരുമേനിയോട് ഉച്ചത്തിൽ സംസാരിക്കുന്നതിൽനിന്നും അവരെ തടഞ്ഞു. ഇത് മൂലം അവരുടെ കർമ്മങ്ങൾ ഫലശൂന്യമായിപ്പോവും എന്ന് അവർക്ക് മുന്നറിയിപ്പ് നൽകുകയും ചെയ്തു. അല്ലാഹു പറയുന്നു: لا تجعلوا دعاء الرسول بينكم كدعاء بعضكم بعضا [നിങ്ങൾക്കിടയിൽ വെച്ച് റസൂലിനെ വിളിക്കുന്നത് നിങ്ങളിൽ ചിലർ ചിലരെ (പരസ്പരം) വിളിക്കുന്നതുപോലെയാക്കരുത്-നൂർ:63]അഥവാ നിങ്ങൾ പരസ്പരം വിളിക്കുന്നത് പോലെ തിരുമേനിയെ പേരെടുത്തു വിളിക്കരുത്. പകരം യാ നബിയ്യ ല്ലാഹ്, യാ റസൂലല്ലാഹ്(അല്ലാഹുവിൻെറ നബിയെ, അല്ലാഹുവിൻെറ ദൂതരെ) എന്നിങ്ങനെ അദ്ദേഹത്തെ തിരിച്ചറിയുന്നതെന്ത് കൊണ്ടോ അത് കൊണ്ട് അദ്ദേഹത്തെ വിളിക്കുക. ഇത് ഉൽകൃഷ്ടതയിലും ഔന്നിത്യത്തിലും അല്ലാഹു അദ്ദേഹത്തെ പ്രത്യേകമാക്കിയത് കൊണ്ടാണ്. അദ്ദേഹത്തെ ബഹുമാനിക്കുന്നതിലും പിന്തുണക്കുന്നതിലും സഗൗരവം ആദരിക്കുന്നതിലും പ്രവാചകചര്യയെ ഉൽകൃഷ്ടമാക്കലാണത്. അദ്ദേഹത്തെ പിൻപറ്റുന്നവർക്കിടയിൽ തിരുമേനി (സ)യുടെ സ്ഥാനത്തെ ഉയർത്തലുമാണത്. തന്മൂലം നബി തിരുമേനി (സ)യെ പിൻപറ്റുക, അവിടുത്തെ കല്പന അനുസരിക്കുക, അവിടുന്ന് വിരോധിച്ചതിൽ നിന്നകന്ന് നിൽക്കുക എന്നിവയൊക്കെ വന്നു ചേരുകയും ചെയ്യും.

**6-** പരസ്പരം വിധി തീർപ്പിന് തിരുദൂതരിലേക്ക് മടക്കലും അദ്ദേഹത്തിൻെറ വിധിയിൽ തൃപ്തിപ്പെടലും അ

ദ്ദേഹത്തെ ഖണ്ഡിക്കാതിരിക്കലും നിർബന്ധമാണ് എന്നതും അതിൽ പെട്ടതു തന്നെ. അല്ലാഹു പറയുന്നു: فان تنٰزعتم في شيئ فردوه الى الله والرسول [എന്നാൽ വല്ല കാര്യത്തിലും നിങ്ങൾ പരസ്പരം ഭിന്നിച്ചാൽ അതിനെ നിങ്ങൾ അല്ലാഹുവിലേക്കും റസൂലിലേക്കും മടക്കുവിൻ. നിസാഅ്: 59] അല്ലാഹു പറയുന്നു: فليحذر الذين يخالفون عن امره ان تصيبهم فتنة او يصيبهم عذاب اليم [അതുകൊണ്ട് അദ്ദേഹത്തിൻെറ കൽപ്പനലംഘിക്കുന്നവർ, അവർക്ക് വല്ല വിപത്തും വന്നു ചേരുകയോ അല്ലെങ്കിൽ വേദനയേറിയ ശിക്ഷ ബാധിക്കുകയോ ചെയ്യുന്നത് കരുതിക്കൊള്ളട്ടെ- നൂർ: 63] അല്ലാഹു പറയുന്നു: فلاوربك لا يومنون حتى يحكموك فيما شجر بينهم ثم لا يجدوا في انفسهم حرجا مما قضيت ويسلموا تسليما [എന്നാൽ ഇല്ല (നബിയെ) താങ്കളുടെ നാഥനാണെ, (സത്യം) അവർക്കിടയിലുള്ള തർക്കങ്ങളിൽ താങ്കളെ അവർ വിധികർത്താവായി സ്വീകരിക്കുന്നതുവരേക്കും എന്നിട്ട് താങ്കളുടെ വിധിതീർപ്പിൽ അവർക്ക് മനഃപ്രയാസം തോന്നാതിരിക്കുകയും ഒരു കീഴൊതുക്കം ഒതുങ്ങുകയും (സർവ്വാത്മനാ സമ്മതിക്കുകയും ചെയ്യുന്നത്വരേക്കും) അവർ വിശ്വസിക്കുകയില്ല (അവർ വിശ്വാസികളാവുകയില്ല)- നിസാഅ്: 65].

തിരുമേനി (സ) ക്കുശേഷം മടക്കവും വിധിതേടലുംനബി (സ)യുടെ ചര്യയിലേക്കായിരിക്കുംഎന്ന കാര്യത്തിൽ സമുദായം യോജിച്ചിരിക്കുന്നു. അതിന്നു വിരുദ്ധമായി നിലകൊള്ളൽ അപ്പോൾ നിഷിദ്ധമാണെന്നതിനും അവിടുത്തെ ചര്യയെ മറ്റൊന്നുമായി പകരമെടുക്കൽ വിരോധവുമാണ് എന്നതിനും ഈ സൂക്തങ്ങൾ ഉത്തമമായ തെളിവാണ്.

അപ്പോൾ, അവിടുത്തെ കൽപനയിൽ നിന്ന് വ്യതിചലിച്ചു പോയവർക്ക് കുഴപ്പം കൊണ്ട് മുന്നറിയിപ്പ് നൽകുന്നത് എങ്ങനെയെന്ന് നോക്കൂ...... അത് (ആ കുഴപ്പം) ശിർക്കോ വ്യതിചലനമോ ആണ്. വേദനാജനകമായ ശിക്ഷകൊണ്ടും (മുന്നറിയിപ്പ് നൽകുന്നു)

അവർക്കിടയിൽ സംഭവിക്കുന്ന എല്ലാ വ്യതിചലനങ്ങളിലും അതിനെ (സുന്നത്തിനെ) വിധിതീർപ്പിന്നായി വിടുകയും അതിൻെറ വിധിയെ അവർ പൂർണ്ണമായി സ്വീകരിക്കുകയും അവർക്കിടയിൽ അത് കൊണ്ട് തീർപ്പാക്കിയതുമൂലം അവരുടെ ഉള്ളിൽ യാതൊന്നും (സംശയമോ നീരസമോ ആയി) ബാക്കി നിൽക്കാതിരിക്കുകയും ചെയ്യുന്നതുവരെ അവർക്ക് ഈമാനില്ലായെന്ന് അല്ലാഹു സത്യം ചെയ്തു പറഞ്ഞത് എങ്ങിനെയെന്ന് നോക്കൂ.. അതിൻെറ വിധിയറിഞ്ഞശേഷം അതിനെ (സുന്നത്തിനെ) അവഗണനാപൂർവ്വവും നിസ്സാരവുമാക്കുകയും പതിവുശീലങ്ങൾ (നാട്ടുനടപ്പുകൾ), അഭിപ്രായങ്ങൾ, സ്വദേശനിയമങ്ങൾ തുടങ്ങിയവയെ അതിനു പകരം വെക്കുകയും ചെയ്തുകൊണ്ട് വല്ലവനും തിരുമേനി (സ)യുടെ ചര്യയെ ഉപേക്ഷിച്ചുവോ അവനെ അലോസരപ്പെടുത്താനും ഭീഷണിപ്പെടുത്താനും ഇത് (ഈ സൂക്തങ്ങൾ) ധാരാളം മതി.

## ഏഴാമത്തെ കാര്യം:

## നബി(സ)യുടെ ഹഖിലെ[7] മിതത്വവും മാധ്യസ്ഥ്യവും

ക്രമത്തിൽ നിന്നധികമോ കുറവോ ആയി അല്ലാഹുവിൻെറ ചര്യ അവൻെറ സൃഷ്ടികളിൽ വന്നു ചേരാനിടവന്നിട്ടു

*7- സത്യം, അവകാശം, ബാദ്ധ്യത, അർഹത എന്നിങ്ങനെയുള്ള അർഥങ്ങളിൽ 'ഹഖ്' എന്ന അറബി പദം ഉപയോഗിക്കുന്നു. നബി(സ)യുടെ ഹഖ് എന്നത് കൊണ്ട് നബിക്കുള്ള അവകാശവും അർഹതയുമാണ് അർഥമാക്കുന്നത്.*

ണ്ട്. മിക്ക വാറും എല്ലാ സമുദായങ്ങളിലും (പ്രവാചകന്മാരെ) അമിതമായി ബഹുമാനിക്കുകയോ തീരെ അവഗണിക്കുകയോ ഉണ്ടായിട്ടുണ്ട്. അതിനാൽ സമ്പൂർണ്ണമായും അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ട വല്ല കാര്യവും തിരുമേനി(സ)യുടെ അവകാശത്തിലേക്ക് ചേർക്കുന്നതിനെപ്പറ്റിയും അമിതമായി പുകഴ്ത്തുന്നത് സംബന്ധിച്ചും , തന്നെ പിൻപറ്റുന്ന തൻെറ സമുദായത്തിന് നബി(സ) മുന്നറിയിപ്പ് നൽകിയിട്ടുണ്ട്. അക്കാര്യം താഴെ പറയുന്നതിൽ നിന്നും വ്യക്തമാവും.

**1.** മനുഷ്യൻ എന്ന അസ്തിത്വത്തിൽനിന്ന് നബി(സ) പുറത്തു പോവുന്നില്ല (എന്ന വിശ്വാസം). അല്ലാഹു പറയുന്നു: قل انما انا بشر مثلكم يوحى إلي [(നബിയേ) പറയുക: ഞാൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ മാത്രമാകുന്നു. എനിക്ക് വഹ്യ് (ഉൽബോധനം) നൽകപ്പെടുന്നു- അൽകഹ്ഫ്: 110] തിരുമേനിക്ക് വഹ്യ് നൽകപ്പെടൽ കൊണ്ട് നബി(സ) യെ പ്രത്യേകമാക്കി എന്ന് അപ്പോൾ വ്യക്തമായി. അല്ലാഹു പറയുന്നു: قل سبحان ربي هل كنت الابشرا رسولا [(നബിയെ) പറയുക: എൻെറ റബ്ബ് മഹാപരിശുദ്ധൻ (അവനെ ഞാൻ വാഴ്ത്തുന്നു. എന്നാൽ) ഞാനാകട്ടെ സന്ദേശവാഹകനായ ഒരു മനുഷ്യനല്ലാതെ മറ്റെന്തെങ്കിലുമാണോ- ഇസ്റാഅ്: 93] ഭൂമിയിൽ നിന്ന് ഉറവയുണ്ടാക്കുക, ആകാശം തങ്ങൾക്ക് മേൽ വീഴ്ത്തുക തുടങ്ങിയ കാര്യങ്ങൾ തിരുമേനി (സ)യിൽ നിന്ന് ബഹുദൈവാരാധകർ ആവശ്യപ്പെട്ടപ്പോഴാണ് ഇത് (ഈ ആയത്തിൻെറ അവതരണം) ഉണ്ടായത്. അപ്പോൾ നബി(സ) അവർക്ക് വിവരിച്ചു കൊടുത്തത്, അതൊക്കെ ഏകനായ റബ്ബിൻെറ ഉടമാവകാശത്തിൽ പെട്ടതാണ് എന്നും, അല്ലാഹു എന്നെ ഭരമേൽപ്പിച്ച

ദൈവീക സന്ദേശം മാത്രമാണ് തൻെറ പ്രത്യേകത എന്നുമാണ്. പൂർവ്വ സമുദായങ്ങളിലെ പ്രവാചകന്മാരുടെ സന്ദേശങ്ങളിലും (അവരുടെ പ്രവാചകന്മാരെപ്പറ്റി) അവർ മനുഷ്യരാണ് എന്ന് (അവരുടെ ജനത) ആക്ഷേപിച്ച കഥ അല്ലാഹു വിവരിച്ചിട്ടുണ്ട്. ഹൂദ്(അ) ൻെറയോ സ്വാലിഹ് (അ)ൻെറയോ സമുദായത്തെപ്പറ്റി അല്ലാഹു പറഞ്ഞതു പോലെ: ماهذا الابشر مثلكم يأكل مما تأكلون منه ويشرب مما تشربون ولئن اطعتم بشرا مثلكم انكم اذا لخسرون [ഇവൻ നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യൻ എന്നല്ലാതെ (മറ്റൊന്നും തന്നെ) അല്ല. നിങ്ങൾ തിന്നതിൽനിന്ന് അവൻ തിന്നുകയും നിങ്ങൾ കുടിക്കുന്നതിൽനിന്ന് അവൻ കുടിക്കുകയും ചെയ്യുന്നു. നിങ്ങളെപ്പോലെയുള്ള ഒരു മനുഷ്യനെ നിങ്ങൾ അനുസരിക്കുകയാണെങ്കിൽ, നിശ്ചയമായും നിങ്ങൾ നഷ്ടക്കാർ തന്നെയാണപ്പോൾ -മുഅ്മിനൂൻ: 33, 34].

നബി(സ)യെ കളവാക്കിയവരെ സംബന്ധിച്ച്, അവർ പറഞ്ഞതായി അല്ലാഹു പറയുന്നു: مال هذا الرسول يأكل الطعام ويمشي في الأسواق [എന്താണീ റസൂലിന്? അദ്ദേഹം ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ കൂടി നടക്കുകയും ചെയ്യുന്നു! (ഇങ്ങനെയാണോ റസൂലുകൾ!) -ഫുർഖാൻ:7] എന്നു പറഞ്ഞാൽ, അദ്ദേഹം ഉപജീവനമാർഗ്ഗമന്വേഷിക്കുന്നു. അതിന് തിരുമേനി (സ) നൽകേണ്ട മറുപടിയെപ്പറ്റി അല്ലാഹു പറഞ്ഞു: وما ارسلنا قبلك من المرسلين الا انهم ليأكلون الطعام ويمشون في الاسواق [(നബിയെ) ഭക്ഷണം കഴിക്കുകയും അങ്ങാടികളിൽ സഞ്ചരിക്കുകയും ചെയ്യാറുള്ള നിലയിൽ തന്നെയല്ലാതെ ദൈവദൂതൻമാരിൽ (ആരെയും) താങ്കൾക്കു മു

മ്പു നാം അയച്ചിട്ടില്ല- ഫുർഖാൻ:20] അഥവാ അവർ മാലാഖമാരല്ല. മനുഷ്യർക്ക് മാലാഖമാരെ സാധാരണഗതിയിൽ കാണാൻ സാധ്യവുമല്ല. ഒരു പക്ഷേ മാലാഖയെ അല്ലാഹു റസൂലായി അയച്ചാലും മനുഷ്യരൂപത്തിൽ പ്രത്യക്ഷപ്പെട്ടാലല്ലാതെ അദ്ദേഹത്തെ തിരിച്ചറിയാനാവുന്നതല്ല. അല്ലാഹു പറയുന്നു: ولو جعلنه ملكا لجعلنه رجلا وللبسنا عليهم مايلبسون [അദ്ദേഹത്തെ നാം ഒരു മാലാഖയാക്കുന്നതായാലുംഅദ്ദേഹത്തെ നാം ഒരു പുരുഷനാക്കുമായിരുന്നു. (അഥവാ ആക്കേണ്ടി വരുമായിരുന്നു). (അങ്ങനെ) അവർ സംശയത്തിൽ പെട്ട കാര്യത്തെ (പിന്നെയും) നാം അവർക്ക് സംശയമാക്കുകയും ചെയ്യുമായിരുന്നു-അൻആം:9]

തിരുമേനി (സ)ക്ക് നമസ്ക്കാരത്തിൽ മറവി സംഭവിക്കുകയും നമസ്ക്കാരം ചുരുക്കിയതായി അവർ (സ്വഹാബാക്കൾ) ഊഹിക്കുകയും അവർ (നമസ്കാരത്തിൽ) തിരുമേനിയെ (അക്കാര്യം) ഓർമ്മിപ്പിക്കാതിരിക്കുകയും ചെയ്തപ്പോൾ നബി (സ) പറഞ്ഞു: "ഞാൻ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങൾ മറക്കുന്നതുപോലെ ഞാനും മറക്കും. അതിനാൽ ഞാൻ മറന്നാൽ നിങ്ങളെന്നെ ഓർമ്മിപ്പിക്കുവിൻ". (ബുഖാരി, മുസ്ലിം). പ്രവാചകന്മാർ മനുഷ്യരായിരിക്കെ അല്ലാവിന്ന് മാത്രം അവകാശപ്പെട്ട ഗുണവിശേഷങ്ങളോ, കർമ്മങ്ങളോ അവർക്ക് (പ്രവാചകന്മർക്ക്) നൽകാൻ പാടില്ലാത്തതാണ്.

**2.** നബി(സ)ക്ക് അദൃശ്യജ്ഞാനമില്ലാ (എന്ന വിശ്വാസം). അല്ലാഹു അറിയിച്ചു കൊടുത്തതോ വഹ്യ് നൽകിയതോ ആയ വൃത്താന്തങ്ങൾ മാത്രമേ അദ്ദേഹം പറയുന്നുള്ളൂ. അല്ലാഹു പറയുന്നു: قل لا اقول لكم عندي خزائن الله ولا أعلم

قل لا اقول لكم عندي خزائن الله ولا اعلم الغيب ولا اقول لكم اني ملك ان اتبع الاما يوحى إلي [(നബിയെ) പറയുക: അല്ലാഹുവിൻെറ ഖജാനകൾ എൻെറ പക്കലുണ്ടെന്ന് ഞാൻ നിങ്ങളോട് പറയുന്നില്ല. അദൃശ്യകാര്യം ഞാൻ അറിയുകയുമില്ല. ഞാനൊരു മാലാഖയാണെന്നും നിങ്ങളോട് ഞാൻ പറയുന്നില്ല. എനിയ്ക്ക് വഹ്‌യ്(ദിവ്യസന്ദേശം) നൽകപ്പെടുന്നതിനെയല്ലാതെ ഞാൻ പിൻപറ്റുന്നില്ല. അൻആം-50] അല്ലാഹു പറയുന്നു: قل ماكنت بدعا من الرسل وما ادري ما يفعل بي ولابكم [(നബിയെ) പറയുക: ഞാൻ ദൈവദൂതന്മാരിൽ ഒരു പുതുമക്കാരനൊന്നുമല്ല. എന്നെക്കൊണ്ടോ നിങ്ങളെക്കൊണ്ടോ എന്ത് ചെയ്യപ്പെടുമെന്നെനിക്കറിയുകയുമില്ല- അഹ്ഖാഫ്:9] അല്ലാഹു പറയുന്നു: ولوكنت اعلم الغيب لاستكثرت من الخير ومامسني السوء [ഞാൻ അദൃശ്യകാര്യം അറിയുമായിരുന്നുവെങ്കിൽ ഞാൻ ഗുണത്തിൽ നിന്ന് (ധാരാളം) വർദ്ധിപ്പിച്ചു വെക്കുക തന്നെ ചെയ്യുമായിരുന്നു; തിന്മ എന്നെ സ്പർശിക്കയുമില്ലായിരുന്നു.- അഅ്റാഫ്: 188].

അപ്പോൾ അദൃശ്യജ്ഞാനം അല്ലാഹുവിന്നല്ലാതെ അറിയുന്നതല്ല. സൃഷ്ടികളിൽ ചിലർക്ക് അമാനുഷിക ദൃഷ്ടാന്തം പോലെയും അവരെ സത്യപ്പെടുത്താനുള്ള തെളിവായും (അല്ലാഹു) ചിലത് വെളിപ്പെടുത്തിക്കൊടുക്കും. അല്ലാഹു പറഞ്ഞതു പോലെ: علم الغيب فلا يظهر على غيبه احدا الامن ارتضى من رسول فإنه يسلك من بين يديه ومن خلفه رصدا [അവൻ അദൃശ്യം അറിയുന്നവനാണ്. എന്നാൽ അവൻ തൻെറ അദൃശ്യജ്ഞാനം അവൻ തൃപ്തിപ്പെട്ട വല്ല ദൂതന്നുമല്ലാതെ യാതൊരാൾക്കും വെളിപ്പെടുത്തിക്കൊടുക്കുകയില്ല. എന്നാൽ അദ്ദേഹത്തിൻെറ (ദൂതൻെറ) മുന്നിലും പിന്നിലും അവൻ കാവൽ

ക്കാരെ ഏർപ്പെടുത്തുക തന്നെ ചെയ്യുന്നതാണ്. ജിന്ന്: 26, 27].

കഴിഞ്ഞുപോയതോ വരാനിരിക്കുന്നതോ ആയ, അദൃശ്യകാര്യങ്ങളിൽ പെട്ട വല്ലതും അല്ലാഹു തൃപ്തിപ്പെട്ട പ്രവാചകമാർക്ക് അവൻ അറിയിച്ചു കൊടുക്കും. അത് അവൻ പറഞ്ഞ (താഴെ പറയുന്ന വാക്യത്തെ) നിഷേധിക്കുന്നില്ല قل لا يعلم من في السموات والارض الغيب الا الله وما يشعرون ايان يبعثون [(നബിയെ) പറയുക: അല്ലാഹു അല്ലാതെ ആകാശങ്ങളിലും ഭൂമിയിലുമുള്ളവർ (ആരും തന്നെ) അദൃശ്യകാര്യം അറിയുകയില്ല. തങ്ങൾ എപ്പോഴാണ് (മരണശേഷം) ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുകയെന്നും അവർക്ക് അറിയാവതല്ല. -നംല് : 65]

ഭാവിയുമായി ബന്ധപ്പെട്ട് ഹദീസുകളിൽ വന്ന കാര്യങ്ങളെ സംബന്ധിച്ചാണെങ്കിൽ, അത് അല്ലാഹുവിൽനിന്നും അവന്റെ തിരുദൂതരായ നബി(സ)ക്ക് മാലാഖയായ മാധ്യമദൂതൻ വഴി വന്ന ദിവ്യസന്ദേശങ്ങളാണ്. അല്ലെങ്കിൽഅല്ലാഹു അദ്ദേഹത്തിന്ന് തുറന്നുകൊടുത്ത ദിവ്യബോധനമാണ്. നബി(സ) യുടെയും മുൻ പ്രവാചകന്മാരുടെയും സ്ഥിതി ഇതായിരിക്കെ, ഏകനായ അല്ലാഹുവിനു മാത്രം അവകാശപ്പെട്ട ആരാധനയും അവന്നു മാത്രമായ വിശേഷണങ്ങളും അവർക്ക് നൽകാൻ പാടില്ലാത്തതാണ്. മുഅവ്വിദിന്റെ പുത്രി റുബയ്യിഇന്റെ സമീപം വെച്ച് "നാളെയെക്കുറിച്ച് അറിയുന്ന ഒരു നബി നമ്മളിലുണ്ട്"[8]

*8- നബി(സ)യെ വരവേറ്റുകൊണ്ട് രണ്ട് ബാലികമാർ ദഫ് മുട്ടി പാടിക്കൊണ്ടിരിക്കവെ" നാളെയെക്കുറിച്ചറിയുന്ന ഒരു നബി നമ്മുടെ കൂട്ടത്തിലുണ്ട്" എന്നും അവർ കൂട്ടത്തിൽ പാടി. റസൂൽ (സ) ആ ബാലികയെ തടഞ്ഞുകൊണ്ട് പറഞ്ഞു: "അതരുത്. അതിനു മുമ്പ് പറഞ്ഞതൊക്കെ പറഞ്ഞു കൊള്ളുക." ഇമാം തിർമുദി(റ) "നിക്കാഹ്" എന്ന അദ്ധ്യായത്തിൽ ഈ സംഭവം ചേർത്തിട്ടുണ്ട്.*

എന്ന് ആലപിച്ച രണ്ട് പെൺകുട്ടികളെ നബി(സ) തടഞ്ഞതായി തിർമുദി ഉദ്ധരിച്ചിട്ടുണ്ട്. ആയിശ(റ) പറഞ്ഞു: "മുഹമ്മദ് (സ)ന് നാളെയെക്കുറിച്ച് അറിയും എന്ന് വല്ലവരും നിന്നോട് പറഞ്ഞാൽ നീയത് വിശ്വസിക്കരുത്" (ബുഖാരി). അന്ത്യനാളിനെക്കുറിച്ച് ജിബ്‌രീൽ (അ) ചോദിച്ചത് ഹദീസിൽ ഉദ്ദരിക്കപ്പെട്ടിട്ടുണ്ട്. നബി(സ) (മറുപടി) പറഞ്ഞു: "ചോദിക്കപ്പെട്ടവൻ ചോദിച്ചവനേക്കാൾ അതേപ്പറ്റി അറിവുള്ളവനല്ല. ഞാനതിൻെറ ലക്ഷണങ്ങൾ താങ്കൾക്കു പറഞ്ഞു തരാം. ഒരടിമ തൻെറ യജമാനത്തിയെ പ്രസവിച്ചാൽ, നഗ്നപാദന്മാരും വിവസ്ത്രരുമായ ഇടയൻമാർ വലിയ വലിയ കെട്ടിടങ്ങൾ ക്കായി മത്സരിക്കുന്നത് കണ്ടാൽ... അഞ്ചുകാര്യങ്ങൾ, അതേപ്പറ്റി അല്ലാഹുവിന്നല്ലാതെ മറ്റാർക്കുമറിയുന്നതല്ല. തുടർന്ന് അവിടുന്ന് (ഇങ്ങിനെ) പാരായണം ചെയ്തു. ان الله عنده علم الساعـة وينزل الغـيث ويعلم مـافي الارحـام وماتدري نفس ماذا تكسب غدا وماتدري نفس بأي ارض تموت [നിശ്ചമായും അല്ലാഹുവിൻെറ പക്കലത്രെ അന്ത്യസമയത്തിൻെറ അറിവ്. അവൻ മഴ ഇറക്കുകയും ചെയ്യുന്നു. ഗർഭാശയങ്ങളിലുള്ളതിനെ അറിയുകയും ചെയ്യുന്നു. നാളെ താനെന്ത് പ്രവർത്തിക്കുമെന്ന് ഒരാളും അറിയുന്നതല്ല. താൻ ഏത് ഭൂമിയിൽ വെച്ച് മരിക്കുമെന്നും ഒരാളും അറിയുന്നതല്ല- ബുഖാരി, മുസ്‌ലിം]. ഈ അഞ്ചും അല്ലാഹു പറഞ്ഞ وعنده مفاتح الغيب لا يعلمها الاهو [അവൻെറ (അല്ലാഹുവിൻെറ) പക്കലാണ് അദൃശ്യ കാര്യത്തിൻെറ താക്കോലുകൾ. അവനല്ലാതെ അവയെക്കുറിച്ച് അറിയുകയില്ല- അൻആം:59] എന്നതിൽ സൂചിപ്പിച്ച അദൃശ്യങ്ങളുടെ താക്കോലുകളാണ്. ഇതിൽ പെട്ടവല്ലതും ഒരാൾ അറിയുമെന്ന് പറയുകയോ അവനല്ലാത്ത മറ്റൊരാൾക്ക് അറിയുമെന്ന് പറയുകയോ ചെയ്താൽ അവൻ കള്ളം പറയുന്നവനായി.

**3.** മറ്റുള്ളവർക്കെന്നല്ല, തനിക്ക് വേണ്ടിപ്പോലും ഉപകാരമോ ഉപദ്രവമോ നബി(സ) അധീനമാക്കുന്നില്ല(എന്ന വിശ്വാസം). അല്ലാഹു പറയുന്നു: قل لا املك لنفسي نفعا ولاضرا الاماشاء الله [(നബിയെ) പറയുക: എന്റെ സ്വന്തത്തിനും (തന്നെ)ഒരു ഉപകാരമാവട്ടെ ഉപദ്രവമാകട്ടെ ഞാൻ അധീനമാക്കുന്നില്ല.(എനിക്കതിന് കഴിവില്ല) അല്ലാഹു ഉദ്ദേശിച്ചതൊഴികെ- അഅ്റാഫ്: 188] അല്ലാഹു പറയുന്നു: قل إني لا املك لكم ضرا ولارشدا [പറയുക: നിശ്ചയമായും ഞാൻ നിങ്ങൾക്ക് ഒരു ഉപദ്രവമാകട്ടെ, ഒരു നേർമാർഗ്ഗമാവട്ടെ അധീനപ്പെടുത്തുന്നില്ല (രണ്ടിനും കഴിവില്ല) ജിന്ന്: 21]

എന്നല്ല, ഏകനായ അല്ലാഹുവിന്നല്ലാതെ രാജാധിപത്യം ഇല്ല. ഉപകാരങ്ങളും ഉപദ്രവങ്ങളും നൽകലും തടയലും ഒക്കെ നിക്ഷിപ്തമായവനാണവൻ. രാജാധിരാജനാണവൻ. അവന്റെ തീരുമാനത്തിന് മടക്കമില്ല. അവന്റെ വിധിക്ക് പകരവുമില്ല. നബിമാരടക്കമുള്ള അവന്റെ സൃഷ്ടിജാലങ്ങൾ മുഴുവൻ അവന്റെ ആധിപത്യത്തിലാണ്. അല്ലാഹു പൊതുവായി പറയുന്നു: لا يملكون مثقال ذرة في السموات ولا فى الأرض ومالهم فيهما من شرك ومالـه منهم من ظهير [ആകാശങ്ങളിലാവട്ടെ, ഭൂമിയിലാവട്ടെ ഒരണുത്തൂക്കവും അവർ ഉടമസ്ഥരല്ല. അവ രണ്ടിലും അവർക്ക് യാതൊരു പങ്കുമില്ല. അവരിലാരും അവന്റെ (അല്ലാഹുവിന്റെ) സഹായിയുമല്ല -സബഅ്: 22].

ഈ വാക്യത്തിനു ശേഷം ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ: പറയുന്നു: അവനെക്കൂടാതെ ബഹുദൈവാരാധകർ ബന്ധപ്പെട്ട എല്ലാറ്റിനെയും അല്ലാഹു നിഷേധിക്കുന്നു. അപ്രകാരം തന്നെ അവനല്ലാത്തവർക്കുള്ള ആധിപത്യമോ അതിന്റെ

ഭാഗമോ അല്ലെങ്കിൽ അല്ലാഹുവിന് സഹായിയോ ഉണ്ടായിത്തീരുന്നതിനെയും നിഷേധിക്കുന്നു.... എന്നിങ്ങനെ. ليس لك من الامر شيئ [കാര്യത്തിൽ (അഥവാ അധികാരവകാശത്തിൽ) താങ്കൾക്ക് യാതൊന്നും (തന്നെ) ഇല്ല- ആലുഇറംാൻ: 128] എന്ന് മുഹമ്മദ് നബി(സ) യോട് അല്ലാഹു പറഞ്ഞിട്ടുണ്ട്.

ഉഹ്ദ് രണാങ്കണത്തിൽ വെച്ച് നബി(സ)യെ പരിക്കേൽപ്പിക്കുകയും അവിടുത്തെ മുൻ പല്ല് തകരുകയും ചെയ്തപ്പോൾ തിരുമേനി (സ) പറഞ്ഞു: "തങ്ങളുടെ നബിയെ പരിക്കേൽപ്പിച്ച ഒരു സമൂഹം എങ്ങിനെ വിജയിക്കും." (മുസ്ലിം). അപ്രകാരം മക്കയിൽ വെച്ച് ചില ബഹുദൈവ വിശ്വാസികൾക്കെതിരെ നബി(സ) പ്രാർഥിച്ചപ്പോൾ അല്ലാഹു അത് തടഞ്ഞു. "കാര്യങ്ങളെല്ലാം ഏകനായ അല്ലാഹുവിന്ന് മാത്രമാണ്. താങ്കൾക്കതിൽ യാതൊരു പങ്കുമില്ല" (ബുഖാരി) എന്ന് അദ്ദേഹത്തെ ഉണർത്തുകയും ചെയ്തു.

ഏറ്റവും അടുത്ത കുടുംബക്കാരിലും ബന്ധുക്കളിലും നബി(സ) മുന്നറിയിപ്പ് നൽകിയത് ഹദീസുകളിൽ സ്ഥിരപ്പെട്ട് വന്നിട്ടുണ്ട്. തിരുമേനി (സ) അവരോട് പറഞ്ഞു: "നിങ്ങൾ നിങ്ങളുടെ ശരീരങ്ങളെ നരകത്തിൽ നിന്ന് സംരക്ഷിച്ചു കൊള്ളുക. അല്ലാഹുവിൽ നിന്നൊന്നും നിങ്ങൾക്ക് ചെയ്തു തരാൻ എനിക്കാവില്ല". തൻെറ പിതൃവ്യനോടും അമ്മായിയോടും മകളോടും വരെ തിരുമേനി (സ)ഇത് പറയുകയുണ്ടായി. മറ്റൊരു ഹദീസിൽ "നിങ്ങളുടെ ശരീരങ്ങളെ നിങ്ങൾ വിലയ്ക്കെടുക്കുക" (ബുഖാരി, മുസ്ലിം) എന്നുമുണ്ട്. അഥവാ അല്ലാഹുവിൻെറ ഏകത്വത്തെ അംഗീകരിക്കുക, അവനെ നിഷ്കളങ്കമായി ആരാധിക്കുക, അവൻെറ കൽപനകളനുസരിക്കുക, അവൻ

വിരോധിച്ചത് ഉപേക്ഷിക്കുക എന്നിവയിലൂടെയാണ് നരകത്തിൽ നിന്ന് ശരീരത്തെ സംരക്ഷിക്കേണ്ടത്. അല്ലാതെ കുടുംബത്തിൻെറയും തറവാടിൻെറയും മേന്മ കൊണ്ടല്ല. തൻെറ അടുത്ത ആളുകളിൽ പ്രവാചകൻ(സ)ക്ക് ഉപകാരം ചെയ്യാൻ സാധിക്കുമെന്നും അവർക്ക് അവിടുന്ന് ശുപാർശ ചെയ്യുമെന്നുമുള്ള ചിലരുടെ തെറ്റിദ്ധാരണകളെ ഇത് ഉപരോധിക്കുന്നു. ധാരാളം ആളുകളിൽ ഈ തെറ്റിദ്ധാരണ പടർന്നു പിടിച്ചിട്ടുണ്ട്. അവർ നബി (സ) യുമായുള്ള കുടുംബ ബന്ധത്തിൻമേൽ മാത്രം അവലംബിതരായിരുന്നു എന്ന് നിങ്ങൾക്ക് കാണാം. അതിനെ (ആ ബന്ധത്തെ) അവർ വിശുദ്ധമായി കാണുകയും ചെയ്യുന്നു. കർമ്മമൊന്നും കൂടാതെ (ഈ ബന്ധം മൂലം) അവർക്ക് ശുപാർശയും വിജയവും എത്തിച്ചേരുമെന്നും അവർ കരുതുന്നു. പക്ഷെ അവർ തിരുചര്യക്ക് വിരുദ്ധമായി നിലകൊള്ളുന്നു. അല്ലാഹുവിനെയും അവൻെറ ദൂതനെയും അവർ പരസ്യമായി ധിക്കരിക്കുന്നു. അതേപോലെ വേറെ ചിലരുണ്ട്; പ്രവാചകനെ അനുസരിക്കാതെയും പിൻപറ്റാതെയും പ്രവാചകനോടുള്ള സ്നേഹത്തെ വൃഥാ ബന്ധിപ്പിച്ചു നടക്കുന്നവരാണവർ. നഗ്നമായ ഈ വ്യർഥ സ്നേഹം വെച്ച് തിരുമേനി (സ) അവർക്ക് ശുപാർശ ചെയ്യുമെന്ന് അവർ വിശ്വസിക്കുകയും ചെയ്യുന്നു. അദ്ദേഹത്തെ അനുകരിച്ചും അദ്ദേഹം താൽപര്യപ്പെട്ടതിലൂടെ സഞ്ചരിച്ചും വ്യക്തമാക്കേണ്ട അവിടുത്തോടുള്ള സ്നേഹത്തിനു വിരുദ്ധമായി നിലക്കൊണ്ട് അതിനെ നിസ്സാരമാക്കലാണത്. തിരുമേനി (സ) സ്വന്തം നിലക്കു തന്നെ ഉപകാരോപദ്രവങ്ങൾക്കുടമയാകുന്നില്ല. നബി(സ)ക്ക് സ്വന്തം ശരീരത്തിന് ഉപകാരംചെയ്യുവാനോ ഉപദ്രവത്തെ തടയുവാനോ സാധ്യമല്ല. അദ്ദേഹം അല്ലാഹുവെ ധിക്കരിക്കുകയാണെങ്കിൽ അതിൻെറ ശി

ക്ഷയിൽ നിന്ന് രക്ഷപ്പെടാനും അദ്ദേഹത്തിന് സാധ്യമല്ല. അല്ലാഹു പറഞ്ഞതു പോലെ: قل اني لن يجيرني من الله احد ولن اجد من دونه ملتحدا [പറയുക: നിശ്ചയമായും അല്ലാഹുവിൽ നിന്ന് എനിക്ക് ഒരാളും രക്ഷ നൽകുന്നതല്ല. യാതൊരഭയസ്ഥാനവും അവനു പുറമെ ഞാൻ കണ്ടെത്തുന്നതുമല്ല തന്നെ - ജിന്ന്: 22].

പിന്നെ, അടുത്തവരോ അകന്നവരോ ആയ മറ്റുള്ളവരുടെ കാര്യം എങ്ങനെ? നബി(സ) തന്നെ അവിടുത്തെ അടുത്ത കുടുംബത്തോട് അത് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹുവിൽ നിന്നുള്ള വിപത്തുകളിൽ നിന്ന് തനിക്ക് അവരെ മോചിപ്പിക്കുവാനോ അവർക്ക് സ്വർഗ്ഗപ്രവേശം നൽകുവാനോ അവരെ അല്ലാഹുവിലേക്കടുപ്പിക്കുവാനോ സാധിക്കുന്നതല്ല എന്നും. എന്നാൽ, അവരുടെ കർമ്മങ്ങളാണ് അവരെ നരകത്തിൽ നിന്നും സംരക്ഷിക്കുന്നത് എന്നും നബി(സ) വ്യക്തമാക്കി. തൻെറ മൂത്താപ്പ അബീ ത്വാലിബിനെ സന്മാർഗ്ഗത്തിലാക്കാൻ ശ്രമിച്ചിട്ടും അതിനു സാധിക്കാതെ വന്ന കാര്യം ഹദീസിൽ സ്ഥിരപ്പെട്ടു വന്നിട്ടുണ്ട്. അയാൾക്ക് മരണമാസന്നമായപ്പോൾ പ്രവാചകൻ (സ)അയാളുടെ അടുത്ത് വന്ന് പറഞ്ഞു: മൂത്താപ്പാ! പറയൂ 'ലാ ഇലാഹ ഇല്ലല്ലാഹ്' എന്ന്. അല്ലാഹുവിൻെറ അടുക്കൽ ഞാൻ താങ്കൾക്ക് സാക്ഷ്യം വഹിക്കത്തക്ക വാക്കാണത്. അപ്പോഴവിടെ ഇരിപ്പുണ്ടായിരുന്ന പൈശാചിക താൽപര്യത്തിൻെറ വക്താക്കൾക്കു നേരെ അദ്ദേഹം ദൃഷ്ടി തിരിച്ചു. അങ്ങിനെ അയാൾ അവസാനമായി മൊഴിഞ്ഞു: علي ملة عبد المطلب (അബ്ദുൽ മുത്തലിബിൻെറ മാർഗ്ഗത്തിൽ) അതിനെപ്പറ്റി അല്ലാഹുവിൽ നിന്നും വഹ്‌യുണ്ടായി: انك لاتهدي من احببت ولكن

الله يهدي من يشاء [നിശ്ചയമായും ‍ നീ ഇഷ്ടപ്പെടുന്നവരെ നീ നേർമാർഗ്ഗത്തിലാക്കുകയില്ല. എങ്കിലും അല്ലാഹു ഉദ്ദേശി ക്കുന്നവരെ അവൻ നേർമാർഗ്ഗത്തിലാക്കുന്നു- ഖസ്വസ്: 56].

ബഹുദൈവാരാധകരുടെ വാദങ്ങളെ നിരർഥകമാക്കുന്ന ഏറ്റവും മഹത്തായ വിവരണമാണ് ഈ സംഭവത്തിലുള്ളത്. നബി(സ) യുടെ ഹഖിൽ അവർ അതിർവിട്ട് പ്രശംസിക്കുന്നു. അവരുടെ വേദനകൾ നീക്കിത്തരാനും പാപങ്ങൾ പൊറുത്തു തരാനും അദ്ദേഹത്തോടവർ ചോദിക്കുന്നു. 'യാ റസൂലല്ലാഹ്' എന്ന് വിളിച്ചവർ അട്ടഹസിക്കുന്നു. അങ്ങിനെയങ്ങിനെ...നബി (സ) സൃഷ്ടികളിൽ ഏറ്റവും ശ്രേഷ്ഠനും അല്ലാഹുവിലേക്ക് അവരേക്കാൾ ഏറ്റവും അടുത്തവനും അല്ലാഹുവിന്നടുക്കൽ അവരെക്കാളൊക്കെ ഏറെ മഹത്തായ പദവികളുള്ളവനും ആയിരുന്നിട്ടുകൂടി, അവിടുത്തെ പിതൃവ്യൻ അബീ ത്വാലിബി നെ സന്മാർഗ്ഗത്തിലാക്കുന്നതിന് അയാളുടെ ജീവിത കാലത്തും മരണ ശയ്യക്കടുത്തു വെച്ചു പോലും തിരുമേനി (സ) ആഗ്രഹി ച്ചിട്ട് സാധിച്ചില്ല. അയാൾക്ക് പാപമോചനം തേടാൻ പ്രവാചകൻ (സ) ഉദ്ദേശിച്ചപ്പോൾ അതിൽ അല്ലാഹു അസന്തുഷ്ടി കാട്ടു കയും ചെയ്തിട്ടുണ്ട്. ആ (ഉദ്ദേശത്തെ) തടഞ്ഞു കൊണ്ട് അല്ലാ ഹു ഇങ്ങിനെ പറയുന്നു: ما كان للنبي والذين ءامنوا ان يستغفروا للمشركين ولو كانوا أولي قربى من بعد ما تبين لهم انهم اصحاب الجحيم [മുശ്രിക്കു (ബഹുദൈവ വിശ്വാസി) കൾക്കു വേണ്ടി പാപമോചനം തേടുവാൻ നബിക്കും വിശ്വസിച്ചവർക്കും പാടി ല്ല. അവർ അടുത്ത (കുടുംബ) ബന്ധമുള്ളവരായിരുന്നാലും ശരി, അവർ ജ്വലിക്കുന്ന അഗ്നിയുടെ (നരകത്തിൻെറ) ആൾ ക്കാരാണെന്ന് വ്യക്തമായിതീർന്ന ശേഷം- തൗബ: 113]

മറ്റുള്ളവർക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാനുള്ള ഉടമാവകാശവും പ്രവാചകന് (സ) ഇല്ല എന്നതും അപ്രകാരം ഇതിൽനിന്ന് വ്യക്തമാവുന്നു. അദ്ദേഹത്തെ വിളിച്ചാലും മോഹിച്ചാലും അവിടുത്തെ പേരിൽ അട്ടഹസിച്ചാലും ശരി; അവർക്ക് അദ്ദേത്തോട് അഗാധമായ സ്നേഹമുണ്ടെന്ന് വാദിച്ചാലും ശരി. ഇനി, പ്രവാചകനിൽ മനസ്സുകൾക്ക് സന്മാർഗ്ഗവും ദുരിതങ്ങൾക്ക് ശാന്തിയുമുണ്ടെങ്കിൽ, ജനങ്ങളിൽ ഏറ്റവും വലിയ പരിഗണനയുണ്ടായിരിക്കുക അവിടുത്തെ പിതൃവ്യനിലായിരുക്കുമല്ലോ. തിരുമേനി (സ) യെ ഏറ്റെടുക്കുകയും സംരക്ഷിക്കുകയും ബഹുദൈവാരാധകരുടെ പീഢനത്തിൽ നിന്ന് രക്ഷപ്പെടുത്തുകയും ചെയ്തത് അദ്ദേഹമായിരുന്നല്ലോ.... ആദ്യ പരിഗണനക്കർഹനായ അയാളെത്തന്നെ സന്മാർഗ്ഗത്തിലാക്കാനും മോചിപ്പിക്കാനും നബി(സ)ക്കായിട്ടില്ലെങ്കിൽ പിന്നെ മറ്റുള്ളവരുടെ കാര്യം എങ്ങനെ?

**4.** നബി(സ)യുടെ (അല്ലാഹുവിന്നുള്ള) അടിമത്തം (അദ്ദേഹത്തിന്) ശ്രേഷ്ഠതയും പരിശുദ്ധിയും നൽകുന്നു (എന്ന വിശ്വാസം). ഉമർ(റ)ൽ നിന്നുള്ള, സ്വഹീഹായി ഉദ്ധരിക്കപ്പെട്ട ഹദീസിൽ നബി(സ) പറയുന്നു: "ക്രിസ്ത്യാനികൾ മറിയമിന്റെ പുത്രനെ പുകഴ്ത്തിയതു പോലെ എന്നെ നിങ്ങൾ പുകഴ്ത്തരുത്. ഞാൻ (അല്ലാഹുവിന്റെ) ഒരടിമ മാത്രമാണ്. അതിനാൽ നിങ്ങൾ عبد الله ورسوله (അല്ലാഹുവിന്റെ അടിമയും അവന്റെ റസൂലും) എന്ന് പറയുക". (ബുഖാരി, മുസ്ലിം). ഈ ഹദീസിനെപ്പറ്റി ശൈഖ് സുലൈമാൻ ബിൻ അബ്ദുല്ലാഹ്(റ) 'ശറഹുത്തൗഹീദ്' (എന്ന ഗ്രന്ഥത്തി) ൽ 272-ാം പേജിൽ പറയുന്നു: "ഞാനൊരടിമ മാത്രമാണ്. അതിനാൽ നിങ്ങൾ

عبده ورسوله എന്ന് പറയുക" എന്ന് പറഞ്ഞാൽ നിങ്ങൾ എന്നെ സ്തുതിക്കരുത്, എന്നെപ്പറ്റിയുള്ള സ്തുതി(വചനങ്ങളിൽ) അതിരുകവിയരുത് എന്ന്. ഈസാ (അ) ൽ ക്രിസ്ത്യാനികൾ അതിരു കടന്നതു പോലെ. അവർ അദ്ദേഹത്തിൽ അങ്ങിനെ റുബൂബിയ്യത്ത്(രക്ഷാകർതൃത്വം) വാദിച്ചു. "ഞാനൊരടിമ മാത്രമാണ്. അതിനാൽ എൻെറ റബ്ബ് എന്നെ വിശേഷിപ്പിച്ചത് എങ്ങിനെയാണോ അപ്രകാരം നിങ്ങളെന്നെ വർണ്ണിക്കുക. നിങ്ങൾ, (എന്നെപ്പറ്റി) അല്ലാഹുവിൻെറ അടിമയും റസൂലും എന്ന് പറയുവിൻ".

ഖബറാരാധകർ തിരുമേനി (സ)യുടെ കൽപ്പനക്ക് വിരുദ്ധമാകാൻ ശഠിക്കുന്നു. അവിടുന്ന് വിരോധിച്ചത് ചെയ്യാൻ (അവർ) പ്രതിജ്ഞാബദ്ധരാവുന്നു. ഏറ്റവും വലിയ വ്യതിചലനമാണ് അവർക്കുണ്ടായത്. 'അല്ലാഹുവിൻെറ അടിമയും അവൻെറ റസൂലും എന്ന് നബി(സ)യെപ്പറ്റി വിവരിക്കുന്നതോടൊപ്പം അദ്ദേഹത്തെ വിളിച്ചു തേടാനും അദ്ദേഹത്തക്കൊണ്ട് സഹായം ചോദിക്കാനും അവിടുത്തേക്ക് നേർച്ച ചെയ്യാനും അവിടുത്തെ അന്ത്യവിശ്രമഗേഹത്തെ പ്രദക്ഷിണം വെയ്ക്കാനും പാടില്ലായെന്നാണെങ്കിൽ, അത് നബി(സ)യെ ഇകഴ്ത്തിക്കാട്ടലല്ലേയെന്നവർ കരുതി. കാര്യത്തിൻെറ തീരുമാനത്തിൽ അദ്ദേഹത്തിന് യാതൊരവകാശവുമില്ലെന്നും അല്ലാഹു അദ്ദേഹത്തിന്ന് അറിയിച്ചു കൊടുത്തതല്ലാത്ത അദൃശ്യജ്ഞാനമില്ലായെന്നും പറയുകയാണെങ്കിൽ അത് അവിടത്തോടുള്ള അനാദരവും അദ്ദേഹത്തിൻെറ സ്ഥാനത്തെ ഇകഴ്ത്തിക്കാണിക്കലുമാണ് (എന്നും അവർ കരുതി).

അങ്ങനെ തിരുമേനി(സ)യുടെ പദവിക്കുമേലെ അദ്ദേഹ

ത്തെ അവർ ഉയർത്തി. ക്രിസ്ത്യാനികൾ യേശുവിൽ ആരോപിച്ചതോ അതിനടുത്തതോ ആയ രൂപത്തിൽ നബി(സ)യിലും അവർ ആരോപിച്ചു. അങ്ങിനെ അദ്ദേഹത്തോടവർ പാപമോചനത്തിന്നും ദുരിതനിവാരണത്തിന്നുംഅപേക്ഷിച്ചു. അല്ലാഹുവോട് ഇസ്തിഗാസ: (ഇടതേട്ടം) ചെയ്യുന്ന എല്ലാകാര്യത്തിലും നബി(സ)യോടും ഇസ്തിഗാസ: ചെയ്യുന്നത് അനുവദനീയമാണെന്നും ആ വിഷയത്തിൽ ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്ത ആളുകളെ സംബന്ധിച്ച് ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ (റ) തൻെറ 'അൽ ഇസ്തിഗാസ:' എന്നഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. തീർച്ചയായും അല്ലാഹുവിന്നല്ലാതെ അറിയാത്ത അദൃശ്യത്തിൻെറ താക്കോലുകൾ നബി(സ) ക്ക് അറിയുമെന്ന് അവർ പറയുകയും ചെയ്തു.

ഇതേ സ്വഭാവത്തിലുള്ള മറ്റൊരാളെ സംബന്ധിച്ചും വിവരിക്കപ്പെടുന്നു. മുഫ്തിയും (മതവിധിനൽകാനർഹനായവനും) അധ്യാപകനുമായ അദ്ദേഹം പറയുമായിരുന്നത്രെ: അല്ലാഹുവിന്നറിയുന്നതൊക്കെ തീർച്ചയായും നബി(സ)യും അറിയും. അല്ലാഹു കണക്കാക്കുന്നതൊക്കെ നബി(സ)യും കണക്കാക്കും. നബി(സ) യുടെ (മരണ) ശേഷം ഈ രഹസ്യം ഹസൻ(റ) യിലേക്ക് എത്തിച്ചേർന്നു. പിന്നെ ഹസൻ (റ)ൻെറ മക്കളിലേക്കും അബുൽ ഹസനുസ്സാദുലിയിലേക്കും എത്തിച്ചേർന്നു. അവർ പറഞ്ഞു: എല്ലാം ഒരുമിച്ചു കൂട്ടുന്ന ഒരുവനും മധ്യവർത്തിയുമായ ഖുതുബി[9]ൻെറ മഖാം(സ്ഥാനം) ആണിത്. ഈ വിഭാഗത്തിൽ പെട്ട ചിലർ وتسبحوه بكرة واصيلا

9- ഒരേയൊരു മധ്യവർത്തിയായ ഖുതുബിൻെറ സ്ഥാനം. ഖുതുബ് എന്നത് ചുഴിക്കുറ്റിയാണ്. ലോകം ഈ ഖുതുബിനുചുറ്റും കറങ്ങുന്നു എന്ന ധാരണ.

[കാലത്തും വൈകുന്നേരവും നിങ്ങൾ അവന്ന് തസ്ബീഹ് (സ്തോത്ര കീർത്തനം) ചെയ്യുവാനും- ഫത്ഹ്: 9] എന്ന്അല്ലാഹു പറഞ്ഞതിനെപ്പറ്റി ഇങ്ങിനെ പറഞ്ഞു: "തിരുദൂതർ (സ)ക്ക് പ്രഭാതത്തിലും പ്രദോഷത്തിലും സ്തോത്ര കീർത്തനം ചെയ്യുവിൻ" എന്ന്! അവരിൽപ്പെട്ട ചിലർ പറയുന്നു: "ഞങ്ങൾ അല്ലാഹുവിനെയും അവൻെറ റസൂലിനെ ആരാധിക്കുന്നു"! അങ്ങിനെ അവർ റസൂലിനെയും ആരാധ്യനാക്കി. ബൂസ്വീരി[10] പറഞ്ഞു:

فإن من جودك الدنيا وضرتها ومن علومك علم اللوح والقلم

(ഇഹലോകവും അതിൻെറ സഹകളത്രവും.[11] താങ്കളുടെ ഔദാര്യത്തിൽ പെട്ടതാകുന്നു. ലൗഹി[12]ൻെറയും ഖല[13]മിൻെറയും അറിവ് താങ്കളുടെ വിജ്ഞാനത്തിൽ പെട്ടതുമാകുന്നു)

ദുൻയാവും ആഖിറവും നബി(സ)യുടെ ഔദാര്യത്തിൽ പെട്ടതാക്കി മാറ്റി. ലൗഹുൽ മഹ്ഫൂദിലുള്ളത് തിരുമേനി (സ)ക്ക് അറിയുമെന്നും അവർ ദൃഢനിശ്ചയും ചെയ്തു. ആ അധ്യാപകനെപ്പറ്റി ശൈഖുൽ ഇസ്‌ലാം വിവരിച്ചത് അങ്ങിനെയാണ്. ഇതെല്ലാം വ്യക്തമായ (കലർപ്പില്ലാത്ത) അവിശ്വാസമാണ്. നബി(സ) യോടുള്ള സ്നേഹത്തിൻെറയും നബി

---

*10- ബൂസ്വീരി: മുഹമ്മദ് ബിൻ സഈദ് ശറഫുദ്ദീൻ ബൂസ്വീരി. 'ബുർദ:' എന്ന പദ്യം ഇദ്ദേഹത്തിൻെറതാണ്.*

*11- ഇഹലോകവും അതിൻെറ തുണയും. അഥവാ ഇഹലോകവും പരലോകവും.*

*12- ലൗഹ്: ലൗഹുൽ മഹ്ഫൂദ്=സുരക്ഷിത ഫലകം. അല്ലാഹുവിങ്കൽ പ്രത്യേകം സൂക്ഷിക്കപ്പെട്ട ഒരു ജ്ഞാനരേഖ.*

*13- ഖലം: ഖുർആൻ രേഖപ്പെടുത്തപ്പെട്ട, വിധിലിഖിതം എഴുതിയ പേന.*

(സ)യോടുള്ള ആദരവിൻെറയും നബി(സ)യെ പിൻപറ്റുന്നതിൻെറയും പേരിൽ പിശാച് അതവർക്ക് ഭംഗിയാക്കിക്കൊടുത്തുവെന്നതാണ് ഏറെ രസകരം. ഇതാണ് ശപിക്കപ്പെട്ടവൻെറ പണി. അവൻ സത്യത്തെ അസത്യവുമായി കൂട്ടിക്കലർത്തുന്നു; എല്ലാ വിദൂര ശബ്ദങ്ങളെയും പിൻപറ്റുന്ന നാൽക്കാലികളെപ്പോലുള്ള ആളുകളുടെ അടുക്കൽ ഫലിക്കാൻ വേണ്ടി. അവർക്ക് (മാടുകൾക്ക്) വൈജ്ഞാനിക പ്രകാശത്തൻെറ സാന്നിദ്ധ്യമറിയില്ലല്ലോ. സ്ഥായിയായ ഒരു കോണിലേക്ക് അവർ പ്രവേശിച്ചിട്ടുമില്ല. തീർച്ചയായും ഇത് പുകഴ്ത്തലല്ല. ബഹുമാനിക്കുന്നതിൻെറ സ്ഥാനം മനസ്സും നാവും മറ്റവയവങ്ങളുമാണ്. അവർ നബി(സ)യിൽ നിന്ന് വിദൂരം പോയ ജനങ്ങളാണ്. മനസ്സു കൊണ്ടുള്ള പുകഴ്ത്തലെങ്ങിനെയെന്നാൽ, അടിമയും റസൂലും എന്ന നിലയിൽ തിരുമേനിയെ വിശ്വസിച്ചു പിൻപറ്റലാണ്. തന്നോടും തൻെറ മാതാപിതാക്കളോടും സന്താനങ്ങളോടും മുഴുവൻ മനുഷ്യരോടുമുള്ളതിനേക്കാൾ തൻെറ സ്നേഹത്തെ തിരുമേനി(സ)ക്കു സമർപ്പിച്ചു കൊണ്ടാണത്. രണ്ടു കാര്യങ്ങൾ കൊണ്ടാണ് ഈ സ്നേഹം യാഥാർഥ്യമാവുന്നത്.

**1.** തൗഹീദിനെ പിന്തുടരൽ:

തൗഹീദിനെ അംഗീകരിക്കുന്ന കാര്യത്തിൽ സൃഷ്ടികളിൽ അങ്ങേയറ്റം ആർത്തിയുള്ള ആളായിരുന്നു പ്രവാചകൻ (സ). എത്രത്തോളമെന്നാൽ ശിർക്കിൻെറയും അതിലേക്കെത്തിക്കുന്നതിൻെയും കാരണങ്ങളെ വരെ എല്ലാ ഭാഗത്തു നിന്നും അവിടുന്ന് മുറിച്ചു കളഞ്ഞു. "അല്ലാഹുവും താങ്കളും ഉദ്ദേശിച്ചാൽ" എന്ന് നബി(സ) യോടൊരാൾ പറഞ്ഞപ്പോൾ തിരുമേനി(സ) ചോദിച്ചു: "നിങ്ങളെന്നെ അല്ലാഹുവിന്ന് സമാനമാ

ക്കിയോ? എന്നാൽ ഏകനായ അല്ലാഹു ഉദ്ദേശിച്ചാൽ മാത്രം (എന്ന് പറയുക)", (അഹ്മദ്). അല്ലാഹു അല്ലാത്തവരെത്തൊട്ട് സത്യം ചെയ്യുന്നതിനെ നബി(സ) തടയുകയും അങ്ങിനെ ചെയ്യുന്നത് ശിർക്കാണെന്നുണർത്തുകയും ചെയ്തു. ഖബറിന്നഭിമുഖമായി നമസ്കരിക്കുകയോ അതിനെ പള്ളിയോ ഉത്സവസ്ഥലമോ ആക്കി മാറ്റുകയോ അവിടെ വിളക്കു കത്തിച്ചു വെയ്ക്കുകയോ ചെയ്യുന്നതിനെയും പ്രാവചകൻ (സ) തടഞ്ഞു. അദ്ദേഹത്തിൻെറ മതത്തിൻെറ കേന്ദ്രം ഈ അടിത്തറയിലാണ്. മോക്ഷം ചുറ്റിത്തിരിയുന്ന ചുഴിക്കുറ്റി (ഖുതുബ്) ആണത്. തൻെറ കർമ്മം കൊണ്ടും മൊഴികൊണ്ടും (തൗഹീദിനെ) സ്ഥാപിക്കുന്നതിനും അതിനുവിരുദ്ധമായ കാര്യങ്ങളെ തടയുന്നതിലും നബി(സ) കാണിച്ച അത്ര കണിശത മറ്റൊരാളും കാണിച്ചിട്ടില്ല. നബി(സ) യെ എതിർത്തുകൊണ്ടല്ലാ; പ്രത്യുത ഇക്കാര്യത്തിൽ നബി(സ)യോട് യോജിച്ചു കൊണ്ടാണ് തിരുമേനി(സ) യെ ബഹുമാനിക്കേണ്ടത്.

**2.** മതത്തിൻെറ അടിസ്ഥാനങ്ങളിലും ശാഖകളിലും പെട്ട ചെറുതും വലുതുമായ എല്ലാ കാര്യങ്ങളിലും നബി(സ) യെ പിൻപറ്റുക. അദ്ദേഹത്തിൻെറ തീരുമാനത്തിൽ തൃപ്തിപ്പെട്ടുകൊണ്ട് അദ്ദേഹത്തെ അനുസരിക്കുകയും ചെയ്യുക. അവിടത്തേക്ക് വിരുദ്ധമായതിൽനിന്ന് വിട്ടുനിൽക്കുകയും അതിലേക്ക് മുഖം തിരിക്കാതിരിക്കുകയും ചെയ്യുക. എത്രത്തോളമെന്നാൽ നബി(സ)ക്കു വിരുദ്ധമായതു തള്ളാനും അദ്ദേഹത്തിൻെറ വാക്കുകൾ സ്വീകരിക്കാനുമുതകുന്ന വിധം, പിൻപറ്റാവുന്നവിധി കർത്താവ് നബി(സ) മാത്രമാവുന്നതുവരെ. (എങ്ങിനെയെന്നാൽ)ആരാധിക്കാൻ അർഹനായവൻ ഏകനായ റബ്ബ്

മാത്രമായതുപോലെ. അവനാണ് ആരാധ്യൻ. സൃഷ്ടി കർത്താവ്. അവനോട് ഇടതേടുന്നു. അവനിൽ അഭയമർപ്പിക്കുന്നു. ഭയവും മോഹവും അവനിലേക്കാണ്. പാപങ്ങളിൽ നിന്നും കാഠിന്യാവസ്ഥകളിൽ നിന്നും മോചനത്തിന്ന് മോഹിക്കപ്പെടുന്ന ഒരേയൊരുവൻ. ഇഹലോകവും പരലോകവും അവൻെറ ഔദാര്യമാകുന്നു. സൃഷ്ടികളെ (ഒന്നടങ്കം) സൃഷ്ടിച്ചത് അവൻ മാത്രം. അവർക്ക് ആഹാരം നൽകുന്നവനും (സൃഷ്ടികളെ) പുനർജനിപ്പിക്കുന്നവനും അവനത്രെ. പൊറുത്തു കൊടുക്കുകയും കരുണകാണിക്കുകയും സന്മാർഗ്ഗത്തിലാക്കുകയും വഴികേടിലാക്കുകയും ചെയ്യുന്നവനും അവനാണ്. വിജയിപ്പിക്കുകയും പരാജയപ്പെടുത്തുകയും ചെയ്യുന്നവൻ. അവനെക്കൂടാതെ മറ്റാർക്കും ഒരു നിയന്ത്രണാധികാരവും ഇല്ല. അയാളാരായിരുന്നാലും ശരി. നബി(സ)ക്കോ ജിബ്‌രീൽ (അ) നോ അവർ രണ്ടുമല്ലാത്ത മറ്റാർക്കെങ്കിലുമോ ഇല്ല. അപ്പോൾ ഇതാണ് പരിശുദ്ധിയുടെ അവസ്ഥയുമായി ബന്ധപ്പെട്ട യഥാർഥ ബഹുമാനം. അവൻെറ ഉപജീവനത്തിലും അവൻെറ (അന്തിമ) മടക്കത്തിലും പ്രയോജനം ചെയ്യുന്ന ബഹുമാനം. അവൻെറ വിശ്വാസവും സമർപ്പണവും അതിൽ നിർബന്ധമാണ്.

എന്നാൽ നാവ് കൊണ്ടുള്ള ബഹുമാനം; നബി(സ)യെ അവിടുത്തെ റബ്ബ് പ്രശംസ ചൊരിഞ്ഞതു പോലെയും, അതിരുകവിയലോ വീഴ്ച വരുത്തലോ കൂടാതെ നബി(സ) സ്വന്തം നിലക്ക് പ്രശംസിച്ചതു പോലെയുമുള്ള പ്രശംസക്ക് നബി(സ) അർഹനാണ്. ഖബറാരാധകർ ചെയ്തതുപോലെ (ആവരുത്). അവർ പ്രവാചകൻ(സ) യെ അങ്ങേയറ്റത്തോളം അതിരുകവിഞ്ഞു പുകഴ്ത്തി.

അവയവങ്ങൾ കൊണ്ടുള്ള ബഹുമാനം എന്നാൽ തിരുമേനി(സ)യെ അനുസരിച്ചു കൊണ്ട് കർമ്മം ചെയ്യുക എന്നാകുന്നു. അദ്ദേഹത്തിൻെറ ദീനിനെ പ്രകടമാക്കുന്നതിൽ പരിശ്രമിക്കലുമാണത്. അവിടുന്ന് കൊണ്ടുവന്നതിനെ സഹായിക്കലും അതിനു വിരുദ്ധമായതുമായി ധർമ്മ സമരത്തിലേർപ്പെടലുമാണ്.

മൊത്തത്തിൽ, പ്രയോജനപ്രദമായ ബഹുമാനം എന്നത് നബി(സ) (നമുക്ക്) അറിയിച്ചു തന്നതിൽ സത്യപ്പെടുത്തലും അവിടുന്ന് കൽപിച്ചതിൽ നബി(സ)യെ അനുസരിക്കലും വിരോധിച്ചതിനെ വർജ്ജിക്കലും ആണ്. പിന്തുണയും ശത്രുതയും സ്നേഹവും വെറുപ്പുമൊക്കെ അതിനു വേണ്ടിയായിരിക്കുക. നബി(സ)യെ വിധി കർത്താവാക്കുകയും അദ്ദേഹത്തിൻെറ വിധിയിൽ സംതൃപ്തനാവുകയും ചെയ്യുക. നബി(സ)യുടെ വിധിയിൽ തീരുമാനമെടുക്കുന്ന വിധികർത്താവിനെ-ത്വാഗൂത്തി[14]നെ- സ്വീകരിക്കാതിരിക്കുക. അവന് യോജിച്ച നബി(സ)യുടെ വാക്കുകളെ സ്വീകരിക്കുകയും അതിനു വിരുദ്ധമായതിനെ തള്ളിക്കളയുകയും ചെയ്യുക, അല്ലെങ്കിൽ അതിനെ വ്യാഖ്യാനിക്കുകയോ അതിനോട് വിമുഖത കാട്ടുകയോ ചെയ്യുക എന്നതും സംഭവിച്ചു കൂടാ. അത്യുന്നതനായ അല്ലാഹു സാക്ഷി. സാക്ഷിയായി അവനും അവൻെറ മാലാഖമാരും പ്രവാചകന്മാരും മിത്രങ്ങളും തന്നെ മതി. ഖബറാരാധകരും മുവഹ്ഹിദീങ്ങളുടെ (ഏകദൈവാരാധകരുടെ) സംഘവും തുല്യരല്ല. അല്ലാഹു സഹായിക്കട്ടെ.

ശൈഖ്(റ) അദ്ദേഹത്തിൻെറ കാലത്ത് അദ്ദേഹം കണ്ടതി

---

*14- ത്വാഗൂത്തിനെക്കുറിച്ച് നേരത്തെ വിവരിച്ചത് നോക്കുക.*

നെപ്പറ്റിയും തൗഹീദിൻെറ കാര്യത്തിൽ അജ്ഞരായ അദ്ദേഹത്തിനുമുമ്പുള്ള സമൂഹത്തെപ്പറ്റിയും ഉദ്ധരിക്കുന്നു. നബി(സ)യോടുള്ള സ്നേഹത്തെപ്പറ്റി അവകാശവാദമുന്നയിക്കുകയും നബിയെ അങ്ങേയറ്റം പുകഴ്ത്തുകയും അല്ലാഹുവല്ലാത്ത മറ്റാർക്കും അവകാശമില്ലാത്ത രാജാധികാരവും വിജ്ഞാനവും ക്രയവിക്രയവുമൊക്കെ നബി(സ)യിൽ ചേർത്ത് അവർ വർണ്ണിച്ച് പറയുകയും ചെയ്യുന്നു. ജല്ലജലാലായ അല്ലാഹുവിന്ന് മാത്രം പൂർണ്ണമായും അവകാശപ്പെട്ട പ്രാർഥന, അപേക്ഷ, അവനോടുള്ള കാര്യങ്ങളുടെ സമർപ്പണം, അതിലുള്ള വിശ്വാസം എന്നിത്യാദി കാര്യങ്ങൾ വരെ അവർ നബി (സ) യിലേക്ക് തിരിച്ചു വിട്ടു.

നബി(സ)യുടെ ഹഖിൽ അമിത പ്രശംസ നടത്തുകയും അതിരു കവിയുകയും ചെയ്ത ചില ആളുകളെ സംബന്ധിച്ച് شرح التوحيد ലെ 186-ാം പേജിലും അതിനുശേഷവും ശൈഖ് പറഞ്ഞിട്ടുണ്ട്. ബൂസ്വീരിയുടെ 'ബുർദ:' കാവ്യത്തിലെ ചില ഈരടികളും അദ്ദേഹം എടുത്തു പറഞ്ഞു:

يااكرم الخلق مالي من الوذ به　　　سواك عند حلول الحادث العمم

[അത്യുൽകൃഷ്ട സൃഷ്ടി സ്വരൂപമേ! അപകടം പൂർണ്ണാകാരം വരുന്നേരം താങ്കളൊഴിച്ചൊന്നും രക്ഷാകേന്ദ്രമായെനിക്കില്ല]. ഇതിനു ശേഷമുള്ള പദ്യങ്ങളും അപ്രകാരം തന്നെ. വ്യക്തമായ ശിർക്കാണ് ഇതിലൊക്കെ വ്യക്തമാകുന്നത്.

ബർദയുടെ പദ്യങ്ങളിലും ഇത്തരം അതിരുകടന്ന പ്രശംസകളുള്ളതായി അദ്ദേഹം പറഞ്ഞിട്ടുണ്ട്. നബി(സ)ക്കുള്ള ശുദ്ധ, കലർപ്പില്ലാത്ത ആരാധനയാണ് ഇതിൽ സംഭവിച്ചിട്ടുള്ളത്. അത്യുന്നതനായ റബ്ബിനെ അയാൾ മറക്കുകയും ചെയ്തു.

അപ്രകാരം മരണപ്പെട്ടവരുമായി ബന്ധിച്ച്, അവരെ അങ്ങേയറ്റം പുകഴ്ത്തിയ ചിലരെപ്പറ്റി ശൈഖ് നുഅമി തൻെറ معارج الالباب ൽ 169-ാം പേജിലും അതിനുശേഷമുള്ളതിലും എടുത്തു പറഞ്ഞിട്ടുണ്ട്. നബി(സ)യെ ലക്ഷ്യം വെച്ചുള്ള വ്യക്തമായ ശിർക്കുമായി ബന്ധപ്പെട്ട പദ്യങ്ങളാണവ. അതിൽ പ്രധാനമായ ഒന്നിൽ പറയുന്നു:

يا سيدي ياصفي الدين ياسندي    يا عمدتي بل ويادخرى ومفتخري

انت الملاذ لما اخشى ضرورته    وانت لي ملجأ من حادث الدهر

[എൻെറ നേതാവേ! ദീനിൻെറ നൈർമാല്യമേ! എൻെറ ആശ്രയമേ!എൻെറ അവലംബമേ! അല്ല, എൻെറ നിക്ഷേപമേ! എൻെറ സർവ്വശ്രേഷ്ഠരേ! ഞാൻ ഭയക്കുന്ന കഷ്ടപ്പാടിൻെറ അഭയ കേന്ദ്രം അങ്ങാണ്. കാലത്തിൻെറ ദുരന്തങ്ങളിൽ എനിക്കുള്ള രക്ഷാകേന്ദ്രവും അങ്ങാണ്].

ഇത്തരത്തിലുള്ള ശിർക്കിൻെറ പദ്യങ്ങളാണ് അവസാനം വരെ. ഇതിനെ സംബന്ധിച്ച് ശൈഖ്(റ) പറയുന്നു: ഈ അവസ്ഥക്കു ശേഷം, തേട്ടത്തിൻെറ രൂപവും ഉദ്ദേശപ്രാപ്തിയും ഇങ്ങിനെയൊക്കെയാണെങ്കിൽ സ്രഷ്ടാവിന് എന്ത് വിശേഷണമാണയാൾ പ്രത്യേകമാക്കിയതെന്ന് നമുക്കറിഞ്ഞുകൂടാ. ഈ വൃത്തികെട്ട മുശ്രിക്ക് (ബഹുദൈവാരാധകൻ) എന്തു കാര്യമാണ് (അല്ലാഹുവിന്ന്) ബാക്കിയാക്കുന്നത്! എന്തെന്നാൽ ബിംബാരാധകരായ മുശ്രിക്കുകൾ അല്ലാഹുവല്ലാതെ അവരരാധിക്കുന്നവയ്ക്ക് ഇത്രത്തോളമോ അതിന്നടുത്തോ അവകാശം നൽകിയിരുന്നില്ല.

നബി(സ) തൻെറ സമുദായത്തിൽ ഇത്തരം അമിത വർണ്ണന ഭയന്നിട്ടുണ്ട്. അതിൻെറ കാരണങ്ങളെ സംബന്ധിച്ച്

അവർക്കവിടുന്ന് മുന്നറിയിപ്പു നൽകുകയും (ചെയ്തിട്ടുണ്ട്.). അബ്ദുല്ലാഹ് ബിൻ ശുഖൈർ(റ) ൽ നിന്ന് അബൂദാവൂദ് ഉദ്ധരിക്കുന്നു. ബനീ ആമിർ നിവേദക സംഘത്തിൽ ഞാൻ നബി(സ)യുടെ അടുക്കൽ വന്നു. ഞങ്ങൾ തിരുമേനി(സ) യോട് പറഞ്ഞു: താങ്കൾ ഞങ്ങളുടെ സയ്യിദ്[15] ആണ്. അപ്പോൾ നബി(സ) പറഞ്ഞു: "അത്യുന്നതനായ അല്ലാഹുവാണ് സയ്യിദ്". അപ്പോൾ ഞങ്ങൾ പറഞ്ഞു "അങ്ങ് ഞങ്ങളിൽ ഏറ്റവും ശ്രേഷ്ഠനും സ്ഥാനത്തിൽ ഞങ്ങളേക്കാൾ ഉന്നതനുമാണ്". അപ്പോൾ നബി(സ) പറഞ്ഞു: "നിങ്ങൾ പറഞ്ഞതുപോലെയോ അതിൽ ചിലതോ നിങ്ങൾ പറഞ്ഞുകൊള്ളുക"

അനസ്(റ)ൽ നിന്നുദ്ധരിക്കുന്നു: ചില ജനങ്ങൾ പറഞ്ഞു. അല്ലാഹുവിൻെറ ദൂതരെ, ഞങ്ങളുടെ പുണ്യമേ, ഞങ്ങളുടെ പുണ്യപുത്രാ, ഞങ്ങളുടെ നേതാവെ, ഞങ്ങളുടെ നേതാവിൻെറ പുത്രാ.. അപ്പോൾ നബി(സ) പറഞ്ഞു: "ജനങ്ങളെ! നിങ്ങൾ പറഞ്ഞതൊക്കെ പറഞ്ഞു കൊള്ളുക. പിശാച് നിങ്ങളെ വഴിപിഴപ്പിയ്ക്കാതിരിക്കട്ടെ. ഞാൻ അല്ലാഹുവിൻെറ അടിമയും ദൂതനുമായ മുഹമ്മദാണ്. അല്ലാഹു എന്നെ സ്ഥാപിച്ച സ്ഥാനത്തേക്കാൾ എന്നെ ഉയർത്തുന്നത് ഞാനിഷ്ടപ്പെടുന്നില്ല. (നിസാഈ)

പ്രവാചകചര്യയിൽ ഇങ്ങിനെ ധാരാളമുണ്ട്. തിരുദൂതർ (സ) പറഞ്ഞതുപോലെ: എന്നോട് സഹായം തേടരുത്. അല്ലാഹുവിനോട് മാത്രമേ സഹായം തേടാവൂ (ത്വബ്റാനി). റസൂൽ (സ) ഒരാളോട് പറഞ്ഞകാര്യം തന്നെ എടുക്കാം. "അല്ലാഹു

---

*15- സയ്യിദ്: നേതാവ്, പ്രമുഖൻ, യജമാനൻ എന്നീ അർഥങ്ങളിൽ ഇതുപയോഗിച്ചുവരുന്നു.*

വും താങ്കളും ഉദ്ദേശിച്ചപോലെ" എന്നതിന് നബി(സ) മറുപടി പറഞ്ഞു: "നീയെന്നെ അല്ലാഹുവിന് തുല്യമാക്കിയോ? അല്ലാഹു ഉദ്ദേശിച്ചതു മാത്രം (എന്ന് പറയുക)-(അഹ്മദ്).

അപ്പോൾ നബി(സ) സൃഷ്ടികളുടെ നേതാവും അവരിലെ ശ്രേഷ്ടനും അവരിൽ നിന്നുള്ള പുണ്യവാനുമാണ്. പക്ഷെസ്തുതിപാഠകരുടെ സ്തുതിക്കു മുന്നിൽ അദ്ദേഹത്തെകൊണ്ടുവരുന്നതിനെ അദ്ദേഹം തടയുകയും ചെയ്തു. "സ്തുതിപാഠകരെ കണ്ടാൽ അവരുടെ മുഖത്ത് മണ്ണു വാരിയിടുക" (മുസ്ലിം) എന്നുവരെ പ്രവാചകൻ (സ) പറയുകയുണ്ടായി. തൗഹീദിൻെറ ചൈതന്യത്തെ നശിപ്പിക്കുകയോ കർമ്മങ്ങൾ പാഴായിപ്പോവുകയോ ചെയ്യുന്ന വിധം അഹംഭാവവും വീരാരാധനാബോധവും സ്തുതിക്കപ്പെടുന്നവരിൽ വന്നു ചേരുന്നു എന്നതാണ് ഇതിൻെറ പരിണിതഫലം.

അല്ലാഹുവോടുള്ള അടിമത്വത്തിൻെറ പേരിൽ തിരുമേനി (സ) അഭിമാനം കൊണ്ടിട്ടുണ്ട്; വളരെ വിനയാന്വിതനും സമർപ്പിതമാനസനുമായിക്കൊണ്ട്, അതാണ് ബഹുമാനവും ശ്രേഷ്ഠതയും. ഒരടിമ എന്ന പേരുകൊണ്ട് അല്ലാഹു അദ്ദേഹത്തെ സംബോധന ചെയ്തു. അല്ലാഹു പറയുന്നു: وان كنتم في ريب مما نزلنا علي عبدنا [നമ്മുടെ ദാസൻെറ മേൽ നാം അവതരപ്പിച്ചതിനെ സംബന്ധിച്ച് നിങ്ങൾ വല്ല (വിധേനയും) സന്ദേഹത്തിലാണെങ്കിൽ -ബഖറ: 23] മറ്റൊരു വാക്യത്തിൽ അല്ലാഹു പറയുന്നു: سبحن الذي اسري بعبده [തൻെറ ദാസനെ രാപ്രയാണം ചെയ്യിച്ചവൻ പരിശുദ്ധൻ- ഇസ്റാഅ്: 1] അല്ലാഹു പറയുന്നു: الحمد لله الذي انزل على عبده الكتاب [അല്ലാഹുവിന്ന് സർവ്വസ്തുതിയും. തൻെറ ദാസന് വേദഗ്രന്ഥം അവതരി

പ്പിച്ചവനത്രെ (അവൻ)-കഹ്ഫ്: 1]. അല്ലാഹു പറയുന്നു: وانه لما قام عبد الله يدعوه [അല്ലാഹുവിൻെറ ദാസൻ (നബി) അവനെ വിളിച്ചു (പ്രാർഥിച്ചു) കൊണ്ടു നിന്നപ്പോൾ-ജിന്ന്: 19].

അങ്ങേയറ്റത്തെ വണക്കവും അങ്ങേയറ്റത്തെ സ്നേഹവുമാണ് അല്ലാഹുവിന്നുള്ള അടിമത്തം കൊണ്ടുദ്ദേശിക്കുന്നത്. അല്ലാഹുവോടുള്ള വണക്കം കൊണ്ടുദ്ദേശിക്കുന്നതാകട്ടെ, സമർപ്പണവും ഭയവും ഒതുക്കവുമൊക്കെ ഉന്നതനായ അല്ലാഹുവിനായിത്തീരുക എന്നാണ്. അല്ലാഹുവോടുള്ള അവൻെറ ബാധ്യതയിൽ വീഴ്ച വരുത്തിയ അമാന്യനും നിന്ദ്യനുമായി അവനെ അവൻ സ്വയം കാണണം. അങ്ങിനെയായാൽ കുറ്റബോധത്തോടെ അവനിലേക്ക് മടങ്ങാനും അവൻെറ റബ്ബിനെപ്പറ്റി, അനുഗ്രഹം ചൊരിയുന്നവനും ഔദാര്യവാനുമാണെന്ന് സമ്മതിക്കാനും അവനാവും. വാക്കിലും കർമ്മത്തിലും വിചാരത്തിലും അല്ലാഹു വെറുത്തതിനെ വെറുക്കുകയും അവനിഷ്ടപ്പെട്ടതിനെ ഇഷ്ടപ്പെടുകയും ചെയ്യുക എന്നതാണ് സ്നേഹത്തിൻെറ വിവക്ഷ. സർവ്വലോക രക്ഷിതാവായവനെ ആരാധിക്കുന്നതിൻെറ ചൈതന്യവത്തായ അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നത് അപ്പോഴായിരിക്കും.

**5-** മറ്റു നബിമാരെയും ദൈവദൂതന്മാരെയും പോലെ നബി(സ)യും മരിച്ചു (എന്ന വിശ്വാസം). അല്ലാഹു പറയുന്നു: انك ميت وانهم ميتون [തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു- സുമർ: 30]. അല്ലാഹു പറയുന്നു: وماجعلنا لبشر من قبلك الخلد افإين مت فهم الخلدون . كل نفس ذائقة الموت [നബിയെ! നിനക്കു മുമ്പ് ഒരു മനുഷ്യന്നും നാം അനശ്വരത നൽകിയിട്ടില്ല. എന്നിരിക്കെ നീ മരിച്ചെങ്കിൽ അവർ

നിത്യജീവികളായിരിക്കുമോ? ഓരോ വ്യക്തിയും മരണത്തെ ആസ്വദിക്കുക തന്നെ ചെയ്യും- അൻബിയാഅ്: 34, 35].

അപ്പോൾ മുസ്ലിംകളൊന്നടങ്കം പൂർവ്വ നബിമാരെല്ലാം മരണപ്പെട്ടു പോയി എന്നു വിശ്വസിക്കുന്നവരാണ്. [മറിയ (അ) മിൻെറ പുത്രൻ ഈസാ(അ) മാത്രം ഇതിൽ പെടില്ല. അവസാന നാളിൽ അദ്ദേഹം ഇറങ്ങിവരികയും മുഹമ്മദ് നബി(സ) യുടെ ശരീഅത്തനുസരിച്ച് ഭരണം നടത്തുകയും ചെയ്യും. അതോടൊപ്പം മരണപ്പെട്ടുപോയവരുടെ അതേ വിധിയിൽ അദ്ദേഹത്തെ ഉൾപ്പെടുത്തുകയും ചെയ്തു. എന്തെന്നാൽ (ആകാശാരോഹണത്തിന് ശേഷം) അദ്ദേഹത്തിൻെറ പ്രായത്തെ നാം എണ്ണിക്കണക്കാക്കുന്നില്ല. മരണപ്പെട്ടു പോയവരെപ്പോലെയാണ് അദ്ദേഹത്തെപ്പറ്റി ഖുർആൻ ഉദ്ധരിക്കുന്നത്. അല്ലാഹു പറയുന്നു: اني متوفيك ورافعك إلي [തീർച്ചയായും നിന്നെ നാം പൂർണ്ണമായി ഏറ്റെടുക്കുകയും എൻെറ അടുക്കലേക്ക് നിന്നെ ഉയർത്തുകയും ചെയ്യുന്നതാണ്- ആലു ഇംറാൻ: 55] അല്ലാഹു പറയുന്നു: فلما توفيتني كنت انت الرقيب عليهم [പിന്നീട് നീ യെന്നെ പൂർണ്ണമായെടുത്തപ്പോൾ നീ തന്നെയായിരുന്നു അവരെ നിരീക്ഷിച്ചിരുന്നവൻ- മാഇദ:117].

അപ്പോൾ അമ്പിയാക്കളുടെ ജീവിതം പോലെ 'ബർസഖി'[16]യായ ഒരു ജീവിതമാണദ്ദേഹത്തിൻേറത്. ആകാശത്തിൽ വെച്ച് നബി (സ) അവരെ കണ്ടിട്ടുണ്ടല്ലോ. യഥാർഥ അവസ്ഥ അല്ലാഹുവിന്നറിയാം]. ദുൻയാവിൽ അല്ലാഹു അവർ

---

*16- ബർസഖ്: മറ, വേർതിരിവ്, തടസ്സം എന്നൊക്കെ ഭാഷാർഥം. ഖബറിലെ ജീവിതത്തിന്നാണ് പൊതുവെ ബർസഖിയായ ജിവിതം എന്നു പറയുന്നത്. പാരത്രിക ലോകത്തിന്നും ഭൗതികലോകത്തിന്നും ഇടക്കുള്ള വേർതിരിവാണ് ബർസഖ് എന്നും പറയപ്പെടുന്നുണ്ട്.*

ക്ക് കണക്കാക്കിയ അവരുടെ ആയുസ്സെത്തിയപ്പോൾ അവർ മരണപ്പെട്ടു. അവർ ബർസഖിയായ ലോകത്താണ്. രക്തസാക്ഷികളുടെ ജീവിതത്തെക്കുറിച്ച് വിവരിച്ചേടത്ത് അല്ലാഹു പറയുന്നു: ولاتحسبن الذين قتلوا فى سبيل الله امواتا بل احياء عند ربهم يرزقون [അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെ മരിച്ചുപോയവരായി നീ ഗണിക്കരുത്. എന്നാൽ അവർ അവരുടെ രക്ഷിതാവിൻെറ അടുക്കൽ ജീവിച്ചിരിക്കുന്നവരാണ്. അവർക്ക് ഉപജീവനം നൽകപ്പെട്ടു കൊണ്ടിരിക്കുന്നു-ആലു ഇംറാൻ: 169].

അപ്പോൾ ഇത്തരത്തിലുള്ള ജീവിതത്തിൽ പ്രഥമ സ്ഥാനം അമ്പിയാക്കൾക്കുണ്ട്. രക്തസാക്ഷികൾ ദുനിയാവിലെ ഈ ജീവിതത്തിൽനിന്നും പുറത്തുപോയവരാണെന്ന് വ്യക്തമാണല്ലോ.. അവരുടെ സമ്പത്ത് പിൻഗാമികൾക്ക് ഓഹരിവെക്കപ്പെടുകയും ചെയതു. അവരുടെ ഭാര്യമാരെ മറ്റുള്ളവർക്ക്-വിവാഹംചെയ്യൽ- അനുവദനീയവുമായി. അപ്പോൾ അത് തന്നെയായിരുന്നു അവരുടെ മരണത്തിന്നുള്ള വ്യക്തമായ തെളിവ്. പക്ഷെ അവരെപ്പറ്റി, അവർ മരിച്ചവരെന്നു നാം പറയുന്നതിനെ അല്ലാഹു തടഞ്ഞു. അല്ലാഹു പറയുന്നു: ولاتقولوا لمن يقتل في سبيل الله اموات بل احياء ولكن لا تشعرون [അല്ലാഹുവിൻെറ മാർഗ്ഗത്തിൽ കൊല്ലപ്പെട്ടവരെപ്പറ്റി മരണപ്പെട്ടവർ എന്നു നിങ്ങൾ പറയേണ്ട. എന്നാൽ അവരാകുന്നു ജീവിയ്ക്കുന്നവർ. പക്ഷെ നിങ്ങൾ (അതിനെപ്പറ്റി) ബോധവാന്മാരാകുന്നില്ല -ബഖറ: 154].

തങ്ങളുടെ ശരീരങ്ങളിൽ നിന്ന് ആത്മാവുകൾ പുറത്തുപോയി എന്ന് നമുക്കുറപ്പുള്ള ഇവരുടെ ഈ ജീവിതം (ബർ

സഖിയായ ജീവിതം) എങ്ങിനെയെന്നതിനെക്കുറിച്ച് നമുക്കൊന്നുമറിഞ്ഞുകൂടാ. അവരുടെ വയസ്സ് ഒടുങ്ങി. അവരുടെ കർമ്മമോ അവസാനിച്ചു കഴിഞ്ഞു. അവരുടെ ജീവിതത്തെക്കുറിച്ച് സഹീഹായ ഹദീസിൽ വന്നിട്ടുണ്ട്. എന്തെന്നാൽ "അവരുടെ ആത്മാക്കൾ സ്വർഗ്ഗീയ വൃക്ഷത്തിൽ ഞാന്നുകിടക്കുന്ന പച്ചക്കിളിയുടെ മേടയിലാണുള്ളത്" എന്ന് (മുസ്ലിം). അവരുടെ ശരീരങ്ങളിൽ നിന്ന് അത് (ആത്മാവുകൾ) വേർപ്പെട്ടിട്ടുണ്ടെന്ന് ഇതും വ്യക്തമാക്കുന്നു. ഈ പ്രത്യേക ജീവിതം കൊണ്ട് അവർ വ്യത്യസ്തരായി നിലകൊള്ളുന്നു. ഇത്തരം ജീവിതത്തിൽ പ്രഥമ പരിഗണനയുള്ളത് നബിമാർക്കും ദൈവദൂതന്മാർക്കുമാണെന്ന് അപ്പോൾ വ്യക്തമാവുന്നു. അതെന്തായാലും ഇവരുടെ വിളിക്കുത്തരം തരാനോ ഇവർ ചോദിച്ചത് നൽകാനോ അവർക്ക് സാധ്യമല്ലെന്നതു തീർച്ച. അപ്പോൾ രക്തസാക്ഷികളുടെ ജീവിതത്തേക്കാൾ ചൈതന്യവത്തായ ബർസഖിയായ ജീവിതത്തിലാണ് നബി(സ)യുള്ളതെന്ന് നാം വിശ്വസിക്കുന്നു. അവിടുത്തെ ശരീരം ദ്രവിച്ചുപോവാത്ത വിധം സംരക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത് വ്യക്തമാക്കുന്നു. ഔസ് ബിൻ ഔസിൽ നിന്നും അബൂദാവൂദ് ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: "നിങ്ങളുടെ ദിവസങ്ങളിൽ ഏറ്റവും പുണ്യകരം വെള്ളിയാഴ്ചയാണ്. അതിനാൽ അതിൽ (ആ ദിവസത്തിൽ) നിങ്ങൾ എൻെറ മേൽ സ്വലാത്ത് അധികരിപ്പിക്കുക. നിങ്ങളുടെ സ്വലാത്തിനെ എനിക്ക് പ്രദർശിക്കപ്പെടും." അവർ ചോദിച്ചു: "അല്ലാഹുവിൻെറ ദൂതരെ; നിങ്ങൾ ദ്രവിച്ചു കഴിഞ്ഞാൽ പിന്നെയെങ്ങിനെയാണ് നിങ്ങൾക്കത് പ്രദർശിപ്പിക്കപ്പെടുക"! നബി(സ) പറഞ്ഞു: "നബിമാരുടെ ശരീരങ്ങൾ ഭൂമി ഭക്ഷിക്കുന്നത് അല്ലാഹു ഹറാമാക്കിയിരിക്കുന്നു." (അബൂദാവുദ്)

അദ്ദേഹത്തിൻെറ ആത്മാവ് അദ്ദേഹത്തിൻെറ ശരീരത്തിൽനിന്നും പുറത്തു പോയിട്ടുണ്ടെന്നും റഫീഖുൽ അഅ്ലാ[17] യിലേക്ക് അതിനെ ഉയർത്തിയിട്ടുണ്ടന്നുമുള്ളതിന് ഇതും തെളിവാണ്. അബീ ഹുറൈറ(റ) ഇങ്ങിനെ ഉദ്ധരിച്ചിട്ടുണ്ട്. നബി (സ) പറയുന്നു. "വല്ല മുസ്ലിമും എനിക്ക് സലാം ചൊല്ലിയാൽ അവന് സലാം മടക്കാനായി എൻെറ ആത്മാവിനെ അല്ലാഹു എനിക്ക് തിരിച്ചു തരുന്നതാണ്" (അബൂദാവൂദ്). ഈ സലാം മടക്കൽ (ആത്മാവ് വന്നുപോയിക്കൊണ്ടിരിക്കുന്ന അവസ്ഥ) എങ്ങിനെയെന്നതിന്ന് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. അതേപ്പറ്റി അല്ലാഹുവിന്നറിയാം. അബീഹുറൈറ(റ)യെ ഉദ്ധരിച്ചുകൊണ്ട് അബൂദാവൂദ് റിപ്പോർട്ട് ചെയ്യുന്നു: അല്ലാഹുവിൻെറ ദൂതർ (സ) പറഞ്ഞു: "നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബറുകളാക്കരുത്. എൻെറ ഖബറിനെ ഒരു ആഘോഷ സ്ഥലമാക്കുകയും ചെയ്യരുത്. നിങ്ങളെൻെറ മേൽ സ്വലാത്ത് ചൊല്ലുക. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്തെനിക്കെത്തിച്ചേരും". അലിയ്യുബ്നിനുൽ ഹുസൈൻ ബിൻ അലി (റ)യിൽ നിന്ന് ഹാഫിസ് ദിയാഅ് തൻെറ 'അൽ മുഖ്താറ:' യിലും മറ്റും ഉദ്ധരിക്കുന്നു. നബി(സ)യുടെ ഖബറിന്നടുത്തുള്ള ഒരു വിടവിലേക്ക് വരികയും അവിടെ പ്രവേശിച്ച് പ്രാർഥിക്കുകയും ചെയ്ത ഒരാളെ അദ്ദേഹം കണ്ടു. അയാളെ തടഞ്ഞുകൊണ്ടദ്ദേഹം പറഞ്ഞു: നബി(സ) പറഞ്ഞതായി ഞാൻ എൻെറ പിതാവിൽ നിന്നും എൻെറ പിതാവ് എൻെറ പിതാമഹനിൽ നിന്നും കേട്ട ഹദീസിനെപ്പറ്റി ഞാൻ നിങ്ങൾക്ക് പറഞ്ഞുതരട്ടെയോ?" എൻെറ ഖബറിനെ നിങ്ങൾ ആഘോഷ സ്ഥലമാക്കരുത്. നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബറുകളും (ഖബറിടങ്ങ

---

*17- പ്രവാചകൻ(സ) ന്ന് പരലോകത്ത് ലഭിക്കുന്ന ഉന്നത പദവി.*

ളും)ആക്കരുത്. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സലാം എനിക്കെത്തിച്ചേരുന്നതാണ്" എന്ന്! അൽഹൈതമി തൻെറ الزوائد ൽ ഇത് പറഞ്ഞിട്ടുണ്ട്.

സഈദ് ബിൻ മൻസൂർ പറയുന്നു: സുഹൈൽ ബിൻ അബീസുഹൈൽ പറഞ്ഞ ഒരു വാർത്തയെപ്പറ്റി അബ്ദുൽ അസീസ് ബിൻ മുഹമ്മദ് ഞങ്ങൾക്ക് വിവരിച്ചു തന്നു. "അലി(റ) ൻെറ പൗത്രൻ [അൽ ഹസൻ ബിൻ അൽഹസൻ ബിൻ അലി (റ)] ഖബറിന്നടുത്ത് എന്നെ കണ്ടു. അദ്ദേഹം എന്നെ വിളിച്ചു ചോദിച്ചു: ഇതെന്താ താങ്കളെ ഈ ഖബറിന്നടുത്തു കാണുന്നു? അപ്പോൾ ഞാൻ പറഞ്ഞു: ഞാൻ നബി(സ)ക്ക് സലാം പറയുകയായിരുന്നു. അപ്പോഴദ്ദേഹം പറഞ്ഞു: താങ്കൾ പള്ളിയിൽ പ്രവേശിച്ചാൽ സലാം പറഞ്ഞു കൊള്ളുക. തുടർന്ന് അദ്ദേഹം പറഞ്ഞു: അല്ലാഹുവിൻെറ റസൂൽ (സ) പറഞ്ഞിട്ടുണ്ട്. "എൻെറ ഖബറിനെ നിങ്ങൾ ആഘോഷസ്ഥലമാക്കരുത്. നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബറിടങ്ങളുമാക്കരുത്. നിങ്ങളെനിക്ക് സ്വലാത്ത് ചൊരിയുക. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്തെനിക്കെത്തിച്ചേരുന്നതാണ്." ജൂതന്മാരെ അല്ലാഹു ശപിച്ചിരിക്കുന്നു. അവരുടെ പ്രവാചകന്മാരുടെ അന്ത്യവിശ്രമഗേഹങ്ങളെ അവർ പള്ളികളാക്കി (ആരാധനാലയങ്ങളാക്കി) എന്ന്. അന്തലൂസിയ[18]ക്കാരും നിങ്ങളും (ഇക്കാര്യത്തിൽ) തുല്യരാണ്.[19]ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യഃ(റ) اقتضاء الصراط المستقيم ൽ ഇതെടുത്ത് പറഞ്ഞിട്ടുണ്ട്. ഈ ചര്യയെ വളരെ കരുതലോടെ മുറുകെ പിടിക്കുന്നതിലും മറ്റുള്ളവർ

*18- അന്തലൂസിയ (Andalusia): തെക്കൻ സ്പെയിനിലെ ഒരു സംസ്ഥാനം.*

*19- നിങ്ങൾ അന്തലൂസിയയിൽ പോയി നിന്നാലും ലക്ഷ്യത്തിൽ നിങ്ങൾ തുല്ല്യരാണ്*

ക്കെത്തിച്ചു കൊടുക്കുന്നതിലും പൂർവ്വികർക്കാർത്തിയുണ്ടായിരുന്നുവെന്ന് ഇതിൽ നിന്നും വ്യക്തമാവുന്നു. لاتجعلوا بيوتكم قبورا [നിങ്ങളുടെ വീടുകളെ നിങ്ങൾ ഖബറുകളാക്കരുത് ] എന്നതിൻെറ ഉദ്ദേശം നമസ്കാരവും പ്രാർഥനയും ഖുർആൻ പാരായണവും നിർവ്വഹിക്കുന്ന കാര്യത്തിൽ അതിനെ (വീടുകളെ) ഒഴിച്ചു നിർത്തരുത് എന്നാണ്. നമസ്കാരം എന്നാൽ ഐച്ഛിക നമസ്കാരം എന്നാണ് ഉദ്ദേശിക്കപ്പെടുന്നത്. (വീടുകളെ അങ്ങനെ ഒഴിച്ചു നിർത്തിയാൽ) അവ ഖബ്റുകളെപ്പോലെ ആയിത്തീരും. അവിടെ നമസ്കരിക്കാവതല്ലല്ലോ...

ولاتتخذوا قبري عيدا [എൻെറ ഖബറിനെ നിങ്ങൾ ആഘോഷസ്ഥലമാക്കരുത്] എന്നാൽ പ്രത്യേക രൂപത്തിൽ പ്രത്യേക ഉദ്ദേശം വെച്ച് സംഘടിച്ച് തിരുമേനി (സ) യുടെ ഖബർ സന്ദർശിക്കുന്നതിനെ അത് തടയുന്നു. കാരണം (വർഷം തോറും) നിശ്ചിത സന്ദർഭങ്ങളിൽ ആനന്ദത്തിനും നിർവൃതിക്കുമായി നടത്തപ്പെടുന്ന ഉത്സവം പോലെ ആയിത്തീരും അത്.

നാമെവിടെയായാലും നമ്മുടെ സ്വലാത്ത് നബി(സ)ക്കെത്തിച്ചേരുമെന്നാണ് പിന്നെ നമ്മെ അറിയിച്ചത്. സമീപത്തായാലും വിദൂരത്തായാലും സ്വലാത്തും സലാമും തിരുദൂതർ(സ)ക്ക് എത്തിച്ചേരുമെന്ന് സാരം. അപ്പോൾ അവിടുത്തെ ഖബറിന്നടുത്ത്വെച്ച് നബി(സ)ക്ക് സ്വലാത്തും സലാമും ചൊരിയുന്നവന്ന് (മറ്റുള്ളരെ അപേക്ഷിച്ച്) പ്രത്യേക പദവിയൊന്നുമില്ല. "അന്തലൂസിയയിൽ ഉള്ളവരും നിങ്ങളും തുല്യരാണ്" എന്ന് ഹസനു ബിൻ ഹസൻ പറഞ്ഞതിൻെറ ഉദ്ദേശവും ഇതു തന്നെയാണ്. നബി(സ) യുടെ പള്ളി ലക്ഷ്യമാക്കാതെ, സലാം ചൊരിയുന്നതിന്ന് വേണ്ടി മാത്രം ഖബറിനെ ഉദ്ദേശിച്ചാൽ അവൻ

അതിനെ (റസൂൽ (സ)യുടെ ഖബറിടത്തെ) ആഘോഷമാക്കി. അപ്പോഴത് ഹസനു ബിൻ ഹസൻ മനസ്സിലാക്കിയതുപോലെയായി.

മനുഷ്യർ പള്ളിയിൽ പ്രവേശിക്കുമ്പോഴൊക്കെ നബി (സ)യുടെ ഖബറിനടുത്തേക്ക് വരുന്നതിൽ ഇമാം മാലിക്(റ) മദീനക്കാരോട് വെറുപ്പ് കാണിച്ചിരുന്നു. പൂർവ്വീകരാരും ഇങ്ങിനെ ചെയ്യുന്നവരായിരുന്നില്ല. അദ്ദേഹം പറഞ്ഞു: "ഈ സമുദായത്തിലെ ആദ്യകാലക്കാർ നന്നായത് എന്തുകൊണ്ടാണോ അതു കൊണ്ടല്ലാതെ അവസാന കാലക്കാരും നന്നാവുകയില്ല." നബി(സ)യുടെ പള്ളിയിൽവെച്ച്, സ്വഹാബാക്കളും ഉന്നതരായ പിൻഗാമികളുമൊക്കെ ശ്രേഷ്ഠ ഖലീഫമാരുടെ പിന്നിൽ നിന്ന് മിക്ക സമയവും നമസ്കരിക്കുമായിരുന്നു. പിന്നെ അവർ നമസ്ക്കാരത്തിൽനിന്ന് വിരമിച്ചു പോവുകയോ ഖുർആൻ പാരായണത്തിനോ ആരാധനക്കോ വേണ്ടി അവിടെ ഇരിക്കുകയോ ചെയ്യുമായിരുന്നു. അവരാരും എല്ലാ നമസ്കാരശേഷവും ഖബറിന്നടുത്തേക്ക് വരുന്ന പതിവുണ്ടായിരുന്നില്ല. പക്ഷെ തശഹ്ഹുദിൽ (നമസ്കാരത്തിലെ അത്തഹിയ്യാത്തിൽ) അവർ അവിടുത്തേക്ക് സ്വലാത്തും സലാമും ചൊല്ലി മതിയാക്കുമായിരുന്നു. അതിനുവേണ്ടി ഖബറിനു മുമ്പിൽ നിൽക്കുന്നതിനെക്കാളേറെ ഉത്തമം അതത്രെ. ആയിശ(റ)യുടെ ജീവിത കാലത്തും അതിനുശേഷവും ഇങ്ങിനെ ആളുകൾ ഖബറിന്നടുത്തേക്ക് വരുന്നത് വെറുപ്പോടെയായിരുന്നു കണ്ടിരുന്നത്. വലീദ് ബിൻ അബ്ദിൽ മലികിൻെറ കാലത്ത് അതിന്നൊരു സംരക്ഷണ ഭിത്തി പണിയുന്നതുവരെ, അവർക്ക് ഖബറിന്നടുത്ത് എത്തിച്ചേരാൻ കഴിയുമായിരുന്നിട്ടും ഇതായിരുന്നു സ്ഥിതി. അതെന്തായാലും സ്വഹാബാക്കളാരും നബി(സ)യുടെ

ഖബറിന്നടുത്ത് വന്ന് അവിടുത്തേക്ക് സ്വലാത്തും സലാമും ചൊരിയുക പതിവുണ്ടായിരുന്നില്ല. എന്നാൽ ചിലർ ദൂരയാത്ര യൊക്കെ കഴിഞ്ഞ് തിരിച്ചുവന്നാൽ നബി(സ)ക്ക് സലാം പറയു കയും പിരിഞ്ഞുപോവുകയും ചെയ്യുമായിരുന്നു. അപ്രകാരം ഇബ്നു ഉമർ (റ)ൽ നിന്നും ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. സ്വഹാബി കളിൽ നിന്ന് വേറെ ആർക്കും അങ്ങിനെയൊരു പതിവുണ്ടായി രുന്നില്ല. അദ്ദേഹം (ഇബ്നു ഉമർ (റ)) തന്നെ അത് പതിവാ ക്കാറുമുണ്ടായിരുന്നില്ല. അതിനാൽ എല്ലാ സമയത്തും ഇതാ വർത്തിക്കലും അവിടുത്തെ മഹത്വത്തിൻെറ പേരിൽ ഇട തേടലും അല്ലാഹുവോടൊപ്പം അവിടുത്തേക്ക് പ്രാർഥിക്കലും ബിദ്അത്താണ്.[20] നബി(സ) ക്ക് സലാം ചൊല്ലാനും സ്വന്തം നിലക്ക് പ്രാർഥിക്കാനും ഒരാൾ ഉദ്ദേശിച്ചാൽ ഖബറിനെ അയാൾ അഭിമുഖീകരിക്കാതിരിക്കുകയും ഖിബ്‌ലക്ക് നേരെ തിരിയു കയും ചെയ്യണമെന്ന കാര്യത്തിൽ ഇമാമീങ്ങൾ യോജിച്ചിട്ടുണ്ട്. അല്ലാഹു അവർക്ക് അനുഗ്രഹം ചൊരിയട്ടെ. ഖിബ്‌ലയാണ് ഏറ്റവും ശ്രേഷ്ഠമായ ഭാഗവും ഉത്തരം ലഭിക്കാൻ ഏറ്റവും അർ ഹമായ സ്ഥലവും.

മാലിക് (റ) മൻസൂറിനോട് പറഞ്ഞ ഉദ്ധരണിയിൽ, "നി ൻെറ മുഖം തിരുമേനി(സ) യിൽ നിന്ന് തെറ്റിച്ചു കളയരുത്. പകരം അവിടേക്കഭിമുഖീകരിക്കുകയും തിരുദൂതരെക്കൊണ്ട് ശുപാർശ തേടുകയും ചെയ്യുക...." എന്ന ഭാഗം കെട്ടിച്ചമച്ചതും

---

*20- പ്രവാചകൻെറ മരണശേഷം ഇസ്ലാമിൻെറ ആചാരാനുഷ്ഠാനങ്ങളിൽ പുതുതായി ചേർക്കപ്പെടുന്നതിനെയാണ് മതത്തിൽ, ബിദ്അത്ത് എന്നു പറയുന്നത്. എല്ലാ ബിദ്അത്തും വഴികേടാണ് എന്ന് പ്രവാചകൻ (സ) പറയുന്നു. പുതിയത്, പുതിയ നിർമ്മിതി, അനാചാരം എന്നൊക്കെയാണ് ഭാഷയിൽ അർഥം.*

കള്ളവുമാണെന്ന് പണ്ഡിതന്മാർ സ്ഥിരപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു അവരെ അനുഗ്രഹിക്കട്ടെ. (ശൈഖുൽ ഇസ്ലാം(റ) ന്റെ الاقتضاء 395-ാം പേജും മറ്റും നോക്കുക).

**6-** നബി(സ) യുടെ ഖബർ സന്ദർശനം മാത്രം ലക്ഷ്യമാക്കിയുള്ള യാത്രയുടെ വിരോധം. നബിചര്യകളിലും ബലപ്പെട്ട പരമ്പരയിലും അതേപ്പറ്റി സ്ഥിരീകരിച്ചിട്ടുണ്ട്. നബി(സ) പറയുന്നു: "മൂന്ന് പള്ളികളിലേക്കല്ലാതെ തീർഥയാത്ര പോവാൻ പാടില്ല. മസ്ജിദുൽ ഹറമും, എന്റെ ഈ പള്ളിയും (മസ്ജിദുന്നബി), മസ്ജിദുൽ അഖ്സായും(ആണവ)." (ബുഖാരി) അഥവാ (മറ്റേതെങ്കിലും)പറമ്പിലേക്കോ സ്ഥലത്തേക്കോ അവിടെവെച്ച് ആരാധന നടത്തണമെന്ന ലക്ഷ്യം വെച്ച് യാത്ര ചെയ്യാൻ പാടില്ല. അവിടെ വെച്ചുള്ള കർമ്മങ്ങൾക്ക് ഇരട്ടി പ്രതിഫലമുണ്ടെന്നോ അല്ലെങ്കിൽ മറ്റുസ്ഥലങ്ങളെ അപേക്ഷിച്ച് ഇതിന്ന് പ്രത്യേക പദവിയുണ്ടെന്നോ വിശ്വസിക്കുന്നതും അപ്രകാരം തന്നെ. അതിനാൽ ഖബർ സന്ദർശനം മാത്രം ലക്ഷ്യം വെച്ചുള്ള യാത്രയും ഈ വിരോധിക്കപ്പെട്ട യാത്രയിൽ ഉൾപ്പെട്ടു. അത് നബിമാരുടെ ഖബറുകളായാലും ശരി. ആഘോഷസ്ഥലമാക്കി മാറ്റിയതിൽ അപ്പോഴത് ഉൾപെട്ടു. അല്ലാഹുവെ ആരാധിക്കുന്നതോടൊപ്പം അവരുടെ ആരാധനകൾ കൊണ്ട് അല്ലാഹുവിലേക്കടുപ്പിക്കുന്നവരാണ് ഖബർ നിവാസികൾ എന്ന് കരുതുന്നതും അപ്രകാരം തന്നെ. ഇക്കാലത്തും ഇതിനുമുമ്പുമുള്ള ബഹുദൈവാരാധകരിൽ സംഭവിച്ചിട്ടുള്ളതുപേലെ. എന്തെന്നാൽ മഹാന്മാരുടെ ഖബറുകളിലേക്ക് സുദീർഘമായ തീർഥയാത്ര സംഘടിപ്പിച്ച് കൊണ്ട് അവർ ജൽപ്പിക്കുന്നു. ബുദ്ധിമുട്ടുകൾ സഹിച്ചും, ധാരാളം പണം ചി

ലവഴിച്ചും ഇത്തരം ദൃശ്യങ്ങളിലേക്കെത്തിച്ചേരുമ്പോഴൊക്കെ അവരുടെ തീർഥാടനം അവർക്ക് ഔന്നത്യമുണ്ടാക്കുന്നു എന്ന്. അവരുടെ വിലാപങ്ങളിലും തേട്ടങ്ങളിലും ഈ മരിച്ചവരെ അവർ ചേർത്തു.ലോകങ്ങളുടെ നാഥനായ അല്ലാഹുവിന്നല്ലാതെ യോജിക്കാത്ത കാര്യങ്ങളൊക്കെ അവരവിടെ ചെയ്തു. ആ ജാറത്തെ (ശവകുടീരത്തെ) അവർ പ്രദക്ഷിണം വെയ്ക്കുകയും ആ മണ്ണ് കൊണ്ട് തടവുകയും ചെയ്തു. ആ ഖബറാളികളോടവർ പ്രാർഥിച്ചു. അവർക്ക് നേർച്ച ബലിദാനങ്ങൾ നൽകി. അങ്ങിനെയങ്ങിനെ..... ഇത് ഭയന്നാണ് മൂന്ന് പള്ളികളിലേക്കല്ലാതെ തീർഥയാത്ര പോവുന്നതിനെ നബി(സ) വിരോധിച്ചത്. നബിമാരുടെയും സച്ചരിതരായ ആളുകളുടെയും ഖബറുകളെ സന്ദർശിക്കുക മാത്രം ലക്ഷ്യംവെച്ചുള്ള യാത്രയുടെ വിധിയിൽ പണ്ഡിതന്മാർ ഭിന്നാഭിപ്രായക്കാരാണ്. ഇക്കാര്യത്തിൽ ശൈഖുൽ ഇസ്‌ലാം ഇബ്നു തൈമിയ്യ: (റ) ഒരു ലഘുലേഖ തന്നെ തയ്യാറാക്കുകയും അതിൽ വിരോധത്തിന് മുൻഗണന നൽകുകയും ചെയ്തിട്ടുണ്ട്. ഇബ്നു ബത്ത്വഃ, അബിൽ വഫാ, ഇബ്നു ഉഖൈൽ, അൽജുവൈനി, ഖാദി അയാദ് എന്നിവരും മറ്റുമൊക്കെ ഇക്കാര്യം (വിരോധിച്ച കാര്യം) പറഞ്ഞിട്ടുണ്ട്. എന്നല്ല ഭൂരിപക്ഷത്തിൻെറയും അഭിപ്രായം ഇത് തന്നെയാണ്. ഇക്കാര്യം മാലിക്(റ) വ്യക്തമാക്കിയിട്ടുണ്ട്. ഇമാമീങ്ങളിലാരും ഇതിന് വിരുദ്ധമായിട്ടില്ല. പക്ഷേ തീർഥാടനമല്ലാത്ത ഖബർ സന്ദർശനം വിരോധിക്കുക എന്നതല്ല ഉദ്ദേശം. അങ്ങിനെ (തീർഥയാത്രയല്ലാത്ത രൂപത്തിൽ) ആകാവുന്നതും അത് പരലോക ബോധമുണ്ടാക്കുന്നതുമാണെന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്. സന്ദർശകൻ മരണപ്പെട്ടവർക്ക് വേണ്ടി പ്രാർഥിക്കലും അവർക്ക് വേണ്ടി കരുണതേടലും ആകാവുന്നതാണ്. അയാ

ളുടെ ഏറ്റവും അടുത്ത ഖബർസ്ഥാനിൽ അയാൾ വന്നാലും ഈ ലക്ഷ്യം സാധിക്കുന്നതാണ്. ഏത് നാട്ടിലും ഖബർസ്ഥാനുണ്ടല്ലോ. എന്നാൽ ഏതെങ്കിലും ഖബറോ സ്ഥലമോ ലക്ഷ്യം വെച്ചുള്ള യാത്രാഒരുക്കങ്ങളും ദൂരനാട്ടിലേക്കുള്ള യാത്രയും നടത്തുന്നത്, ഖബറാളിയുടെ മഹത്വത്തിലും പ്രാർഥിക്കാനും പ്രതീക്ഷയർപ്പിക്കാനുമുള്ള അയാളുടെ അർഹതയിലും വിശ്വാസമർപ്പിക്കുന്നത് കൊണ്ടാണ്. അപ്രകാരം നിഷ്കളങ്കമായ ആരാധനകൾ അയാൾക്ക് സമർപ്പിക്കുകയും ചെയ്യുന്നു. മൂന്നു പള്ളികളിലേക്കല്ലാതെ തീർഥയാത്ര പോവാൻ പാടില്ലാ എന്നത് സംബന്ധിച്ച് അപ്പോൾ സംശയമില്ല. 'ത്വൂർ' ലേക്ക് അവിടെ വെച്ച് നമസ്കരിക്കാനായി തീർഥയാത്ര പോവുന്നതിനെ ഇബ്നു ഉമറും(റ) അബീ സഈദിൽഖുദ്രി(റ)യും തടഞ്ഞ കാര്യം ഇമാം അഹ്മദ്(റ)യും മറ്റും ഉദ്ധരിച്ചിട്ടുണ്ട്. അതിന്നവർ എടുത്ത് കാട്ടിയത് മൂന്ന് പള്ളികളിലേക്കല്ലാതെ തീർഥാടനം പാടില്ലെന്ന ഹദീസാണ്.[21] വിശുദ്ധ താഴ്വരയെന്ന് അല്ലാഹു പേർ നൽകിയ അനുഗൃഹീത പ്രദേശമാണ് 'ത്വൂർ'. രക്ഷിതാവ് തന്റെ അടിമയായ മൂസാ (അ) യോട് അവിടെവെച്ച് സംസാരിച്ചു. അതിനാൽ നബി(സ) യുടെ പള്ളിയിലേക്ക്, അവിടെവെച്ച് ആയിരം നമസ്കാരങ്ങൾക്കു തുല്യമായ നമസ്കാരം നിർവ്വഹിക്കാനുദ്ദേശിച്ച് വല്ലവനും മദീനയിലേക്ക് യാത്ര തിരിച്ചാൽ അപ്പോഴവന്റെ യാത്ര (തീർച്ചയായും) പുണ്യകരവും സൽക്കർ

---

*21- അഹ്മദ് (റ)ന്റെ "المسند" 3/64 ൽ അബീസഈദിനെക്കുറിച്ചുള്ള ഭാഗം, ശൈഖ് സുലൈമാൻ ബിൻ അബ്ദുല്ലായുടെ تيسير العزيز الحميد പേജ് 313 , അഹ്മദും ഉമർബിൻ ശബത്തും ചേന്ന് തയ്യാറാക്കിയ اخبار المدينة, നദ്റത്തുൽ ഗഫ്ഫാരി(റ)യെപ്പറ്റി അഹ്മദ് റിപ്പോർട്ട് ചെയ്ത ഭാഗം 6/7 എന്നിവ നോക്കുക.*

മ്മവുമായി. പ്രസ്തുത പള്ളിയിലെ നമസ്കാരശേഷം വിശുദ്ധ ഖബറിന്നടുത്ത് വന്ന് സലാം പറഞ്ഞുകൊള്ളട്ടെ. അപ്രകാരം തന്നെ സ്വഹാബാക്കളോടും രക്തസാക്ഷികളോടും. അവർക്ക് വേണ്ടി പ്രാർഥിക്കുകയും ചെയ്യാവുന്നതാണ്.

എന്നാൽ അവൻെറ യാത്രയുടെ ലക്ഷ്യം ഖബർ മാത്രമാണെന്നിരിക്കട്ടെ. അവിടെ വന്ന് സലാം പറയാനും അതിനടുത്തു വെച്ച് പ്രാർഥിക്കാനും ആണെന്നിരിക്കട്ടെ. അപ്പോഴത് ബിദ്അത്തും നിഷിദ്ധവുമായി. "എൻെറ ഖബറിനെ ആഘോഷസ്ഥലമാക്കരുത് . നിങ്ങളെൻെറ മേൽ സ്വലാത്ത്ചൊല്ലുക. നിങ്ങളെവിടെയായിരുന്നാലും നിങ്ങളുടെ സ്വലാത്തെനിക്കെത്തിച്ചേരും" എന്ന ഹദീസിന് വിരുദ്ധവുമായി.

വിശുദ്ധ ഖബർ സന്ദർശനത്തിൻെറ ശ്രേഷ്ഠതകളുമായി ബന്ധപ്പെട്ട ഹദീസുകളൊക്കെത്തന്നെ പണ്ഡിതന്മാർ ഉറപ്പു വരുത്തിയത് പോലെ ദുർബലങ്ങളോ കെട്ടിച്ചമച്ചതോ ആയ ഹദീസുകളാണ്. അതിനാൽ അതിനെ കരുതിയിരിക്കുക. അല്ലാഹു സഹായിക്കട്ടെ.

■

അധ്യായം അഞ്ച്

# രണ്ട് സാക്ഷ്യങ്ങളുടെ നിബന്ധനകൾ

പണ്ഡിതന്മാർ, നിഷ്കളങ്ക വാക്യത്തിന്(രണ്ടു സാക്ഷ്യ വാക്യങ്ങൾക്ക്) ഏഴ് നിബന്ധനകളുള്ളതായി അവരുടെ കവിതകളിൽ സ്മരിച്ചിട്ടുണ്ട്. അത്തരം (കവിതകളി) ലൊന്നിൽ പറയുന്നു:

علم يقين واخلاص وصدقك مع      محبة وانقياد والقبول لها

[അറിവ്, ഉറപ്പ്, ആത്മാർഥത, സത്യസന്ധത, സ്നേഹം, അനുസരണം, സ്വീകാര്യത].

കിതാബിലെ (ഖുർആനിലെ)യും സുന്നത്തിലെയും തെളിവുകൾ പരിശോധിച്ചും പിൻപറ്റിയും കൊണ്ട് പകർത്തിയതാണ് ഈ നിബന്ധനകൾ.

വേറെ ചിലർ എട്ടാമതൊരു നിബന്ധനകൂടി അവരുടെ കവിതയിൽ പറയുന്നുണ്ട്.

وزيد ثامنها الكفران منك بما      سوى الإله من الانداد قد ألها

[അല്ലാഹുവല്ലാത്തവരെ സഹായികളാക്കുക വഴി അവരെ ഇലാ

ഹാക്കുന്നതിനെ അവിശ്വസിക്കലാണ് എട്ടാമത് അധികമാക്കിയ (നിബന്ധന) ]

നബി(സ)യുടെ വാക്കിൽ നിന്നെടുത്തതാണ് ഈ നിബന്ധന, "ആര് لا إله إلا الله എന്ന് പറയുകയും അല്ലാഹുവല്ലാത്തതിനെ ആരാധിക്കുന്നതിൽ അവിശ്വസിക്കുകയും ചെയ്തുവോ അവൻെറ സമ്പത്തും രക്തവും പവിത്രമായി" (മുസ്‌ലിം). ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹാബ് തൻെറ كتاب التوحيد ൽ ഇക്കാര്യം പറഞ്ഞശേഷം പറയുന്നു: لا إله إلا الله യുടെ അർഥത്തിൻെറ ഏറ്റവും ഉത്തമമായ വിശദീകരണമാണിത്. ഇത് മാത്രം മൊഴിഞ്ഞതുകൊണ്ട് അവൻെറ രക്തവും സമ്പത്തും അവൻ സംരക്ഷിച്ചിട്ടില്ല. എന്തെന്നാൽ അതിൻെറ പൊരുളവനറിഞ്ഞിട്ടില്ല. അവനാകാര്യം സമ്മതിച്ചിട്ടുമില്ല. അവൻ യാതൊരു പങ്കാളിയുമില്ലാത്ത അല്ലാഹുവിനെ മാത്രം വിളിച്ചു പ്രാർഥിക്കുന്നവനുമായിട്ടില്ല. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്ന ആ കുഫ്‌റിലേക്ക് ചേർത്താലും അവൻെറ സമ്പത്തോ ചോരയോ പവിത്രമാവുന്നില്ല. അല്ലാഹു അല്ലാത്തവരെ ആരാധിക്കുന്ന അവിശ്വാസത്തെ കൂട്ടിചേർത്തവനുമായി. ഇനി അവൻ സംശയിക്കുകയോ ചാഞ്ചാട്ടം നടത്തുകയോ ചെയ്താലും അവൻെറ സമ്പത്തും ചോരയും പവിത്രമാവുന്നില്ല.... എന്നിങ്ങനെ.

ഈ നിബന്ധനയുടെ പൊരുൾ അല്ലാഹു ഒഴിച്ചുള്ളവർക്കുള്ള ആരാധന വഴിപിഴച്ചതാണെന്നാണ്. അല്ലാഹുവിന്ന് നിഷ്കളങ്കമായിക്കൊണ്ട് വന്നുചേരേണ്ട ഏത് കാര്യങ്ങളാവട്ടെ അതിൽ വല്ലതും അല്ലാഹു അല്ലാത്തവരിലേക്ക് തിരിച്ചു വിട്ടാൽ, അപ്പോഴവൻ വഴി പിഴച്ചവനും മുശ്‌രിക്കുമായി. മുശ്‌രിക്കുകളുടെ

അജ്ഞതയിലും അന്ധവിശ്വാസത്തിലും പെട്ട, അല്ലാഹുവല്ലാത്ത, ആരാധിക്കപ്പെടുന്ന എല്ലാ ഖബറുകളും ഖുബ്ബകളും വളപ്പുകളും ഒക്കെ അപ്രകാരം തന്നെ. ഏതൊരാൾ ആ വിഭാഗത്തിന്റെ ആരാധനാ രീതികളെ സമ്മതിക്കുകയോ അവരുടെ ശരിയിൽ സംശയം വെച്ചു പുലർത്തുകയോ അല്ലെങ്കിൽ അവർ അകപ്പെട്ട വഴികേടേതോ അതിൽ സംശയിക്കുകയോ ചെയ്താൽ അയാൾ മുവഹ്ഹിദ് (ഏക ദൈവാരാധകൻ)ആകുന്നില്ല. ഇനിയവൻ'ലാഇലാഹ ഇല്ലല്ലാഹ്'എന്ന് പറയുകയോഅല്ലാഹു അല്ലാത്തവരെ ആരാധിക്കാതിരിക്കുകയോ ചെയ്താലും ശരി. അതോടൊപ്പം തന്നെ ഈ (പറയപ്പെട്ട) ഏഴ് നിബന്ധനകളും പ്രബോധകരായ ഇമാമുകളുടെ ഗ്രന്ഥങ്ങളിലൂടെ വിഖ്യാതമായ കാര്യങ്ങളാണെന്ന് തീർച്ച തന്നെ.അല്ലാഹു അവർക്ക് കാരുണ്യം ചൊരിയട്ടെ. കാര്യം വ്യക്തമാവാൻ അതിന്ന് (ആ നിബന്ധനകൾക്ക്) ചില തെളിവുകൾ നാമിവിടെ എടുത്തുദ്ധരിക്കുന്നു.

**1.** അറിവ്. അതിന്ന് തെളിവായി അല്ലാഹു പറയുന്നു: فاعلم انه لااله الا الله [ആകയാൽ, അല്ലാഹുവല്ലാതെ യാതൊരു ദൈവവുമില്ലെന്ന് നീ അറിയണം. -മുഹമ്മദ് :19]

ഉസ്മാൻ (റ) യിൽ നിന്ന്: "നബി(സ) പറയുന്നു: لااله الاالله എന്നതറിഞ്ഞു കൊണ്ടൊരാൾ മരിച്ചാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു. " (മുസ്ലിം)

യഥാർഥത്തിൽ 'അറിവു' കൊണ്ടുള്ള ഉദ്ദേശമെന്തെന്നാൽ രണ്ടു സാക്ഷ്യങ്ങളുടെ അർഥം കൊണ്ടും അവ രണ്ടും (രണ്ടു സാക്ഷ്യങ്ങളും) ആവശ്യപ്പെടുന്നതുകൊണ്ടുമുള്ള കർമ്മമാണ്. അറിവിന്റെ വിപരീതം അജ്ഞതയാണ്.

അതിൻെറ അർഥത്തിന്നു വിരുദ്ധമായി നിലകൊണ്ട ഈ സമുദായത്തിലെ ബഹുദൈവാരാധകരിൽ സംഭവിച്ചതതാണ്. 'ഇലാഹി'ൻെറ അർഥത്തിൽ അവർ അജ്ഞരായിരുന്നു. ( لا إله എന്ന) നിഷേധത്തിൻെറയും ( إلا الله എന്ന) സ്ഥിരീകരണത്തിൻെറയും അർഥത്തിലും അങ്ങനെത്തന്നെ. ഈ വാക്യത്തിൻെറ ആശയം അവർ മനസ്സിലാക്കിയില്ല. അതിലാണ്(ആ ഉദ്ദേശത്തിലാണ്) അതെപ്പറ്റിയറിഞ്ഞ ബഹുദൈവാരാധകർ പിന്തിരിഞ്ഞു നിന്നത്. അതിന് തെളിവിതാ. അവർ ചോദിച്ചു. اجعل الألهة الها واحدا [ഇവൻ പല ദൈവങ്ങളെ ഒറ്റ ദൈവമാക്കിയോ?- സ്വാദ്: 5]. അവർ പറഞ്ഞു: ان امشوا واصبروا على ءالهتكم [നിങ്ങൾ മുന്നോട്ട് പോയ്ക്കൊള്ളുക. നിങ്ങളുടെ ദൈവങ്ങളുടെ കാര്യത്തിൽ നിങ്ങൾ ക്ഷമാപൂർവ്വം ഉറച്ച് നിൽക്കുകയും ചെയ്യുക. സ്വാദ് : 6].

**2.** ഉറപ്പ്. അതിൻെറ വിപരീതം സംശയമാണ്. അഥവാ സംശയത്തിലോ ഊഹത്തിലോ നിലയുറപ്പിക്കലോ പ്രകടിപ്പിക്കലോ ആണ്. ഒരാൾ രണ്ടു സാക്ഷ്യങ്ങളുമായി വരിക എന്നതു കൊണ്ടർഥമാക്കുന്നത് അയാൾ മനസ്സു കൊണ്ട് അതിനെ ഉറപ്പിക്കലും അവൻ പറയുന്ന യാഥാർഥ്യത്തെ വിശ്വസിക്കുകയും ചെയ്യലാണ്. അതായത് അല്ലാഹുവാണ് ദിവ്യത്വത്തിന്ന് അർഹനെന്നും മുഹമ്മദ് (സ)യുടെ പ്രവാചകത്വം ശരിയാണെന്നും വിശ്വസിക്കുക. അപ്രകാരം തന്നെ, ഇലാഹാക്കുന്നതിൻെറ ഗണത്തിൽപെട്ട വല്ലതും അല്ലാഹു അല്ലാത്തവർക്ക് നൽകുന്നതും മുഹമ്മദ് നബി(സ)ക്ക് ശേഷമുള്ള നബിത്വവാദവും ബാലിശമാണെന്ന് അവൻ വിശ്വസിക്കേണ്ടതാണ്. അതിൻെറ (വാക്യത്തിൻെറ) സത്യസന്ധതയിൽ സംശയിക്കുകയോ അല്ലാ

ഹു അല്ലാത്തവർക്കുള്ള ആരാധനയുടെ ഫലശൂന്യതയിൽ സംശയിക്കുകയോ ചെയ്താൽ അയാൾക്ക് ഈ രണ്ടു സാക്ഷ്യങ്ങളവും പ്രയോജനപ്പെടുകയില്ല.

രണ്ടു സാക്ഷ്യങ്ങളെപ്പറ്റി ഈ നിബന്ധനക്കു തെളിവായി അബീഹുറൈറ (റ) യിൽ നിന്ന് മുസ്‌ലിം ഉദ്ധരിക്കുന്നു: നബി(സ) പറഞ്ഞു: "ഇത് രണ്ടു (സാക്ഷ്യങ്ങളു)മായി, ഇവ രണ്ടിലും സംശയമില്ലാത്തവനായി അല്ലാഹുവിനെ കണ്ടു മുട്ടുന്നതായാൽ അവൻ സ്വർഗ്ഗത്തിൽ പ്രവേശിക്കാതിരിക്കില്ല."

വീണ്ടും മറ്റൊരു ഹദീസിൽ നബി(സ) ഒരാളോട് പറയുന്നു: 'ലാഇലാഹ ഇല്ലല്ലാഹ്' എന്നതിനെ മനസ്സിൽ നന്നായുറപ്പിച്ചു സാക്ഷ്യം വഹിച്ച ഒരാളെ ഈ ചുമരിന്നു പിന്നിൽ താങ്കൾ കണ്ടാൽ അദ്ദേഹത്തിന് സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്തയറിയിക്കുക" (മുസ്‌ലിം).[1] സത്യവിശ്വാസികളെ

*1- മുസ്‌ലിം(റ) ഈ സംഭവം വിശദമായി വിവരിച്ചിട്ടുണ്ട്. ഒരു മതിലിന്നടുത്തു വെച്ച് അബീഹുറൈറ(റ)യോട് നബി(സ) പറഞ്ഞു: "അബീഹുറൈറാ! എന്റെ ഈ ചെരുപ്പുകളുമായി പോവുക. എന്നിട്ട് ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് മനസ്സിലുറപ്പിച്ചു കൊണ്ട് സാക്ഷ്യപ്പെടുത്തിയ ഒരാളെ ഈ മതിലിനപ്പുറത്ത് നിങ്ങൾ കണ്ടാൽ അദ്ദേഹത്തിന് സ്വർഗ്ഗം കൊണ്ട് സന്തോഷവാർത്തയറിയിക്കുക. അങ്ങനെ അബീഹുറൈറ(റ) ആദ്യമായി കണ്ടുമുട്ടിയ ആൾ ഉമർ(റ) ആയിരുന്നു. ഉമർ(റ) ചോദിച്ചു: ഏതാണീ രണ്ടു ചെരുപ്പുകൾ? അപ്പോഴദ്ദേഹം മറുപടി പറഞ്ഞു: ഇത് റസൂൽ(സ) യുടേതാണ്. ലാ ഇലാഹ ഇല്ലല്ലാഹ് എന്ന് മനസ്സിലുറപ്പിച്ച് സാക്ഷ്യപ്പെടുത്തിയവനാരോ അവന് സ്വർഗ്ഗമുണ്ടെന്ന സന്തോഷ വാർത്ത അറിയിക്കാനാണ് എന്നെ ഇതുമായി പറഞ്ഞയച്ചത്. അത് കേട്ടയുടനെ ഉമർ(റ) അദ്ദേഹത്തിന്റെ ഇടനെഞ്ചിൽ ഒരടിയങ്ങുകൊടുത്തു. അദ്ദേഹം പിടഞ്ഞു വീണു. അപ്പോൾ ഉമർ (റ) പഞ്ഞു: അബീ ഹുറൈറാ മടങ്ങിപ്പോകൂ... അങ്ങനെ അദ്ദേഹം നബിയുടെ അടുത്തേക്കു മടങ്ങി. അബീഹുറൈറ(റ) കരഞ്ഞുകൊണ്ടു വരുന്നത് കണ്ട് പ്രവാചകൻ കാരണം തിരക്കി. അബീഹുറൈറ പറഞ്ഞു: "ഞാൻ =*

പ്രശംസിച്ചുകൊണ്ട് അല്ലാഹു പറഞ്ഞിട്ടുണ്ട്: انما المؤمنون الذين أمنوا بالله ورسوله ثم لم يرتابوا [നിശ്ചയമായും, അല്ലാഹുവിലും അവൻെറ റസൂലിലും വിശ്വസിക്കുകയും പിന്നീട് സന്ദേഹപ്പെടാതിരിക്കുകയുംചെയ്യുന്നവരത്രെ സത്യവിശ്വാസികൾ-ഹുജുറാത്ത്: 15] കപട വിശ്വാസികളെ അല്ലാഹു ഇങ്ങനെ ആക്ഷേപിക്കുന്നു: وارتابت قلوبهم فهم في ريبهم يترددون [അവരുടെ ഹൃദയങ്ങൾ സന്ദേഹത്താലകപ്പെടുകയുംചെയ്തിരിക്കുന്നു. അങ്ങനെയവർ തങ്ങളുടെ സംശയത്തിൽ (എങ്ങും ഉറക്കാതെ) ചാഞ്ചാടിക്കൊണ്ടിരിക്കുകയാണ്. തൗബ: 45].

നബി(സ) പറഞ്ഞതായി ഇബ്നു മസ്ഊദ് (റ) റിപ്പോർട്ട് ചെയ്യുന്നു: "ക്ഷമ ഈമാനിൻെറ- വിശ്വാസത്തിൻെറ- പകുതിയാണ്. യഖീൻ (ഉറപ്പ്) ആവട്ടെ ഈമാൻ മുഴുവനുമാകുന്നു." (ബുഖാരി). രണ്ടു സാക്ഷ്യങ്ങളുടെ അർഥത്തിൽ ഒരാൾക്ക് ഉറപ്പുണ്ടായിരുന്നാൽ അതിൻെറ അനന്തരഫലം ഏകനായ റബ്ബി

---

*= ഉമറിനെ കണ്ടു താങ്കൾ പറഞ്ഞു വിട്ട കാര്യം പറഞ്ഞു. അപ്പോഴദ്ദേഹമെൻെറ ഇടനെഞ്ചിലടിച്ചു." നബി (സ) ഉമർ(റ)നോട് കാരണമന്വേഷിച്ചു. "ഉമറേ, നിങ്ങളെന്തിനാണങ്ങിനെ ചെയ്തത്." അദ്ദേഹം പറഞ്ഞു. "അല്ലാഹുവിൻെറ പ്രവാചകരെ! താങ്കൾ എൻെറ മാതാപിതാക്കൾക്കു പണയമാണ്. 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് മനസ്സിലുറപ്പിച്ച്സാക്ഷ്യപ്പെടുത്തിയവനാരോ അവന് സ്വർഗ്ഗമുണ്ടെന്ന സന്തോഷ വാർത്തയുമായി' താങ്കളുടെ ചെരിപ്പും കൊണ്ട് അബീഹുറൈറ(റ)യെ താങ്കളയച്ചുവോ?" തിരുമേനി(സ): "അതെ." ഉമർ(റ) പറഞ്ഞു: "അങ്ങനെ ചെയ്യരുത് (നബിയേ) . (അങ്ങിനെ ചെയ്താൽ) അവരതിൽ (ആ വാക്യത്തിൽ ) അഭയമടഞ്ഞേക്കുമോ എന്ന് ഞാൻ ഭയപ്പെടുന്നു. അത് കൊണ്ടവരെ കർമ്മം ചെയ്യുന്നതിന് വേണ്ടി ഉപേക്ഷിക്കുവിൻ" അപ്പോൾ നബി(സ) മറുപടി പറഞ്ഞു: എന്നാലവരെ (അങ്ങനെ) ഉപേക്ഷിക്കൂ.... (അങ്ങനെത്തന്നെയാവട്ടെയെന്നർഥം.)*

ന് ഇബാദത്ത്ചെയ്യലും റസൂൽ (സ) നെ അനുസരിക്കലുമാണെന്ന് സംശയമില്ല.

**3.** സ്വീകരിക്കൽ. അതിൻെറ വിപരീതം തിരസ്കരിക്കലാണ്. രണ്ടു സാക്ഷ്യങ്ങളുടെ അർഥമറിയുകയും അവയുടെ പൊരുളിൽ ദൃഢമായി ഉറപ്പു വരുത്തുകയും ചെയ്ത ചിലരുണ്ട്. പക്ഷെ അസൂയയും അഹംഭാവവും മൂലം ഇതിനെ അവർ തിരസ്കരിക്കുകയും ചെയ്യുന്നു. ജൂത- ക്രിസ്തീയ പണ്ഡിതന്മാർ ഈ അവസ്ഥയിലായിരുന്നു. ദൈവികത്വം അല്ലാഹുവിന്ന് മാത്രമാണെന്നവർ പറഞ്ഞിരുന്നു. അവരുടെ മക്കളെ അറിയുന്നതു പോലെ മുഹമ്മദ് (സ)യെ അവർക്കറിയാമായിരുന്നു. പക്ഷെ അവരത് സ്വീകരിച്ചിരുന്നില്ല. حسدا من عند انفسهم من بعد ما تبين لهم الحق [അവർക്ക് യാഥാർഥ്യം വ്യക്തമായ ശേഷം, അവരുടെ മനസ്സുകളിൽനിന്നുള്ള അസൂയയാൽ -ബഖറ: 109].

അപ്രകാരം لااله الاالله എന്നതിൻെറ ഉദ്ദേശവും മുഹമ്മദ്(സ)യുടെ സന്ദേശത്തിൻെറ യാഥാർഥ്യവും അറിയുന്നവരായിരുന്നു ബഹുദൈവാരാധകർ. എന്നാൽ അത് സ്വീകരിക്കുന്ന കാര്യത്തിൽ അവർ അഹംഭാവം നടിച്ചിരുന്നു. അല്ലാഹു പറഞ്ഞതുപോലെ: انهم كانوا اذا قيل لهم لا اله الا الله يستكبرون [അല്ലാഹുവല്ലാതെ ഒരു ഇലാഹുമില്ല എന്ന് അവരോട് പറയപ്പെട്ടാൽ, അവർ അഹംഭാവം കാണിക്കുകയായിരുന്നു. സ്വാഫാത്ത്: 35]. അല്ലാഹു പറയുന്നു: فإنهم لايكذبونك ولكن الظلمين بآيت الله يجحدون [എന്നാൽ (യഥാർഥത്തിൽ) അവർ നിന്നെ വ്യാജമാക്കുന്നില്ല. എങ്കിലും ആ (അക്രമികൾ) അല്ലാഹുവിൻെറ 'ആയത്തു' (ലക്ഷ്യം) കളെയത്രെ നിഷേധിക്കുന്നത് -അൻആം: 33]

**4.** അനുസരണം. ഇത് സ്വീകരിക്കലിനെ അപേക്ഷിച്ച് വ്യത്യസ്ഥമാണ്. അനുസരണമെന്നാൽ പ്രവർത്തിച്ചുകൊണ്ട് പിൻപറ്റലാണ്. സ്വീകരിക്കുന്നതിൻെറ പൊരുൾ, മൊഴിയൽ കൊണ്ടും വ്യക്തമാവും. പിൻ പറ്റലിന് ഇത് രണ്ടും അനിവാര്യ മാണ് താനും. പക്ഷെ അനുസരണം എന്നത് സമർപ്പണവും വി ധേയത്വവുമാണ്. അല്ലാഹുവിൻെറ വിധികളിലൊന്നിനെയും എതിർക്കാതിരിക്കലുമാണ്. അല്ലാഹു പറയുന്നു: وانيبوا الى ربكم واسلموا له [നിങ്ങൾ നിങ്ങളുടെ രക്ഷിതാവിങ്കലേക്ക് താ ഴ്മയോടെ മടങ്ങുകയും അവന് കീഴ്പ്പെടുകയും ചെയ്യുവിൻ -സുമർ : 54] അല്ലാഹു പറയുന്നു: ومن احسن دينا ممن اسلم وجهه لله وهو محسن [സദ്വൃത്തനായിക്കൊണ്ട് തൻെറ മുഖ ത്തെ അല്ലാഹുവിന്ന് കീഴ്പ്പെടുത്തിയവനെക്കാൾ ഉത്തമ മതക്കാരൻ ആരുണ്ട്?- നിസാഅ് : 125] അല്ലാഹു പറയുന്നു: ومن يسلم وجهه الى الله وهو محسن فقد استمسك بالعروة الوثقى [വല്ലവനും സദ്വൃത്തനായിക്കൊണ്ട് തൻെറ മുഖത്തെ അല്ലാഹുവിന്ന് സമർപ്പിക്കുന്ന പക്ഷം ഏറ്റവും ഉറപ്പുള്ള പിടിക്കയറിൽ തന്നെയാണ് അവൻ പിടിച്ചിരിക്കുന്നത്- ലുഖ്മാൻ : 22].

അല്ലാഹുവിനെ മാത്രം ആരാധിച്ചു കൊണ്ട് അവനെ അനുസരിക്കലാണിത്. അപ്രകാരം തന്നെ നബി (സ)യെ അവിടുത്തെ ചര്യ സ്വീകരിച്ചുകൊണ്ട് അനുസരിക്കലുമാണ്. അവിടന്ന് കൊണ്ടുവന്നതിനെ പിൻപറ്റലും തിരുമേനി(സ) യുടെ വിധിയിൽ സംതൃപ്തികൊള്ളലുമാണത്. അല്ലാഹു തആലാ അക്കാര്യം ഉണർത്തിയിട്ടുണ്ട്. അവൻ പറയുന്നു: فلا وربك لايؤمنون حتى يحكموك فيما شجر بينهم ثم لا يجدوا

في انفسهم حرجا مما قضيت ويسلموا تسليما [ഇല്ലാ, നിന്റെ രക്ഷിതാവിനെ തന്നെയാണെ സത്യം. അവർക്കിടയിൽ ഭിന്നതയുണ്ടായ കാര്യത്തിൽ അവർ നിന്നെ വിധികർത്താവാക്കുകയും നീ വിധി കൽപ്പിച്ചതിനെപ്പറ്റി പിന്നീടവരുടെ മനസ്സുകളിൽ ഒരു വിഷമവും തോന്നാതിരിക്കുകയും അത് പൂർണ്ണമായി സമ്മതിച്ച് അനുസരിക്കുകയും ചെയ്യുന്നത് വരെ അവർ വിശ്വാസികളാവുകയില്ല -നിസാഅ്: 65] അവരുടെ വിശ്വാസം പൂർണ്ണമാകുന്നതിന്ന് നബി (സ) യുടെ വിധിയെ പൂർണ്ണമായി സമ്മതിച്ച് അനുസരിക്കണമെന്നാണ് ഉപാധിവെച്ചരിക്കുന്നത്. അഥവാ നബി(സ) തന്റെ റബ്ബിൽനിന്ന് കൊണ്ട് വന്നതെന്തോ അതിനെ അനുസരിക്കുകയും അതിനായി സമർപ്പിക്കുകയും ചെയ്യണമെന്നാണ്.

**5.** സത്യമാക്കൽ. അതിനു വിപരീതം കളവാക്കൽ. അത്തരം ഒരു നിബന്ധനയെപ്പറ്റി ഹദീസിൽ സ്ഥിരപ്പെട്ടുവന്നിട്ടുണ്ട്. നബി(സ) പറയുന്നു. മനസ്സിൽ സത്യമാക്കിക്കൊണ്ട് 'ലാഇലാഹ ഇല്ലല്ലാഹ്' പറഞ്ഞവനാരോ അവൻ സ്വർഗ്ഗത്തിൽ പ്രവേശിച്ചു (അഹ്മദ്). എന്നാൽ നാവുകൊണ്ടൊരാൾ (കലിമ) പറയുകയും മനസ്സുകൊണ്ട് അതിന്റെ പൊരുളിനെ വെടിയുകയും ചെയ്താൽ അത് (ആ വാക്യം) അവനെ സംരക്ഷിക്കുന്നതുമല്ല. കപട വിശ്വാസികളെപ്പറ്റി അല്ലാഹു അത് വിവരിച്ചിട്ടുണ്ട്. അവർ പറഞ്ഞു: نشهد انك لرسول الله [താങ്കൾ അല്ലാഹുവിന്റെ റസൂൽ തന്നെയാണെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നു. മുനാഫിഖൂൻ : 1] എന്ന്. അല്ലാഹു പറയുന്നു: والله يعلم انك لرسوله والله يشهد ان المنفقين لكذبون [അല്ലാഹുവിന്നറിയാം, നീ അവന്റെ റസൂൽ തന്നെ എന്ന്. നിശ്ചയമായും

കപടവിശ്വാസികൾ കളവു പറയുന്നവർതന്നെയെന്ന് അല്ലാഹു സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്നു. മുനാഫിഖൂൻ:1] അപ്രകാരം അവരുടെ കളവിനെപ്പറ്റി അല്ലാഹു പറയുന്നു: ومن الناس من يقول ءامنا بالله وباليوم الاخر وماهم بمؤمنين[ഞങ്ങൾ അല്ലാഹുവിലും അന്ത്യ ദിനത്തിലും വിശ്വസിച്ചിരിക്കുന്നു എന്ന് പറയുന്ന ചിലർ മനുഷ്യരിലുണ്ട്. അവർ (വാസ്തവത്തിൽ) സത്യവിശ്വാസികളല്ല താനും-ബഖറ:8]

**6.** നിഷ്കളങ്കത. അതിനു വിപരീതമായിട്ടുള്ളത് പങ്കു ചേർക്കൽ[3]. അല്ലാഹു പറയുന്നു: فاعبد الله مخلصا له الدين.الالله الدين الخالص[ആകയാൽ മതം (അഥവാ കീഴ്‌വണക്കം) അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് നീ അവനെ ആരാധിച്ചു കൊള്ളുക[4]- സുമർ :2, 3] അല്ലാഹു പറയുന്നു: قل اني امرت ان اعبد الله مخلصا له الدين [പറയുക: മതം (കീഴ്‌വണക്കം) അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് ഞാനവനെ ആരാധിക്കുവാൻ തീർച്ചയായും എന്നോട് കൽപ്പിക്കപ്പെട്ടിരിക്കുന്നു സുമർ: 11] അല്ലാഹു പറയുന്നു: قل الله اعبد مخلصا له ديني [പറയുക: എന്റെ മതം (കീഴ്‌വണക്കം) അല്ലാഹുവിന്ന് നിഷ്കളങ്കമാക്കിക്കൊണ്ട് അവനെതന്നെ ഞാനാരാധിക്കുന്നു. സുമർ:14].

അബീഹുറൈറ (റ) ഉദ്ധരിച്ച സ്ഥിരപ്പെട്ട ഹദീസിൽ നബി(സ) പറയുന്നു: "നരകത്തിൽ നിന്ന്, എന്റെ ശുപാർശ മൂലം മനുഷ്യരിൽ കൂടുതൽ ഭാഗ്യം നേടുന്നവൻ നിഷ്കളങ്കഹൃ

---

*3- നിഷ്കളങ്കത എന്നതുകൊണ്ടർഥമാക്കുന്നത് നിഷ്കളങ്കമായ ഏക ദൈവവിശ്വാസം എന്നാണ്. അതിനു വിപരീതമായ അവസ്ഥ പങ്കുചേർക്കലാണല്ലോ. .... നിഷ്കളങ്കമായ ഏക ദൈവ വിശ്വാസത്തിൽ നിന്ന് നിഷ്കളങ്കമായ ആരാധനയുണ്ടാവുന്നു.*

4- അല്ലാ (അറിഞ്ഞേക്കുക) നിഷ്കളങ്കമായ മതം അല്ലാഹുവിന്നുള്ളതാകുന്നു.

ദയനായി ലാഇലാഹ ഇല്ലല്ലാഹ് എന്നു പറഞ്ഞവനാണ്". ഉത്ബാൻ ഉദ്ധരിച്ച ഹദീസിൽ നബി(സ) പറഞ്ഞതും ഇതേ അർഥം തന്നെ. "അല്ലാഹുവിൻെറ പ്രീതി ആശിക്കുന്നവനായി ലാഇലാഹ ഇല്ലല്ലാഹ് പറഞ്ഞവന് അല്ലാഹു നരകം നിഷിദ്ധമാക്കിയിരിക്കുന്നു." (ബുഖാരി, മുസ്‌ലിം). അപ്പോൾ അവനല്ലാത്ത യാതൊന്നിലേക്കും അത് നൽകാത്ത വിധം നിഷ്കളങ്കത അല്ലാഹുവിന്ന് മാത്രമായിരിക്കണം. അയയ്ക്കപ്പെട്ട പ്രവാചകനോ ഏറ്റവും സമീപസ്ഥ മാലാഖക്ക് പോലും (നിഷ്കളങ്കത തിരിച്ചുവിടാൻ ) പാടില്ല. നബി(സ)യെ അവിടുത്തെ ചര്യയും വിധികളും മുറുകെപ്പിടിച്ചുകൊണ്ട് പിൻപറ്റുന്നതിലും അപ്രകാരം നിഷ്കളങ്കത വേണം. ബിദ്അത്തുകളും വൈരുദ്ധ്യങ്ങളും ഉപേക്ഷിക്കുകയും വേണം. ശരീഅത്തിനെ തകർത്തുകളയുന്ന വിധമുള്ള മനുഷ്യ നിർമ്മിതമായ നിയമങ്ങളും കെട്ടിച്ചമച്ച പതിവുകളും വിധികളും ഉപേക്ഷിക്കുകയും വേണം. ഏതൊരാൾ ഇതിൽ തൃപ്തിപ്പെട്ടുവോ അല്ലെങ്കിൽ ഇത്കൊണ്ട് വിധിച്ചുവോ അയാൾ നിഷ്കളങ്കമായ മനസ്സിൻെറ ഉടമകളിൽ പെട്ടവനായിരിക്കുകയില്ല.

**7.** സ്നേഹിക്കൽ . അതിനു വിപരീതം വെറുപ്പും കോപവുമാണ്. അല്ലാഹുവിനെയും അവൻെറ റസൂൽ (സ)നെയും അവൻ ഇഷ്ടപ്പെട്ട എല്ലാ കർമ്മങ്ങളെയും വാക്കുകളെയും സ്നേഹിക്കൽ ഒരടിമക്ക് അപ്പോൾ നിർബന്ധമാവുന്നു. അവൻെറ 'വലിയ്യു'ക(മിത്രങ്ങ)ളെയും അവനെ അനുസരിച്ചവരെയും സ്നേഹിക്കേണ്ടതുണ്ട്. ഈ സ്നേഹം എപ്പോൾ ശരിയാകുന്നുവോ അപ്പോഴതിൻെറ അടയാളങ്ങൾ ശരീരത്തിൽ പ്രത്യക്ഷമായി. അല്ലാഹുവിനെയും അവൻെറ റസൂലിനെയും അനുസരി

ക്കുന്ന സത്യസന്ധനായ ഒരടിമയെ അപ്പോൾ നിനക്ക് കാണാനാവും. അവൻ തൻെറ യഥാർഥ ആരാധന കൊണ്ട് അല്ലാഹുവെ ആരാധിക്കുന്നതുമാണ്. അല്ലാഹുവിനെ അനുസരിക്കുന്നതിൽ അവൻ ആനന്ദമടയുകയും ചെയ്യും.വാക്കുകളും പ്രവർത്തികളുമായി അല്ലാഹു ഇഷ്ടപ്പെടുന്ന എല്ലാത്തിലേക്കും അവൻ മുന്നിട്ടുവരും. പാപങ്ങളെ സൂക്ഷിക്കുന്നവനായും അതിൽ നിന്നും വിദൂരസ്ഥനായും അവനെ നീ കാണും. അതിൻെറ ആളുകളോട് (പാപികളോട്) നീരസം കാട്ടുകയും അവരെ വെറുക്കുകയും ചെയ്യും. പ്രസ്തുത പാപങ്ങൾ അവൻെറ സ്വന്തം നിലക്ക് പ്രിയങ്കരവും പൊതുവെ ഹൃദയഹാരിയായിരുന്നാലും ശരി. നരകം ദേഹേഛകൾകൊണ്ട് ബന്ധിതമാണെന്നവനറിയാം. കൈപ്പേറിയകാര്യങ്ങൾകൊണ്ട് സ്വർഗ്ഗം ബന്ധിക്കപ്പെട്ടിരിക്കുന്നുവെന്നും. എപ്പോഴങ്ങിനെയായോ അപ്പോഴയാളുടെ സ്നേഹം സത്യസന്ധമായി. ഇതേപ്പറ്റി ദുന്നൂൻ അൽ മിസ്വ്രി(റ)യോട് ചോദിക്കപ്പെട്ടു. എൻെറ റബ്ബ് എനിയ്ക്ക് പ്രിയങ്കരനാവുന്നത് എപ്പോഴാണ്? അപ്പോഴദ്ദേഹം മറുപടി പറഞ്ഞു: അല്ലാഹു കോപിക്കുന്ന ഒരു കാര്യം ക്ഷമയേക്കാൾ നിൻറടുക്കൽ കൈപ്പേറിയതായാൽ. ( الحلية 9/363 -ൽ അബൂനുഐം ഇക്കാര്യം പ്രതിപാദിച്ചിട്ടുണ്ട്). ചിലർ പറയുന്നു: അല്ലാഹുവോടുള്ള അവൻെറ സ്നേഹത്തെ പ്രാബല്യത്തിൽ കൊണ്ടുവരാത്ത വിധത്തിൽ ആര് വാദിച്ചാലും അയാളുടെ വാദം വ്യർഥമാണ്. അല്ലാഹുവോടുള്ള സ്നേഹത്തിൻെറ അടയാളമായി അല്ലാഹു നിബന്ധന വെച്ചത് നബി(സ) യെ പിൻപറ്റലാണ്. അല്ലാഹു പറയുന്നു: قل ان كنتم تحبون الله فاتبعوني يحببكم الله ويغفر لكم دنوبكم [പറയുക: നിങ്ങൾ അല്ലാഹുവിനെ സനേഹിക്കുന്നുണ്ടെങ്കിൽ എന്നെ നിങ്ങൾ പിൻ

പറ്റുവിൻ. (എന്നാൽ) അല്ലാഹു നിങ്ങളെ സ്നേഹിക്കുകയും നിങ്ങളുടെ പാപങ്ങളെ നിങ്ങൾക്ക് പൊറുത്തു തരുകയും ചെയ്യും. -ആലു ഇംറാൻ : 31].

നബി(സ) യെ സ്നേഹിക്കുകയും അതനുസരിച്ച് കർമ്മങ്ങൾ ചെയ്യുകയും ചെയ്യുന്നതിനെപ്പറ്റി ചില തെളിവുകൾ നേരത്തെ നാം പ്രതിപാദിച്ചിട്ടുണ്ട്. അപ്രകാരമാണ് അല്ലാഹുവെ സ്നേഹിക്കേണ്ടത്.

■

അധ്യായം ആറ്

# രണ്ട് സാക്ഷ്യങ്ങളെ ദുർബല പ്പെടുത്തൽ

മത പരിത്യാഗം വന്നുചേരുന്നത് സംബന്ധിച്ചും മതപരിത്യാഗികളുടെ വിധിയെ സംബന്ധിച്ചും (പരാമർശിച്ച) കർമ്മശാസ്ത്രഗ്രന്ഥങ്ങളിൽ ഇസ്ലാം ദുർബലപ്പെടുന്ന കാര്യത്തിൽ എല്ലാ മദ്ഹബിലും പെട്ട ഇസ്ലാമിക പണ്ഡിതൻമാർ സംസാരിച്ചിട്ടുണ്ട്. പരിത്യാഗം സംഭവിക്കുന്നതിന്ന് ചില ഉദാഹരണങ്ങൾ സമർപ്പിച്ച് കൊണ്ടു ചിലർ (ചില പണ്ഡിതൻമാർ) അത് വ്യക്തമാക്കിയിട്ടുണ്ട്. അല്ലാഹു കാക്കട്ടെ. കർമ്മത്തിന്നും ഉപേക്ഷിക്കലിനുമിടയിൽ നൂറിൽപരം (ഉദാഹരണങ്ങൾ) അവർ എടുത്തുദ്ധരിച്ചിട്ടുണ്ട്. പക്ഷേ അതിൽ നിന്ന് ശൈഖ് മുഹമ്മദ് ബിൻ അബ്ദിൽ വഹ്ഹാബ്(റ) പ്രത്യേകമായി പത്തെണ്ണം അദ്ദേഹത്തിൻെറ مجموعة التوحيد ലും മറ്റും പറഞ്ഞിട്ടുണ്ട്. തൗഹീദിൻെറ ദ്വിവചനങ്ങളിൽ, കർമ്മങ്ങൾ ഫലശൂന്യമാക്കുന്ന പ്രസ്തുത വിഷയങ്ങളിൽ ചിലത് ഇവിടെ സ്മരിക്കൽ അനി

വാര്യമാണ്. അവയെ (രണ്ടു സാക്ഷ്യങ്ങളെ) മൊഴിയുകയും എന്നാൽ അവയെ പ്രാവർത്തികമാക്കി എന്ന പരിഗണനയി ലേക്ക് എത്തിച്ചേരാത്തതുമായ കാര്യങ്ങളിൽ പെട്ട ചിലത്:

**1.** ചില ഉണ്മകൾക്ക് വേണ്ടി അല്ലാഹുവിൻെറ സൃഷ്ടിയെ നിഷേധിക്കൽ. അഥവാ ചില ക്രയ വിക്രയമോ കാര്യങ്ങളുടെ പര്യാലോചനയോ, പ്രകൃതിയിലേക്കോ യാദൃശ്ചികതയിലേ ക്കോ ബന്ധപ്പെടുത്തിപ്പറയൽ. അപ്പോഴത് ഉന്നതനായ റബ്ബി നെ ആക്ഷേപിക്കലായി. പൂർണ്ണമായ നിയന്ത്രണാധികാരം അല്ലാഹുവിന്ന് മാത്രമാണെന്ന മുസ്ലിംകളുടെ സ്ഥിരപ്പെട്ട വി ശ്വാസത്തെ നിഷേധിക്കലുമാണ് അത്. അതിനാലാണ് ആരാ ധിക്കപ്പെടാൻ യഥാർഥ അവകാശി അവനായത്.

**2.** അറിവ്, ജീവിതം, നിലനിൽപ്പ്, സർവ്വശക്തിത്വം, കേൾവി, കാഴ്ച എന്നിവ പോലെ ജല്ലജലാലായ അല്ലാഹുവിൻെറ സമ്പൂർണ്ണ വിശേഷണങ്ങളിൽപെട്ട വല്ലതിനെയും നിഷേധി ക്കൽ. ആരാധിക്കപ്പെടേണ്ട റബ്ബിന്ന് (തീർത്തും) അവകാശ പ്പെട്ടതിനെ ഇകഴ്ത്തികൊണ്ടുള്ള അതിരുകടന്ന നിന്ദയാണ് ഇത്. മയക്കം, ഉറക്കം, മറവി, ദുരിതം, സന്താനം, പങ്കാളി എന്നീ ന്യൂനതകളിൽ നിന്നെല്ലാം പരിശുദ്ധനായ അല്ലാഹുവിൽ ഇത്തരം കാര്യങ്ങളെ സ്ഥാപിക്കുന്നതും അപ്രകാരം തന്നെ. കാരണം അതെല്ലാം തന്നെ സർവ്വ സൃഷ്ടി ജാലങ്ങളേക്കാളും ആരാധനയ്ക്ക് അല്ലാഹുവിനെ അർഹമാക്കുന്ന അവൻെറ പരി പൂർണ്ണതയോട് യോജിക്കുന്നില്ല.

**3.** സ്രഷ്ടാവിന്ന് വിശേഷപ്പെട്ട ചിലതു കൊണ്ട് സൃഷ്ടികളിൽ ചിലരെ വർണ്ണിക്കൽ. അദൃശ്യജ്ഞാനം, പൊതുരാജാധിപത്യം,

പ്രപഞ്ചത്തിലെ പൂർണ്ണ ക്രയവിക്രയം, സൃഷ്ടികൾക്കു മേലുള്ള കഴിവ്, അല്ലാഹു ഉദ്ദേശിക്കാതെയുള്ള നിർമ്മാണം എന്നിങ്ങനെയുള്ളതൊക്കെ അതിൽപ്പെടും. അപ്പോഴിതൊക്കെ അല്ലാഹുവിനോടൊപ്പം സൃഷ്ടികളെ പങ്കാളികളാക്കലാണ്. സ്രഷ്ടാവിന്റെ പദവിയിലേക്ക് അവരെ ഉയർത്തലാണ്. അല്ലാഹുവോടുള്ള അതിരുകടന്ന നിന്ദയാണിത്.

**4.** അല്ലാഹുവിന്നവകാശപ്പെട്ട എല്ലാ ആരാധനകളെയോ അതിൽ ചിലതിനെയോ നിഷേധിക്കൽ. രക്ഷിതാവിനെ ഭയപ്പെണ്ടേതില്ല, അവനെ വിളിക്കേണ്ടതില്ല, അവനോട് സഹായം തേടാനവകാശമില്ല അഥവാ അങ്ങനെ നിർബന്ധമില്ല അല്ലെങ്കിൽ അങ്ങനെ ചെയ്യുന്നതിൽ പ്രയോജനമില്ല എന്നിങ്ങനെയൊക്കെ വിശ്വസിക്കുന്നതുപോലെ. അപ്രകാരം തന്നെ ചില ആരാധനകൾക്കു നേരെ കൊഞ്ഞനം കാട്ടുക, അല്ലെങ്കിൽ നമസ്കരികുന്നവരെയോ, അനുസരണയുടെ ഗണത്തിൽപെട്ട വല്ലതിനെയും പിൻപറ്റുന്നവരെയോ പരിഹസിക്കുക. ഇതൊക്കെ ശരീഅത്തിനോടുള്ള വിമർശനമാണ്. ഇത് രണ്ടു സാക്ഷ്യങ്ങളുടെയും നിഷേധവുമാണ്.

**5.** ജനങ്ങളിൽ ആർക്കെങ്കിലും നിയമനിർമ്മാണമോ ക്രമീകരണമോ അനുവദനീയമാണെന്ന് വിശ്വസിക്കുക. വ്യഭിചാരം, പലിശ എന്നിവ അനുവദനീയമാക്കുന്നതുപോലുള്ള ശരീഅത്തിനെ മാറ്റിമറിക്കുന്ന വിധികൾ സ്ഥാപിക്കുക. കൊലയാളിയെ കൊല്ലുക, കട്ടവന്റെ കൈവെട്ടുക എന്നിവപോലുള്ള ശരീഅത്തിലെ ശിക്ഷാവിധികളെ അസാധുവാക്കുന്നതും സക്കാത്തിനെ ഇല്ലാതാക്കുന്നതും നിർബന്ധ കാര്യങ്ങളെയോ ആരാധനയുടെ ഗണത്തിൽ വെട്ട വല്ലതിനെയോ മാറ്റിമറിക്കലും

അപ്രകാരം തന്നെ. അല്ലാഹു നിയമമാക്കാത്തതിലേക്ക് മറ്റൊരു വിധികർത്താവിനെ കൊണ്ടുവരലും അല്ലാഹു അവതരിപ്പിച്ചതല്ലാത്തതു കൊണ്ടു വിധിക്കലും അപ്രകാരം തന്നെ. ആര് ഇതൊക്കെയോ ഇതുപോലുള്ളതോ വിശ്വസിച്ചുവോ അയാൾ അവൻെറ (രക്ഷിതാവിൻെറ) ശരീഅത്തിൽ റബ്ബിനെ ഖണ്ഡിച്ചവനായി. (അല്ലാഹുവിൻെറ ശരീഅത്ത്) അപൂർണ്ണമാണെന്നോ ന്യൂനതയുണ്ടെന്നോ അല്ലാഹുവിൻെറതല്ലാത്ത വിധി അല്ലാഹുവിൻെറ വിധിയേക്കാൾ ഏറ്റവും ഉത്തമമാണെന്നോ അവൻ ജൽപിക്കുകയും ചെയ്തു. അതിരു കടന്ന ന്യൂനതയാണിത്. നിഷ്കളങ്കമായ തൗഹീദിൽ (ഏകദൈവത്വത്തിൽ) ഇതൊരിക്കലും ഒരുമിച്ചു കുടുന്നതല്ല

**6.** അത്യുന്നതനായ അല്ലാഹു അല്ലാത്തവരിലേക്ക് ആരാധനയിൽ ചിലത് തിരിച്ചു വിടുക. ഇക്കാലത്തെ ഖബറാരാധകരുടെ ശിർക്കാണത്. ഏതൊരാൾ മയ്യിത്തിനെ (ശവത്തിനെ) വിളിച്ചു പ്രാർഥിച്ചുവോ അല്ലെങ്കിൽ അതിനോടപേക്ഷിച്ചുവോ അല്ലെങ്കിൽ അവൻെറ മനസ്സിനെ അതിനോട് ബന്ധിപ്പിച്ചുവോ അല്ലെങ്കിൽ അല്ലാഹുവോടുള്ള സ്നേഹത്തെപ്പോലെ അതിനെ സ്നേഹിച്ചുവോ അല്ലെങ്കിൽ അതിനെ നമിച്ചുവോ അല്ലെങ്കിൽ സമർപ്പണം, ഖബറിന്നടുത്തുവെച്ചുള്ള വിനയം തുടങ്ങിയവ കാണിച്ചുവോ അല്ലെങ്കിൽ അതിനെ പ്രദക്ഷിണം വെച്ചുവോ, അല്ലെങ്കിൽ അതിന്നു ബലിയർപ്പിച്ചുവോ അല്ലെങ്കിൽ അതുപോലുള്ള ആരാധനയുടെ ഗണത്തിൽ പെട്ടവല്ലതും ചെയ്തുവോ അപ്പോഴത് لا إله إلا الله محمد رسول الله എന്നതിനുള്ള സാക്ഷ്യത്തെ ഉന്മൂലനം ചെയ്യുന്നതാണ്. ഇലാഹിൻെറയും ആരാധനയുടെയും അർഥത്തെയും അതിലുൾപ്പെട്ടതിനെയും ബന്ധപ്പെടുത്തി ഇതിനു മുമ്പ് വിവരിച്ചിട്ടുണ്ട്.

**7.** അല്ലാഹുവിൻെറ ശത്രുക്കളെ രക്ഷാകർത്താക്കളാക്കുകയും അവരെ സ്നേഹിക്കുകയും അവരെ അടുപ്പിക്കുകയും അവരുടെ പദവി ഉയർത്തുകയും അവർ സത്യവാന്മാരാണെന്നും അഥവാ അവർ മുസ്ലിംകളെക്കാൾ ബഹുമാനിക്കാനും ആദരിക്കാനും അവകാശപ്പെട്ടവരാണെന്നും വിശ്വസിക്കുകയും ചെയ്യുക. അവർ ജൂതരോ ക്രിസ്ത്യാനികളോ വിഗ്രഹാരാധകരോ യുക്തിവാദികളോ ആരായിരുന്നാലും ശരി. അവരെ അനുസരിക്കലും ബഹുമാനിക്കലും അവരെ പ്രതാപികളാക്കലും, അവരുടെ മാർഗ്ഗമാണ് ശരിയെന്ന് തോന്നിപ്പിക്കും. അവർക്ക് വിരുദ്ധമായി നിലകൊള്ളുന്ന മുസ്ലിംകൾ (അവരെ സംബന്ധിച്ചിടത്തോളം) പിഴച്ചവരും തെറ്റുകാരുമാണെന്നും തോന്നിപ്പിക്കും. അഥവാ അവരുടെ ദുൻയാവിനേയും അവരുടെ ഭൗതിക വിജ്ഞാനത്തെയും ആദരിക്കുന്നതിന്നാണ് അവരെ ബഹുമാനിക്കുന്നതെന്നും വ്യക്തമാക്കും. ഇതൊക്കെ യഥാർഥ സാക്ഷ്യത്തെ നിഷേധിക്കുന്നതാണ്.

**8.** അല്ലാഹുവിൻെറ പ്രവാചകൻെറ സന്ദേശത്തിലോ അവിടുത്തെ ശരീഅത്തിലോ കുത്തിപ്പറയുക. അല്ലെങ്കിൽ തിരുമേനി (സ)യെ കളവാക്കുകയോ അദ്ദേഹം വഞ്ചിച്ചുവെന്നോ അവിടുത്തേക്ക് അവതീർണ്ണമായതിനെ മറച്ചുവെച്ചുവെന്നോ വാദിക്കുക. അല്ലെങ്കിൽ അവിടുത്തെ ചര്യയിലോ, രീതിയിലോ കർമ്മത്തിലോ ക്രയവിക്രയത്തിലോ പരിഹാസപ്പെടുത്തി നബി (സ)ക്ക് കുറ്റവും കുറവും ഉണ്ടെന്ന് വ്യക്തമാക്കുക[1]. ആന്തരികമായി അവിടുത്തെ സന്ദേശത്തെ നിഷേധിക്കുന്നതിനെ

*1- പൊതുവെ പാപമുക്തനായ പ്രവാചകനെ ശത്രുക്കൾ, കുറ്റപ്പെടുത്തിയും പരിഹാസ രൂപത്തിലും പറഞ്ഞു നടക്കുക.*

വ്യക്തമാക്കുന്നതും ഇതുപോലെത്തന്നെ. അല്ലാഹുവിൻെറ പ്രവാചകനിൽ കുത്തുവാക്ക് ചൊരിയുന്നത് അത്യുന്നതനായ അല്ലാഹുവിൽ കുത്തിപ്പറയലാണ്. അവനാണല്ലോ തിരുമേനി (സ)യെ അയച്ചതും ഈ സന്ദേശം അദ്ദേഹത്തെക്കൊണ്ട് വഹിപ്പിച്ചതും. ഇവയൊക്കെയും രണ്ടു സാക്ഷ്യങ്ങളെ ദുർബലപ്പെടുത്തുന്നു.

**9.** അല്ലാഹുവിൻെറ കലാമായ (സംസാരമായ) ഖുർആനിൽ കുത്തിപ്പറയുക. ബഹുദൈവാരാധകർ വാദിച്ചതു പോലെ ഇത് ഇന്ദ്രജാലമോ കവിതയോ പൂർവ്വികരുടെ കെട്ടുകഥകളോ അല്ലെങ്കിൽ ഇത് (ഖുർആൻ) കെട്ടിയുണ്ടാക്കിയ കള്ളമാണെന്നോ വാദിക്കുക. അതൊരു മനുഷ്യൻെറ വാക്കാണെന്ന് ജൽപ്പിക്കുന്നതും അതുപോലെത്തന്നെ. അല്ലെങ്കിൽ അതിൻെറ അമാനുഷികതയെ നിഷേധിക്കുകയോ അതിന്നെതിരായി അതിനുതുല്യമായത് കൊണ്ടുവരാൻ ശ്രമിക്കുകയോ ചെയ്യുക. അങ്ങനെ സാധിച്ചില്ലെങ്കിൽ അതിൻെറ ഉള്ളടക്കത്തിൽ ചിലതിനെ കളവാക്കിയോ അല്ലെങ്കിൽ അതിലെ ചില അധ്യായങ്ങളെയോ നിസ്സംശയം തെളിയിക്കപ്പെട്ട ചില വാക്യങ്ങളെയോ അല്ലെങ്കിൽ അതുപോലുള്ളതോ ആയ കാര്യങ്ങളെ നിഷേധിക്കുക. അങ്ങനെയായാൽ അവൻ അല്ലാഹുവിനേയും അവൻെറ ദൂതരേയും കളവാക്കിയ അവിശ്വാസിയായി. ഇവകൾ തൗഹീദിൻെറ വാക്യത്തെ ദുർബലപ്പെടുത്തുന്നതാണ്

**10.** അല്ലാഹുവിൻെറ കിതാബിലൂടെയും അവൻെറ ദൂതരുടെ നാവിലൂടെയും ബന്ധപ്പെടുത്തിയും സ്ഥിരീകരിച്ചും അറിയിച്ച, അതിൽ വിശ്വസിക്കണമെന്ന് അല്ലാഹു കൽപ്പിച്ച അദൃശ്യമായ കാര്യങ്ങളിൽ ചിലതിനെ നിഷേധിക്കുക. മാലാഖമാർ,

ഗ്രന്ഥങ്ങൾ, സന്ദേശവാഹകർ, മരണാനന്തരമുള്ള പുനരുത്ഥാനം, ശരീരങ്ങളെ ഒരുമിച്ചു കൂട്ടൽ, നരകം, സ്വർഗ്ഗം, ഖബറിലെ ശിക്ഷയും രക്ഷയും, അതുപോലുള്ളതൊക്കെ ഇതിൽ ഉൾപെടുന്നു. ഇതിൽനിന്ന് വല്ലതും ആരെങ്കിലും നിഷേധിച്ചാൽ അവൻ അല്ലാഹുവിനെയും അവൻെറ റസൂലിനെയും കളവാക്കി. സന്ദേശത്തേയും അതിലുൾപ്പെട്ടതിനെയും പറ്റിയുള്ള ഏറ്റവും വലിയ ആക്ഷേപമാണിത്. രണ്ടു സാക്ഷ്യങ്ങൾ ആവശ്യപ്പെടുന്നതെന്തോ അതിന് വിരുദ്ധവുമാണിത്.

രണ്ടു സാക്ഷ്യങ്ങളുമായി ബന്ധപ്പെട്ട, അവ രണ്ടും (നമുക്ക്) ബോധപ്പെടുത്തിത്തരുകയും ചെയ്ത ഇത്രയും കാര്യങ്ങൾ (വ്യക്തമാക്കി) ക്കൊണ്ട് ഞാൻ ചുരുക്കുന്നു. ഇതൊരു സംക്ഷിപ്തമാണ്. കൂടുതൽ വിശദീകരണം ആഗ്രഹിക്കുന്നവർക്ക് പ്രബോധകരായ ഇമാമുകളുടെയും അപ്രകാരംതന്നെ അവരുടെ മുൻഗാമികളായ മുസ്ലിം പണ്ഡിതന്മാരുടെയും ഗ്രന്ഥങ്ങളിൽ അത് കണ്ടെത്താനാവും. അല്ലാഹു അവർക്ക് കാരുണ്യം ചൊരിയട്ടെ. അല്ലാഹു ഏറ്റവും അറിയുന്നവനും ഏറ്റവും നല്ല വിധികർത്താവുമാണല്ലോ.. അല്ലാഹുവിൻെറ കരുണാകടാക്ഷങ്ങൾ തിരുദൂതർ മുഹമ്മദ്(സ) യിലും അവിടുത്തെ കുടുംബങ്ങളിലും അനുചരന്മാരിലും വർഷിക്കുമാറാകട്ടെ-

# ( إصدار )

## المكتب التعاوني للدعوة والإرشاد بأم الحمام

## قسم الجاليات

يسمح بطبع هذا الكتاب بشرط عدم التصرف في مضمون الكتاب وذلك لمن أراد التوزيع المجاني فقط

طبعت بمطابع دار طيبة - الرياض السويدي
شارع عبدالملك بن هشام - ت : ٤٢٨٣٨٤٠

# الشهادتان

## معناهما و مقتضاهما


فضيلة الشيخ الدكتور

**عبد الله بن عبد الرحمن الجبرين**


ترجمة الى اللغة المليبارية

محمد حنيف عبد الرحمن

# عناوين المكاتب التعاونية للدعوة والإرشاد بالمملكة

شعبة الجاليات ( وزارة الشئون الإسلامية والأوقاف والدعوة والإرشاد )
تليفون ٤١١٦٩٢٦/ ٠١ الرياض ١١١٣١

المكتب التعاوني للدعوة والإرشاد بالبديعة
تليفون ٤٣٣٠٨٨٨/ ٤٣٣٠٤٧٠/ ٠١
فاكس ٤٣٠١١٢٢/ ٠١
ص.ب ٢٤٩٣٢ الرياض ١١٤٥٦

المكتب التعاوني للدعوة والإرشاد بالبطحاء
تليفون ٤٠٣١٥٨٧/ ٤٠٣٠١٤٢/ ٠١
فاكس ٤٠٥٩٣٨٧/ ٠١
ص.ب ٢٠٨٢٤ الرياض ١١٤٦٥

المكتب التعاوني للدعوة والإرشاد بأم الحمام
تليفون ٤٨٢٦٤٦٦/ ٠١
فاكس ٤٨٢٧٤٨٩/ ٠١
ص.ب ٣١٠٢١ الرياض ١١٤٩٧

المكتب التعاوني للدعوة والإرشاد بالشفاء
تليفون ٤٢٢٢٦٢٦/ ٠١
ص.ب ٣١٧١٧ الرياض ١١٤١٨

المكتب التعاوني للدعوة والإرشاد بالدرعية
تليفون ٤٨٦٠٦٠٦/ ٠١
فاكس ٤٨٦٠٢٨٤
ص.ب ٧٠٠٣٢ الرياض ١١٥٦٧

المكتب التعاوني للدعوة والإرشاد بالخرج
تليفون ٥٤٤٠٦٦٢/ ٠١
فاكس ٥٤٤٠٩٨٣/ ٠١
ص.ب ١٦٨ الخرج ١١٩٤٢

شعبة الجاليات بالدمام
تليفون ٨٢٧٢٧٧٢/ ٨٢٦٣٥٣٥/ ٠١
فاكس ٨٢٧٤٧٠٠ الدمام ٣١١٣١

المكتب التعاوني للدعوة والإرشاد بالقويعية
تليفون ٦٥٢٠٥٣٤/ ٠١ ص.ب ٦١

المكتب التعاوني للدعوة والإرشاد بالمجمعة
تليفون ٤٣٢٣٩٤٩/ ٠٦
ص.ب ١٠٢ المجمعة ١١٩٥٢

المكتب التعاوني للدعوة والإرشاد بالزلفي
تليفون ٤٢٢٥٦٥٧/ ٠٦
فاكس ٤٢٢٤٢٣٤/ ٠٦
ص.ب ١٨٢ الزلفي ١١٩٣٢

مكتب توعية الجاليات بعنيزة
تليفون ٣٦٤٤٥٠٦/ ٠٦ ص.ب ٨٠٨

مكتب توعية الجاليات ببريدة
تليفون ٣٢٤٨٩٨٠/ ٠٦
فاكس ٣٢٤٥٤١٤/ ٠٦ ص.ب ١٤٢

مكتب دعوة وتوعية الجاليات بالرس
تليفون ٣٣٣٣٨٧٠/ ٠٦ ص.ب ٦٥٦

مكتب توعية الجاليات بالبكيرية
تليفون ٣٣٥٩٢٦٦/ ٠٦ ص.ب ٢٩٢

المكتب التعاوني للدعوة وتوعية الجاليات بشقراء
تليفون ٦٢٢٢٠٦١/ ٠٦
ص.ب ٢٤٧ شقراء ١١٦٩١

المكتب التعاوني للدعوة والإرشاد بالأحساء
تليفون ٥٨٦٦٦٧٢/ ٠٣
فاكس ٥٨٧٤٦٦٤
ص.ب ٢٠٢٢ الأحساء ٣١٩٨٢

مكتب توعية الجاليات بالخبر
تليفون ٨٩٨٧٤٤٤/ ٠٣
ص.ب ٣١١٣١ الدمام

المكتب التعاوني لدعوة الجاليات
حي مشرفة - جدة
تليفون ٦٧٣١٧٥٤/ ٦٧٣٠٤٣١/ ٠٢
فاكس ٦٧٣١١٤٧/ ٠٢
ص.ب ١٥٧٩٨ جدة ٢١٤٥٤

مكتب توعية الجاليات بحائل
تليفون ٥٣٣٤٧٤٨/ ٠٦
فاكس ٥٤٣٢٢١١/ ٠٦ ص.ب ٢٨٤٣

المكتب التعاوني للدعوة والإرشاد بالدلم
تليفون ٥٤١٠٠٢٩/ ٠١
ص.ب ١١٩ الدلم ١١٩٩٢

مكتب توعية الجاليات بالطائف
تليفون ٧٣٦٠٨٢٢/ ٠٢ ص.ب ٨١٥



# الشهادتان

## معناهما و مقتضاهما

فضيلة الشيخ الدكتور

**عبد الله بن عبد الرحمن الجبرين**

ترجمه الى اللغة المليبارية

**محمد حنيف عبد الرحمن**


المملكة العربية السعودية

المكتب التعاوني للدعوة والإرشاد بأم الحمام - قسم الجاليات

تحت إشراف وزارة الشؤون الإسلامية والأوقاف والدعوة والإرشاد

ت: ٤٨٢٦٤٦٦ / ٤٨٨٤٤٩٦ فاكس ٤٨٢٧٤٨٩ - ص.ب ٣١٠٢١ الرياض ١١٤٩٧


١٠